001

അധികാരം ജനങ്ങളിലേക്ക്

വികസന രേഖ

നൃമാഹി ഗ്രാമപഞ്ചായത്ത്

കണ്ണൂർ



ജനകീയാസൂത്രണം

വികസന രേഖ

ന്യൂമാഹി ഗ്രാമപഞ്ചായത്ത്

1996 ഡിസംബർ 15

പരിമഠം

00

"അധികാരം പങ്കിടുന്നത് വരെ
ജനാധിപത്യം അസാധ്യമാണ്.
പക്ഷെ ജനാധിപത്യം ജനക്കൂട്ടങ്ങളുടെ
തോന്ന്യാസങ്ങളായി അധഃപ്പതിക്കരുത്
നമ്മുടെ ജീവസന്ധാരണം
സാധ്യമാക്കിത്തീർക്കുന്ന ഒരു തൊഴിലാളിക്കും
സമൂഹത്തിന്റെ ഏറ്റവും
അടിത്തട്ടിലുള്ളവനുപോലും
അവനേറതായ പങ്കുണ്ടായിരിക്കണം."

———————————— ഗാന്ധിജി

ന്യൂമാഹി ഗ്രാമ പഞ്ചായത്ത്



004

ന്യൂമാഹിയിലെ പഴയകാല സാരഥികൾ

1979-	**കെ. പി. സി. കെ. അലി**
	(ഗവ: നോമിനേറ്റഡ് പ്രസിഡണ്ട്)
	മയലക്കര മമ്മൂട്ടി ഹാജി
	(വൈസ് പ്രസിഡണ്ട്)
	കെ. എം. അബ്ദുൾ ഖാദർ
	(പ്രസിഡണ്ട്)
	കെ. ചന്ദ്രൻ
	(വൈസ് പ്രസിഡണ്ട്)
	കെ. കെ. ബഷീർ
	(പ്രസിഡണ്ട്)
	കെ. ചന്ദ്രൻ
	(വൈസ് പ്രസിഡണ്ട്)
1988-95	**കെ. കെ. ബഷീർ**
	(പ്രസിഡണ്ട്)
	സി. ടി. ശശീന്ദ്രൻ
	(വൈ: പ്രസിഡണ്ട്)

005

ഉള്ളടക്കം

ആമുഖം
ഗ്രാമസഭകളിലൂടെ
പഞ്ചായത്തുകളുടെ ആവിർഭാവം
ജനപ്രകൃതി, ജലവിഭവം
ചരിത്രഭൂമികയിലൂടെ
സാമൂഹ്യ സാംസ്കാരിക ചരിത്രം
കൃഷി, ജലസേചനം
മൃഗസംരക്ഷണം, മത്സ്യബന്ധനം
കുടിവെള്ളവും, പൊതുജനാരോഗ്യവും
വിദ്യാഭ്യാസം
വ്യവസായം
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
സംസ്കാരം
സഹകരണം
വനിത
പാർപ്പിടം, സാമൂഹ്യക്ഷേമം
പട്ടികജാതി, പട്ടികവർഗ്ഗം
വിഭവസമാഹരണം

006

ആമുഖം

നമ്മുടെ നാടിന്റെ ചരിത്രത്തിൽ ഒരു പുതിയയുഗം പിറക്കാൻ പോകുന്നു. അധികാരവികേന്ദ്രീകരണം നമ്മുടെ സംസ്ഥാനത്തിൽ ഒരു മുഖ്യഅജണ്ടയായ മാറികഴിഞ്ഞിരിക്കുന്നു. കൊച്ചുകേരളം നിരവധി രംഗങ്ങളിൽ ലോകത്തിന് തന്നെ മാതൃകയായി തീർന്നിട്ടുള്ള സംസ്ഥാനമാണ്. ജനകീയ ആസൂത്രണപ്രസ്ഥാനം വഴി കേരളം വീണ്ടും ഒരു പുത്തൻ മാതൃക സൃഷ്ടിക്കാൻ പോവുന്നു. ഒരു ജനതതിയെ അതിന്റെ അദിശപ്ത ജീവിതത്തിൽ നിന്ന് കൂട്ടായ്മയുടെ അതിജീവന മന്ത്രം മുഴക്കി മോചിപ്പിച്ചുയർത്തുന്ന മഹായജ്ഞം.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന് ഉദ്ഘോഷിച്ച ഗാന്ധിജിയുടെ സ്വപ്നം സഫലമാവുകയാണ്. എട്ട് പദ്ധതികളും ദരിദ്ര ധനികഅന്തരം കൂടുതൽ കൂടുതൽ വർദ്ധിപ്പിച്ച നമ്മുടെ രാജ്യത്ത് ഒമ്പതാം പദ്ധതി ജനകീയ അടിത്തറയിൽ സാമാന്യജനങ്ങളുടെ പങ്കാളിത്തത്തോടെയാവണമെന്നത് തീരുമാനിക്കുമ്പോൾ ഓരോ ഗ്രാമീണനും ഭരണാധികാരിയാവുകയാണ്. അധികാരത്തിന്റെ അമിതകേന്ദ്രീകരണവും ബ്യൂറോക്രസിയുടെ മേധാവിത്വവും കൂടി ആസൂത്രണത്തിൽ ജനപങ്കാളിത്തം പാടെ നിഷേധിക്കപ്പെട്ടു. ജനതാൽപര്യങ്ങൾക്ക് യാതൊരു പ്രസക്തിയും ഇല്ലാതായി. തലതിരിഞ്ഞ ഈ ആസൂത്രണരീതിയെ ജനസാമാന്യത്തിന്റെ പ്രായോഗിക പങ്കാളിത്തത്തിലൂടെ നേരെയാക്കാനുള്ള ദുഷ്കരമായ പ്രവൃത്തിയാണ് 9ാം പദ്ധതി ജനകീയ പദ്ധതിയിലൂടെ നടപ്പാക്കപ്പെടുന്നത്.

ഗ്രാമസഭകളിലൂടെ

ജനകീയാസൂത്രണ പരിപാടിയ്ക്ക് പഞ്ചായത്തിൽ ആരംഭം കുറിച്ചതോടെ ഇതിന്റെ വിജയകരമായ നടത്തിപ്പിനായി ബോർഡ് യോഗങ്ങളും സംഘാടകസമിതികളും വിളിച്ചു ചേർക്കുകയുണ്ടായി. പഞ്ചായത്ത് തല പരിശീലന കളരിയിൽ പരശീലനം ലഭിച്ചവരുടെയും ജില്ലാതല റിസോർസ് പേഴ്സൺമാരുടെയും പഞ്ചായത്ത് തല ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെയും കൂട്ടായ ശ്രമം തുടർന്നു നടന്ന വിശേഷാൽ ഗ്രമസഭകളിൽ പ്രതിഫലിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ സിരാകേന്ദ്രമായ മാഹിപാലം പരിസരത്ത് 13.9.96 ന് വികസനദീപം തെളിച്ചതോടെ ഗ്രാമസഭകളുടെ ആരംഭം അഞ്ചാം വാർഡിൽ 14.9.96 ന് ആരംഭിക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും ജനകീയാസൂത്രണത്തെക്കുറിച്ചും ഉള്ള റിസോഴ്സ് പേഴ്സൺമാരുടെ ഉദ്ബോധങ്ങൾ തുടർന്നു നടന്ന ഗ്രൂപ്പ് ചർച്ചകൾക്ക് ആവേശം പകർന്നു. തൊട്ടടുത്ത ദിവസമായി 2,3,4,6,7,8,9,1 വാർഡുകളിലെ വിശേഷാൽ ഗ്രാമസഭകളും ചേരുകയുണ്ടായി. ഗ്രാമീണ ജനതക്ക് വികസന പ്രക്രിയയിൽ ലഭിച്ച പങ്ക് അവർ ശരിക്കും ഉപയോഗപ്പെടുത്തി എന്നു തന്നെ പറയാം. കാർഷിക തൊഴിലാളികളുടെയും നിർമ്മാണ തൊഴിലാളികളുടെയും മറ്റു ജീവിതത്തിന്റെ നാനാ തുറകളിലുള്ളവരുടെയും സാന്നിദ്ധ്യം കൊണ്ട് ഈ ഗ്രാമസഭകൾ ശ്രദ്ധേയമായി. ഏറ്റവും കൂടുതൽ ജനപങ്കാളിത്തവും ഏറ്റവും കൂടുതൽ സ്ത്രീപ്രാതിനിധ്യവും 6ാം വാർഡിലെ ഗ്രാമസഭയ്ക്കായിരുന്നു. രാവേറെ ചെന്നിട്ടും നേരം യോഗം തുടരേണ്ടി വന്നു.

പൊതുരംഗത്ത് ഇന്നുവരെ കടന്നുവരാൻ മടിച്ചിരുന്ന മുസ്ലീം സ്ത്രീകൾ ഒമ്പതാം വാർഡിലെ ഗ്രാമസഭയിൽ സജീവമായി പങ്കെടുത്തു. വനിത, കുടിവെള്ളം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളുടെ ചർച്ചയിൽ അവരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. നവംബർ ഒന്നിനു പുനർസമർപ്പണദിനം, പഞ്ചായത്തിന്റെ ഒരറ്റമായ കരീക്കുന്നിൽ ആരംഭിക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ ഇടയിൽ തന്നെ ഇതിനോടുള്ള ത്ല്പര്യം ഒന്നുകൊണ്ടുമാത്രം വാർഡ് മെമ്പർ മാർ മുൻകൈയെടുത്തു ഒരു പ്രത്യേക സെൻസസ് (വിവര ശേഖരണം) എടുത്തതോടെ പഞ്ചായത്തിന്റെ ചിത്രം വ്യക്തമാകുകയുണ്ടായി. ദ്വിതീയ വിവരശേഖരണത്തിന്റെയും പൂർവ്വകാല ചരിത്രത്തിന്റെയും 1991 ലെ സെൻസസിന്റെയും അടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് വിശദമായ ചർച്ചയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

പ്രസിഡണ്ട്, ഭരണ സമിതി അംഗങ്ങൾ

പഞ്ചായത്തുകളുടെ ആവിർഭാവം

ഭാരതത്തിൽ, വേദകാലഘട്ടം മുതൽ തന്നെ, പഞ്ചായത്ത് ഭരണ സമ്പ്രദായം പ്രസ്തുത പേരിൽ അറിയപ്പെട്ടിരുന്നില്ലെങ്കിലും നടപ്പിലുണ്ടായിരുന്നു എന്ന് ചരിത്ര രേഖകൾ വ്യക്തമാക്കുന്നുണ്ട്. പൊതുവിൽ അഞ്ച് അംഗങ്ങളുടെ സഭ എന്നതാണ് '' പഞ്ചായത്ത്'' എന്ന വാക്കുകൊണ്ട് അർത്ഥമാക്കിയിരുന്നത്. സമൂഹത്തിലെ സാമ്പത്തികമായോ, ജാതീയമായോ മുൻപന്തിയിലുള്ളവരായിരുന്നു. അന്ന് ഈ അഞ്ചംഗസഭയിലെ പ്രതിനിധികൾ. ഗ്രാമീണരുടെ ഇടയിലെ തർക്കങ്ങളും മറ്റു പ്രശ്നങ്ങളും ഇവർ നീതിയുക്തമായി പരിഹരിച്ചിരുന്നു എന്നതുകൊണ്ട് തന്നെ ഇത്തരം സഭകൾ ഗ്രാമീണ ജീവിതത്തിൽ ഒരവിഭാജ്യഘടകമായിരുന്നു. എന്നാൽ പ്രത്യേക നിയമ വ്യവസ്ഥകളൊന്നുമില്ലാതിരുന്നതിനാൽ അവയുടെ പ്രവർത്തനം വേണ്ടത്ര മുന്നോട്ട് പോയില്ല.

1600 ൽ ഈസ്റ്റ് ഇൻഡ്യാകമ്പനി ഇന്ത്യയിൽ കച്ചവടത്തിന്നു വന്നതോടെ അവർ നാട്ടുരാജ്യങ്ങൾ സൃഷ്ടിച്ച്, പ്രാദേശിക ഭരണം കൂടി കയ്യടക്കി. പിന്നീട് മദിരാശി, ബോംബെ, ഡൽഹി, കൽക്കത്ത മുതലായവൻ നഗരങ്ങളിൽ മുൻസിപ്പൽ കോർപറേഷനുകൾ രൂപീകരിച്ചു. 1880 കളിൽ ബ്രിട്ടനിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ വ്യാപകമാകാൻ തുടങ്ങിയതോടെ ഇന്ത്യയിലും അത്തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ ശ്രമിച്ചതിന്റെ ഫലമായാണ് കൂടുതൽ മുൻസിപ്പാലിറ്റികളും പഞ്ചായത്തുകളുമൊക്കെ 1882 ൽ റിപ്പൺപ്രഭുവാണ് ഇത്തരം ഭരണസംവിധാനങ്ങളിൽ ജനാധിപത്യ വ്യവസ്ഥ നടപ്പിലാക്കിയത്. 1935 ലെ '' ഇന്ത്യാ' ആക്ട്'' മുഖേന പ്രാദേശിക ഭരണകൂടങ്ങളിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്താൻ വ്യവസ്ഥ വന്നു.

1947 ൽ ഇന്ത്യ സ്വതന്ത്രയായതിന്നുശേഷം നിർമ്മിച്ച്, 1950 ജനുവരി 26 ന് പ്രാബല്യത്തിൽ വന്ന ഇന്ത്യൻ ഭരണഘടനയിലെ 40ാം വകുപ്പ് പ്രകാരം സംസ്ഥാനങ്ങൾക്ക് പ്രാദേശിക തലത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കാനുള്ള നിയമവ്യവസ്ഥയുണ്ടായി. അങ്ങിനെയാണ് സംസ്ഥാനങ്ങളിൽ സാർവത്രികമായി പഞ്ചായത്തുകൾ രൂപീകൃതമായത്.

കേരളത്തിൽ, 1956 നവമ്പർ 1 ന് കേരളാ പിറവിക്കുശേഷം, 1957 ഏപ്രിലിൽ ആദ്യമായി അധികാരത്തിൽ വന്ന ഗവർമ്മെണ്ട്, പഞ്ചായത്ത് ഭരണം മെച്ചപ്പെടുത്തുന്നതിന്നുള്ള ശുപാർശകൾ സമർപ്പിക്കാൻ 1957 ആഗസ്ത് 15 ന് ഒരു സമിതിയെ നിയമിച്ചു. പ്രസ്തുത സമിതി 1958 ജൂലായി 26 ന് ശുപാർശകൾ സമർപ്പിച്ചെങ്കിലും പിന്നീട് വന്ന മന്ത്രിസഭയുടെ കാലത്ത് 1960 ലാണ്. ഏകീകൃതമായ ഒരു സമഗ്ര നിയമം പാസ്സാക്കാൻ സാധിച്ചത്. അതാണ് അടുത്ത കാലം വരെ നിലവിലുണ്ടായിരുന്ന 1960 കേരളാ പഞ്ചായത്ത് ആക്ട് '' പ്രസ്തുത നിയമം നടപ്പിൽ വരുന്നതുവരെ, മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ പ്രദേശത്ത് 1950 ലെ മദിരാശി പഞ്ചായത്ത് ആക്ടും തിരു-കൊച്ചി പ്രദേശത്ത് 1950 ലെ തന്നെ ടി. സി. പഞ്ചായത്ത് ആക്ട് പ്രകാരമുള്ള വ്യവസ്ഥകളനുസരിച്ചാണ് പഞ്ചായത്ത് ഭരണം നടപ്പിലുണ്ടായിരുന്നുത്.

ഭരണഘടനയിലെ 40 ാം വകുപ്പ് സംസ്ഥാനങ്ങൾക്ക് - പഞ്ചായത്തുകൾ രൂപീകരിക്കാനും അവയിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന്നും, കാലാവധി നിശ്ചയിക്കുന്നതിനുമുള്ള ഐഛിക സ്വാത്രന്ത്ര്യം നൽകിയിരുന്നു. അതുകൊണ്ടുതന്നെ വിവിധ സംസ്ഥാനങ്ങളിലെ പഞ്ചായത്ത് ഭരണത്തിൽ ഒരു ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല. ഇക്കാലണങ്ങൾ കൂടി കണക്കിലെടുത്താണ് കേന്ദ്രഗവൺമെണ്ട് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ ഒരു ഏകീകൃത നിയമത്തിന് വേണ്ടി 1992 ൽ ഇന്ത്യൻ ഭരണഘടനക്ക് 73ാം ഭേദഗതി വരുത്തിയത്. അത് പ്രകാരം, കേരളത്തിൽ 1994ൽ പഞ്ചായത്ത് രാജ് നിയമം'' പാസ്സാക്കുകയും അതിൽ ഫലമായുള്ള ത്രിതല പഞ്ചായത്തുകളിലേക്കും തിരഞ്ഞെടുപ്പ് നടത്തപ്പെടുകയും അവയിൽ ഭരണസമിതികൾ 1995 ഒക്ടോബർ 2ന്ന് നിലവിൽ വരികയും ചെയ്തു.

മ്യൂമാഹി ഗ്രാമപഞ്ചായത്ത് പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	- മ്യൂമാഹി
ഉൾപ്പെടുന്ന വില്ലേജ്	- കോടിയേരി, ചൊക്ലി
ബ്ലോക്ക് പഞ്ചായത്ത്	- തലശ്ശേരി
ബ്ലോക്ക് ഡിവിഷൻ	- തലശ്ശേരി
റവന്യൂ ജില്ല	- കണ്ണൂർ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	- ചൊക്ലി
താലൂക്ക്	- തലശ്ശേരി
അസംബ്ലിമണ്ഡലം	- തലശ്ശേരി, പെരിങ്ങളം
വിസ്തീർണ്ണം	- 5.08 ചതുരശ്ര കിലോമീറ്റർ

അതിരുകൾ	
വടക്ക്	-തലശ്ശേരി മുൻസിപ്പാലിറ്റി- കോടിയേരി പഞ്ചായത്ത്
തെക്ക്	-മാഹി മുൻസിപ്പാലിറ്റി
കിഴക്ക്	- ചൊക്ലി പഞ്ചായത്ത്- പുതുശ്ശേരി മുൻസിപ്പാലിറ്റി
പടിഞ്ഞാറ്	- അറബിക്കടൽ. മാഹി പുഴ

1. പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് - കെ.പി. അബ്ദു ൽസമദ്
2. വൈസ് പ്രസിഡണ്ടിന്റെ പേര് - പി. രാധ

ഗ്രാമപഞ്ചായത്ത് മെമ്പർ മാർ

1. വി. പി. എ. റഹീം സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
2. കെ. മോഹനൻ മാസ്റ്റർ
3. എസ്സ്. കെ. മുഹമ്മദ്
4. കെ. ടി. പത്മിനി
5. ടി. കെ. ഫിറോസ്
6. പി. കെ. മഹേഷ്
7. കെ. പി.അബ്ദുൾസമദ്
8. പി. രാധ
9. സുഹറ ഖാലിദ്

ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. ശ്രീ. സി. എം. ചന്ദ്രൻ- സെക്രട്ടറി
2. '' എം. മധുസൂദനൻ- യു. ഡി. ക്ലാർക്ക്
3. '' വി. സരസ്വതി ''
4. എൻ.കെ. ദിനേശൻ - എൽ. ഡി. ക്ലാർക്ക്
5. ടി. വി. വേണുഗോപാലൻ- ജെ. സി. സി.
6. കെ. കെ. ദാസൻ- പ്യൂൺ
7. കെ. ശാന്തിനി- പി. ടി. പൗണ്ട് കീപ്പർ
8. എം. കെ. ഭാരതി- റോഡ് സ്വീപ്പർ
9. സി. പി. പുഷ്പലത-സാനിറ്റേഷൻ വർക്കർ

ലോകസഭാംഗം	:	**ഒ. ഭരതൻ**
സംസ്ഥാന നിയമഭയിൽ		
പ്രതിനിധാനം ചെയ്യുന്നവർ	:	**ഇ. കെ. നായനാർ**
		(ബഹു: മുഖ്യമന്ത്രി)
		പി. ആർ. കുറുപ്പ്
		(ബഹു: ട്രാൻസ്പോർട്ട് ദേവസ്വം, വകുപ്പ് മന്ത്രി)
ജില്ലാ പഞ്ചായത്ത് പ്രതിനിധി	:	**പ്രൊഫ: എ. പി. അബ്ദുൾ ഖാദർ**
		(ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്)
ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി:		**എം. ഗോപി**
		(ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട്)
		ഇ. ജി. ശാന്ത
		(പെരിങ്ങാടി)

ന്യൂമാഹി പഞ്ചായത്ത് - വിസ്തീർണ്ണം

ക്രമ നമ്പർ	ദേശത്തിന്റെ നമ്പർ	ദേശത്തിന്റെ പേര്	കര	നിലം	ആകെ	വില്ലേജിന്റെ പേര്
1	173	കുറിച്ചിയിൽ	246.64	77.76	324.40	കോടിയേരി
2	174	അഴീക്കൽ	144.85	6.25	151.10	''
3	175	ഏടന്നൂർ	74.60	28.35	102.96	''
4	176	കല്ലായി	38.92	1.37	40.29	''
5	177	പെരിങ്ങാടി	57.63	19.97	77.60	''
6	221	പെരുമുണ്ടേരി	240.91	21.23	262.14	ചൊക്ലി
7	222	മങ്ങാട്	84.46	40.17	124.63	''
8	224	പള്ളിപ്രം	23.77	8.04	31.81	''
			911.78	203.14	1114.92	

ജനസംഖ്യ

ജനസംഖ്യ	- 17,732 (1991 ലെ സെൻസസ് പ്രകാരം)
സ്ത്രീകൾ	-9,468
പുരുഷന്മാർ	-8,264
വാർഡുകളുടെ എണ്ണം	- 9
വീടുകളുടെ എണ്ണം	- 2721
ജനസാന്ദ്രത (ച:കി.മീ)	-3491
സാക്ഷരത	- 93.99%
പോസ്റ്റാഫീസ്	- ന്യൂമാഹി
പിൻകോഡ്	- 673 311
ഫോൺ നമ്പർ	- 332485- 0497

ഭൂപ്രകൃതി

ഉത്തര അക്ഷാംശം . 11°.43'പൂർവ്വ രേഖാംശം 75°.36' എന്നിവൾക്കിടയിലാണ് ഭൂപടത്തിൽ ന്യൂമാഹി. തെക്ക് മയ്യഴി പുഴക്കും വടക്ക് പുന്നോൽ തോടിന്നും കിഴക്ക് കരീക്കുന്ന്, ചെമ്പ്രകുന്ന് വട്ടോത്ത് കുന്ന് എന്നീ കുന്നുകൾക്കും പടിഞ്ഞാറു അറബികടലിന്നും ഇടയിൽ കിടക്കുന്ന ഒരു ഭൂപ്രദേശമാണിത്. ഭൂപ്രകൃതി അനുസരിച്ചു പഞ്ചായത്ത് പ്രദേശം നാലായി തരം തിരിക്കാം.

1. മണൽ പ്രദേശം. പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗം, 8, 9, വാർഡുകളുടെ ഭാഗങ്ങൾ
2. ചെമ്മൺ കുന്നുകൾ -പഞ്ചായത്തിന്റെ തെക്കും വടക്കും കിഴക്കും ഭാഗങ്ങൾ. 4,5,6,7, വാർഡുകളുടെ ഭാഗങ്ങൾ.
3. താഴ്വരകൾ- പഞ്ചായത്തിന്റെ മദ്ധ്യ ഭാഗം 1,3, വാർഡുകളുടെ ഭാഗങ്ങൾ
4. ചതുപ്പു നിലങ്ങൾ: പഞ്ചായത്തിന്റെ തെക്കു ഭാഗം 1,4, വാർഡുകളുടെ ഭാഗങ്ങൾ

കടലോരത്ത് തെക്കും വടക്കും അറ്റങ്ങളിൽ പാറക്കൂട്ടങ്ങളാണ്. ഈ രണ്ട് പാറക്കൂട്ടങ്ങൾ പ്രകൃതിദത്തമായ പുലിമുട്ടുകളായി നിലകൊള്ളുന്നതുകൊണ്ട് പഞ്ചായത്തിന്റെ മുഴുവൻ കടൽ തീരവും കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടിരിക്കുകയാണ്.

ഈ പാറകളിൽ കടലിനടിയിൽ കല്ലുമ്മക്കായ വളരുന്നു. പാറകൾക്ക് മുകളിൽ ചെങ്കുത്തായി ഉയർന്നു നിൽക്കുന്ന തമ്പുരാട്ടികുന്നും കുറിച്ചികുന്നും. അവരണ്ടിന്നുമിടയിലായി അല്പം പിന്നോട്ട് മാറി ചവോക്ക് കുന്നും ആണ്. കടലോരത്തിനു ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ ഏറെയും മണൽ പരപ്പുകളാണ്. കരീകുന്ന്, ചെമ്പ്ര, വട്ടോത്ത് കുന്ന്, ചവോക്ക് കുന്ന് എന്നീ കുന്നുകൾക്കിടയിൽ പരന്നു കിടക്കുന്ന ഭൂപ്രദേശം താഴ്വരകളാണ്. മണലും ഊറൽ മണ്ണും കലർന്ന മണ്ണ് പണ്ട് നെൽവയലുകളായിരുന്നു. ഇപ്പോൾ പാടങ്ങൾ മിക്കവാറും നികത്തി തോട്ടങ്ങളാണ്. കുറിച്ചികുന്നിനെ തഴുകികൊണ്ട് പുന്നോൽതോട് കടലിൽ ചെന്നുചേരുന്ന സ്ഥാനത്ത് വേനൽകാലങ്ങളിൽ മണൽതിട്ടുകൾ രൂപം കൊള്ളാറുണ്ട്. മഴക്കാലം വന്നു തോട്ടിലെ ജലവിതാനം ഉയരുന്നതോടുകൂടി മണൽതിട്ടുകൾ താനെ ഒഴുകിപോകുന്നു. മയ്യഴി പുഴയുടെ അഴിമുഖം ആഴമേറിയതുകൊണ്ടും പുഴയിലെ ഒഴുക്കു ശക്തമായതുകൊണ്ടും മണൽ തിട്ടുകൾ രൂപം കൊള്ളാറില്ല. കുന്നുകൾക്ക് ചുവപ്പ് നിറമാണ്. ചെമ്മണ്ണും ചരലും കലർന്ന മണ്ണ്. മണ്ണിനടയിൽ ആഴത്തിൽ വെട്ടുകൽ പാറയാണ്. പഞ്ചായത്തിന്റെ തെക്കു ഭാഗത്ത് പുഴയോരത്ത് കിടക്കുന്ന താഴ്ന്ന പ്രദേശങ്ങൾ ചതുപ്പുകളാണ്.അവിടം മുഴുവൻ വേലിയേറ്റസമയങ്ങളിൽ ഉപ്പുവെള്ളം കയറുന്ന കണ്ടൽ കാടുകളാണ്. അപൂർവ്വമായ ഇനത്തിൽപെട്ട ചില പക്ഷികൾ ചില കാലങ്ങളിൽ അവിടെ വന്നെത്താറുണ്ട്. ചതുപ്പുകളിൽ കറുത്ത ചെളിമണ്ണ്, ചതുപ്പുകളോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങളിൽ ഭൂമിക്കടിയിലെ ജലം ഉപ്പു കലർന്നതാണ്. ഇവിടങ്ങളിൽ കിണറുകളിലെ വെള്ളത്തിൽ ചെകിടി കലർന്നതായും കാണപ്പെട്ടിട്ടുണ്ട്.

തീര പ്രദേശങ്ങളിലും താഴ്വരകളിലും മാത്രമല്ല കുന്നിൻ ചരിവുകളിലും തെങ്ങുകൾ ധാരാളമായി വളരുന്നു. അവിടവിടെയായി കവുങ്ങും കുരുമുളക് വള്ളിയുമുണ്ട്. കുന്നുകളുടെ മുകളിൽ മുമ്പൊക്കെ പറങ്കിമാവുകൾ സുലഭമായിരുന്നു. വിറകാവശ്യാർത്ഥം അവയെല്ലാം മുറിച്ചു മാറ്റപ്പെട്ടിരിക്കുകയാണിപ്പോൾ.

താഴ്വരയിൽ ചെമ്പ്രയോട് തൊട്ടു കിടക്കുന്ന ചാലക്കരയിൽ നിന്നും ഒഴുകിവരുന്ന ഒരു ശുദ്ധജല അരുവി പഞ്ചായത്തിൽ കുറുകെ കിഴക്ക് പടിഞ്ഞാറായി ഒഴുകി അഴിമുഖത്തിനടുത്ത് പുന്നോൽ തോടിനോടു ചെന്നു ചേരുന്നുണ്ട്. ഈ രണ്ടു തോടുകളുടേയും സംഗമ സ്ഥാനത്ത് ഉപ്പു വെള്ളമാണ്. അഴിമുഖത്തിനടുത്തായി ഉപ്പുവെള്ളം കയറുന്ന കൈകണ്ടങ്ങൾ ഉണ്ട്. മുമ്പ് കൈകണ്ടത്തിൽ നെൽകൃഷിയായിരുന്നു. കൊല്ലത്തിൽ ഒരിക്കൽ മാത്രം വിളവെടുത്തിരുന്നു. പിന്നീടു അടുത്തകാലം വരെ ചെമ്മീൻ വളർത്താൻ ഉപയോഗിച്ചിരുന്നു.

പഞ്ചായത്ത് പ്രദേശം മൊത്തത്തിൽ പ്രകൃതി സുന്ദരമാണ്. കുന്നുകളും താഴ്വരകളും പച്ച പിടിച്ചതാണ്. താഴ്വരകളിൽ ഏതാനും തുണ്ട് നെൽപാടങ്ങൾ മാത്രം ബാക്കിയുണ്ട്. കടൽ തീരം അതീവ സുന്ദരമാകുന്നു. കോവളം പോലെ മനോഹരവുമാണ്. കടലിൽ തള്ളിനിൽക്കുന്ന കറുത്ത പാറക്കൂട്ടങ്ങളിൽ എങ്ങുനിന്നോ വന്നെത്തുന്ന വെളുത്ത കടൽ കാക്കകൾ കൂട്ടമായി ചേക്കേറുന്നു. ഋതുക്കൾ മാറുമ്പോൾ അവ പറന്നു പോവുകയും ചെയ്യുന്നു. അഴീക്കലേയും കുറിച്ചിയിലേയും കടലോരങ്ങളിൽ ഏറെയും മത്സ്യതൊഴിലാളികളാണ് താമസിക്കുന്നത്. കടലിൽ മത്സ്യസമ്പത്ത് ധാരാളമുണ്ട്.

ഒരേ ഒരു തുറമുഖം മാത്രമെ പഞ്ചായത്തിലുള്ളൂ. കല്ലായി. അത് മയ്യഴി പുഴയുടെ അഴിമുഖത്താണ്. (മുൻ കാലങ്ങളിൽ കല്ലായി ചുങ്കം വരെയും ചെറിയ പത്തേമാരികൾ അടുത്തിരുന്നു. കയറ്റുമതിയും ഇറക്കുമതിയും നടന്നിരുന്നത്കൊണ്ട് അവിടെ ഒരു കസ്റ്റംസ് ഹൌസും ഉണ്ടായിരുന്നു. ഇപ്പോൾ ഇത് അറ്റകുറ്റപണികൾ ഒന്നും നടത്താതെ പൂട്ടിക്കിടക്കുകയാണ്. 1887 ലെ കണക്ക് അനുസരിച്ച് കൊല്ലത്തിൽ ശരാശരി 16,966 ടൺ ചരക്കുകൾ ഈ തുറമുഖത്ത് കൈകാര്യം ചെയ്തിരുന്നു. ആണ്ടിൽ ശരാശരി 2,24,732 ഉറുപ്പിക വിലവരുന്ന ചരക്കുകൾ ഇറക്കുമതി ചെയ്യുകയും 82,728 ഉറുപ്പിക വിലവരുന്ന ചരക്കുകൾ കയറ്റി പോവുകയും ചെയ്തിരുന്നു.)

പഞ്ചായത്തിൽ വർഷപാതത്തിന്റെ അളവ് രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഏറ്റവും അടുത്തായി വർഷമാപിനി ഉള്ളത് തലശ്ശേരിയിൽ ആണ്. 1995 ലെ ആകെ വർഷപാതം 2743.82 സെ. മീ. ആകുന്നു.

01

ചരിത്ര ഭൂമികയിലൂടെ....

ന്യൂമാഹി പഞ്ചായത്ത് ഉൾകൊള്ളുന്ന ഭൂപ്രദേശം ഒരു ചരിത്രഭൂമിയാണ്. ഒട്ടേറെ ചരിത്രസംഭവങ്ങൾക്ക് ഈ പ്രദേശം സാക്ഷ്യം വഹിച്ചിട്ടുണ്ട്. കുറുങ്ങോട്ട് നാട് എന്ന പേരിലാണ് ചരിത്രത്തിൽ ഈ നാട് അറിയപ്പെട്ടിരുന്നത്. പഴയ കല്ലായി, ഒളവിലം അംശങ്ങൾ ചേർന്നുള്ള പ്രദേശമായിരുന്നു അത്. ഏറെക്കുറെ ന്യൂമാഹി പഞ്ചായത്തിന്റെ അതിരുകളിൽ ഈ നാട് ഒതുങ്ങി നിന്നിരുന്നു. ഈ നാടിന്റെ ഭരണാധികാരികൾ കുറുങ്ങോട്ട് നായർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കുറുങ്ങോട്ടുനാടിന്റെ ആസ്ഥാനം കുറിച്ചി ആയിരുന്നു. ധാരാളം കുന്നുകൾ നിറഞ്ഞിരുന്ന ഒരു പ്രദേശമായിരുന്നതുകൊണ്ടാണ് കുറിച്ചിക്ക് അങ്ങിനെ ഒരു പേര് വന്നുചേർന്നത്. കുറിച്ചി എന്ന വാക്കിന്നു കുന്നിൻപ്രദേശം എന്നാണർത്ഥം. കുറുങ്ങോട്ട് നായർക്ക് അവിടെ കോവിലകവും ഒരു കോട്ടയുമുണ്ടായിരുന്നു. കുറിച്ചികോട്ട എന്ന പേരിലാണ് ഈ കോട്ട അറിയപ്പെട്ടിരുന്നത്. പിൽകാലത്തെ യുദ്ധങ്ങളിൽ നശിച്ചുപോയ കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കുറിച്ചികടലോരത്ത് കാണാവുന്നതാണ്. കുറുങ്ങോട്ട് നായരുടെ രാജ്യാതിർത്തി തെക്ക് മയ്യഴി പുഴമുതൽ വടക്ക് മൈലൻ കുന്നുവരെ നീണ്ടുകിടന്നിരുന്നു. പുഴയുടെ തെക്ക് ഫ്രഞ്ച് അധീന പ്രദേശമായ മയ്യഴി ആയിരുന്നു. മാഹെദ് ലബൂർ ദൊനെ എന്ന ഒരു കപ്പിത്താൻ ആയിരുന്നു ഫ്രഞ്ചുകാർക്കുവേണ്ടി ആ നാട് വടകര വാഴുന്നവരിൽ നിന്നുംപിടിച്ചെടുത്തിരുന്നത്. മാഹെ എന്ന അദ്ദേഹത്തിന്റെ പേരിനു മയ്യഴിയുമായി ശബ്ദസാമ്യം ഉണ്ടായിരുന്നത് കൊണ്ടാണ് അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം പർദെല്ലാൻ മയ്യഴിക്ക് മാഹെ എന്ന പേരു നൽകുകയുണ്ടായത്.

1694 ൽ ഇംഗ്ലീഷുകാർ തലശ്ശേരിയിൽ ഒരു കോട്ടപണിതു ഒരു വ്യാപാര കേന്ദ്രം സ്ഥാപിച്ചു. തുടക്കം മുതൽക്കുതന്നെ കുറുങ്ങോട്ടു നായരും ഇംഗ്ലീഷു കമ്പനിയുമായി സ്വരച്ചേർച്ചയിലല്ലായിരുന്നു. ഇംഗ്ലീഷു കമ്പനിയുമായി സായുധ സംഘട്ടനത്തിൽ ഏർപ്പെട്ട ആദ്യത്തെ നാടുവാഴികുറുങ്ങോട്ടു നായർ ആയിരുന്നു.

മയ്യഴിയിൽ ഫ്രഞ്ചുകാർ കാലുകുത്തുന്നതിന്നു മുമ്പ് തന്നെ ന്യൂമാഹി പഞ്ചായത്തിൽ പെട്ട കുറിച്ചിയിൽ അവർക്കൊരു പാണ്ട്യാല ഉണ്ടായിരുന്നു. മലബ്ബാരക്കുകളുടെ സംഭരണത്തിന്നുവേണ്ടി 1702 മെയിലാണ് അത് കെട്ടുകയുണ്ടായതെന്നു പറയപ്പെടുന്നു. പക്ഷേ എന്തുകൊണ്ടോ 1707 ൽ ഫ്രഞ്ചുകർ കുറിച്ചി കയ്യൊഴിച്ചു. മയ്യഴി തങ്ങളുടെ വ്യാപാര കേന്ദ്രമാക്കി.

ഈ നാട് തെക്ക് ഫ്രഞ്ചുകാരുടെ അധീനതയിലായിരുന്ന മയ്യഴിയുടെയും ഇംഗ്ലീഷുകാരുടെ അധീനതയിലായിരുന്ന തലശ്ശേരിയുടെയും ഇടയിലായിരുന്നത്കൊണ്ട് അതിന്റെ ചരിത്രം ഈ രണ്ട് യൂറോപ്യൻ ശക്തികളുടെയും ജയാപജയങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

കുരുമുളക് ഇഞ്ചി, ഏലം, തുടങ്ങിയ ഉൽപന്നങ്ങളുടെ സംഭരണത്തിന് വേണ്ടി പരസ്പരം മൽസരിച്ചു കൊണ്ടിരുന്ന ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും 1726 ഒക്ടോബർ 12 ാം തീയ്യതി കുറിച്ചിയിൽ വെച്ചു ഏറ്റുമുട്ടുകയുണ്ടായി. യുദ്ധാനന്തരം കുറിച്ചികോട്ട ഇംഗ്ലീഷുകാരുടെ അധീനതയിൽ വന്നു ചേർന്നു.

741 ഡിസമ്പർ 25 ാം തീയ്യതി ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഒപ്പുവെച്ച സമാധാന കരാർ കൊണ്ട് മനസ്സിലാവുന്നത് മയ്യഴിക്കും ചെമ്പ്രകുന്നിനും മൈലൻ കുന്നിനും ഇടയിലുള്ള ഭൂപ്രദേശം (ഇപ്പോഴത്തെ ന്യൂമാഹി) അക്കാലത്ത് ഫ്രഞ്ചുകാരുടെ നിയന്ത്രണത്തിൽ ആയിരുന്നു എന്നാണ്.

1751 ഒക്ടോബർ 18 ാം തീയ്യതി കോലത്ത് നാട് രാജകുമാരൻ 4000 പേർ അടങ്ങുന്ന ഒരു പടയുമായി വന്നു കുറിച്ചിയിലെ കരീകുന്നു ആക്രമിച്ചു. ഈ ആക്രമണം ഇംഗ്ലീഷുകാർ പിന്തിരിപ്പിച്ചു വെങ്കിലും 1751 ഒക്ടോബർ 21 ാം തീയ്യതി വീണ്ടും മറ്റൊരു ആക്രമണം ഉണ്ടായി. ഈ ആക്രമണത്തിൽ 100 പേർ

കൊല്ലപ്പെടുകയും അനേകം പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തു. ഇംഗ്ലീഷുകാർക്ക് കുറിച്ചിയിൽ നിന്നും പിൻമാറേണ്ടി വന്നു. 1751 നവമ്പർ 23 ാം തീയ്യതി ഇംഗ്ലീഷുകാർ ഒരു പ്രത്യാക്രമണം നടത്തി.

കോട്ടയം രാജാവിന്റെ അനുരഞ്ജനത്തിന്റെ ഫലമായി കുറിച്ചിയിൽ നിന്നും കോലത്തു നാട്, സൈന്യത്തെ പിൻവലിക്കുകയും 1751 നവമ്പർ 25 ാം തീയ്യതി കുറിച്ചി ഇംഗ്ലീഷുകാരുടെ അധീനതയിൽ വന്നുചേരുകയും ചെയ്തു. 1752 മാർച്ച് 22 ാം തീയ്യതി ഫ്രഞ്ചുകാർ വീണ്ടും തിരിച്ചു വന്നു. 1752 മെയ് 22ാം തീയ്യതി ഒരു യുദ്ധവിരാമം നിലവിൽ വന്നു. 1761 ഫിബ്രവരി 8ാം തീയ്യതി മേജർ ഹെക്ടർ മൻറോയുടെ നായകത്വത്തിൽ എത്തിച്ചേർന്ന 635 ഭടൻമാർ ഉൾകൊള്ളുന്ന ഒരു ഇംഗ്ലീഷു പട ഫ്രഞ്ചുകാരുടെ നേരെ തിരിഞ്ഞു. ഫ്രഞ്ചുകാർ കീഴടങ്ങാൻ സമ്മതിച്ചതിനെ തുടർന്നു ഒരു ഏറ്റുമുട്ടൽ ഒഴിവായി. കീഴടങ്ങലിന്നുള്ളകരാർ അനുസരിച്ചു കുറിച്ചി കോട്ട ഇംഗ്ലീഷുകാരുടെ അധീനതയിലായി. പക്ഷേ 1765 ലെ പാരീസ് ഉടമ്പടിയോടെ ന്യൂമാഹി ഫ്രഞ്ചുകാർക്കു തന്നെ തിരിച്ചു കിട്ടി.

1766 ഏപ്രിൽ 28 ാംതീയ്യതി ഹൈദർ അലി തന്റെ സൈന്യവുമായി മയ്യഴി അഴിമുഖത്ത് എത്തിച്ചേർന്നു. കടത്തനാടിനെ കീഴടക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആഗമനോദ്ദേശം. ഹൈദർ അലി മലബാർ പിടിച്ചടക്കിയപ്പോൾ, തന്റെ വാഴ്ച നിലനിർത്തിയ ഏക നാടുവാഴി കുറുങ്ങോട്ടു നായർ ആയിരുന്നു.

1779 മാർച്ച് 19 ാം തീയ്യതി ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഉണ്ടായ കീഴടങ്ങൽ കരാറിലെ വ്യവസ്ഥ അനുസരിച്ചു കുറിച്ചി കോട്ട ഇംഗ്ലീഷുകാർക്ക് കൈമാറി. 1780 ഒക്ടോബർ 1 ാം തീയ്യതി സർദാർഖാന്റെ നായകത്വത്തിൽ ഒരു പട തലശ്ശേരിയിൽ എത്തിച്ചേർന്നു. 1782 ജനുവരി 8ാം തീയ്യതി മൈസൂർ പടയെ കുറിച്ചിയിൽ വെച്ചു ഇംഗ്ലീഷുകാർ നേരിട്ടു. ഈ യുദ്ധത്തിൽ കുറിച്ചിയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളും മൈസൂർ സൈന്യത്തിൽ നിന്നും ഇംഗ്ലീഷുകാർ പിടിച്ചെടുത്തു. യുദ്ധാനന്തരം കുറുങ്ങോട്ടു നായർ തടവുകാരനായി പിടിക്കപ്പെട്ടു. 1782 മുതൽ 1785 വരെ അദ്ദേഹം ഇംഗ്ലീഷുകാരുടെ തടവറയിൽ കഴിയേണ്ടിവന്നു. വാർസയിൽ ഉടമ്പടിയുടെ ഫലമായി 1785 ആഗസ്ത് 15 ാം തീയ്യതി മയ്യഴി ഫ്രഞ്ചുകാർക്ക് തിരിച്ചുകിട്ടിയപ്പോൾ കുറുങ്ങോട്ടു നായർ മോചിപ്പിക്കപ്പെട്ടു. 1787 ൽ ടിപ്പു സുൽത്താൻ അദ്ദേഹത്തെ പിടികൂടി തൂക്കിലേറ്റുകയും നാട് ഇരുവെ നാടിനോട് കൂട്ടി ചേർക്കുകയും ചെയ്തു. 1790 ൽ മൈസൂരിന്റെ അധീനതയിൽ നിന്നും ഇംഗ്ലീഷുകാർ ഈ നാടിനെ മോചിപ്പിച്ചു. അതോടെ അന്നത്തെ കുറുങ്ങോട്ടു നായർക്ക് തന്റെ നാട് തിരിച്ചു കിട്ടി. ഫ്രഞ്ചുകാരുമായി വീണ്ടും സഖ്യത്തിൽ ഏർപ്പെട്ട കുറുങ്ങോട്ടു നായരെ 1793 ൽ ഇംഗ്ലീഷുകാർ തടവുകാരനായി പിടിച്ചു കോഴിക്കോട്ടേക്ക് കൊണ്ടുപോയി. 1797 ൽ കുറുങ്ങോട്ടു നായർക്ക് തന്റെ നാട് വീണ്ടും തിരിച്ചു കിട്ടി. പിന്നീട് ഇംഗ്ലീഷ് കമ്പനി ഈ നാട് അദ്ദേഹത്തിന് പാട്ടത്തിന് നൽകുകയായിരുന്നു.

വയനാടൻ കാടുകളിൽ ഇംഗ്ലീഷു കമ്പനിക്കെതിരെ പടപൊരുതിക്കൊണ്ടിരുന്ന പഴശ്ശി രാജാവിനെ കല്ലായിയിലെ മാപ്പിള കച്ചവടക്കാർ കുരുമുളകിന്നു പകരമായി വെടിമരുന്നും മറ്റു യുദ്ധോപകരണങ്ങളും എത്തിച്ചു സഹായിച്ചു പോന്നിരുന്നതായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

1797 ൽ നാട് തിരിച്ചു കിട്ടിയ കുറുങ്ങോട്ടു നായർ 1806 വരേയും നാടുവാഴിയായി തുടരുകയുണ്ടായി. 1806 ൽ അദ്ദേഹം നാടുവാഴി സ്ഥാനം ഒഴിയുകയും ശിഷ്ടകാലം ഇംഗ്ലീഷുകാരിൽ നിന്നും മാലിഖാൻ പറ്റികഴിഞ്ഞു കൂടുകയും ചെയ്തു.

സാമൂഹിക സാംസ്കാരിക ചരിത്രം

ആയിരം വർഷങ്ങൾക്ക് മുമ്പ് തന്നെ ബ്രാഹ്മണർ ഈ പഞ്ചായത്തിൽ അധിവസിച്ചിരുന്നു. എ. ഡി. 955 ലേതാണെന്ന് കരുതപ്പെടുന്ന ഒരു ലിഖിതം ചെമ്പ്ര അമ്പലത്തിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഈ ലിഖിതം ചെമ്പ്ര ഗ്രാമവും ഏടന്നൂർ സഭയും ചേർന്നാണ് ഉണ്ടാക്കിയിരിക്കുന്നത്. ഈ പഞ്ചായത്തിൽ പെട്ട ഏടന്നൂർ ഒരു ബ്രാഹ്മണ ഗ്രാമമായിരുന്നു.

ക്ഷേത്രങ്ങളുടെയും കാവുകളുടേയും കാര്യത്തിൽ ഈ പഞ്ചായത്ത് സമ്പന്നമാണ്. അതിപുരാതനമായ ഒരു ക്ഷേത്രമാണ് പരിമഠം ശ്രീ ദുർഗാ ക്ഷേത്രം. കേരളത്തിൽ പരശുരാമനാൽ പ്രതിഷ്ഠിതമായ നൂറ്റി എട്ടു ക്ഷേത്രങ്ങളിൽ ഒന്നാണിതെന്നു നാട്ടുകാർ വിശ്വസിക്കുന്നു. ക്ഷേത്രത്തിൽ കൊല്ലം തോറും മീനമാസം കാർത്തിക നാൾ കൊടിയേറി, പൂരമഹോത്സവം കൊണ്ടാടാറുണ്ട്. ഉത്സവത്തിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു.

പള്ളിപ്രം വാണിയർകണ്ടി കൂലം മറ്റൊരു പ്രസിദ്ധ കാവാണ്. വസൂരിമാല തമ്പുരാട്ടി തിറ വളരെ സുന്ദരമാകുന്നു.

കുറിച്ചിയിലുള്ള കരോൽകാവിലെ തിറ ഒരു കാലത്ത് വളരെ പ്രസിദ്ധമായിരുന്നു. കുറുങ്ങോട്ടു നായരുടെ ജന്മ സ്ഥലത്തായിരുന്നു ഈ ക്ഷേത്രസമുച്ചയം. ക്ഷേത്രത്തോട് അനുബന്ധിച്ചു കുളവും ഉണ്ടായിരുന്നു. മുപ്പത്തൊമ്പത് തിറയായിരുന്നു കൊല്ലത്തിൽ തിറയുത്സവം നിരവധി ആളുകളെ ആകർഷിച്ചിരുന്നു. ഈ കാവ് ഇപ്പോൾ കണാനില്ല. എല്ലാം പൊളിച്ചു മാറ്റിയിരിക്കുന്നു. ക്ഷേത്രക്കുളവും തൂർന്നു പോയിരിക്കുന്നു.

കേരളത്തിൽ ഇസ്ലാം പ്രചരിച്ചു തുടങ്ങിയ കാലത്തു തന്നെ ഒരു തുറമുഖമായിരുന്ന ന്യൂമാഹിയിൽ അതിന്റെ സന്ദേശം എത്തിയിരുന്നു. പെരിങ്ങാടിയിൽ ഈ പഞ്ചായത്തിലെ ആദ്യത്തെ പള്ളി സ്ഥാപിക്കപ്പെട്ടു. ഇപ്പോഴത്തെ പെരിങ്ങാടി ജുമാമസ്ജിദ് സൂഫി വര്യനായിരുന്ന സയ്യിദ് മൈഅലവി ബ്നു ബാ അലവി കല്ലാപള്ളി കുന്നിൻ മുകളിലാണ് അന്ത്യ വിശ്രമം കൊള്ളുന്നത്. അഴീക്കൽ ജുമാ മസ്ജിദ് മറ്റൊരു പ്രധാനപ്പെട്ട മുസ്ലീം പള്ളിയാണ്.

സാമൂഹ്യ അനീതികൾക്കും ജാതി സമ്പ്രദായത്തിനും എതിരായ പ്രവത്തനങ്ങൾ ഈ പഞ്ചായത്തിൽ വളരെ മുമ്പു തന്നെ ആരംഭിച്ചു കഴിഞ്ഞിരുന്നു. '' ശ്രീ നാരായണ ഗുരുസ്വാമികളെ സദാ സ്മരിക്കുകയും അന്ധകാരമയമായ ജാതി കോട്ടയെ അവിടത്തെ ആദർശമനുസരിച്ചു ഉടക്കുകയും നിരർത്ഥകമായ മാമൂൽ ചടങ്ങുകളെ ഉൻമൂലനം ചെയ്യുകയും ജനസമുദായത്തിന്റെ ഉന്നമനത്തിനുതകുന്ന മറ്റു മാർഗങ്ങൾ. അവിടുന്ന് അരുളി ചെയ്തിട്ടുണ്ടായിരുന്നത് ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ 1105 കുംഭം 15 ാം തീയ്യതി ആരംഭിച്ചതായിരുന്നു ഇയ്യത്തുംകാട് ശ്രീനാരായണ മഠം.തദ്ദേശവാസികളായ ഏതാനും പേരുടെ ഉൽസാഹത്താൽ ഇയ്യത്തും കാട് പറമ്പിൽ ഒരു ചെറിയ ഷെഡ് കെട്ടി അതിൽ വെച്ചു ജനം പഠിക്കുവാൻ ഏർപ്പാട് ചെയ്തുകൊണ്ടാണ് ശ്രീ നാരായണ മഠത്തിന്റെ തുടക്കം. ശ്രീ പറമ്പിലങ്കണ്ടി കല്ലി ഒതേനനൻ പ്രസിഡണ്ടായും ശ്രീ.കിഴക്കേകുനിയിൽ കണാരൻ സിക്രട്ടറിയായും കുറിച്ചി, എടന്നൂർ,. പെരുമുണ്ടേരി, അഴീക്കൽ, പെരിങ്ങാടി എന്നീ ദേശങ്ങളിലെ ഏതാനും മഹദ് വ്യക്തികൾ അംഗങ്ങളായി ഒരു ഭരണ സമിതിയും അതിനുണ്ടായിരുന്നു. 1105 മീനം 18 ാം തീയ്യതി ആയിരുന്നു മഠത്തിന്റെ ശിലാസ്ഥാപന കർമം ശ്രീ. അച്ചുതാനന്ദസ്വാമികൾ നിർവഹിച്ചത്. മഠത്തിന്റെ ഉൽഘാടനവും 1932 മാർച്ച് 17ാം തീയ്യതി ശ്രീ. അച്ചുതാനന്ദസ്വാമികൾ തന്നെയാണ് നിർവഹിച്ചത്. ശ്രീനാരായണ ഗുരുസ്വാമികൾ വിഭാവനം ചെയ്ത

തരത്തിലുള്ള പുതിയ രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കുന്നതിന്നു വേണ്ടി മഠം പറമ്പിൻ ഒരു പ്രൈമറി വിദ്യാലയവും അക്കാലത്ത് സ്ഥാപിക്കപ്പെടുകയുണ്ടായി. പിന്നീട് ഏടനൂർ, അഴീക്കൽ, പെരുമുണ്ടേരി എന്നീ ദേശങ്ങളിലും ശ്രീ നാരായണ മഠങ്ങൾ സ്ഥാപിക്കപ്പെട്ടു. ന്യൂമാഹി പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ഈ മഠങ്ങൾ എല്ലാം തന്നെ അതത് ദേശങ്ങളിലെ സാംസ്കാരിക കേന്ദ്രങ്ങളാകുന്നു. മത സൗഹാർദ്ദത്തിന്റെ ഉദാത്തമായ മാതൃകകളായും അവ പരിലസിക്കുന്നു.

ഈഴവർക്കിടയിലേതെന്ന പോലെ മുസ്ലീംകൾക്കിടയിലും സാമൂഹ്യ പരിവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടായിരുന്നു. പെരിങ്ങാടി, അഴീക്കൽ, കുറിച്ചി എന്നിവിടങ്ങളിലെ പല മുസ്ലീം ചെറുപ്പക്കാരും ദേശീയ പ്രസ്ഥാനത്തിലും ഖിലാഫത്ത് പ്രക്ഷോഭത്തിലും ആകൃഷ്ടരായി. സ്വാതന്ത്ര്യത്തിനും സാമുദായിക പരിഷ്കരണത്തിനുമുള്ള അവരുടെ അഭിവാഞ്ച പ്രാദേശികാടിസ്ഥാനത്തിലുള്ള നൂതന സംഘങ്ങൾ രൂപീകരിക്കുന്നതിന്ന് അവർക്ക് പ്രേരണ നല്കിയിരുന്നു. 1928 ൽ അഴീക്കൽ യങ്ങ്മെൻസ് മുസ്ലീംഅസോസിയേഷൻ (ഏ. വൈ.എം. എം. എ) എന്ന പേരിലും കുറിച്ചിയിൽ മുസ്ലീം സേവക സംഘം പുന്നോൽ' എന്ന പേരിലും രണ്ടു സംഘങ്ങൾ നിലവിൽ വന്നു. ഈ രണ്ടു സംഘങ്ങളോട് അനുബന്ധിച്ചും വായനശാലകളും ഗ്രന്ഥാലയങ്ങളും ഉണ്ടായിരുന്നു. എ.വൈ.എം. എം. എക്ക്. പിൽകാലത്ത് മയ്യഴിയിലെ ഡോ. എം. കെ. മേനോന്റെ വിലയേറിയ ഉപദേശ നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഈസംഘത്തോട് അനുബന്ധിച്ചുള്ള വായനശാല മുഹമ്മദലി മെമ്മോറിയൽ റീഡിങ്ങ് റൂം' എന്ന പേരിൽ 1931 ൽ സ്ഥാപിക്കപ്പെട്ടു. 1930 ൽ സ്ഥാപിക്കപ്പെട്ട മുസ്ലിം സേവകസംഘത്തിന്റെ പ്രസിഡണ്ട് ശ്രീ. കെ. പി. അമ്മദ് മാസ്റ്ററും സെക്രട്ടറി ശ്രീ. കെ. പി. അബൂബക്കറും ആയിരുന്നു. മുസ്ലീംകളിൽ നിലവിലുണ്ടായിരുന്ന അന്ധവിശ്വസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായും സാക്ഷരത പ്രചരിപ്പിക്കുന്നതിനും വേണ്ടിയും സംഘം പ്രയത്നിച്ചു. കുറിച്ചിയിലെ പള്ളിയോട് അനുബന്ധിച്ചു താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചുവരികയായിരുന്ന ' പുന്നോൽ മാപ്പിള എൽ. പി. സ്കൂളിന്നു സംഘം മുൻകൈ എടുത്തു സ്ഥിരമായ ഒരു കെട്ടിടവും നിർമിച്ചു കൊടുക്കുകയുണ്ടായി. ഈ സ്കൂൾ 20 ാം നൂറ്റണ്ടിന്റെ തുടക്കത്തിൽ കുറിച്ചിയിലെ കെ. പി. മുഹമ്മദ് ഉത്തര മലബാറിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഇൻസ്പെക്ടർ ആയിരുന്ന കാലത്ത് സ്ഥാപിക്കപ്പെട്ടിരുന്നതാണ്.

യാഥാസ്ഥിതിക വിഭാഗത്തിന്റെ കഠിനമായ എതിർപ്പുകൾ നേരിടേണ്ടിവന്നിരുന്നുവെങ്കിലും ഈ സംഘത്തിന്റെ പ്രവർത്തനം മുസ്ലീം സമുദായത്തിൽ ഒരു മാറ്റത്തിന്റെ നാന്ദി കുറിച്ചു. മുസ്ലീം സേവക സംഘത്തിന്റെ തുടർച്ച എന്നോണം പിൽകാലത്തു രൂപം കൊണ്ടതായിരുന്നു '' ഇഖ്ബാൽ മെമ്മോറിയൽ ലൈബ്രറി'' ഉത്തര മലബാറിൽ മുസ്ലീങ്ങളുടെ ഇടയിൽ ആദ്യകാല വിദ്യാഭ്യാസം സിദ്ധിച്ചിരുന്ന ശ്രീ. എം.കെ.പക്രമാർ പ്രസിഡണ്ടും, ശ്രീ. മേലേക്കണ്ടി ഉസ്മാൻ സിക്രട്ടറിയുമായിരുന്ന ഈ ഗ്രന്ഥാലയം കുറെ കാലത്തോളം നല്ല നിലയിൽ നടന്നിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ന്യൂമാഹിയുടെ സാംസ്കാരിക വളർച്ചക്ക് അനൽപമായ സംഭാവനകൾ അർപ്പിച്ചിരുന്ന ഒരു സ്ഥാപനമാണ് എടന്നൂരിലെ വിജ്ഞാന വർദ്ധിനി വായനശാല. വായനശാലയുടെ ഇപ്പോഴത്തെ പേര് ' ടാഗോർ' ലൈബ്രറി ആൻഡ് റീഡിങ്ങ് റൂം' എന്നാണ്. 1934 ൽ ആണ് ഇത് സ്ഥാപിക്കപ്പെട്ടത്. സ്ഥാപക പ്രസിഡണ്ടം ശ്രീ. കെ.വി. കേളുപണിക്കരും സിക്രട്ടറി ശ്രീ. കുനിയിൽ കൃഷ്ണനുമായിരുന്നു. സമീപ വാസികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്നും അവരിൽ രാഷ്ട്രീയ ബോധം വളർത്തുന്നതിന്നും ഈ വായനശാല പ്രയോജപ്പെട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ ശ്രീ. സി. എച്ച്. കണാരനും ശ്രീ. മൊയാരത്ത് ശങ്കരനും ഈ വായനശാല സന്ദർശിക്കുകയും അവിടെയുള്ളവരിൽ രാഷ്ട്രീയ ബോധം വളർത്താൻ ശ്രമിക്കുകയും ചെയ്യുക പതിവായിരുന്നു. ശ്രീ. കൂവേരി ശേഖരൻ മാസ്റ്റർ, ശ്രീ. എൻ.എൻ. കുറുപ്പ് തുടങ്ങിയവർ വായനശാലയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്നു. വായനശാലയുടെ വാർഷിക സമ്മേളനങ്ങൾ നാട്ടുകാർക്ക് ഒരു ഉൽസവം പോലെയാണ്. വാർഷികങ്ങളോട് അനുബന്ധിച്ചു മത്സര പരീക്ഷകൾ നടത്തി

വിജയികൾക്ക് സമ്മാനങ്ങൾ നൽകിയിരുന്നു. വായനശാലാ പ്രവർത്തകർ അഭിനയിച്ചിരുന്ന നാടകങ്ങൾ അരങ്ങേറുകയും ചെയ്യാറുണ്ട്.വായനശാലക്ക് സ്വന്തം കെട്ടിടമുണ്ട്. അത് ഇപ്പോഴും നല്ലനിലയിൽ നടന്നു വരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് തന്നെ ന്യൂമാഹിയിലെ ധാരാളം ചെറുപ്പക്കാർ അതിൽ ആകൃഷ്ടരായിരുന്നു. അവരിൽ ഹിന്ദുക്കളും മുസ്ലീങ്ങളുമായ യുവാക്കൾ ഉണ്ടായിരുന്നു. അവർ ഖദർ വസ്ത്രം ധരിക്കുകയും തക്ലികൊണ്ട് നൂൽ നൂൽക്കുകയും ചെയ്തിരുന്നു. പെരിങ്ങാടി, അഴീക്കൽ, കുറിച്ചി, എന്നീ ദേശങ്ങളിലെ ചിലമുസ്ലീം വീടുകളിൽ അക്കാലത്ത് ചർക്ക ഉണ്ടായിരുന്നു. 1934 ജനുവരി 13ാം തീയ്യതി മയ്യഴിയിലേക്ക് പോകുന്ന വഴി ഗാന്ധിജി ഈ പഞ്ചായത്തിലെ കുറിച്ചി മുതൽ മാഹി പാലം വരെ കാറിൽ നിന്നിറങ്ങി കാൽ നടയായി സഞ്ചരിച്ചു. ദേശീയ പ്രസ്ഥാത്തിന്റെ പ്രവർത്തങ്ങൾക്ക് പഞ്ചായത്തിൽ ആവേശം പകർന്നത് അതോടുകൂടിയാണ്.

മയ്യഴിയിൽ താമസിക്കുകയായിരുന്ന ബാരിസ്റ്റർ എ. കെ. പിള്ളയും. ഡോ: എം. കെ. മേനോനുമാണ് ഈ പഞ്ചായത്തിൽ കോൺഗ്രസ് സംഘടന കെട്ടിപടുക്കുന്നതിന്നു നേതൃത്വം നൽകിയത്. അവരുടെ ഉപദേശ നിർദ്ദേശങ്ങളാണ് കോൺഗ്രസ് പ്രവർത്തകർക്ക് പ്രോത്സാഹനമായത്. പിന്നീട് ഡോ. മേനോനെ ഫ്രഞ്ച് ഗവൺമ്മെണ്ട് നാടുകടത്തിയപ്പോൾ അദ്ദേഹം ന്യൂമാഹിയിൽ സ്ഥിരതാമസമാക്കി. ന്യൂ മാഹിയിൽ വെച്ചു തന്നെയാണ് അദ്ദേഹം ചരമം പ്രാപിച്ചതും.

ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കുവഹിച്ച അനേകം പേർ ഈ പഞ്ചായത്തിലുണ്ട്. സർവ ശ്രീ. കുനിയിൽ കൃഷ്ണൻ (രണ്ടാം ലോകമഹായുദ്ധത്തിനെതിരെ പ്രചരണം നടത്തിയതിനു 15 ദിവസം തലശ്ശേരി സബ് ജയിലിലും, തലശ്ശേരിയിൽ നിരോധനം ലംഘിച്ചതുകൊണ്ട് 1940 സപ്തംബർ 17നു അറസ്റ്റ് ചെയ്യപ്പെട്ടതിനെ തുടർന്നു കണ്ണൂർ, ബല്ലാരി, ആലിപുരം, വെല്ലൂർ എന്നീ ജയിലുകളിൽ ഒന്നരകൊല്ലവും തടവ് അനുഭവിച്ചു. വെല്ലൂർ സെൻട്രൽ ജയിലിൽ എട്ടുമാസം കരുതൽ തടങ്കലിലും കഴിയേണ്ടി വന്നിട്ടുണ്ട്. ഇ. പി. രാഘവൻ, കെ. എം. ഗോവിന്ദൻ, എ. ടി. അബ്ദുറഹിമാൻ, അക്കാളി ചന്തുമാസ്റ്റർ, വി. കെ. കണാരി, വി.സി. അച്ചുട്ടി മേനോൻ, കുയ്യാലി കൃഷ്ണൻ (രണ്ടാം ലോകമഹായുദ്ധത്തിനെതിരായി പ്രചരണം നടത്തിയ കേസിൽ 10 മാസം ജയിലിൽ കഴിയേണ്ടിവന്നു.) ഞേളാട്ട് മാമു, ബാണിയമ്പലത്ത് കാദർ, കെ. പി. അബൂബക്കർ (1948 ൽ കരുതൽ തടങ്കൽ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട് വെല്ലൂർ ജയിലിൽ കഴിയേണ്ടി വന്നു.) മൂസ്സ, പോക്കർ മാസ്റ്റർ (പുന്നോൽ ഗൂഡാലോചന കേസിൽ പ്രതിയായി ശിക്ഷിക്കപ്പെട്ടിരുന്നു) കേളപ്പൻ സ്രാപ്പ്, ചമ്പക്കാടൻ ശങ്കരൻ, മേക്കരവീട്ടിൽ ഉസ്മാൻ, പറക്കാട്ട് അബു (ബർമ്മയിൽ ഐ. എൻ. എ. യിലും പ്രവർത്തിച്ചിരുന്നു.) തുടങ്ങിയവർ ഇവരിൽ പെടുന്നു.

ഈ കൂട്ടത്തിൽ പലരും ഹിന്ദി പ്രചരണം, ഖാദി പ്രചരണം, തൊഴിലാളി പ്രസ്ഥാനം കെട്ടി പടുക്കൽ, കള്ളുഷാപ്പ് പിക്കറ്റിങ്ങ് തുടങ്ങിയ പ്രവർത്തനങ്ങളിൽ സജീവമായ പങ്കു വഹിച്ചിരുന്നവരാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് സി. എച്ച്. കണാരനായിരുന്നു.

ഫ്രഞ്ചു ഭരണാധികാരികൾ ടോൾഗേറ്റ് അടച്ചിട്ടു ഗതാഗതത്തിനുതടസ്സം വരുത്തിയപ്പോൾ, ഗതാഗതം, സുഗമമാക്കുന്നതിന്നു വേണ്ടി അഴീക്കൽ നിന്നും റെയിൽ റോഡ് പാലം വരേയും നിർമിക്കപ്പെട്ട റോഡ് ന്യൂമാഹിയിലൂടെയായിരുന്നു. മയ്യഴിയെ വിമോചിപ്പിക്കുന്നതിന്നുവേണ്ടി 1954 ജൂലായ് 14 ാംതീയ്യതി മഹാജനസഭാ വളണ്ടിയർമാർ ശ്രീ. ഐ. കെ. കുമാരന്റെ നേതൃത്വത്തിൽ മയ്യഴിയിലേക്ക് മാർച്ച് ചെയ്തപ്പോൾ ന്യൂമാഹിയിലെ സ്വാതന്ത്ര്യ പ്രേമികളും അവർക്കു പിന്തുണ നൽകിയിരുന്നു. ന്യൂമാഹി പഞ്ചായത്തിന്റെ അതിരുകൾക്കുള്ളിൽ ഒരു ദ്വീപുപോലെ സ്ഥിതിചെയ്യുന്ന ഫ്രഞ്ചുപ്രദേശമായ ചെറുകല്ലായി 1954 ഏപ്രിൽ 27ാം തീയ്യതി അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ വളണ്ടിയർമാർ മോചിപ്പിച്ചപ്പോൾ, അവരുടെ കൂട്ടത്തിൽ ന്യൂമാഹിയിലെ വളണ്ടിയർമാരും ഉണ്ടായിരുന്നു. ശ്രീ. കെ. വി. ശേഖരൻ കെ. വി. വാസു, വി.കെ. കണാരി, അഴീക്കലെ ഗണേഷ് ബീഡി തൊഴിലാളികൾ തുടങ്ങിയവരും അക്കൂട്ടത്തിൽ പെടുന്നു.

കൃഷി, ജലസേചനം

സമഗ്രമായ ഒരു ആവാസനയം എന്തുകൊണ്ടും കേരളത്തിനു ആവശ്യമാണ്. എങ്കിൽ മാത്രമേ പാടം നികത്തൽ തടയാനൊക്കൂ

ചരിത്രമുറങ്ങുന്ന മയ്യഴിപ്പുഴയുടേയും അറബിക്കടലിന്റേയും തീരത്തായി 445 ഹെക്ടർ വിസ്തൃതിയുള്ള ന്യാമുഹി പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ പണ്ട് കാലത്ത് തന്നെ നീർക്കെട്ടിന്റെയും ഉപ്പു വെള്ളത്തിന്റെയും അധിവേശത്താൽ നെല്ല്, പച്ചക്കറി, വാഴ മുതലായ കൃഷിക്ക് ഏറെ അനുയോജ്യമായിരുന്നില്ല. എന്നാൽ പഞ്ചായത്തിൽ ഉൾപ്പെട്ട കരീക്കുന്ന്, ചവോക്കുന്ന്, നന്ത്യത്ത് കുന്ന്, പട്ടത്തിക്കുന്ന്, ആശാരിക്കുന്ന്, വാണം കുന്ന് എന്നീ കുന്നിൻ പ്രദേശങ്ങളും അവയുടെ ചരിവുകളും ഉൾപ്പെടുന്ന വിസ്തൃതിയുടെ 70% വരുന്ന ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെട്ട ചെമ്മണ്ണ് ഉൾക്കൊള്ളുന്ന ഫലപുഷ്ടിയുള്ള ഭൂപ്രദേശങ്ങൾ തെങ്ങ്, കുരുമുളക്, കശുമാവ്, മറ്റ് ഫലവൃക്ഷങ്ങൾ എന്നിവയ്ക്ക് ഏറെ അനുയോജ്യമായിരുന്നു. പള്ളിപ്രം- പാത്തിക്കൽ മുതൽ മാഹിപ്പാലം വരെയുള്ള പുഴയോരത്തെ കറുത്ത പശിമരാശിമണ്ണ് ഏറെ ഫലപുഷ്ടിയുള്ളതാണെങ്കിലും ഉപ്പു വെള്ളത്തിന്റെ കടന്നുകയറ്റം മൂലം കൃഷിക്ക് അനുയോജ്യമല്ലാതെ കിടക്കുകയാണ്. ഈ പ്രദേശത്ത് ഉപ്പു വെള്ളം കയറുന്നത് തടഞ്ഞു നിർത്തിയാൽ 30 ഹെക്ടറോളം സ്ഥലം കൃഷിക്കായി വീണ്ടെടുക്കാൻ കഴിയുന്നതാണ്. മങ്ങാട് വയൽ, ഒളവിലം വയൽ, കൊളപ്രത്ത് താഴെ വയൽ തുടങ്ങിയ വയൽ പ്രദേശങ്ങളിലുള്ള അലൂവിയം വിഭാഗത്തിൽ പ്പെടുന്ന വയൽ മണ്ണ് നെൽകൃഷിക്കും മറ്റും അനുയോജ്യമാണ്. മൊത്തം വിസ്തൃതിയുടെ 92.03% സ്ഥലവും ഏതെങ്കിലും തരത്തിലുള്ള കൃഷിക്ക് അനുയോജ്യമാണ്. കൃഷിഭൂമിയെ സംബന്ധിച്ച വിശദവിവരം താഴെ പട്ടികയായി ചേർക്കുന്നു.

പട്ടിക - 1

ഭൂയിനം	വിസ്തീർണ്ണം ഹെക്ടറിൽ	ആകെ വിസ്തൃതിയുടെ ശതമാനം
നിലം	38.44	8.64%
പുരയിടം	406.56	91.36
കൃഷിയോഗ്യമായത്	409.06	92.03
പുറമ്പോക്ക്, ചതുപ്പ്	35.94	7.97

ഭൂവിസ്തൃതിയിൽ കൃഷിക്ക് അനുയോജ്യമായ 409.06 ഹെക്ടർ പ്രദേശത്തിന്റെ ഭൂരിഭാഗത്തും പ്രധാനമായും തെങ്ങ് കൃഷി ചെയ്ത് വരുന്നു. തെങ്ങിന്റെ ഇടവിളയായി കവുങ്ങും മറ്റ് ഫലവൃക്ഷങ്ങളും കുരുമുളകും കൃഷി ചെയ്യുന്നു. 32 ഹെക്ടറോളം സ്ഥലത്താണ് നെല്ല് കൃഷി ചെയ്യുന്നത്. നെൽവയലുകളോട് ചേർന്ന് നികത്തപ്പെട്ട വയലുകളോട് ചേർന്ന് വാഴയും മരിച്ചീനിയും ഇടവിളയായി പച്ചക്കറിയും പയറു വർഗങ്ങളും നാമമാത്രമായി കൃഷി ചെയ്തുവരുന്നു. കുന്നിന്റെ മുകൾ പ്രദേശങ്ങളിൽ പ്രധാന വിള കശുമാവാണ്. കൃഷിയെ അടിസ്ഥാനമാക്കിയുള്ള ഭൂവിനിയോഗം താഴെ പട്ടികയായി കൊടുക്കുന്നു.

പട്ടിക.2

ക്രമ നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ	വിസ്തൃതിയുടെ ശതമാനം
1	തെങ്ങ്	301.30	67.70%
2	നെല്ല്	32.18	7.23%
3	കവുങ്ങ്	20.52	4.61%
4	കശുമാവ്	35.27	7.93%
5	വാഴ	15.50	3.48%
6	കുരുമുളക്	4.29	.96%

കാർഷിക പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഖ്യവിളകളെ താഴെ അവലോകനം ചെയ്യുന്നു.

1. തെങ്ങ്: കൃഷിഭൂമിയുടെ വിസ്തൃതിയിൽ 68.05% വരുന്ന 301.38 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്തുവരുന്നു. പെതുവെ ഈ കൃഷി കർഷകരെ സംബന്ധിച്ച് ആദായകരമല്ല. ഡിസംബർ മുതൽ മെയ്വരെയുള്ള വരൾച്ച കാലത്ത് 70% ത്തോളം തെങ്ങുകളുടെയും ഉൽപ്പാദനക്ഷമത ഗണ്യമായി കുറയുന്നു. കുന്നിൻ പ്രദേശങ്ങളിലുള്ള ജലലഭ്യതയിലുള്ള കുറവുകാരണവും ശാസ്ത്രീയമായ കൃഷി രീതി അവലംബിക്കാത്തത് കാരണവും ഇത്തരം പ്രദേശങ്ങളിൽ ഉൽപ്പാദന ക്ഷമത കുറയുമ്പോൾ, വയൽ നികത്തിയ കുനി പ്രദേശങ്ങളിൽ നീർക്കെട്ട് കാരണം ഉൽപ്പാദന ക്ഷമത വളരെ കുറഞ്ഞു കാണുന്നു. കൂടാതെ ചെന്നീരൊലിപ്പ്, കൂമ്പുചീയൽ മുതലായ രോഗങ്ങൾ വ്യാപിച്ചുവരുന്നതും ഈ കൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടത്തിലെ പാഴ്മരങ്ങളുടെ ആധിക്യം കുറക്കുകയും യഥാ വിധിയുള്ള ജൈവരാസവള പ്രയോഗങ്ങൾ നടത്തുകയും,കായ്ഫലം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുകയും, അതുൽപാദന ശേഷിയുള്ള തെങ്ങിനങ്ങൾ വെച്ചുപിടിപ്പിക്കുകയും ആവശ്യമായ പരിചരണങ്ങളു, ജലസേചന സൗകര്യങ്ങളും ഏർപ്പെടുത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള തീവ്ര ശ്രമം നടത്തേണ്ടതാണ്.

തെങ്ങ് കൃഷി സംരക്ഷിക്കാൻ പഞ്ചായത്ത് തലത്തിൽ കേര സംരക്ഷണ സമിതി റജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ കൃഷി ഭവൻ മുഖേന കുളം, കിണർ പമ്പ് സെറ്റ്, എന്നിവക്കുള്ള സബ്സിഡിയോട് കൂടിയ ലോൺ അർഹരായവർക്ക് ലഭ്യമാക്കുന്നതിൽ ഈ സമിതിയുടെ പ്രവർത്തനം കുറ്റമറ്റതാണെന്ന് പറയാൻ സാദ്ധ്യമല്ല. കൊല്ലത്തിൽ അമ്പതിൽ താഴെ കൃഷിക്കാർക്ക് മാത്രമേ ഇത്രയും

പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുള്ളൂ.

ഉൽപ്പാദിപ്പിക്കപ്പെടുന്ന തേങ്ങയിൽ ഗാർഹികാവശ്യം കഴിച്ച് ഭൂരിഭാഗവും കച്ചവടക്കാർ പാട്ടത്തിനെടുത്ത് കൊപ്ര ആക്കി പുറം വിപണികളിലേക്ക് കയറ്റി അയക്കപ്പെടുകയാണ്. ഇടത്തട്ടുകാരുടെ ഈ ഇടപെടൽ മൂലം ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കുന്നില്ല. സഹകരണാടിസ്ഥാനത്തിൽ കൊപ്ര സംഭരണവും അനുബന്ധ വ്യവസായവും നടത്തുകവഴി ഈ രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കികൊണ്ട് കർഷകർക്ക് ഉൽപ്പന്നത്തിന് ന്യായമായ വില നൽകാൻ കഴിയും. ഇത് തെങ്ങ് കൃഷിയെ മെച്ചപ്പെടുത്താനുള്ള ഉപാധിയാക്കി മാറ്റാവുന്നതാണ്.

നെല്ല്

1980 ൽ 160 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് 32.18 ഹെക്ടർ സ്ഥലത്ത് മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ. രാസവളവിലയിലുണ്ടായ ഗണ്യമായ വർദ്ധനയും, ഉൽപ്പാദനക്ഷമതയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും, കർഷകത്തൊഴിലാളികളുടെ കൂലിയിലുള്ള വർദ്ധനവും, ഉൽപ്പാദനക്ഷമതയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും, കർഷകത്തൊഴിലാളികളുടെ കൂലിയിലുള്ള വർദ്ധനവും, കാലാവസ്ഥാ വ്യതിയാനവുമാണ് ഈ അപചയത്തിന് കാരണമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ കാലയളവിൽ നൂറോളം ഹെക്ടർ നെൽവയൽ നികത്തി കുനിയാക്കി മാറ്റപ്പെട്ടിട്ടുണ്ട്. അശാസ്ത്രീയമായ ഈ നികത്തിൽ മൂലം സ്വാഭാവിക ജല നിർഗമന മാർഗങ്ങൾ അടഞ്ഞുപോവുകയും നിലവിലുള്ള കൃഷി ഭൂമിയിൽ നിർക്കെട്ട് ഒരു പ്രധാന പ്രശ്നമായിത്തീരുകയും ചെയ്തിരിക്കുന്നു. കൂടാതെ ഒളവിലം, പാത്തിക്കൽ പ്രദേശങ്ങളിലെ പാത്തികൾ വഴിയുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം ഈ പ്രദേശത്തെ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

അമിതമായ രാസവള പ്രയോഗം മണ്ണിന്റെ ഘടനയിലുണ്ടാക്കിയ മാറ്റം കാരണം ഉൽപ്പാദന ക്ഷമത ക്രമേണ കുറഞ്ഞുവരുന്നതായി കാണിക്കുന്നു. 1988, 89 കാലത്ത് ഒരു ഹെക്ടറിന് ശരാശരി 80 കി. ഗ്രാം രാസവളം ഉപയോഗിച്ച സ്ഥാനത്ത് ഇന്ന് 95 കി. ഗ്രാമായി വർദ്ധിച്ചിരിക്കുന്നു. മണ്ണിന്റെ ഗുണനിലവാരം പരിശോധിച്ച് ആവശ്യമായ അളവിൽ മാത്രം രാസവളം പ്രയോഗിക്കുക എന്ന രീതി വളർന്നു വരേണ്ടിയിരിക്കുന്നു.

പട്ടിക - 3

പഴയനെൽവിത്ത്	പ്രത്യേകത	പുതിയ നെൽവിത്ത്	പ്രത്യേകത
ചിറ്റേനി	വെള്ളത്തേയും, വരൾച്ചയേയും അതിജീവിക്കുന്നു	ഐ.ആർ - 8	അത്യുൽപാദനശേഷി പ്രതിരോധശേഷികുറവ്
കയമ		രോഹിണി	തണ്ടുറപ്പ് കുറവ്
പുഞ്ച	എത് വെള്ള പൊക്കത്തിലും നടാം	അശ്വതി	പ്രതിരോധശേഷി കുറവ്
തൊണ്ണൂറാൻ	തൊണ്ണൂറ് ദിവസം കൊണ്ട് പാകമാവുന്നു	ജയ	അത്യുൽപാദനശേഷിയുള്ളത്
കുഞ്ഞിക്കയമ	പ്രതിരോധ ശേഷി കൂടുതൽ	ത്രിവേണി	അത്യുൽപാദനശേഷി
കവുങ്ങിൻ പൂക്കുല	അത്യുൽപാദനശേഷി		പ്രതിരോധശേഷികുറവ്
തവളക്കണ്ണൻ			
മുണ്ടോൻ	വെള്ളത്തിൽ നടാം		

നീർക്കെട്ടിനേയും വരൾച്ചയേയും, ഒരു പോലെ അതിജീവിക്കാൻ കഴിഞ്ഞിരുന്ന നാടൻ നെൽ വിത്തുകൾ കൃഷിചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് കൃഷിചെയ്യുന്ന അത്യുൽപാദനശേഷിയുള്ള പുതിയ വിത്തിനങ്ങൾക്ക് നിർക്കെട്ടിനേയും മറ്റു പ്രതികൂല സാഹചര്യങ്ങളേയും നേരിടാൻ കഴിയാത്തത് ഈ മേഖലയെ പുറകോട്ട് അടിപ്പിച്ചിട്ടുണ്ട്. മണ്ണിന് അനുയോജ്യമായ നടീൽ വസ്തുക്കൾ ഉപയോഗിച്ച് കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്. പണ്ട് കൃഷിചെയ്തിരുന്നതും, ഇപ്പോൾ കൃഷി ചെയ്യുന്നതുമായ നെൽ വിത്തിനങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

പാടശേഖര സമിതി: കൃഷി ഭവന്റെ നിർദ്ദേശാനുസരണം പ്രധാന വയലുകളെ കേന്ദ്രീകരിച്ച് പാടശേഖര സമിതികൾ രൂപീകരിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടെങ്കിലും മങ്ങാട് വയൽ പ്രദേശത്ത് പ്രവത്തിച്ചുവരുന്ന ഏക പാടശേഖര സമിതി മാത്രമേ ഇന്ന് പഞ്ചായത്തിൽ നിലവിലുള്ളൂ. ആധുനിക കാർഷിക ഉപകരണങ്ങളും, മെച്ചപ്പെട്ട നടീൽ വസ്തുക്കളും രാസവളങ്ങളും കീടനാശിനികളും സബ്സിഡി നിരക്കിൽ ലഭ്യമാക്കാനുള്ള സമിതികൾ എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ മങ്ങാട് വയൽ പാടശേഖരസമിതിക്ക് സാധിച്ചിട്ടില്ല. ഈ പാടശേഖര സമിതിയെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതോടൊപ്പം മറ്റ് പ്രദേശങ്ങളെ കേന്ദ്രീകരിച്ച് പുതിയ പാടശേഖരസമിതികൾ രൂപീകരിക്കാവും അവയെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാനും സാധിച്ചാൽ നെൽകൃഷി നേരിടുന്ന പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

ഏടന്നൂർ ഭാഗത്ത് പണ്ട് കാലങ്ങളിൽ പുനം കൃഷി നിലവിലുണ്ടായിരുന്നു. വർഷകാലത്ത് കരപ്രദേശങ്ങളിൽ കുറ്റിച്ചെടി വെട്ടിത്തീയിട്ട് നെല്ല് വിതക്കുന്ന ഈ സമ്പ്രദായത്തിന്റെ പ്രത്യേകത ഉയർന്ന മേനിയും ചുരുങ്ങിയ ചിലവുമാണ് ഈ രീതി പുന: സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ ആരായേണ്ടതുണ്ട്.

കവുങ്ങ്: നെൽവയലുകളോട് ചേർന്ന കുനി പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിട്ടുള്ള ഈ വിള 20.52 ഹെക്ടർ സ്ഥലത്തായി കൃഷിചെയ്യുന്നു. കാര്യമായ പരിചരണങ്ങൾ നടത്തുന്നില്ലെങ്കിൽ പോലും മോശമല്ലാത്ത ഉൽപാദനക്ഷമതയുള്ള വിളയാണിത്.

താരതമ്യേന മെച്ചപ്പെട്ട വില ലഭിക്കുന്ന ഒരു ഉൽപ്പന്നമെന്ന നിലയിൽ ഈ കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാനുള്ള സാധ്യതകൾ ഉണ്ട്. തെങ്ങിൻ തോപ്പുകളിലെ പാഴ്മരങ്ങൾ വെട്ടി മാറ്റി ഇടവിളയായി കവുങ്ങ് കൃഷി വ്യാപിപ്പിക്കാനും ഒരു പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. ഇതോടൊപ്പം അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ ശേഖരിച്ച് വിതരണം ചെയ്യേണ്ടതുമാണ്.

കുരുമുളക്: 4.29 ഹെക്ടർ സ്ഥലത്താണ് കുരുമുളക് കൃഷിചെയ്തുവരുന്നത്. വിലകൂടിയതും ഡിമാൻറുള്ളതുമായ ഒരു ഉൽപ്പന്നമെന്ന നിലയിൽ കുരുമുളക് കൃഷി ഏറെ സാദ്ധ്യതകളുണ്ട്. പഞ്ചായത്തിലെ 5 കുന്നിൻ ചെരിവുകൾ ഉൾക്കൊള്ളുന്ന കുരുമുളക് കൃഷിക്ക് അനുജോജ്യമായ ഒരു വലിയ ഭൂവിഭാഗത്തിലേക്ക് ഈ കൃഷി വ്യാപിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് എത്രയും വേഗം രൂപം കൊടുക്കേണ്ടതുണ്ട്.

വാഴ: 15.50 ഹെക്ടർ സ്ഥലത്തുള്ള വാഴകൃഷി വയൽ നികത്തിയ കുനിപ്രദേശങ്ങളിലാണ് പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളത്. ഇതിന്റെ നല്ലൊരു പങ്കും നല്ല പരിചരണം ആവശ്യമുള്ള നേന്ത്രവാഴ കൃഷിയുമാണ്. പുരയിടങ്ങളിൽ ഇടവിളയായി നാടൻ വാഴ കൃഷി വ്യാപിപ്പിക്കാനുള്ള സാധ്യതകൾ ഏറെയുണ്ട്.

കശുവണ്ടി:

പരിചരണം ആവശ്യമില്ലാത്തതും വളരെ ആദായകരവുമായ ഒരു വിളയാണിത്. പരമ്പരാഗതമായ രീതിയിൽ രൂപപ്പെട്ടു വന്ന ഈ വിളയെ ആധുനികവൽക്കരിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കൃഷിഭവൻ മുഖേന ലഭിക്കുന്ന അത്യുൽപ്ദാന ശേഷിയുള്ള കശുമാവിനങ്ങൾ കൃഷിചെയ്യുന്ന രീതി വളത്തേണ്ടതുണ്ട്.

പച്ചക്കറി:

പണ്ട് കാലങ്ങളിൽ നെൽവയലുകളിൽ വേനൽക്കാലവിളയായി വ്യാപകമായി കൃഷിചെയ്തിരുന്ന പച്ചക്കറി കൃഷി ഇന്നു നാമാവശേഷമായിരിക്കുന്നു. നമ്മുടെ ആഹാരത്തിലെ ഒരു പ്രധാന ഇനമായ പച്ചക്കറികൾക്ക് വേണ്ടി നാം അന്യസംസ്ഥാനങ്ങളേയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ബന്ദും, ലോറി സമരങ്ങളും പച്ചക്കറിയുടെ വരവിനെ പ്രതകൂലമായി ബാധിക്കുമ്പോൾ ലഭ്യത കുറയുന്നതുമൂലം വില കുതിച്ചുയരുകയും ചെയ്യുന്നു. മാത്രമല്ല അമിതമായ രാസവളം, കീടനാശിനി പ്രയോഗം നിമിത്തം മലീമസമായ ഈ പച്ചക്കറികൾ അമിതവിലകൊടുത്ത് വാങ്ങികഴിക്കേണ്ടി വരുന്ന ഗതികേടിൽ നിന്നും രക്ഷപ്പെടാനുള്ള പരിശ്രമങ്ങൾ ഈ കൃഷിയെ പുനരുജ്ജീവിപ്പിച്ച് കൊണ്ട് സാധിക്കേണ്ടതായിട്ടുണ്ട്. പരിമിതമായ ഭൂമിയാണെങ്കിൽ പോലും സ്വന്തം പുരയിടത്തിൽ പച്ചക്കറി കൃഷി ചെയ്യാനുള്ള സന്നദ്ധത ഓരോ പൗരന്റേയും കടമായി ഏറ്റെടുക്കേണ്ടതാണ്.

കൃഷി ഭവൻ:

1987 സപ്തംബറിൽ നിലവിൽ വന്ന കൃഷിഭവന്റെ പ്രവർത്തനം ഈ പഞ്ചായത്തിലെ കൃഷിക്കാർക്കിടയിൽ വലിയ ചലനം സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. കീടനാശിനിയും അതു തളിക്കാനുള്ള പമ്പും പാടശേഖരസമിതികൾ വഴി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കാലവർഷം കഴിഞ്ഞെത്തുന്ന തെങ്ങിൻ തൈകളും മറ്റ് നടീൽ വസ്തുക്കളുഉം പരിമിതമായെ ലഭിക്കുന്നുള്ളൂ. ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കാനും നടീൽവസ്തുക്കൾ ലഭ്യമാക്കാനും രോഗകീടബാധകൾ യഥാസമയം കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും കൃഷിഭവന് സാധിക്കേണ്ടതുണ്ട്.

ഈ വർഷം കൃഷി ഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ കണക്ക് താഴെ കൊടുക്കുന്നു.

ക്രമനമ്പർ	ഇനം	എണ്ണം
1	തെങ്ങിൻതൈ, കുറ്റ്യാടി	330
2	തെങ്ങിൻതൈ, T*D	100
3	പന്നിയൂർ കുരുമുളക് തൈകൾ	500
4	കരിമുണ്ട	1500
5	കവുങ്ങ്	100
6	മാവ്	15
7	കുറ്റ്യാട്ടൂർ മാവ്	50
8	പ്ലാവ്	15
9	ജാതിക്ക	50
10	മറ്റുള്ളവ	130

കർഷകത്തൊഴിലാളികൾക്കിടയിൽ എകീകരിച്ച കൂലി നിരക്ക് ഈ പഞ്ചായത്തിലില്ല - ശരാശരി കൂലിനിരക്ക് പട്ടികയായി താഴെ ചേർക്കുന്നു

തൊഴിൽ	ജോലിസമയം	പു	സ്ത്രീ
കിളക്കൽ	8 മണിക്കൂർ	100	
ഞാറ് നടഗ	8 ''		50
കളപറി	71/2 ''	100	50
തേങ്ങയിടൽ	4 ''		10പേർ
കൊയ്ത്ത്	8 ''		

കാർഷികത്തൊഴിൽ മേഖല

കാർഷികരംഗത്ത് ഏകദേശം 200 ൽ താഴെതൊഴിലാളികൾ മാത്രമേ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ളൂ. കർഷകത്തൊഴിലാളികളുടെ യഥാ സമയമുള്ള ലഭ്യതക്കുറവ് കാർഷികരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. ഭേദപ്പെട്ട കൂലി ഈ രംഗത്തെ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും തൊഴിൽ രംഗത്തെക്ക് കടന്നുവരുന്നവരുടെ എണ്ണം താരതമ്യേന കുറഞ്ഞുവരികയാണ്. മണ്ണിൽ പണിയെടുക്കുകയെന്നത് ഒരു അന്തസ്സുകുറഞ്ഞ രീതിയായ കണക്കാക്കുന്ന പുതിയ തലമുറയുടെ മനോഭാവം മാറ്റിയെടുക്കാൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ ഈ പ്രതിസന്ധി പരിഹരിക്കാനാവൂ.

ജലസേചനം:

മാഹി പുഴയും 6 തോടുകളും, കുളങ്ങളുമാണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ. തോടുകളിൽ മിക്കതും വേനൽക്കാലത്ത് വറ്റുന്നവയാണ്. മാഹിപുഴയിലാണെങ്കിൽ ഉപ്പുവെള്ളം കയറുന്നത് മൂലം ജലസേചനത്തിന് അനുയോജ്യവുമല്ല. കുളങ്ങളാണ് ജലസേചനത്തിന് പ്രയോജനപ്പെടുത്താവുന്ന പ്രധാന മാർഗ്ഗങ്ങൾ. പഞ്ചായത്തിലെ 100 ൽ താഴെ വരുന്ന കുളങ്ങളിൽ മിക്കതും വേനൽക്കാലത്ത്

പഞ്ചായത്തിലെ തോടുകളുടെ വിവരം താഴെ പട്ടികയായി ചേർക്കുന്നു.

ക്രമനമ്പർ	തോടുകൾ	നീളം
1	കുറിച്ചിയിൽ തോട്	800മീറ്റർ
2	മണിയൂർ കുറിച്ചി വയൽത്തോട്	1.150 കി.മീ
3	ഈച്ചിയിൽ തോട്	1.175കിമീ
4	മങ്ങാട് വയൽ തോട്	735മീറ്റർ
5	വാണിയങ്കണ്ടി കോവിലകം തോട്	625 മീറ്റർ
6	കുറിച്ചിയിൽ പെട്ടിപാലം തോട്	715 മീറ്റർ

വരളുന്നവയുമാണ്. എന്നാൽവറ്റാത്ത കുളങ്ങളെ ജലസേചനത്തിന് സൗകര്യപ്പെടുത്തുന്ന സംവിധാനങ്ങൾ ഇന്ന് നിലവിലില്ലതാനും.

കുളങ്ങളുടെ അറ്റുകുറ്റപ്പണികൾ നടത്താനും പുതിയ ചില കുളങ്ങൾ കുഴിക്കാനും സാധിച്ചാൽ ജലസേചന മാർഗ്ഗങ്ങൾ കുറച്ചെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. തോടുകളുടെ ആഴം വീതി കൂട്ടാനും തടയിണകൾ സ്ഥാപിക്കാനും കഴിഞ്ഞാൽ ഇവയെ പ്രയോജനപ്പെടുത്താനുള്ള സാധ്യതകളും പരിശോധിക്കേണ്ടതാണ്.

മഴക്കാലത്ത് ജലനിർഗ്ഗമനത്തിനുള്ള മാർഗ്ഗങ്ങളായും വേനലിൽ ജലസേചനത്തിനുള്ള മാർഗ്ഗമായും ഒരു പോലെ ഈ തോടുകളെ പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ ആരായാനാവശ്യമായ പഠനം നടത്തേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പള്ളിപ്രം, മങ്ങാട് ഭാഗത്ത് മാഹിപ്പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറി നെൽകൃഷി നശിക്കുന്നു.
2. നെൽവയലുകൾ വ്യാപകമായി നികത്തിയത് കാരണം വയലുകളിൽ മഴക്കാലത്ത് വൻതോതിൽ നിർക്കെട്ട് അനുഭവപ്പെടുന്നു. വേനൽക്കാലത്ത് വരൾച്ച അനുഭവപ്പെടുന്നു.
3. തോടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കാത്തത് കാരണംതോടുകളുടെ വിസ്തൃതി കുറയുകയും മണ്ണ് നിറഞ്ഞത് നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്നു.
4. രാസവളങ്ങളുടെ അമിതോപയോഗവും, നീർക്കെട്ടും മണ്ണിൻെറ ഘനടനയിലുണ്ടാക്കിയ മാറ്റം മൂലം മണ്ണിൻെറ ഗുണനിലവാരം കുറഞ്ഞിരിക്കുന്നു.
5. തെങ്ങിൻ തോപ്പുകളിലെ പടുവിളകളുടെ ആധിക്യം തെങ്ങിൻെറ ഉല്പാദനക്ഷമത കുറക്കാനിടയാക്കുന്നു.
6. പഞ്ചായത്തിലെ 5 കുന്നിൻ പ്രദേശങ്ങളിൽ ആവശ്യമായ ജലസേചന സൗകര്യങ്ങളില്ല.
7. തേങ്ങ ഇടത്തട്ടുകാർ വഴി സംഭരിക്കപ്പെടുന്നതിനാൽ കൃഷിക്കാർ ഇവരുടെ ചൂഷണത്തിന് വിധേയമാവുന്നു.
8. പുതിയ നെൽവിത്തുകൾക്ക് പ്രതിരോധ ശേഷി കുറവാണ്
9. പരമ്പരാഗത നെൽവിത്തുകൾ നാശോൻമുഖമായിരിക്കുന്നു.
10. രാസവളത്തിൻെറയും മറ്റ് നടീൽ വസ്തുക്കളുടെയും വില ഗണ്യമായ വർദ്ധിച്ചിരിക്കുന്നു.
11. ജൈവവളത്തിൻെറ ലഭ്യത വളരെ കുറഞ്ഞിരിക്കുന്നു.
12. തേങ്ങയുടെയും മറ്റ് കാർഷികോല്പന്നങ്ങളുടെയും അസ്ഥിരമായ വില
13. നല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമല്ല.
14. തൊഴിലാളികളുടെ പ്രത്യേകിച്ച് സ്ത്രീതൊഴിലാളികളുടെ അപര്യാപ്തത
15. കർഷകർക്ക് കൃഷിചെയ്യുന്നതിലുള്ള താല്പര്യം കുറഞ്ഞുവരുന്നു.
16. തെങ്ങുകളുടെ രോഗം വർദ്ധിച്ചുവരുന്നു.
17. പാടശേഖരസമിതികളും കേരകർഷക സമിതികളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.

പരിഹാരങ്ങൾ

1. പള്ളിപ്രം- പാത്തിക്കൽ ഭാഗത്ത് പാത്തികൾ അറ്റകുറ്റപ്പണികൾ നടത്തി ഉപ്പും വെള്ളം കയറുന്നത് തടയേണ്ടതാണ്.
2. ജല നിർഗ്ഗമന മാർഗ്ഗങ്ങളും, തോടുകളും ആഴം വീതി കൂട്ടി പുന:സ്ഥാപിക്കുക.

026

3. മണ്ണ് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗ രീതികൾ ശാസ്തീയമായി നടപ്പിലാക്കൽ

4. തെങ്ങിൻ തോപ്പുകളിലെ ആവശ്യാനുസരണം പടുവിളകൾ വെട്ടിമാറ്റുക.

5. ആവശ്യമായ രീതിയിൽ ഇടവിളകൾ കൃഷി ചെയ്യുന്ന രീതി വളർത്തിക്കൊണ്ടുവരിക.

6. ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. സഹകരണാടിസ്ഥാനത്തിൽ തേങ്ങയും മറ്റ് കാർഷികോല്പന്നങ്ങളും സംഭരിക്കുന്ന സ്ഥാപനങ്ങൾക്ക് രൂപം കൊടുക്കുക.

8. പരമ്പരാഗത നെൽവിത്തുകളുടെ ഗുണ നിലവാരം വർദ്ധിപ്പിച്ച് കൃഷി ചെയ്യുന്ന രീതി വളർത്തികൊണ്ടുവരികര.

9. രാസവളങ്ങളും, നടീൽ വസ്തുക്കളും, കാർഷികോപകരണങ്ങളും സഹകരണ സംഘങ്ങൾ വഴി സബ്സിഡി വ്യവസ്ഥയിൽ വിതരണം ചെയ്യുക.

10. സഹകരണ സംഘം വഴി വിതരണം ചെയ്യുന്ന മേൽവസ്തുക്കളുടെ തിരിച്ചടക്കേണ്ട വിലക്ക് പകരമായി ഉല്പന്നങ്ങൾ സ്വീകരിക്കുന്ന രീതികൾ നടപ്പിലാക്കുക.

11. ജൈവവളം, കമ്പോസ്റ്റ് വളം ഇവയുടെ ഉല്പാദനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

12. തൊഴിലാളികളുടെ ലഭ്യത പരിഹരിക്കാൻ കഴിയുംവിധം ലേബർ കോൺട്രാക്റ്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുക.

ഗ്രാമസഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ:

1. പള്ളിപ്രം മങ്ങാട് ഭാഗത്ത് മയ്യഴിപ്പുഴയിൽ നിന്ന് ഉപ്പ് വെള്ളം കയറി നെൽകൃഷി നശിക്കുന്നതു തടയിടാൻ നിലവിലുള്ള പാത്തിപുതുക്കിപ്പണിയണം. സേതുപാത്തി ശ്രദ്ധാപൂർവ്വം പരിശോധിച്ച് വേണ്ട അറ്റ കുറ്റ പ്പണികൾ ചെയ്യുക.

2. ന്യൂമാഹി പഞ്ചായത്തിലെ എല്ലാ തോടുകളും ബന്ധപ്പെട്ട കുളങ്ങൾ ആഴവും വീതിയും കൂട്ടി കല്ല്കൊണ്ട് കെട്ടണം.

3. നെൽകൃഷി ആദായകരമാക്കാൻ നിലനിർത്താൻ അതിൽ കൃഷിചെയ്യുന്ന കർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുക.

4. വിത്ത്, നടീൽ വസ്തുക്കൾ,കാർഷികോപകരണങ്ങൾ, ഇവ പഞ്ചായത്ത് തന്നെ കൃഷി ഭവൻ മുഖേന സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

5. തെങ്ങ് കൃഷി ആദായകരമാക്കാൻ ജലസേചനം നടത്തുവാൻ സ്ഥല പരിധി നോക്കാതെ കിണർ കുഴിക്കാനും പമ്പുസെറ്റ് വാങ്ങാനും സബ്സിഡി ലോൺ ഇവ ഏർപ്പെടുത്തുക.

6. ഏത് തരത്തിലുള്ള കൃഷി നാശത്തിനും നഷ്ടപരിഹാരം കൊടുക്കുക.

7. പച്ചക്കറി കൃഷി വ്യാപകവും നിർബന്ധനവും ആക്കുക.

8. എല്ലാ വീട്ടിലും കമ്പോസ്റ്റ് കുഴി നടപ്പാക്കുക.

9. ഗ്രൂപ്പ് ഫാമിങ്ങ് ഏർപ്പെടുത്തുക. പാടശേഖരകമ്മിറ്റി ഫലപ്രദമായി പ്രവർത്തിപ്പിക്കുക. ആനുകൂല്യങ്ങൾ സംഘത്തിലൂടെ വിതരണം ചെയ്യുക.

10. തെങ്ങിൻ തോപ്പിൽ ഇടവിള പ്രോത്സാഹിപ്പിക്കുക.

11. കവുങ്ങ് കൃഷി എല്ലാ വീട്ടിലും നടപ്പിൽ വരുത്തുക.

12. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

13. രാസവളവും ജൈവവളവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കൃഷിഭവൻ കേന്ദ്രത്തിൽ വാർത്താ ബോർഡുകൾ സ്ഥാപിക്കണം.

14. പഴ വർഗ്ഗ കൃഷി പ്രചാരത്തിലാക്കുക. കൈതച്ചക്കക്കും നാടൻ വാഴക്കും പ്രോത്സാഹനം കൊടുക്കുക.

15. നെൽപ്പാടം നികത്തി തെങ്ങ് വെച്ചു കഴിഞ്ഞ സ്ഥലം പൂർണ്ണമായും മണ്ണിട്ട് നികത്താൻ സൗകര്യപ്പെടുത്തുക. വെള്ളം ഒഴുകുവാനുള്ള തോട് നിർബന്ധമാക്കുക.

16. പഞ്ചായത്ത് തലത്തിൽ കൊപ്രസംഭരണം നടപ്പാക്കുക.

17. കിഴങ്ങ് വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുക.

18. കുരുമുളക് കൃഷി പുനരുദ്ധരാണം ചെയ്യുക.

19. കാർഷിക ചർച്ചാ ക്ലാസ്സുകളും ബോധവല്കരണവും തുടർച്ചയായി ലഭിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കുക.

20. മണ്ണ് സംരക്ഷണ പദ്ധതി നടപ്പിലാക്കുക.

21. മണ്ണ് പരിശോധന പ്രോത്സാഹിപ്പിക്കുക.

22. കൃഷിഭവൻ-സേവനം എല്ലാ വാർഡിലുള്ള കൃഷിക്കാർക്കും ലഭിക്കത്തക്കരീതിയിൽ ക്രമീകരിക്കുക.

23. കായ്ഫലമില്ലാത്ത തെങ്ങ് മുറിച്ചുകളയാൻ പ്രോത്സാഹിപ്പിക്കുക.

24. കർഷകർക്ക് വിപണനസൗര്യം മെച്ചപ്പെടുത്തുവാൻ ആഴ്ചചന്തകൾ തുറന്ന് പ്രവർത്തിപ്പിക്കുക.

25. ഏറ്റവും നല്ല കർഷകനെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ആദരിക്കുക ഇതിന്നായി ഫാം കാർഡ് നടപ്പാക്കുക.

26. വിള ഇൻഷൂറൻസിനെപ്പറ്റി കൃഷിക്കാരിൽ ബോധവല്കരണം നടപ്പാക്കുക.

27. മുളക്കാത്ത പഴയ വിത്തുകളാണ് പലപ്പോഴും വിതരണം ചെയ്യുന്നത്

28. പരമ്പരാഗതമായ നെൽവിത്തുകൾ നാശോന്മുഖമായിവരികയാണ്.
ഇവ പുനരുജ്ജീവിപ്പിക്കുക.

29. കെട്ടിട നിർമ്മാണത്തിന് വയലുകൾ നികത്തപ്പെടുന്ന സ്ഥിതിയുണ്ട്. അത്തരം കെട്ടിട നിർമ്മാണം നിരുത്സാഹപ്പെടുത്തണം.

30. ഈർച്ചപ്പൊടി, ചകരിച്ചോറ്, ഇവ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കാനുള്ള സാദ്ധ്യത പരീക്ഷിച്ചു നോക്കേണ്ടതാണ്.

31. പൂക്കൃഷി, ഔഷധക്കൃഷി, കൂൺകൃഷി, തേനീച്ചകൃഷി, മത്സ്യകൃഷി എന്നിവക്ക് പഞ്ചായത്തിലുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം.

32.തരിശിടുന്ന നെൽവയലുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽൾ പാടശേഖര സമിതിക്കാരെ കൃഷിചെയ്യാൻ അനുവദിക്കണം.

മൃഗസംരക്ഷണം

ആധുനികതയുടെ കടന്നുകയറ്റം ജീവിതത്തിൽ സൃഷ്ടിച്ച മാറ്റത്തിന്റെ പ്രതിഫലനങ്ങൾ മൃഗസംരക്ഷണമേഖലയിലും ഏറെ പ്രകടമാണ്. കന്നുകാലി വളർത്തൽ പഞ്ചായത്തിലെ ചിലഭാഗങ്ങളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞു. കോഴിവളർത്തൽ മുഖ്യതൊഴിലെന്ന നിലയിൽ സ്വീകരിച്ചവർ ഇവിടെയധികമില്ല. ശാസ്ത്രീയമായ രീതിയിൽ ഇവയെ പരിപാലിക്കുന്നവരും വളരെ കുറവാണ്. ആടുവളർത്തൽ ഒരു കാലത്ത് വളരെ സജീവമായിരുന്നെങ്കിലും ഇന്ന് ഈ രംഗത്ത് വളരെ പിറകിലാണ്. വിശാലമായ മേച്ചിൽ പുറങ്ങളുടെ അഭാവം ആടുവളർത്തലിനെ പ്രതികൂലമായി ബാധിച്ചു. വാണിജ്യാടിസ്ഥാനത്തിൽ ശാസ്ത്രീയമായ കന്നുകാലി, കോഴി വളർത്തലിന് ഒരു പാട് സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഗണ്യമായ വിഭാഗം ജനങ്ങൾ കോഴിവളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. കന്നുകാലി-കോഴിവളർത്തൽ സംബന്ധിച്ച വിശദവിവരങ്ങൾ. പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ 3ാം വാർഡിൽ ഉണ്ടായിരുന്ന കോഴിവളർത്തൽ ഫാം ഇന്നു പ്രവർത്തിക്കുന്നില്ല. കോഴി ഇറച്ചിയുടെ ദൈനംദിന ഉപയോഗത്തിൽ ഏറെ മുന്നിലാണ് നമ്മുടെ പഞ്ചായത്ത്. മൊത്തം ഉപഭോഗത്തിന്റെ 70% കോഴിമാംസം മറ്റുപ്രദേശങ്ങളിൽ നിന്നുമാണ് ശേഖരിക്കപ്പെടുന്നത്. കോഴിഫാം വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് ഈ കണക്കുകൾ വിരൽചൂണ്ടുന്നത്. അതുപോലെ കോഴിമുട്ടയുടെ മൊത്തം ഉപഭോഗത്തിന്റെ 90% വും മറ്റു പ്രദേശങ്ങളിൽ നിന്നുമാണ് വിതരണം ചെയ്യപ്പെടുന്നത്. നമ്മുടെ ഗ്രാമത്തിനാവശ്യമായ കോഴി ഇറച്ചി, കോഴിമുട്ട എന്നിവ നമുക്ക് ഇവിടെ തന്നെ ഉല്പാദിപ്പിക്കാനാവശ്യമായ സംവിധാനമൊരുക്കാൻ ഏറെ സാദ്ധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്.

ആടിന്റെയും മാടിന്റെയും ഇറച്ചിയുടെ ഉപഭോഗ കാര്യത്തിലും മേൽപറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്. ഗുണനിലവാരമുള്ള ആടുകളെ ശാസ്ത്രീയമായി വളർത്താനുള്ള ശ്രമം നടത്തേണ്ടതുണ്ട്.

ക്ഷീര വികസനം

നമ്മുടെ പഞ്ചായത്തിൽ 270 സങ്കരയിനം പശുക്കളും, 252 നാടൻ പശുക്കളുമാണുള്ളത്. പാലിന്റെ ദൈനംദിന ഉപയോഗവുമായി താരതമ്യം ചെയ്താൽ ഇതു തുലോം പരിമിതമാണ്. ഒട്ടേറെ വികസന സാധ്യതകളും, തൊഴിൽ സാധ്യതകളുമുള്ളഒരു മേഖലയാണ് ക്ഷീരവികസനത്തിന്റേത്. ശാസ്ത്രീയമായ കന്നുകാലി വളർത്തലിലൂടെ നമുക്ക് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാനും വിതരണം ചെയ്യുവാനും നമുക്ക് കഴിയേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരൊറ്റ പാൽ വിതരണ കേന്ദ്രവും സംഭരണ കേന്ദ്രവും ഇല്ല എന്നത് ഈ രംഗത്ത് നാം വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നതിനുദാഹരണമാണ്.

കാലിത്തീറ്റയുടെ വിലക്കയറ്റവും, ഗുണക്കുറവും, ഈ മേഖലയെ പിറകോട്ടു നയിക്കുന്നതിൽ നല്ല പങ്കു വഹിക്കുന്നുണ്ട്. ആവശ്യത്തിനു വൈക്കോൽ ലഭ്യമാവുന്നില്ല എന്നതും ഗൗരവമേറിയ പ്രശ്നമാണ്.

അതിന്റെ വിലയാകട്ടെ ഭീമവുമാണ്. പ്രാദേശികാടിസ്ഥാനത്തിലുള്ള കാലിത്തീറ്റ നിർമ്മാണത്തിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്. കന്നുകാലികൾക്കാവശ്യമായ പച്ചപ്പുല്ല് ധാരാളമായി കൃഷിചെയ്യാനുള്ള സാധ്യത നമ്മുക്കുണ്ട്. ഈ സൗകര്യത്തെ ഉപയോഗിക്കാൻ ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. പാൽ സംഭരണത്തിനു വിതരണത്തിനുമായി ഒരു ക്ഷീരോല്പാദന വിതരണ സംഘത്തിനു രൂപം കൊടുക്കുന്നതിനെക്കുറിച്ച് നമുക്കാലോചിക്കാവുന്നതാണ്.

മൃഗപരിപാലനം

നമ്മുടെ പഞ്ചായത്തിൽ മൃഗപരിപാലനകേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. പശുക്കളിലുണ്ടാകുന്ന വന്ധ്യത, അകിടുവീക്കം, കുളമ്പുരോഗം, മറ്റു പ്രത്യുല്പാതനപരമായ രോഗങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ചികിത്സാ സൗകര്യത്തിനു് തലശ്ശേരി നഗരത്തിലെ മഗാശുപത്രിയെയാണ് ആശ്രയിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗപരിപാലനകേന്ദ്രം ആരംഭിക്കേണ്ടതാണ്. ഊർജിത കന്നുകാലി ബീജസങ്കലന കേന്ദ്രത്തിന്റെ കാര്യക്ഷമതയില്ലായ്മ കന്നുകാലി വികസന മേഖല അനുഭവിക്കുന്ന ഗൗരവമേറിയ പ്രശ്നമാണ്.

പശുക്കളെ വളർത്തുന്നതിൽ കൃഷിക്കാർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതോടൊപ്പം ഗോബർ ഗ്യാസ് പ്ലാൻറിന്റെ സാധ്യതകളെക്കുറിച്ച് ബോധ്യപ്പെടുത്താനും കഴിയണം. രൂക്ഷമായ ഇന്ധനക്ഷാമം അനുഭവപ്പെടുന്ന നമുക്ക് ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിലൂടെ ഈ പ്രതിസന്ധിയെ ഒരു പരിധിവരെ മറികടക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ക്ഷീരോല്പാദന വിതരണ സംഘം പ്രവർത്തിക്കുന്നില്ല.
2. മൃഗാശുപത്രിയുടെ അഭാവം
3. കാലിത്തീറ്റയുടെ കുറഞ്ഞലഭ്യത
4. ബീജസങ്കലന കേന്ദ്രമില്ല.
5. പച്ചപ്പുൽകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
6. കോഴിവളർത്തൽ ഫാമുകൾ ആവശ്യത്തിനില്ല.
7. ആടുകളെ വളർത്തുന്നതിൽ താല്പര്യക്കുറവ്
8. കറവക്കാരുടെ ക്ഷാമം
9. ക്ഷീരവികസന മേഖലയിലെ ക്ഷേമപദ്ധതികളുടെ അഭാവം.

സാധ്യതകൾ

1. ക്ഷീരവികസനസൊസൈറ്റി പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുകര.
2. പഞ്ചായത്തിലെ രണ്ടു കേന്ദ്രങ്ങളിൽ മൃഗപരിപാലന കേന്ദ്രം സ്ഥാപിക്കുക.
3. പ്രാദേശികാടിസ്ഥാനത്തിൽ തീറ്റ കൃഷിയൂനി റും കന്നുകാലിത്തീറ്റ നിർമ്മാണ ശാലയും സ്ഥാപിക്കുക.
4. ഊർജ്ജിത കന്നുകാലി ബീജസങ്കലന കേന്ദ്രങ്ങൾ രണ്ടെണ്ണം സ്ഥാപിക്കുക.
5. കോഴിവളർത്തൽ കേന്ദ്രങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുക വഴി വനിതകൾക്ക് ഒട്ടേറെ തൊഴിൽ സാധ്യത.
6. ഗോട്ടുഫാമുകൾ സ്ഥാപിക്കുന്നതിനു സാധ്യത.
7. പഞ്ചായത്തിൽ പ്രദേശിക അടിസ്ഥാനത്തിൽ കറവകേന്ദ്രങ്ങൾ സ്ഥാപിക്കുകയും പാൽ ശേഖരണവും നടത്തുക.
8. പേവിഷ നിർമ്മാർജ്ജനം ഊർജിതപ്പെടുത്തണം.
9. ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.

മൃഗസംരക്ഷണം

പട്ടിക - 1

കന്നുകാലികൾ

സങ്കരം		കുട്ടികൾ	നാടൻ		കുട്ടികൾ	പോത്ത്	എരുമ	ആട്		നായ	കോഴി		താറാവ്
കാള	പശു		കാള	പശു				ആണ്	പെൺ		നാടൻ	ഇംപ്രൂവ്ഡ്	
16	210	121	21	252	124	1	2	88	384	82	987	347	11

എക്നോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 1995ൽ പ്രസിദ്ധീകരിച്ച പഞ്ചായത്ത് ലെവൽ സ്റ്റാറ്റിസ്റ്റിക്സ്

മത്സ്യബന്ധനം

ന്യൂമാഹി പഞ്ചായത്തിലെ 8ഉം 9ഉം വാർഡുകൾ കടലോരത്താണ് സ്ഥിതി ചെയ്യുന്നത്. ഏകദേശം 4 കി.മീറ്ററോളം നീളം വരുന്ന ഈ പ്രദേശങ്ങളിൽ ജനസാന്ദ്രത താരതമ്യേന അധികമാണ്. കടലോരപ്രദേശമായതു കൊണ്ട് സ്വാഭാവികമായും ഈ പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളുടേയും പ്രധാന ഉപജീവന മാർഗം മത്സ്യ ബന്ധനവും വിപണനവും മറ്റു അനുബന്ധ തൊഴിലുകളുമാണ്. കായലുകളും തോടുകളും തീരെയില്ലാത്ത ഈ പഞ്ചായത്തിൽ മത്സ്യബന്ധനത്തിന് പൂർണ്ണമായും ആശ്രയിക്കുന്നത് കടലിനെത്തന്നെയാണ്. ന്യൂമാഹി പഞ്ചായത്തിനേയും മാഹി മുൻസിപ്പാലിറ്റിയേയും വേർതിരിച്ചു കൊണ്ടൊഴുകുന്ന മയ്യഴി പുഴയിൽ കാര്യമായ മത്സ്യം പിടുത്തമൊന്നുമില്ല. വികസന സാധ്യതകളേറെയുള്ള ഈ മേഖലയിലെ പകലന്തിയോളം ജോലിചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് വേദനയുടെയും യാതനയുടെയും കഥകളേ പറയാനുള്ളൂ.

തൊഴിൽ മേഖല

ഓരോ കാലത്തും ലഭിക്കുന്ന മത്സ്യങ്ങളുടെ ഇനം.

മാസം	ഇനം
ജനവരി- മെയ് ജൂൺ- ആഗസ്ത് സപ്തംബർ, - ഡിസംബർ	അയില, മത്തി, നെത്തൽ, മുള്ളൻ, മാന്തൽ ചെമ്മീൻ,അയില, മത്തി, നെത്തൽ, മുള്ളൻ, ചമ്പാൻ മത്തി, ആകോലി, അയക്കൂറ, മുള്ളൻ, കൂന്തൽ

മത്സ്യബന്ധനത്തിന് ഇന്നു യന്ത്രവൽകൃത ബോട്ടുകളും യന്ത്രം ഘടിപ്പിച്ച ഫൈബർ ബോട്ടുകളും സാർവത്രികമായിട്ടുണ്ട്. ഇവയുടെ അമിതമായ വില കാരണം സാധാരണ തൊഴിലാളികൾക്ക് ഈ ആധുനിക സൗകര്യങ്ങളൊക്കെ കൈയെത്താത്ത ദൂരത്താണ്. അതുകൊണ്ട് ഈ പ്രദേശങ്ങളിലെ ഭൂരിഭാഗം പേരും പഴയനാടൻ വള്ളങ്ങളും വലയുമാണ് ഉപയോഗിക്കുന്നത്. യന്ത്രവൽകൃത ബോട്ടുകളും എഞ്ചിൻ ഘടിപ്പിട്ട ഫൈബർ-നാടൻ തോണികളും ആഴക്കടലിലേക്ക് പോയി ധാരാളം മീനുമായി മടങ്ങിവരുമ്പോൾ പലപ്പോഴും

നാടൻ വള്ളങ്ങളിൽ ജോലിക്ക് പോകുന്നവർ വല നനക്കാതെ, '' കൂട്ടാൻ'' പോലും മീനില്ലാതെ തിരിച്ചുവരിക പതിവാണ്.

മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങാനും കൈവശമുള്ള ഫൈബർ-നാടൻ വള്ളങ്ങൾക്ക് എഞ്ചിൻ ഘടിപ്പിക്കാനും മത്സ്യഫെഡിൽ നിന്നും മറ്റു സഹകരണ സംഘങ്ങളിൽ നിന്നും വായ്പ ലഭിക്കാറുണ്ട്. പക്ഷെ ഇത്തരം വായ്പകൾ പലപ്പോഴും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ തീരാബാധപോലെ പിന്തുടരുന്ന കടക്കെണിയിൽ അകപ്പെടുത്തുകയാണ് ചെയ്യുന്നത്. മത്സ്യത്തൊഴിലാളിയെ സംബന്ധിച്ചേടത്തോളം മെയ്-ജൂൺ ജൂലായ് മാസങ്ങൾ പഞ്ഞ മാസങ്ങളാണ്. വീടുകളിലെ അടുപ്പിൽ തീയെരിയാത്ത ഈ മാസങ്ങളിൽ പലിശയും മുതലും തിരിച്ചടക്കാൻ കഴിയാത്തതു കാരണം പലിശയും പിഴപ്പലിശയും വർദ്ധിച്ചു അവസാനം വായ്പ കൊണ്ടു വാങ്ങിയ തൊഴിലുപകരണങ്ങൾ വിറ്റു കടം വീടേണ്ട ഗതികേട് പലർക്കും ഉണ്ടാവുന്നു.

യന്ത്രവൽകൃത ബോട്ടുകളും തോണികളും വാങ്ങാനുള്ള ലോൺഒന്നിലധികം പേരടങ്ങുന്ന സംഘത്തിനു മാത്രമാണനുവദിക്കുന്നത്. ഈ ലോൺ തിരിച്ചടക്കുവാൻ സംഘത്തിലെ എല്ലാവരും ഒരു പോലെ ഉത്തരവാദിത്വം കാണിക്കാത്തതു കൊണ്ട് പലപ്പോഴും പ്രശ്നങ്ങൾ തലപൊക്കുന്ന. ഔട്ട് ബോർഡ് എഞ്ചിൻ റിപ്പോർ ചെയ്യാൻ വേണ്ടത്ര സൗകര്യം എല്ലാ സ്ഥലത്തും ഇല്ലാത്തതു കൊണ്ടും തേമാനം വന്നതും കേടു വന്നതുമായ യന്ത്രഭാഗങ്ങൾ മാറ്റിയിടാൻ സ്പേർപാട്സുകൾ കിട്ടാനില്ലാത്തതുകൊണ്ടും മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന വിഷമങ്ങൾ വർണ്ണനാതീതമാണ്. ചിലപ്പോൾ സ്പേർ പാർട്ട്സുകൾക്ക് വേണ്ടി എറണാകുളവും കൊച്ചിയിലും പോകേണ്ടി വന്നിട്ടുണ്ടെന്ന് പ്രാഥമിക വിവരശേഖരണ സമയത്ത് മനസ്സിലാവുകയുണ്ടായി. ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് ആവശ്യമായ മണ്ണെണ്ണ പെർമിറ്റ് മുഖേനയാണ് ലഭിക്കുന്നത്. ഇന്നു ലഭിക്കുന്ന മണ്ണെണ്ണ യുടെ കാട്ട തുലോം കുറവാണ്. മത്സ്യങ്ങൾ മുട്ടയിടുന്ന ജൂൺ- ജൂലായ് മാസങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയ ട്രോളിങ്ങ് നിരോധനം പലരും ലംഘിക്കുന്നതു കാരണം മത്സ്യങ്ങളുടെ വംശനാശം സംഭവിക്കുകയും മത്സ്യ സമ്പത്ത് കുറയാനിടയാകുകയും ചെയ്യുന്നു.

ഈ പഞ്ചായത്തിലെ 8ാം വാർഡിൽ മത്സ്യ ഫെഡ്ഡിന്റെ കീഴിൽ ഒരു ഫിഷ് ലാൻറിങ്ങ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ ഇവിടുത്തെ കോൾഡ് സ്റ്റോറേജ് ഇതുവരെ പ്രവർത്തനസജ്ജമായിട്ടില്ല. ഇതു കാരണം ഇവിടെ കൊണ്ടുവരുന്ന മത്സ്യങ്ങൾ സൂക്ഷിച്ചുവെക്കാൻ കഴിയാത്തത് മൂലം കുറഞ്ഞ വിയ്ലക്ക് വിറ്റഴിക്കേണ്ടിവരുന്നു. ഫിഷ് ലാൻറിങ്ങ് സെൻററിനോടനുബന്ധിച്ച് ഒരു ഐസ് ഫാക്ടറിയും അത്യാവശ്യമാണ്. ഐസ് ഫാക്ടറിയുടെ അഭാവം കാരണം വിദൂരസ്ഥലങ്ങളിൽ നിന്നു ഐസ് വാങ്ങികൊണ്ടുവരുമ്പോഴേക്കും ചിലപ്പോൾ മത്സ്യങ്ങൾ ഉപയോഗശൂന്യമായേക്കാം.

മത്സ്യ വിപണനരംഗത്തും ഇന്നു മത്സ്യത്തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന്നു വിധേയരാവുന്നുണ്ട്. മത്സ്യം ധാരാളം കിട്ടുമ്പോൾ അവ സംസ്കരിച്ച് മത്സ്യം കിട്ടാത്ത കടലോര പ്രദേശങ്ങളിലേക്കും ഉൾനാടുകളിലേക്കും അയക്കുവാനുള്ള വാഹന സൌകര്യവും മറ്റും ഇന്ന് മുതലാളിമാർക്കേയുള്ളൂ.ഇത്തരം സൌകര്യങ്ങൾ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴിയുണ്ടാക്കുകയാണെങ്കിൽ തൊഴിലാളികൾക്ക് വരുമാനം വർദ്ധിക്കുവാൻ സാധ്യത വളരെയേറെയാണ്. സ്ഥിരമായി കല്ലുമ്മക്കായ പറിച്ചു ഉപജീവനം കഴിക്കുന്നവരും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലുണ്ട്. മത്സ്യം ലഭിക്കാത്ത കാലങ്ങളിൽ കല്ലുമ്മക്കായ പറിച്ചെടുക്കുവാൻ പോകുന്ന ധാരാളം പേരും ഈ പ്രദേശങ്ങളിലുണ്ട്. വളരെയധികം വിപണന സാധ്യതയുള്ള കല്ലുമ്മക്കായ പറിച്ചെടുക്കുവാൻ ന്യൂമാഹി ഭാഗത്തെ കടലിൽ കിടക്കുന്ന കല്ലുകളിന്മേൽന്മേൽ ദൂരെ ദേശങ്ങളിൽ നിന്നു തൊഴിലാളികൾ വരുന്നതുകാരണം അവരും '' പ്രാദേശീയരായ തൊഴിലാളികളും തമ്മിൽ കടലിൽ വെച്ചു തന്നെ സംഘട്ടനങ്ങളുണ്ടാവുന്നത് ഇവിടെ നിത്യസംഭവമായിട്ടുണ്ട്.

വിപണന മേഖല

മത്സ്യം വിൽക്കുന്ന രണ്ടു കേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഒന്നു കുറിച്ചിയിലും മറ്റൊന്ന് ന്യൂ മാഹി പാലത്തിന്നു സമീപവും. ധാരാളം പേർ ഇവിടെ മത്സ്യ വിപണനരംഗത്തുണ്ട്. അവർക്കൊക്കെയിരുന്നു ജോലി ചെയ്യാനുള്ള സൗകര്യം ഈ രണ്ട് കേന്ദ്രങ്ങളിലും ഇല്ല. ന്യൂമാഹിയിൽ പുതിയൊരു മാർക്കറ്റ് നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം കഴിയുന്നതോടുകൂടി അവിടുത്തെ സൗകര്യമില്ലായ്മയും മാർക്കറ്റിന്നുപുറത്തുനിന്നു മത്സ്യം വിൽക്കുന്ന പതിവും ഇല്ലാതായിതീരുമെന്നു പ്രതീക്ഷിക്കാം. പക്ഷെ കുറിച്ചിയിലെ മാർക്കറ്റ് പഞ്ചായത്ത് ഏറ്റെടുത്തു വിപുലീകരിച്ചാലെ പ്രശ്നം പരിഹൃതമാവുകയുള്ളൂ.മത്സ്യം സൈക്കിൾ, ലൂനാ, മോപ്പിഡൊ തുടങ്ങിയ വാഹനങ്ങളിലും അപൂർവ്വമായി ഓട്ടോറിക്ഷയിലും ദൂര സ്ഥലങ്ങളിലേക്ക് കൊണ്ടു പോയി വിൽക്കുന്നവരും ഇ പ്രദേശത്ത് ധാരാളമുണ്ട്. മൽസ്യം ചുമന്നുകൊണ്ട് പോയി വിപണനം നടത്തുന്നവരും വിരളമല്ല. ഒരു ചാൺ വയറിന്നുവേണ്ടി ഈ തൊഴിലാളികൾ അനുഭവിക്കുന്ന യാതനകൾ വളരെയേറെയാണ്. ഭാരം പേറിയും സൈക്കിൾ ചവിട്ടിയും ഇവർ വളരെ വേഗം രോഗികളായിത്തീരുന്നു.

പാർപ്പിട പ്രശ്നം

പകലന്തിയോളം കടലിനോട് മല്ലടിച്ചു മടങ്ങിയെത്തുന്ന കടലിന്റെ മക്കൾക്ക് തല ചായ്ക്കാൻ ഒരു കൂരപോലും ഇല്ല. കടൽ തൊഴിലാളികളിൽ പലരും പുറമ്പോക്കിൽ കുടിൽ കെട്ടിയാണ് താമസിക്കുന്നത്. ഭൂമിയുടെ അമിത വില കാരണം പുറമ്പോക്കിൽ തന്നെ ചെറിയ വീടുകൾ നിർമ്മിച്ചവരും ഉണ്ട്. വീടുകളിലെ സ്ഥല പരിമിതി കാരണം രാത്രി കാലങ്ങളിൽ പീടിക തിണ്ണകളിലും മറ്റും അന്തിയുറങ്ങുന്നവരും വിരളമല്ല. കുറിച്ചിയിൽ, അഴീക്കൽ, എന്നീ പ്രദേശങ്ങളിലാണ് ഈ പഞ്ചായത്തിൽമത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്നത്. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യം പോലും വളരെ ദുർല്ലഭം വീടുകളിലേ ഉള്ളൂ. അതുകൊണ്ടു തന്നെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന്നു കടലോരത്തെയാണ് അധികപേരും ആശ്രയിക്കുന്നത്. മത്സ്യത്തൊഴിലാളി വീടുകളിൽ വൈദ്യുതി എത്താത്തവയും ഉണ്ട്.

ആരോഗ്യമേഖല

കാലവർഷം കടന്നുവരുന്നതോടുകൂടി കടലോരത്ത് രോഗങ്ങളുടെ വരവായി. പൊതുവെ ജൂൺ-ജൂലായ് മാസങ്ങൾ പഞ്ഞമാസങ്ങളാണ്. അഷ്ടിക്ക് വകകിട്ടാത്ത ഈ മാസങ്ങളിൽ കൂനിന്മേൽ കുരുവെന്നോണം രോഗങ്ങളുടെ ആക്രമണം മത്സ്യത്തൊഴിലാളികളെ തളർത്തുന്നു. പി. എച്ച്. സി.യുടെ ഒരു സബ്ബ് സെൻറർ പോലും ഈ രണ്ട് വാർഡുകളിലെന്നല്ല പഞ്ചായത്തിൽ പോലും ഇല്ല. 8 കിലോ മീറ്റകലെയുള്ള തലശ്ശേരി സർക്കാർ ആശുപത്രിയാണ് ഇവർക്ക് ആശ്രയമായിട്ടുള്ളത്.

9ാം വാർഡിന്റെ വടക്കെയറ്റത്താണ് തലശ്ശേരി മുൻസിപ്പാലിറ്റിയുടെ മാലിന്യ നിക്ഷേപ കേന്ദ്രവും അറവ് ശാലയും. ഇവിടെ നിന്നും വമിക്കുന്ന അസഹ്യമായ ദുർഗന്ധവും കൊതുകുശല്യവും കാരണം ശ്വാസകോശരോഗങ്ങളും ഫൈലേറിയയും ഈ ഭാഗങ്ങളിൽ കണ്ടുവരുന്നു. ഒരു സന്നദ്ധ സംഘടനയായ '' പുന്നോൽ ബലഫി സെൻറർ'' വർഷത്തിൽ രണ്ടു മന്തു രോഗനിർണ്ണയ കേമ്പ് നടത്തുന്നത് മാത്രമാണ് ഈ വാർഡിലെ ഏക ഫൈലേറിയ നിയന്ത്രണ മാർഗ്ഗം. സർക്കാർവക ഒരു മെഡിക്കൽ കേമ്പു പോലും നാളിത് വരെയായി ഈ രണ്ടു വാർഡുകളിലും നടത്തിയിട്ടില്ല.

പോഷകാഹാരക്കുറവു മൂലമുള്ള രോഗങ്ങളും ഈ പ്രദേശങ്ങളിലെ കുട്ടികളിൽ കണ്ടുവരുന്നുണ്ട്. മുമ്പ് മഹിളാസമാജങ്ങളുടെ കീഴിൽ ഫീഡിങ്ങ് സെൻററുകൾ ഈ വാർഡുകളിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അവ പ്രവർത്തിക്കുന്നില്ല.

വിദ്യാഭ്യാസ- സാംസ്കാരിക രംഗം

തീരദേശ വാസികളിൽ മുതിർന്നവരിൽ മുഴുവൻ പേരും സാക്ഷരരല്ല. സാക്ഷരതാ യജ്ഞകാലത്ത് മത്സ്യത്തൊഴിലാളികളെ സാക്ഷരരാക്കുവാൻ ഭഗീരഥ പ്രയത്നം തന്നെ നടത്തുകയുണ്ടായി. പക്ഷെ അവരുടെ ജോലിസമയവും പഠനസമയവും പൊരുത്തപ്പെടുത്തിക്കൊണ്ടു പോവാൻ കഴിയാത്തതുകൊണ്ട് സാക്ഷരതാ പ്രവർത്തനം വിജയിക്കുകയുണ്ടായില്ല. പക്ഷെ പുതിയതലമുറയിലെ കുട്ടികളിൽ മുഴുവൻ പേരും സ്കൂളിൽ പോകുന്നുണ്ട്. ബിരുദധാരികൾ മത്സ്യത്തൊഴിലാളികൾ അധികമില്ല. കലാ-കായിക രംഗത്ത് പ്രതിഭകളെ ഇവരുടെ ഇടയിൽ നിന്നു വാർത്തെടുക്കുവാൻ സാധ്യതകളേറെയുണ്ട്. പക്ഷെ അർഹിക്കുന്ന പ്രോത്സാഹനമൊ, സഹായ ധനമോ ഇവർക്ക് വേണ്ടത്ര ലഭിക്കുന്നില്ല. കായിക രംഗത്തു നല്ല താരങ്ങളെ ഇവരിൽ നിന്നു വാർത്തെടുക്കാം. പക്ഷെ ഫുട്ബോൾക്രിക്കറ്റ് മുതലായ കളികൾക്ക് പറ്റിയ ഗ്രൌണ്ട് ഈ വാർഡുകളിലും സജീവമായി പ്രവർത്തിക്കുന്ന കലാ സാംസ്കാരിക ക്ലബ്ബുകൾ ഈ രണ്ടു വാർഡുകളിലും ഇല്ല. രണ്ടു മഹിളാസമാജങ്ങൾ ഈ വാർഡുകളിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ ഈ സമാജങ്ങൾക്ക് സ്വന്തം കെട്ടിടമൊ ഇല്ല. ഫിഷ്ലാൻറിങ് സെൻററിൻെറ അടുത്ത് മഹിളകൾ സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന ഒരു കേൻറീനും ഒരു സ്റ്റോറും ഉണ്ട്.ഇവർക്കു വേണ്ടി പ്രവർത്തിക്കുന്ന കുറിച്ചിയിൽ-പാലിശ്ശേരി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിനുള്ള ദേശീയ അവാർഡ് രണ്ടു തവണ ലഭിച്ചിട്ടുണ്ട്.

പലവിധ പ്രശ്നങ്ങൾ

8ാം വാർഡിലെയും 9ാം വാർഡിലെയും മത്സ്യത്തൊഴിലാളികളിൽപ്പെട്ട ഹൈന്ദവരിൽ ആരെങ്കിലും മൃതിയടഞ്ഞാൽ മൃതദേഹം മറവ് ചെയ്യാൻ ബുദ്ധിമുട്ടുകളേറെയുണ്ട്. 8ാം വാർഡിൽ ഒരു സ്വകാര്യവ്യക്തിയുടെ സ്ഥലത്താണ് ഇപ്പോൾ ശവം മറവ് ചെയ്തുവരുന്നത്. ഈ സ്ഥലം സർക്കാർ അക്വയർ ചെയ്തു ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണമെന്നു ഗ്രാമസഭയിൽ പലരും ആവശ്യപ്പെട്ടു. 9ാം വാർഡിൽ ഇപ്പോൾ ഒരു പൊതുശ്മശാനം ഉണ്ടെങ്കിൽ കൂടി രാത്രി കാലങ്ങളിൽ വെളിച്ചമില്ലാത്തത് കൊണ്ട് ഇവിടെ ശവം മറവ് ചെയ്യാൻ സാധിക്കുന്നില്ല. ഈ ശ്മശാനത്തിൻെറ 400 മീറ്ററിനുള്ളിൽ നിയമം ലംഘിച്ച് പ്രവർത്തിന്ന മദ്യ ഷാപ്പ് നീക്കം ചെയ്യണമെന്ന് 9ാം വാർഡിലെ ഗ്രാമസഭയിൽ പങ്കെടുത്ത വനിതകൾ ശക്തിയായി ആവശ്യപ്പെട്ടു.

തീരദേശനിയമം.

തീരദേശത്തേയും ദീരദേശ നിവാസികളേയും സംരക്ഷിക്കുവാൻ വേണ്ടി കേന്ദ്രസർക്കാർ കൊണ്ടുവന്ന തീരദേശ നിയമം മത്സ്യത്തൊഴിലാളികൾക്കും തീരദേശത്ത് താമസിക്കുന്ന മറ്റുള്ളവർക്കും ശാപമായിത്തീർന്നിരിക്കയാണ്. നേഷനൽ ഹൈവേയോട് തൊട്ടുകിടക്കുന്ന ഈ പ്രദേശങ്ങളിൽ മത്സ്യ സംസ്കരണ കേന്ദ്രങ്ങളോ, ആരോഗ്യ കേന്ദ്രങ്ങളോ വിദ്യാലയങ്ങളോ സ്ഥാപിക്കുവാൻ ഈ നിയമം തടസ്സമായി നൽക്കുന്നു.അതുകൊണ്ട് ദീരദേശ നിയമം പിൻവലിക്കണമെന്ന് ഇരുവാർഡുകളിലേയും ഗ്രാമവാസികൾ ആവശ്യപ്പെട്ടിട്ടുണ്ട്..

സാധ്യതകൾ

1. മത്സ്യഫെഡ്ഡിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങാൻ കുറഞ്ഞ പലിശനിരക്കിൽ ലോൺ അനുവദിക്കുക. ഈ വായ്പക്ക് സബ്സിഡി നൽകുക.
2. പഞ്ഞ മാസങ്ങളിൽ മുതലിൻെറ ഗഡുവും പലിശയും തിരിച്ചു വാങ്ങുന്നത് നിർത്തിവെക്കുക. ഈ

കാലങ്ങളിൽ അടക്കേണ്ട മുതലിന്ന് പിഴപ്പലിശ ഈടാക്കാതിരിക്കുക.

3. ഔട്ട് ബോർഡ് എഞ്ചിൻ റിപ്പേർ ചെയ്യുന്നതിന് ഈ പഞ്ചായത്തിൽ സംവിധാനമുണ്ടാക്കുക. യന്ത്രങ്ങളുടെ സ്പേർപാർട്ടുകൾ ചുരുങ്ങിയ വിലക്ക് ലഭ്യമാക്കുക.

4. ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് വേണ്ട മണ്ണെണ്ണ കൂടുതൽ വർദ്ധിപ്പിക്കുക.

5. ട്രോളിങ്ങ് നിരോധനം ശക്തമാക്കുക.

6. ഫിഷ് ലാൻറിങ്ങ് സെൻററിലുള്ള കോൾഡ് സ്റ്റോറേജ് പ്രവർത്തന സജ്ജമാക്കുക.

7. പഞ്ചായത്തിൽ മത്സ്യ സംസ്കരണത്തിന്നു വേണ്ടി ഒരു ഐസ് ഫാക്ടറി സ്ഥാപിക്കുക.

8. കുറിച്ചിയിലെ മത്സ്യ മാർക്കറ്റ് ഏറ്റെടുത്ത് വിപുലീകരിക്കുക.

9. മത്സ്യം തലചുമടായും സൈക്കിളിലേറ്റിയും കൊണ്ടുപോയിവിൽക്കുന്നവർക്ക് ലൂന, മോപ്പഡ്, തുടങ്ങിയ ചെറിയ തരം വാഹനങ്ങൾ വാങ്ങാൻ ചുരുങ്ങിയ പലിശക്ക് വായ്പ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുക.

10. മത്സ്യ ബന്ധന-വിപണന- സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും ക്ഷേമ നിധി ഏർപ്പെടുത്തുക.

11. മത്സ്യത്തൊഴിലാളികളിലെ അഭ്യസ്ഥ വിദ്യർക്കും സാങ്കേതിക പരിജ്ഞാനവുമുള്ളവർക്കും അവരവർക്ക് ഇഷ്ടപ്പെട്ട മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്താൻ വായ്പ അനുവദിക്കുക.

12. പുറമ്പോക്കുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുകയൊ അവരെ പുനരധിവസിപ്പിക്കുന്നതിന്നു മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തുക.

13. വീടുവെക്കാൻ സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുണ്ടാക്കാൻ പലിശ ഹരിത വായ്പ അനുവദിക്കുക.

14. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സർക്കാർ ചുരുങ്ങിയ വിലക്ക് ഭൂമി ലഭ്യമാക്കുക.

15. അഴീക്കൽ, കുറിച്ചിയിൽ പ്രദേശങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള പ്രത്യേകം പ്രത്യേകം കക്കൂസുകൾ പണിയുക.

16. കുറിച്ചിയിൽ- അഴീക്കൽ കടലോപപ്രദേശത്ത് ഫീഡിങ്ങ് സെൻററുകൾ വീണ്ടും ആരംഭിക്കുക.

17. തീരദേശങ്ങളിലെ നിവാസികളുടെ ഇടയിൽ വർഷത്തിൽ 2 തവണയെങ്കിലും മന്തു രോഗ സർവ്വെ നടത്താനുള്ള സംവിധാനമുണ്ടാക്കുക.

18. തീര ദേശങ്ങളിലെ ജനങ്ങൾക്ക് വേണ്ടി പി. എച്ച്. സി. യുടെ ഒരു സബ്ബ് സെൻറർ അനുവദിക്കുക.

19. തീരദേശങ്ങള ിൽ സാക്ഷരതാ പ്രവർത്തനം വീണ്ടും തുടങ്ങുക.

20. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുയർന്നു വരുന്ന കലാകായിക പ്രതിഭകൾക്ക് അർഹമായ പ്രോത്സാഹനം ലഭിക്കാൻ വേണ്ട സംവിധാനംഉണ്ടാക്കുക.

21. വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ലാത്ത ഭാഗങ്ങളിൽ പഞ്ചായത്തിന്റെ കീഴിൽ അവ സ്ഥാപിക്കുക.

22. മഹിളാ സമാജങ്ങൾക്ക് സ്വന്തമായ കെട്ടിടം പണിയാൻ സാമ്പത്തിക സഹായവും ഭൂമിയും നൽകുക.

23. 8ാം വാർഡിലെസ്വകാര്യ ശ്മശാനം സർക്കാർ ഏറ്റെടുത്ത് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. 9ാം വാർഡിൽ നിലവിലുള്ള ശ്മശാനത്തിൽ രാത്രികാലങ്ങളിൽ വെളിച്ചം കിട്ടാൻ വേണ്ടത് ചെയ്യുക.

24. 2 ഉം 3 ഉം സെൻറ് ഭൂമി കൈവശമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വീടുവെക്കുമ്പോൾ അവരെ കെട്ടിട നിർമ്മാണ നിയമങ്ങളിലെ ബന്ധപ്പെട്ട വവസ്ഥകളിൽ നിന്ന് ഒഴിവാക്കുക.

25. തീരദേശനിയമം മത്സ്യത്തൊഴിലാളികൾക്കും മറ്റുള്ളവർക്കും ദ്രോഹകരമായതിനാൽ ഭേദഗതി വരുത്തുക.

✈✈✈✈✈✈✈✈✈✈

കുടിവെള്ളം പൊതുജനാരോഗ്യം

കുടിവെള്ളം

വിഭിന്നമായ ഭൗതിക സവിശേഷതകളും വൈവിധ്യമായ കാലാവസ്ഥയും, മണ്ണൊലിപ്പു തടയൽ, വനസംരക്ഷണം എന്നീ കാര്യങ്ങളിൽ നാംഅനുവർത്തിക്കുന്ന അലംഭാവവും കാരണം ജലസമ്പത്തിന്റെ ദൗർലഭ്യം ഒരു ദുരന്തമായി നമുക്കു അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇത്തരം പ്രത്യാഘാതങ്ങൾ കണക്കിലെടുത്തുകൊണ്ട് ശരിയായ സ്രോതസ്സുകൾ കണ്ടെത്തുകയും ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട് ഏതൊരു പൗരന്റെയും കടമയാണ്.

മയ്യഴിപുഴയുടേയും അറബിക്കടലിന്റെയും തീര പ്രദേശങ്ങളും, മൊട്ടക്കുന്നുകളും, ചതുപ്പുനിലങ്ങളും ഉൾപ്പെട്ട ഭൂപ്രകൃതിയാണ് ന്യൂമാഹി പഞ്ചായത്തിന്റെത്. ഉപ്പിന്റെ സാന്നിദ്ധ്യവും ചതുപ്പു നിലങ്ങളിലെ മാലിന്യവും പഞ്ചായത്തിലെ ജനങ്ങൾക്ക് എക്കാലവും അനുഭവപ്പെടുന്ന മൗലീക പ്രശ്നങ്ങളിലൊന്നാണ്. ഇത് ഗുരുതരമായ ശുദ്ധജലക്ഷാമം ഉണ്ടാക്കുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങളിൽ 90% വും കിണർ ജലത്തെയാണ് ആശ്രയിക്കുന്നത്. രണ്ട് ശതമാനം പൈപ്പ് വെള്ളത്തേയും ആശ്രയിക്കുന്നു. പല സ്ഥലങ്ങളിലേയും ജനങ്ങൾക്ക് ഒന്നരയും രണ്ടും കിലോമീറ്റർ അകലങ്ങളിൽ നിന്നും കുടിവെള്ളം എത്തിക്കേണ്ടതായിട്ടുണ്ട്.

ഗ്രാമത്തിലെ ജനങ്ങളിൽ 10% ശതമാനം പേർക്ക് വർഷത്തിൽ സ്ഥിരമായും 25% പേർക്ക് ഭാഗികമായും ജലം ലഭിക്കുന്ന വാട്ടർ അതോറിറ്റിയുടെ രണ്ടു ജല വിതരണ കേന്ദ്രങ്ങൾ ഉണ്ട്. പഞ്ചായത്തിന്റെ ചുമതലയിലും രണ്ടെണ്ണം ഉണ്ടെങ്കിലും ഒന്നും പ്രവർത്തിക്കുന്നില്ല. . പഞ്ചായത്തിൽ എൺപത്തിയഞ്ച് പൊതു ടാപ്പുകൾ ഉണ്ട്.

കുടിവെള്ളം അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ

ഒന്നാം വാർഡ്: വാഴയിൽ കോളനി, പള്ളിപ്രം, പാത്തിക്കൽ പണിക്കാണ്ടി പ്രദേശം, മങ്ങാട്, വേലായുധൻ മൊട്ട

രണ്ടാം വാർഡ്: മൊന്തമ്മൽ മുതൽ മാവുള്ള പറമ്പ് വരെയുള്ള കുന്നിൻ പ്രദേശം പുളിയുള്ളതിൽ പീടിക മുതൽ വടക്കേക്കണ്ടി മുക്ക് വേലായുധൻ മൊട്ട പ്രദേശം പനിച്ചുള്ളതിൽ മുക്ക്, കൊളശ്ശേരി താഴ ചതുപ്പ് പ്രദേശം.

മൂന്നാം വാർഡ്: പുതിയ നിരത്ത് റെയിൽവേയോട് ചേർന്നു കിടക്കുന്ന സ്ഥലം, കൊമ്മോത്ത് ഇടവഴിയുടെ സമീപ പ്രദേശങ്ങൾ.

നാലാം വാർഡ്: ഈച്ചി പ്രദേശം, റെയിൽവേ ലൈനിന്റെ ഇരുവശവും, നടമ്മൽ പാലവും

പരിസരവും, കല്ലാപാലം പ്രദേശം പെരുമുണ്ടേരി ഭാഗം

അഞ്ചാം വാർഡ്. നന്ത്യത്ത് കുന്നിൻ പ്രദേശവും പരിസരവും

ആറാം വാർഡ്: കരീക്കുന്ന് ലക്ഷം വീട് കോളനിയും പരിസരവും, കുറ്റിക്കുന്നുമ്മൽ പരിസരം

ഏഴാം വാർഡ്: ചവോക്കുന്നും പരിസരവും, മാതൃകാ ഷെൽട്ടർ പ്രദേശം റെയിൽ വേ ലൈനിന് സമീപ പ്രദേശങ്ങൾ

എട്ടാംവാർഡ്: വാർഡ് അതിർത്തിയിലുള്ള കടലോരപ്രദേശവും പരിസരവും

ഒമ്പതാം വാർഡ്: ഉസ്സൻ മൊട്ട കടപ്പുറം, ഹൈവേ റോഡിനിരുവശവും, പട്ടത്തിക്കുന്ന്.

നലവിലുള്ള ജലവിതരണ പദ്ധതികൾ

ക്രമ നമ്പർ	ഉടമസ്ഥത	സംഭരണ ശേഷി	പൊതുടാങ്കുകൾ	വീടുകൾക്കുള്ള കണക്ഷൻ
1	കെ.ഡബ്ല്യു.എ	3.9 ലക്ഷം ലിറ്റർ	72	57
2	കെ.ഡബ്ല്യു.എ	50,000 ലിറർ	11	
3	പഞ്ചായത്ത്	10,000ലിറ്റർ	3	
4	പഞ്ചായത്ത് (ഉപയോഗശൂന്യമായി കിടക്കുന്നു)	10,000ലിറ്റർ		

ജലസ്രോതസ്സുകൾ

പൊതു കിണറുകൾ		കുളങ്ങൾ		കുഴൽ കിണറുകൾ	
വെള്ളം ഉള്ളത്	വെള്ളം ഇല്ലാത്തത്	പൊതുവായത്	സ്വകാര്യം	പൊതുവായത്	സ്വകാര്യം
8		1	9	4	2

പ്രശ്നങ്ങൾ

1. ഒന്നാം വാർഡിലെ പള്ളിപ്രം പാത്തിക്കൽ, പണിക്കാണ്ടി പ്രദേശത്തും, മങ്ങാട് ഭാഗത്തും പ്രത്യേക ചവർപ്പ് കലർന്ന വെള്ള് മാത്രമേ ലഭിക്കുന്നുള്ളു.
2. വേലായുധൻ മൊട്ടയിലെ കുഴൽ കിണറിനുപയോഗിച്ച ഇരുമ്പ് പൈപ്പ് തുരുമ്പ് പിടിചു ഉപയോഗി ശൂന്യമായിരിക്കുന്നു.
3. ഒന്നാം വാർഡിലേയും രണ്ടാം വാർഡിലേയും നാലാം വാർഡ്, ആറാം വാർഡിലേയും ജനങ്ങൾക്ക് കിലോമീറ്റുകളോളം അകലങ്ങളിൽ പോയി ശുദ്ധജലം എടുക്കേണ്ടി വരുന്നു.
4. നാലാം വാർഡിലെ മിക്ക പ്രദേശങ്ങളും ചതുപ്പ് നിലങ്ങളായതിനാൽ ചളി കലർന്ന മലിനജലവും കിണർ ജലം ഉപ്പു കലർന്നതുമാണ്.
5. നാലാം വാർഡിലെ റയിലിന്നരുവശവും കിണർ ജലത്തിന് നിറഭേദം കാണുന്നു.
6. കിണറിൽ ബ്ലീച്ചിങ്ങ് പൌഡർ ഉപയോഗിച്ചു വെള്ളം ശുദ്ധീകരിക്കുന്ന പതിവില്ല..
7. 8ാം വാർഡും 9ാം വാർഡും കടൽതീര പ്രദേശമായതിനാൽ കുടിവെള്ള ക്ഷാമ രൂക്ഷമാണ്.
8. അഞ്ച്, ആറ്, ഏഴ്, വാർഡുകൾ മിക്കവാറും കുന്നിൻ പ്രദേശങ്ങൾ ആയതിനാൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

9. കല്ലാ പാലം വഴി പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറുന്നതിനാൽ നാലാം വാർഡിലെയും പരിസരപ്രദേശങ്ങളിലെയും കിണറുകളിലെ വെള്ളം ഉപയോഗശൂന്യമായിരിക്കുന്നു.

സാധ്യതകൾ

1. ഒന്നാം വാർഡിലെ വേലായുധൻ മൊട്ടയിലെ കുഴൽ കിണറിന്റെ തുരുമ്പ് പിടിച്ച ഇരുമ്പ് പൈപ്പ് മാറ്റി പി. വി. സി. പൈപ്പാക്കി അറ്റ കുറ്റ പണികൾ നടത്തുക.

2. ഒന്ന് , രണ്ട്, നാലു വാർഡുകളിലെ നിറഭേദം കാണുന്ന കിണറുകളിലെ വെള്ളം ലാബട്ടറിയിൽ രാസപരിശോധനയ്ക്ക് വിധേയമാക്കുകയും പരിഹാരം കാണുകയും വേണം.

3. രണ്ടാം വാർഡിലെ പനിച്ചുള്ളതിൽ മുക്കിൽ ഒരു പൊതു കുഴൽ കിണർ സ്ഥാപിക്കുക.

4. ഒളവിലം പാത്തി, സേതുപാത്തി, പരോന്തോട്, പണിക്കണ്ടിയിൽ പാത്തി എന്നിവ ഫലപ്രദമായി ബന്ധിച്ചു ഉപ്പ് വെള്ളം കയറുന്നത് നിയന്ത്രിക്കുക.

5. നാലാം വാർഡിലെ കല്ലാപാലത്തിൽ നിർമ്മിച്ച ബണ്ടിന് ചീപ്പ് പണിയുകയും ഉപ്പുവെള്ളവും, മലിന ജലവും കയറുന്നത് തടയുകയും ചെയ്യുക.

6. രണ്ടാം വാർഡിലെ മൊന്തമ്മൽ പ്രദേശം കുന്നിൻ പ്രദേശമായതിനാൽ മാർച്ച് ഏപ്രിൽ മാസങ്ങളിൽ ജലം ലഭിക്കുന്നില്ല. മാങ്ങോട്ട് കാവ് പരിസരത്ത് കിണർ കുഴിച്ചു ജല വിതരണം സാധ്യമാക്കണം.

7. പുളിയുള്ളതിൽ പീടിക മുതൽ വടക്കേക്കണ്ടി മുക്ക്, വേലായുധൻ മൊട്ട പ്രദേശങ്ങളിലേക്ക് ശുദ്ധജലം എത്തിക്കാൻ വേണ്ടി മാങ്ങോട്ടു വയലിലുള്ള കുളം, പള്ളിപ്രം കുളംഎന്നിവ നവീകരിച്ചു ഉപയോഗപ്പെടുത്തേണ്ടതാണ്.

8. മൂന്നാം വാർഡിൽ മമ്മിമുക്ക്, പുതിയ നിരത്ത് പ്രദേശങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് കിണർ കുഴിച്ചു പൈപ്പ് വഴി ജലമെത്തിക്കാവുന്നതാണ്.

9. നന്ത്യത്ത് കുന്നിൻ പ്രദേശങ്ങളിൽ ആവശ്യമായ ജലസംഭരണി വഴി കുടിവെള്ളം ലഭ്യമാക്കണം.

10. നാലാം വാർഡിൽ ജലസ്രോതസ്സുകളും അനുയോജ്യമായ സ്ഥലവും ലഭിക്കാത്തത് കൊണ്ട് പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽ ആവശ്യമായ സ്ഥലം കണ്ടെത്തി ജല സംഭരണി നിർമ്മിച്ചു പൈപ്പ് വഴി അതിരൂക്ഷമായ ജല ദൗർലഭ്യം പരിഹരിക്കേണ്ടതാണ് .

11.ആറാംവാർഡിലെ കരീക്കുന്നു ലക്ഷംവീട് കോളനിയിലെയും കുറ്റിക്കുന്നുമ്മൽ പരിസരത്തേയും ജലക്ഷാമംപരിഹരിക്കുവാൻ കുന്നിന്റെ താഴ്വാരങ്ങളിൽ കിണർ കുഴിച്ചു ജലവിതരണം നടത്താവുന്നതാണ്.

12. 7ാം വാർഡിലെ ഏറ്റവും ഉയർന്ന കുന്നിൻ പ്രദേശമായ ചവോക്കുന്നിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇപ്പോൾ ഭാഗികമായി കമ്മീഷൻ ചെയ്ത കോടിയേരി പ്രോബ്ലം വില്ലേജ് പദ്ധതി അനുസരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അപര്യാപ്തത കാരണം വളരെ ഉയർന്ന പ്രദേശങ്ങളിൽ കുടി വെള്ളം ലഭിക്കുന്നില്ല. നിലവിലുള്ള കിണറിനടുത്ത് നിർമ്മിച്ച ടാങ്കിൽ വെള്ളം ശേഖരിച്ചു ഇപ്പോഴുള്ള ജലസംഭരണി കേന്ദ്രമായ പട്ടത്തികുന്നിലുള്ള വാട്ടർ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്തു പ്രശ്നം പരിഹരിക്കാവുന്നതാണ്.

13. 8ാം വാർജിലെ കടലോര മേഖലയിൽ പൈപ്പ് വെള്ളത്തെ മാത്രമേ ആശ്രയിക്കാൻ പറ്റുകയുള്ളൂ. അനുയോജ്യമായ സ്ഥലം കണ്ടെത്തി ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തണം.

14. ഒമ്പതാം വാർഡിലെ ഉസ്സൻമൊട്ട കടപ്പുറത്തും റോഡിനിരുവശത്തും പൈപ്പ് വഴി ശുദ്ധജലവിതരണം സാധ്യമാക്കണം.

15. ശുദ്ധജലം ലഭിക്കുന്ന കിണറുകൾ കുഴിക്കാൻ കഴിവില്ലാത്ത ആളുകൾക്ക് കിണറുകൾ കുഴിക്കാൻ സാമ്പത്തിക സഹായം നല്കേണ്ടതാണ്.

കുടിവെള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

വാർഡ്	പ്രശ്നം	പരിഹാരം
1	ഉപ്പ് വെള്ളം കിണറുകളിലെത്തുന്നു	1.പള്ളിപ്രം കുളം ഉപയോഗപ്രദമാക്കുകയും പാത്തി പ്പാലത്ത് ഉപ്പ് വെള്ളം കയറുന്ന 2.. സർക്കാർ വക ഭൂമിയിൽ കിണർ കുഴിച്ചു ഒരു വാർഡിന്നു മാത്രമുള്ള ചെറുകിട പദ്ധതി തയ്യാറാക്കുക.
2	റെയിൽവേഗെയിറ്റിന്നു സമീപവും മറ്റു ഉയർന്ന പ്രദേശങ്ങളിലും വേനൽക്കാലത്ത് വെള്ളം ലഭ്യമല്ല.	
3	പുതിയ റോഡ്, അൽഫലാഹ് റോഡ് എന്നിവയുടെ പരിസരങ്ങളിലും പുഴയോരങ്ങളും	3. ശുദ്ധജലം ലഭിക്കുന്ന സ്ഥലത്ത് കിണർ കുഴിച്ച് ജലം പൈപ്പ് വഴി എത്തിക്കുക.
4	തോടുകളും, ചതുപ്പു നിലവും നിറഞ്ഞ പ്രദേശം, കിണറുകിൽ ചളിയും ഉപ്പും കലർന്ന വെള്ളം ഉയർന്ന സ്ഥലങ്ങളിൽ കിണറുകളിൽ വെള്ളം വറ്റുന്നു	4.ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളിൽ ഒന്നോരണ്ടോ കിണർ കുഴിച്ചുവെള്ളം പമ്പ് ചെയ്തു വീടുകളിൽ എത്തിക്കുക. ഗവർമ്മെണ്ട് എൽ. പി. സ്കൂളിലെ കിണർ ആഴം കൂട്ടി ടാങ്ക് കെട്ടി വെള്ളം സ്കൂളിന്നു ചുറ്റുമുള്ള പ്രദേശങ്ങളിൽ വിതരണം ചെയ്യുക.
5	നന്ത്യക്കുന്ന, .ചാമയിൽ ഭാഗങ്ങൾ ഇവിടങ്ങളിൽ ഉയർന്ന പ്രദേശമായതുകൊണ്ട് പട്ടത്തിക്കുന്ന് വാട്ടർ ടാങ്കിൽ നിന്നു വെളളം എത്തുന്നില്ല. വേനൽക്കാലത്ത് കിണറുകളിൽ വെള്ളം വറ്റുന്നു.	5.പട്ടത്തിക്കുന്ന് ടാങ്കിൽ വെള്ളത്തിന്റെ ലഭ്യത അധികമാക്കുക. അനാവശ്യമായ സ്ഥലത്ത് വെച്ച പൈപ്പുകൾ എടുത്തുകളയുക. വെള്ളം കിട്ടാത്ത സ്ഥലത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.
6	കരീക്കുന്ന്, കുറ്റിക്കുന്ന് എന്നിവ ഉയർന്ന പ്രദേശമായതുകൊണ്ടു വെള്ളം ലഭിക്കുന്നില്ല.	6.കരീക്കുന്നിൽ ലക്ഷം വീട് കോളനി സ്ഥിതിചെയ്യുന്നതിനാലും ജനസാന്ദ്രകൂടിയ പ്രദേശമായതിനാലും പ്രത്യേക പദ്ധതി തയ്യാറാക്കുകഇതുവഴി 6ാം വാർഡിലും 7 ാം വാർഡിലെ ഉയർന്ന പ്രദേശത്തും വെള്ളം ലഭ്യമാക്കുക. കുറ്റിക്കുന്നിന്നു പ്രത്യേകം സ്കീം ഉണ്ടാക്കുക.
7	ചവോക്കുന്ന് ഉയർന്ന പ്രദേശമായതുകൊണ്ടു മഴക്കാലത്തുപോലും കുടിവെള്ള ക്ഷാമം മാതൃകാഷെൽട്ടറിന്റെ കിഴക്ക് ഭാഗം വയൽ പ്രദേശമായതിൽ കിണറുകളിൽ ചളിവെള്ളം	7. പ്രത്യേക പദ്ധതി കുന്നിൻ പ്രദേശത്തേക്ക് മാത്രമായി ഉണ്ടാക്കുക. കുറിച്ചിയിൽ ഗ്രാമീണ ശുദ്ധജല പദ്ധതി ടാങ്കിന്റെ കപ്പാസിറ്റി കൂട്ടി ഈ പ്രദേശങ്ങളിലേക്ക് പ്രത്യേക പൈപ്പ് ലൈൻ ഇടുക. പൊതുടാപ്പുകൾ ഘടിപ്പിക്കുക.
8	കടൽതീരപ്രദേശം - കിണറുകളിൽ ഉപ്പ് വെള്ളം	8.പട്ടത്തിക്കുന്ന് ടാങ്കിൽ നിന്ന് ഈ ഭാഗങ്ങളിലേക്കും വെള്ളം ലഭ്യമാക്കാൻ വേണ്ടി ടാങ്കിയിലെ വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കുക. ഉപയോഗശൂന്യമായ പരിമാം വാട്ടർ സപ്ലൈ സ്കീം പുനരുദ്ധരിക്കുക.
9	കടൽതീരപ്രദേശവും കുന്ന് പ്രദേശവും കടൽ നിറഞ്ഞ് ഉപ്പ് വെള്ളം കുന്നിൻ പ്രദേശത്ത് വേനൽക്കാലത്ത് ജലക്ഷാമം.	പാട്ടത്തിക്കുന്ന് ടാങ്കിൽ കൂടുതൽ വെള്ളം ലഭ്യമാക്കുക. കുറിച്ചിയിൽ ഗ്രാമീണ ശുദ്ധ ജലപദ്ധതി പൈപ്പ് കടലോരഭാഗങ്ങളിലേക്കു നീട്ടുക.

പൊതുജനാരോഗ്യം

നല്ല കുടുംബജീവിതം നയിക്കുവാൻ നല്ല വിദ്യാഭ്യാസവും തൊഴിലും എന്നപോലെ ആരോഗ്യവും ഉണ്ടായിരിക്കണം.

തൊഴിലിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ രോഗം ഇല്ലാതിരുന്നാൽ മാത്രം പോരാ, മാനസികമായും ശാരീരികമായും സാമൂഹികമായും ഉള്ള ഊർജ്ജസ്വലതയാണാവശ്യം. ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാഷ്ട്രത്തിന്റെ മുതൽക്കൂട്ട്. രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാനുള്ള പ്രവർത്തനത്തിൽ നമ്മളും പങ്കാളികളാവുക.

ഇന്നു ഇന്ത്യയിലെ പലസംസ്ഥാനങ്ങളേയും അപേക്ഷിച്ചു ശുചിത്വത്തിലും ആരോഗ്യത്തിലും മുൻപന്തിയിലാണ് കേരള ജനത. 1991 ലെ സെൻസസ് പ്രകാരം ഇന്ത്യക്കാരന്റെ ശരാശരി ആയുർദൈർഘ്യത്തോക്കൾ കൂടതലാണ് കേരളത്തിന്റേത്. ശിശുമരണ നിരക്ക് കുറക്കുന്നതിലും, ജനന നിരക്കിന്റെ കാര്യത്തിലും നാം ലക്ഷ്യം പ്രാപിച്ചു കഴിഞ്ഞു. മാരകമായ വസൂരി രോഗം നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞു. മറ്റുപകർച്ച വ്യാധികള തടയുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു.

പൊതുജനാരോഗ്യത്തിന്റെ കാര്യത്തിലും പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് ന്യൂമാഹി പഞ്ചായത്ത് പാരമ്പര്യ ചികിത്സാ സമ്പ്രദായം പഞ്ചായത്തിൽ ഇല്ല.

സ്വകാര്യ ആശുപത്രിയും നമ്മുടെ പഞ്ചായത്തിൽ ഇല്ല. സർക്കാർ സ്ഥാപനമായി രണ്ടാം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും ഏഴാം വാർഡിൽ ഒരു ആയുർവ്വേദ ഡിസ്പൻസറിയും മാത്രമാണ് പ്രവർത്തിക്കുന്നത്. അലോപ്പതി ചികിത്സ ലഭിക്കണമെങ്കിൽ എട്ട് കിലോമീറ്റർ അകലെയുള്ള തലശ്ശേരി ഗവ: ആശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നു.

ചിക്കൻ പോക്സ്, ചെങ്കണ്ണ്, പൊട്ടി, മന്ത്, ക്ഷയം എന്നീ സാംക്രമിക രോഗങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കണ്ടുവരുന്നുണ്ട്. അടുത്തകാലത്ത് ഉണ്ടായ കോളറ ഇവിടുത്തെ ജനങ്ങളെ ബാധിച്ചിട്ടില്ല. പകർച്ച വ്യാധികളെ തടയുവാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും, ഈ പഞ്ചായത്തിൽ അത്തരം പ്രതിരോധ പ്രവർത്തനങ്ങളോ ബോധവൽക്കരണ ക്ലാസ്സുകളോ സംഘടിപ്പിക്കുന്നതായി കാണുന്നില്ല.

കക്കൂസ്സുകൾ ഇല്ലാത്ത ധാരാളം വീടുകൾ പഞ്ചായത്തിൽ ഉണ്ട്. ജലജന്യരോഗങ്ങളായ ടൈഫോയ്ഡ്, മഞ്ഞപ്പിത്തം മുതലായ രോഗങ്ങളും മുതലായ രോഗങ്ങളും നമ്മുടെ ഗ്രാമീണ ജനങ്ങളിൽ കാണുന്നു. അശാസ്ത്രീയമായ ഓവുചാലുകൾ, ഇറച്ചി വില്പന കേന്ദ്രങ്ങൾ, ചപ്പ് ചവറു നിക്ഷേപങ്ങൾ മുതലായവ കൊണ്ട് പരിസരങ്ങൾ മലിനീകരിക്കപ്പെടുന്നു. പ്രാണിജന്യരോഗങ്ങൾ പഞ്ചായത്തിൽ കൂടുതൽ ഉണ്ടാകുന്നതിനു കാരണമായ കൊതുക് ശല്യം നമ്മെ ബാധിക്കുന്ന മറ്റൊരു വലിയ വിപത്താണ്.

പ്രശ്നങ്ങളും സാധ്യതകളും

1. പ്രാഥമികാരോഗ്യകേന്ദ്രം: കുഷ്ഠം, ക്ഷയം, മന്ത്, മലമ്പനി, എന്നീ പകർച്ച രോഗങ്ങളുടെ ചികിത്സക്കുള്ള ഔഷധങ്ങൾ ദേശീയ ആരോഗ്യ പരിപാടിക്ക് കീഴിൽ കേന്ദ്രഗവൺമെണ്ട് വിതരണം ചെയ്തു വരുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ നിർദ്ദേശിച്ചാൽ ഈ മരുന്നുകൾ പി. എച്ച്. സി. യിൽ നിന്നും ലഭിക്കുന്നതാണ്. ഒരു പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപരമായ ക്ഷേമങ്ങൾ നിറവേറ്റുവാനാവശ്യമായ ആരോഗ്യകേന്ദ്രം ജില്ലകളുടെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കിയിട്ടും നമ്മുടെ പഞ്ചായത്തിൽ ഇല്ലാത്ത സ്ഥിതിക്കു ഈ പഞ്ചായത്തിലും ആതുരശുശ്രൂഷലയം എന്ന നിലയ്ക്ക് മുൻഗണന

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിക്കപ്പെട്ട വർഷം	ജീവനക്കാരുടെ എണ്ണം
1	ഗവഃ ഹോമിയോ ഡിസ്പെൻസറി	2	1981	3
2	ഡവഃ ആയുർദേ ഡിസ്പെൻസറി	6	1965	4

രോഗങ്ങൾ സംബന്ധിച്ചവിവരം
(അവലംബം - ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്

വർഷം	ഇൻ പേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യ ൻറിൻെറ എണ്ണം	ത്വക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ	വിഷചികിൽസ	മറ്റുള്ള രോഗങ്ങൾ
93 - 94		8617	1229	1438	2184		3766
94 - 95		10,320	1438	2527	2799		3556
95 - 96		15,401	2836	3018	4899		4648
ആകെ		34338	5503	6983	9882		11970

നൽകി 10 കിടക്കകളെങ്കിലും ഉള്ള ഒരു ആരോഗ്യകേന്ദ്രം ഉടൻ അനുവദിക്കുക.

2. കുടുംബക്ഷേമ ഉപകേന്ദ്രം: അമ്മയും കുഞ്ഞും ഉൾപ്പെടെയുള്ള കുടുംബത്തിൻെറ മൊത്തത്തിലുള്ള ആരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തുന്നതിന്നുള്ള വിശാലമായൊരു പരിപാടിയാണ് കുടുംബക്ഷേമ പരിപാടി. എല്ലാ പഞ്ചായത്തിലും 5000 ജനങ്ങൾക്ക് ഒന്നെന്ന നിരക്കിൽ പൊതുവെ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരോ ഫീമെയിൽ ഹെൽത്ത് വർക്കറും സേവന മനുഷ്ഠിക്കുന്നുണ്ട്. ഗർഭിണികളുടേയും ശിശുക്കളുടേയും ആരോഗ്യസംരക്ഷണത്തിനു ഈ ഉപകേന്ദ്രങ്ങളിൽ സംവിധാനമുണ്ട്. സാർവ്വത്രികമായ രോഗപ്രതിരോധ കുത്തിവെയ്പുകൾക്കും പകർച്ച വ്യാധികൾ, അതുതടയുന്ന തിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾക്കും അവസരം കണ്ടെത്തേണ്ടതാണ്. അതുകൊണ്ട് ഈ പഞ്ചായത്തിലും ഒരു ഉപകേന്ദ്രം സ്ഥാപിക്കാനാവശ്യമായ സ്ഥലം കണ്ടെത്തുകയും അതിൽ കെട്ടിടം നിർമ്മിച്ചു പ്രവർത്തനം നടത്തുകയും വേണം.

3. മന്ത് രോഗ നിയന്ത്രണ കേന്ദ്രം: ഒരു സാമ്പിൾ സർവ്വേ നടത്തിയതിൽ ഈ പ്രദേശങ്ങളിലെ ജനങ്ങളിൽ 10 ശതമാനത്തോളം പേക്ക് മന്തു രോഗ അണുബാധകണ്ടെത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ മലിന ജലം കെട്ടിക്കിടക്കുന്നതുകൊണ്ട് ധാരാളം കൊതുകുകൾ മുട്ടയിട്ടു പെരുകി കൊണ്ടിരിക്കുകയാണ്. ഓടകളിലേയും കെട്ടിക്കിടക്കുന്ന ജലത്തിലേയും കൊതുകുവളർച്ച തടയുന്നതിനാവശ്യമായ മരുന്നുതളിക്കുവാനും, രക്ത പരിശോധനയിൽ കൂടി കൊതുകുകൾ പരത്തുന്ന മന്ത്രോഗം നിയന്ത്രിക്കുവാനും വേണ്ടിയുള്ള പ്രവർത്തനം നടത്താനുള്ള ജീവനക്കാരെ നിയമിച്ചു കൊണ്ടു ഒരു മന്തു രോഗ നിയന്ത്രണ യൂണിറ്റ് ഉടനെ സ്ഥാപിക്കേണ്ടതാണ്.

4. അംഗൻവാടികൾ: സാമൂഹ്യക്ഷേമ മന്ത്രാലയത്തിന്റെ സംയോജിത ശിശുസേവന പദ്ധതിക്കു കീഴിൽ നിലവിലുള്ള അംഗനവാടികൾ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ശിശുക്കൾ, സ്കൂൾ പ്രായമാകാത്ത കുട്ടികൾ എന്നിവരുടെ പോഷകാഹാരപരവും ആരോഗ്യ സംരക്ഷണപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നു. ഇതിനായി പഞ്ചായത്തിലെ എല്ലാവാർഡുകളിലും അംഗനവാടികൾ സ്ഥാപിക്കണം.

5. കക്കൂസുകൾ: നമ്മുടെ രാജ്യത്തെ 80% രോഗങ്ങൾക്കും കാരണം പരിസരമലിനീകരണമാണ്. പരിസര ശുചിത്വം പാലിക്കുക വഴി നമുക്ക് ഈ രോഗങ്ങളെ തടാൻ കഴിയും ശരിയായ കക്കൂസുകൾ എല്ലാ വീടുകളിലും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് സബ്സിഡിയോടെ കുറഞ്ഞ ചിലവിലുള്ളതും നിർമ്മിക്കാൻ എളുപ്പവുമായ ഇ. എസ്. പി. കക്കൂസ്സുകൾ നിർമ്മിച്ചു കൊടുക്കണം.

6. മാഹിപാലം, കുറിച്ചിയിൽ, കല്ലായി ചുങ്കം, കല്ലായി അങ്ങാടി കൊമ്മോത്ത് എന്നീ കേന്ദ്രങ്ങളിൽ പൊതുകക്കൂസ്സും, മൂത്രപ്പുരയും നിർമ്മിക്കണം.

7. പരിസര ശുചിത്വം.: ചപ്പു ചവറുകൾ വീടിന്റെ പരിസരങ്ങളിലും പൊതു സ്ഥലങ്ങളിലും വലിച്ചെറിയുക കാരണം റോഡുകളും, തെരുവുകളും മലീമസമാകുകയും രോഗങ്ങൾ പടന്നുപിടിക്കുകയും ചെയ്യുന്നതു കൊണ്ടും പഞ്ചായത്തിന്റെ മർമ്മ പ്രധാന ഭാഗങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ വീപ്പകൾ വെക്കുകയും കാലാകാലങ്ങളിൽ ഇവ നീക്കം ചെയ്യുവാനും, സംസ്കരിക്കുവാനും ഉള്ള സംവിധാനം ഉണ്ടാക്കുകയും വേണം.തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്നും ഉള്ള മാലിന്യങ്ങൾ കുറിച്ചികടപ്പുറത്ത് നിക്ഷേപിക്കുന്നതുകൊണ്ട് അതു ചീഞ്ഞളിഞ്ഞു ഈച്ചകൾ പെരുകുകയും പല സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാനിടവരികയും ചെയ്യുന്നു.അതുകൊണ്ട് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു തടുയകയും ഉള്ള മാലിന്യങ്ങൾ ശാസ്ത്രീയരീതിയിൽ സംസ്കരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക ആയൂർവ്വേദ ഡിസ്പെൻസറിയിൽ ആവശ്യത്തിനുള്ള മരുന്നുംമറ്റും ലഭിക്കുന്നില്ല. അതിനാൽ പ്രസ്തുത സെൻറർ ആയൂർവേദാശുപത്രിയാക്കുകയും സ്വന്തമായ കെട്ടിടം നിർമ്മിക്കുകയും വേണം.

9. ഓടകൾ: പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഓടകളിൽ ചവറുകൾ വലിച്ചെറിയുന്നതിനാൽ മലിനജലം കെട്ടി കിടക്കുന്നതു കൊണ്ടുള്ള ദുർഗന്ധവും ഉണ്ടാകുന്നു. പൊതു നിരത്തുകളിലെ ഓടകൾ സ്ലാബിട്ടു മൂടുകയും, ഓവുചാലുകളിൽ മാലിന്യങ്ങൾ അലസമായി വലിച്ചെറിയുന്നത് നിയമം മൂലം തടയുകയും വേണം.

10. പൊതുശ്മശാനം: പഞ്ചായത്തതിർത്തിക്കുള്ളിൽ ഒരു പൊതു ശ്മശാനം അടിയന്തിരമായും ഏർപ്പെടുത്തണം.

11. ജന്മസഹജമായ കാരണങ്ങളാൽ മന്ദബുദ്ധികളും അംഗവൈകല്യമുള്ളതുമായ കുട്ടികളെ ജീവിത പാതയിലേക്ക് കൊണ്ടുവരാൻ പരിശീലനം ലഭിച്ച വിദഗ്ധരെ നിയമിച്ചുകൊണ്ട് ഒരു സെൻറർ സ്ഥാപിക്കുക.

12. കളിസ്ഥലം: ആരോഗ്യസംരക്ഷണ കാര്യങ്ങളിലെ പ്രധാന ഘടകങ്ങളായ വ്യായാമത്തിനും, വിനോദത്തിനും ആവശ്യമായ കളി സ്ഥലങ്ങൾ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ഉപകരിക്കുമാറ് നിർമ്മിക്കുക.

13. ഇറച്ചിവില്പനശാല: ഏറ്റവും കൂടുതൽ ആളുകൾ ഇടപഴകുന്ന മാഹിപാലം പ്രദേശത്തെ അശാസ്ത്രീയവും ആരോഗ്യത്തിനു ഹാനികരവുമായ രീതിയിലുള്ള അറവും മാംസ വില്പനയും ഇന്നു നിലവിലുള്ള സ്ഥലത്തുനിന്നു മാറ്റി സ്ഥാപിക്കുകയും പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചു കൊണ്ടുള്ള പുതിയ സംവിധാനം ഉണ്ടാക്കുകയും വേണം.


Pettipalam sun
31 K.M

മലിന നിക്ഷേപം ദുരിതപലിശ

ആധുനിക നഗരവത്കരണത്തിന്റെ ഭാഗമായി വളർന്നു വന്ന പാരിസ്ഥിതിക പ്രശ്നത്തിന്റെ ഭീതിജനകമായ അനുഭവങ്ങളാണ് ന്യൂമാഹി പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ കുറിച്ചിയിൽ പെട്ടിപ്പാലം പരിസരത്തെ ജനങ്ങൾക്കുള്ളത്. വർഷങ്ങൾക്കുമുമ്പ് തലശ്ശേരി നഗരസഭ മാലിന്യങ്ങൾ നിക്ഷേപിക്കാൻ വേണ്ടി പഞ്ചായത്തിൽ നിന്ന് പാട്ടത്തിനെടുത്ത സ്ഥലമാണ് കുറിച്ചിയിൽ പെട്ടിപ്പാലത്തിനുടുത്തുള്ള തീരപ്രദേശം. അന്ന് ജനവാസം വളരെ കുറഞ്ഞ പ്രദേശമായിരുന്നു ഇത്. എന്നാൽ ഇന്ന്, നഗരം ഗ്രാമത്തെ എങ്ങിനെ കീഴപ്പെടുത്തുന്നു എന്നതിന് ചരിത്ര സാക്ഷ്യമായി നിൽക്കുകയാണ് ഈ സ്ഥലം. നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും പേറാൻ വിധിക്കപ്പെട്ട ഒരു പ്രദേശമായി ഇത് മാറിയിരിക്കുന്നു. നിരനിരയായി വന്നെത്തുന്ന ലോറികളിൽ നിന്നും ടൺകണക്കിന് മാലിന്യങ്ങളാണ് ദിവസം തോറും ഇവിടെ കൂമ്പാരമാക്കപ്പെടുന്നത്. മാലിന്യങ്ങളിൽ നിന്നും ഉയരുന്ന അസഹ്യമായ ദുർഗ്ഗന്ധം സൃഷ്ടിക്കുന്ന അന്തരീക്ഷമലിനീകരണം, മലിനമാക്കപ്പെട്ട തോടുകൾ, നീർത്തടങ്ങൾ, കിണറുകൾ, വ്യാപകമായി പടരുന്ന മാരകരോഗങ്ങൾ- ഒരു ജനത ഇവിടെ മരിച്ചു ജീവിക്കുകയാണ്. ദുരിതങ്ങൾക്കുമേൽ മഹാ ദുരിതമെന്നോണം നഗരസഭയുടെ അറവുശാലയും ഇവിടെ സ്ഥാപിച്ചു. വികലമായ വികസന സങ്കല്പങ്ങൾക്കു മുന്നിൽ മനുഷ്യ ജീവിതം ഒരു പ്രശ്നമല്ല എന്നതിന് ഒരു ഉദാഹരണമാണിത്. ആവശ്യമായ ഒരു സംവിധാനവും ഈ അറവു ശാലയിൽ ഇല്ല. എല്ലാ നിയമങ്ങളും ലംഘിച്ചു കൊണ്ടാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും ഒഴുകിയെത്തുന്ന രക്തം ഓവുചാലുകളിൽ തളം കെട്ടിക്കിടന്ന് ദുർഗ്ഗന്ധം പരത്തുമ്പോൾ, മറ്റവശിഷ്ടങ്ങൾ റോഡുകളിലും സമീപ പ്രദേശങ്ങളിലെ കിണറുകളിൽ പോലും ചിതറിക്കിടക്കുന്നു. പെട്ടിപ്പാലം കോളനി നിവാസികൾ അലക്കാനും കുളിക്കാനും ഉപയോഗിച്ചിരുന്ന തോട് പൂർണ്ണമായും ഉപയോഗ ശൂന്യമായി. ഗുരുതരമായ കുടിവെള്ളപ്രശ്നവും ഇവിടത്തുകാർ അനുഭവിക്കുന്നു. ഈ പ്രദേശത്ത് മന്ത് രോഗം വർദ്ധിച്ചുവരുന്നതായി സമീപകാലത്തെ ആരോഗ്യ സർവ്വെ ചൂണ്ടിക്കാട്ടുന്നു.

ഒരു പ്രദേശത്തെയാകെ കീഴടക്കിക്കൊണ്ടിരിക്കുന്ന ഈ മഹാദുരിതത്തിനെതിരെ ഒരു പാട് പ്രതിഷേധങ്ങൾ പ്രക്ഷോഭങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പക്ഷേ ഓരോ ഘട്ടങ്ങളിലും ചില താത്കാലിക സംവിധാനങ്ങൾ ഒരുക്കി ഭരണാധികാരികൾ അടിസ്ഥാന പ്രശ്നങ്ങൾക്കുനേരെ കണ്ണടക്കുകയാണ് ചെയ്തിട്ടുള്ളത്. അനിയന്ത്രിതമായ മലിനീകരണം. സൃഷ്ടിക്കുന്ന ഭീകരതയ്ക്കു മുന്നിൽ ഒടുങ്ങിത്തീരാൻ ഒരു പ്രദേശത്തിനാവില്ലല്ലോ. അതുകൊണ്ട് പ്രശ്ന പരിഹാരം ശാസ്ത്രീയമായിത്തന്നെ കണ്ടെത്തണം. ഈ പ്രശ്നത്തെ നഗരവും ഗ്രാമവും തമ്മിലുള്ള ഒരേറ്റുമുട്ടലായി കണ്ടുകൂടാ. സ്വന്തം പ്രദേശത്തിന്റെ വികസനം ഉറപ്പുവരുത്തേണ്ടത് മറ്റുള്ളവരുടെ ജീവിതത്തെ നിഷേധിച്ചുകൊണ്ടാവരുത്. നഗരമാലിന്യങ്ങൾ നീക്കം ചെയ്തേ തീരൂ. പക്ഷേ അത് ഗ്രാമത്തിലെ ജനങ്ങളുടെ മേൽ കെട്ടിയേൽപ്പിച്ചുകൊണ്ട് തന്നെ വേണോ എന്നതാണ് പ്രശ്നം. അതുകൊണ്ട് ഏറ്റവും സുരക്ഷിതമായ സ്ഥലത്ത് ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കാനുള്ള മാർഗ്ഗങ്ങൾ നഗരസഭ സ്വീകരിക്കേണ്ടതുണ്ട്. ഈ മാലിന്യങ്ങൾ കമ്പോസ്റ്റാക്കി ചെയ്ത്

ജൈവവളമാക്കി മാറ്റാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം. ആധുനിക നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനുപയോഗിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചും ഈ പ്രശ്നത്തിന് പരിഹാര മാർഗ്ഗം കണ്ടെത്താൻ കഴിയും.

തലശ്ശേരി നഗരത്തിന്റെ ചവറ്റുകൊട്ടയല്ല ന്യൂമാഹി പഞ്ചായത്തിലെ ൧൩ വാർഡ് എന്ന ബോധം ബന്ധപ്പെട്ടവരിൽ ഉണ്ടായേ തീരൂ. വികസനം നഗരത്തിന്റെ മാത്രം പ്രശ്നമല്ല. അത് നാടിന്റെയാകെ പ്രശ്നമാണെന്ന ലളിതമായ സത്യം അംഗീകരിക്കണം. ഭരണാധികാരികളുടെ സമീപനവും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ക്ഷേമവും വിപരീത ദിശയിൽ നിന്നുകൂടാ. നാടിന്റെ വികസനത്തെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള പുതിയ ദിശാബോധം തീർച്ചയായും ഈ പാരിസ്ഥിതിക പ്രശ്നത്തിന് ശാസ്ത്രീയമായി ഒരു പരിഹാരം കണ്ടെത്താൻ സഹായകമാവും.

വിദ്യാഭ്യാസം

ഞാൻ മാതൃഭാഷയോട് മാതാവിന്റെ മാറിനോടെന്ന പോലെ ചേർന്നു നിൽക്കുന്നു.
അതിനു മാത്രമേ ജീവദായകമായ മുലപ്പാൽ എനിക്ക് നൽകാനാവൂ
- ഗാന്ധിജി -

വിദ്യാഭ്യാസ രംഗത്ത് അഭിമാനാർഹമായ ഒരു പശ്ചാത്തലം നമ്മുടെ ന്യൂമാഹി പഞ്ചായത്തിനവകാശപ്പെടാനുണ്ട്. 17ാം നൂറ്റാണ്ട് മുതൽ തന്നെ വിദേശികളുമായി വ്യാപാരബന്ധമുണ്ടായിരുന്ന നമ്മുടെ പഞ്ചായത്തിനു പല സംസ്കരങ്ങളേയും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു. സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് നല്ല സ്വാധീനമുള്ള പ്രദേശമായിരുന്നു ന്യൂമാഹി.

19ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ വിദ്യാഭ്യാസരംഗത്ത് നേതൃത്വപരമായ പങ്ക് വഹിച്ച സാംസ്കാരിക സംഘങ്ങളും സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. 1928 ലെ യംങ്ങ്മെൻസ് മുസ്ലീം അസോസിയേഷൻ, 1930 ലെ മുസ്ലീം സേവാസംഘം ശ്രീനാരായണ മഠവും അനുബന്ധ വിദ്യാലയവും 1932 ലെ വിജ്ഞാന വർദ്ധിനി വായനശാല എന്നിവ ഇവയി ചിലത് മാത്രമാണ്. കൂടാതെ നാട്ടാശാൻമാരുടെ കുടിപ്പള്ളിക്കൂടങ്ങളും ഗുരുകുലങ്ങളും കുറിച്ചിയിൽ, പെരിങ്ങാടി എന്നീ പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഇവ പിന്നീട് ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്.

ന്യൂമാഹിയിലെ മയ്യഴി വിദ്യാ മന്ദിർ സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. 1941 ൽ ഹൈസ്കൂളായി ഉയർത്തിയ ഈ സ്ഥാപനം സമീപ പഞ്ചായത്തുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പോലും ഒരു അഭയ കേന്ദ്രമായിരുന്നു. ഇന്ത്യയിലെ തന്നെ പ്രശസ്തരായ അനേകം വ്യക്തികൾ ഈ വിദ്യാലയത്തിലൂടെ വളർന്നതാണ് നമുക്ക് അഭിമാനകരമാണ്.

ഇന്നു പഞ്ചായത്തിൽ 11 എൽ. പി. സ്കൂളിലും 2 യു.പി. സ്കൂളിലും ഒരു ഹൈസ്കൂളിലുമായി 2285 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. വാർഡ് തിരിച്ചു ഇവയുടെ എണ്ണം പരിശോധിക്കുമ്പോൾ 9ാം വാർഡിൽ വിദ്യാലയങ്ങൾ ഇല്ല എന്നു കാണാം.

വിദ്യാലയങ്ങൾ വാർഡുകളിലൂടെ
പട്ടിക - 1 (എ)

ക്രമനമ്പർ	എൽ.പി	യു.പി	എച്ച്എസ്
1	2		
2	2		
3	1		
4	1	1	1
5	1		
6	1	1	
7	2		
8	1		
9			

എങ്കിലും ശരാശരി 500 മി. ദൂരം സഞ്ചരിച്ചാൽ ഒരു കുട്ടിക്കു എൽ. പി. സ്കൂളിൽ എത്താം എന്ന സ്ഥിതി ഇന്നു നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

സ്കൂളുകളിലെക്കുള്ള ശരാശരി ദൂരം **പട്ടിക - 1(ബി)**

സ്കൂൾ	ശരാശരി ദൂരം	പരമാവധി ദൂരം
എൽ.പി	500 മീ	1കിമീ
യു. പി	1കിമീ	1.5 കിമീ
എച്ച്. എസ്	2 കിമീ	4 കി.മീ

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൊതു വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക 1.സി

ക്രമ നമ്പർ	സ്കൂളിന്റെ പേര്	L.P U.P H.S	ഉടമ സ്ഥത	കുട്ടികളുടെ എണ്ണം									അദ്ധ്യാപകരുടെ എണ്ണം		
				LP			UP			HS					
				B	G	T	B	G	T	B	G	T	M	F	T
1	പള്ളിപ്രാ എൽ.പി	L.P	എയിഡഡ്	58	50	108							3	1	4
2	പള്ളിപ്രാ എ.എൽ.പി	L.P	''	34	37	71							2	3	5
3	കൊള്ളുമ്മൽ ജെ.ബി	L.P	''	48	58	106							1	4	5
4	പരിമാ എൽ.പി	L.P	''	40	38	78							1	3	4
5	ആലമ്പത്ത് എ.എൽ.പി	L.P	'	48	40	88							3	2	5
6	കുറിച്ചിയിൽ എൽ.പി	L.P	''	29	25	54							2	2	4
7	പുന്നോൽ എ.എൽ.പി	L.P	''	58	54	112							3	2	5
8	ഗവഃ എൽ.പി, കുനിയിൽ	L.P	ഗവ:	25	23	48							3	2	5
9	എ.എ.എൽ.പി	L.P	എയിഡഡ്	56	62	118	14	12	26				2	4	6
10	പെരിങ്ങാടി. എൽ.പി	L.P	''	51	54	105	10	8	18				2	3	5
11	മാടോളിൽ എ.എൽ.പി	L.P	''	31	38	69	7	12	19				2	4	6
12	[illegible]	U.P	''	126	116	242	124	150	274				6	17	23
13	എ.എ.യു.പി	U.P	''	32	48	80	126	102	228				8	8	16
14	എ.എ.എച്ച്.എസ്	H.S	''	--						230	211	441	14	11	25
													52	66	118

14 സ്കൂളിലായി 2285 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 1147 ആൺകുട്ടികളും 1138 പെൺകുട്ടികളുമാണ്. മൊത്തം 118 അധ്യാപകർ ഉള്ളതിൽ 52 പുരുഷന്മാരും 66 സ്ത്രീകളുമാണ്.

വിദ്യാഭ്യാസം സമൂഹത്തിന്റെ ഉത്തരവാദിത്തമാകണം, ധനം കൊടുത്തുവാങ്ങേണ്ട ഒന്നായി മാറരുത് അത്

അൺഎക്കണോമിക് സ്കൂൾ

നമ്മുടെ പഞ്ചായത്തിലെ എൽ. പി. സ്കൂളുകളിൽ 55 % വും അൺഎക്കണോമിക് ആണ്. അനാദായകരമെന്നു മുദ്രയടിക്കപ്പെട്ട ഈ വിദ്യാലയങ്ങളുടെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. ചില സ്കൂളുകളിലെ പഠന നിലവാരവും ഭൗതിക സാഹചര്യങ്ങൾ മോശമായതുകൊണ്ടും തൊട്ടടുത്ത പ്രദേശമായ. മാഹിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള അമിത വ്യാമോഹവും നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾ അൺഎക്കണോമിക് ആകാനുള്ള പ്രധാന കാരണങ്ങളായി ചൂണ്ടി കാണിക്കപ്പെടുന്നു.

ഭൗതിക സാഹചര്യങ്ങൾ

ഒട്ടുമിക്ക പ്രൈമറി വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത ഒരു എൽ. പി. സ്കൂളും പഞ്ചായത്തിൽ ഉണ്ട്. എല്ലാ പ്രൈമറി സ്കൂളും വേണ്ടത്ര സൗകര്യങ്ങളില്ലാത്ത പ്രീ. കെ. ഇ. ആർ. കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ക്ലാസ്സ് റൂം വിഭജനം നടത്താത്തതാണ് എല്ലാ പ്രൈമറി സ്കൂളുകളും. ഇത്തരം വിദ്യാലയങ്ങളിലും അധ്യാപനവും അധ്യയനവും ഒരു പോലെ ദുഷ്കരമാണ്. പല വിദ്യാലയങ്ങളിലും വേണ്ടത്ര ഫർണിച്ചറുകളില്ല. പ്രാഥമിക സൗകര്യങ്ങൾ പരിശോധിക്കുമ്പോൾ മൂത്രപ്പുരകളില്ലാത്ത മൂന്നു പ്രൈമറി സ്കൂളുകൾ ഉണ്ട്. അതിലേറെ ശോചനീയമായതു നമ്മുടെ പഞ്ചായത്തിൽ ഒരു പ്രൈമറി സ്കൂളിനു മാത്രമേ കക്കൂസ് ഉള്ളൂഎന്നതാണ്. കുടിവെള്ള സൗകര്യമില്ലാത്ത എട്ട് പ്രൈമറി സ്കൂളും ഒരു യു. പി. സ്കൂളും പഞ്ചായത്തിൽ ഉണ്ട്. പകുതിയോളം വിദ്യാലയങ്ങളിൽ സ്വന്തമായി പാചകമുറി ഇല്ല. മൊത്തത്തിൽ പ്രൈമറി സ്കൂളുകൾ പരിശോധിക്കുമ്പോൾ തുറസ്സായ സ്ഥലങ്ങളിൽ പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതും, സ്വന്തമായി കുടിവെള്ള സംവിധാനമില്ലാത്തതും, പാചക മുറി ഇല്ലാത്തതുമായ അനാരോഗ്യകരമായ ഒരു സ്കൂൾഅന്തരീക്ഷമാണ് നമ്മുടെ പ്രൈമറി വിദ്യാലയങ്ങൾക്കുള്ളത്.

അക്കാദമിക് സൗകര്യങ്ങളുടെ പരിമിതി വിദ്യാലയങ്ങളിലെ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ് പഠനത്തെ വിരസവും, അരോചകവും ആക്കുന്നു. ഉള്ളവ തന്നെ വേണ്ടത്ര, വേണ്ട വിധത്തിൽ ഉപയോഗിക്കപ്പെടാത്ത അവസ്ഥയും ഇന്നുണ്ട്. കേന്ദ്രസർക്കാരിന്റെ ഒ. ബി. പദ്ധതിയനുസരിച്ച് കുറേയേറെ പഠനോപകരണങ്ങളും കളിസാധനങ്ങളും പുസ്തകങ്ങളും പ്രൈമറി വിദ്യാലയങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.ഇവ നമ്മുടെ വിദ്യാലയങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരക്ഷാകർത്തൃ സമിതികളും മാതൃസംഗമങ്ങളും രൂപീകരിച്ചെങ്കിലും ചിലയിടങ്ങളിൽ ഒഴികെ ഇവയുടെ അവസ്ഥ നിർജ്ജീവങ്ങളാണ്. പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഇവയുടെ പ്രവർത്തനം സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ മാത്രം ഒതുങ്ങുന്നുണ്ട്.ഇത്തരം സമിതികളെ സ്കൂളിന്റെ ദൈനം ദിന അക്കാദമിക് പ്രവർത്തനങ്ങളെ സജീവമാക്കുന്നതിനു കിയാത്മകമായി ചലിപ്പിക്കാൻ കഴിയേണ്ടതുണ്ട്.

പട്ടിക .1ഡി

ആകെ വിദ്യർത്ഥികൾ	LP		UP		HS	
	B	G	B	G	B	G
2285	636	643	281	284	230	211

പട്ടിക. 1. ജി

എസ്. എസ്. എൽ. സി. വിജയ ശതമാനം



നൂ മാഹി ഗ്രാമ പഞ്ചായത്ത്

9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം പട്ടിക. 1 ഇ

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇന്ന് ആവശ്യമുള്ള കെട്ടിടം / മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ ഇല്ല.	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സ്ഥലം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗ സൗഹാർദ്ദമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ ഇല്ല- കിണർ- പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ ഇല്ല.	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല
		സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												
പള്ളിപ്രം എൽ.പി. എസ്	4	1			1			1	ഉണ്ട്	1	2	1	ഇല്ല	ഇല്ല		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
എം. എം. എൽ. പി. സ്കൂൾ	5	1	1		1	1				1	3	1	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
പള്ളിപ്രം എം. എൽ.പി. എസ്	4	1 മദ്രസ്സ കെട്ടിടത്തിൽ						2	ഇല്ല	ഇല്ല		2	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
കൊള്ളുമ്മൽ എൽ.പി. എസ്	4	2	2		2				ഇല്ല	1	5	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	മതിയാകും	
പെരിങ്ങാടി എൽ.പി.എസും	5	1			1		2	2	ഉണ്ട	1	2	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
കുനിയിൽ ജി. എൽ. പി.എസ്	4	1				2		3	ഉണ്ട	2	1		ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
പരിമാാ എൽ. പി. എസ്	4	1			1			2	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
മാടോളിൽഎം. എൽ. പി. എസ്	5	1			1			4	ഉണ്ട	1	1	2	ഇല്ല		ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
ആലംബത്ത് എൽ. പി. എസ്	4	1			1			2	ഉണ്ട	1	1	2	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
കുറിച്ചിയിൽ എൽ. പി. എസ്	4	1			1		2		ഇല്ല	ഇല്ല	ഇല്ല	2	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
പുന്നോൽ എം. എൽ. പി. എസ്	4	2			3				ഇല്ല	1	1	1	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
എം. എം. യു. പി. എസ്	11	2			11					2		2	2		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എസ്.എൻ.വി.എസ്.ബി. സ്കൂൾ	17	3			3	2		10	ഇല്ല	2	10	2	1		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
എം. എം. എച്ച്. എസ്	14	6			25				ഉണ്ട	2		1	4		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

9-4 അക്കാദമിക് സൗകര്യങ്ങൾ

പട്ടിക 1 എഫ്.

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ ഇല്ല	ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല.	ചാണ്ടുകൾ (മാപ്പുകൾ ചാർടുചട്ടുകൾ, ഗ്ലോബുകൾ) യോഗ്യത ഉണ്ട്/ ഇല്ല.	റേഡിയോ	ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ എണ്ണം ബ്ലാക്ക് ബോർഡ് ടേപ്പ് റിക്കോർഡർ	ടി. വി. സെറ്റ്	വി.സി. ആർ. /വി.സി.പി.	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	മാവർ ഹെഡ്പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്	95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം	സംരക്ഷിലെടെ സംഘടിപ്പിച്ച അദ്ധ്യയന വർഷങ്ങൾ	പ്രധാനപ്പെട്ട പൊതു അവധികളുടെ അധ്യയന ദിനങ്ങളുടെ എണ്ണം	മാതൃസംഗമം സജീവം/സജീവമല്ല	കൗൺസിലും പി.ടി. എ. കമ്മിറ്റിയും പ്രവർത്തിക്കുന്നു/ഇല്ല
പള്ളിപ്രം എൽ.പി. എസ്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	192	ഇല്ല	5	സജീവം	ഉണ്ട്
എം. എം. എൽ. പി. സ്കൂൾ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	192	ഇല്ല		സജീവം	ഉണ്ട്
പള്ളിപ്രം എം. എൽ.പി. എസ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	5	192	ഇല്ല	5	സജീവം	ഉണ്ട്
കൊള്ളുമ്മൽ എൽ.പി. എസ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	192.5	ഇല്ല	5	സജീവം	ഉണ്ട്
പെരിങ്ങാടി എൽ.പി.എസം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	192	ഇല്ല	5	സജീവം	ഉണ്ട്
കുനിയിൽ ജി. എൽ. പി.എസ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	2	185	ഇല്ല	5	സജീവം	ഉണ്ട്
പരിമഠം എൽ. പി. എസ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	185	ഇല്ല	5	സജീവം	ഉണ്ട്
മാടോൽ എം. എൽ. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	185	ഇല്ല	5	സജീവം	ഉണ്ട്
ആലംഭത്ത് എൽ. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	4	185	ഇല്ല	5	സജീവം	ഉണ്ട്
കുറിച്ചിയിൽ എൽ. പി. എസ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	192	ഇല്ല	5	സജീവം	ഉണ്ട്
പുന്നോൽ എം. എൽ. പി. എസ്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	4	185	ഇല്ല	5	സജീവം	ഉണ്ട്
എം. എം. യു. പി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	11	10	185	ഇല്ല	5	സജീവം	ഉണ്ട്
എസ്. എൻ. വി. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	17	13	192	ഇല്ല	5	സജീവം	ഉണ്ട്
എം. എം. എച്ച്. എസ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല		8	185	5	5	സജീവം	ഉണ്ട്

പഠനനിലവാരം

നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം തൃപ്തികരമല്ല. ഇന്നു വിദ്യാർത്ഥികളുടെ പഠന നിലവാരം അളക്കപ്പെടുന്നതു പത്താം ക്ലാസ്സിലെ വിജയശതമാനമാണ്. നമ്മുടെ ഹൈസ്കൂളിലെ കഴിഞ്ഞ 5 വർഷത്തെ വിജയ ശതമാനം താഴെ കൊടുക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി എസ്. എസ്. എൽ. സി. വിജയശതമാനം ക്രമാനുഗതമായി കുറഞ്ഞ് വരുന്നതായി കാണുന്നു. പട്ടിക 1(ജി.) നോക്കുക

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും, ഗൾഫ് നാടുകളിതൽ ജോലിക്കുള്ള വിസ കിട്ടാൻ പ്രായപൂർത്തിയാകുന്നത് വരെയും കാലം തള്ളി നീക്കാനുളഅള ഒരു ഇടത്താവളമായി വിദ്യാലയത്തെ കാണുന്നതും പഠന നിലവാര തകർച്ചയ്ക്കു കാരണമാകാം.പ്രൈമറി വിദ്യാർത്ഥികളുടെ നിലവാരത്തെപ്പറ്റി പറയുമ്പോൾ മെച്ചമെന്ന് പറഞ്ഞുകൂടാ.

പ്രീ-പൈമറി:

അംഗീകൃതമല്ലാത്ത 5 പ്രീ-പ്രൈമറി വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ജനനത്തോട് കൂടി തന്നെ ഒരു കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കുന്നു. തീർത്തും ഗാർഹിക പശ്ചാത്തലമുള്ളതും കുട്ടിയുടെ സമഗ്ര വ്യക്തിത്വവികാസത്തിന് ഉതകുന്ന തരത്തിലുള്ളതും വിശാലമായ സാമതൂഹിക താല്പര്യങ്ങൾ ഉൾക്കൊള്ളാനും സമൂഹത്തിന് സംഭാവന നൽകാനും കുട്ടിയെ പ്രാപ്തനാക്കുന്ന പ്രക്രിയയാകണം പ്രീ-പ്രൈമറി വിദ്യാഭ്യാസം. നിർഭാഗ്യമെന്ന് പറയട്ടെ നമ്മുടെ പഞ്ചായത്തിലെപ്രീ പ്രൈമറി വിദ്യാലയങ്ങൾ പാഠഭാഗങ്ങൾ യാന്ത്രികമായി ഉരുവിടാൻ ശീലിപ്പിക്കുന്ന കേവല പരിശീലന കേന്ദ്രങ്ങളായി മാറിപ്പോയിട്ടുണ്ട്.

നിലവിൽ നമ്മുടെ പഞ്ചായത്തിൽ അംഗീകൃത പ്രീ-പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നില്ല. നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു രംഗമാണിത്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സ്കൂളിലെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തണം.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്കൂളുകളിൽ നടപ്പിലാക്കണം.
3. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആവശ്യമാണ്.
4. ഇന്നത്തെ ക്ലാസ്സ് കയറ്റ സമ്പ്രദായം അശാസ്ത്രീയമാണ്.
5. കുറിച്ചിയിൽ പ്രദേശത്ത് ഒരു ഹൈസ്കൂൾ ആവശ്യമാണ്.
6. സ്കോളർഷിപ്പ് പരീക്ഷക്ക് പ്രത്യേക കോച്ചിംഗ് സൌകര്യം വേണം.
7. നിർദ്ദനവിദ്യാർത്ഥികൾക്ക് യൂനിഫോമും പഠനോപകരണങ്ങളും വാങ്ങാൻ ധനസഹായം ലഭ്യമാക്കണം.
9. പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകാൻപഞ്ചായത്ത് തലത്തിൽ കലാമേളകൾനടത്തുക.
10. എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കുക.
11. സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുക.
12. നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ ബലപ്പെടുത്തുകയും ഓലമേഞ്ഞ എല്ലാ സ്കൂകളുകളുടേയും മേൽപ്പുര ഓടാക്കുകയും ചെയ്യുക.
13. ഫർണിച്ചർ, പഠനോപകരണങ്ങൾ എന്നിവയുടെ അപര്യാപ്തത പഠന നിലവാരത്തെ ബാധിക്കുന്നു.
14. ക്ലാസ്സുമുറികളുടെ പാർട്ടീഷൻ അനിവാര്യമാണ്.
15. പാഠപുസ്തകങ്ങൾ യഥാ സമയം ലഭ്യമാക്കുക.
16. അധ്യാപകരക്ഷാകർത്തൃ സമിതികൾ കൂടുതൽ കാര്യക്ഷമമാക്കണം.
17. വിദ്യാഭ്യാസ വർഷാരംഭത്തിൽ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ ഹെഡ്മാസ്റ്റർമാരുടേയും രക്ഷിതാക്കളുടെയും യോഗം വിളിച്ചു ചേർക്കുക.
19. മാസത്തിലൊരിക്കൽ ഹെഡ്മാസ്റ്റർ മാരുടെ യോഗം വിളിച്ചു വിദ്യാഭ്യാസ കാര്യങ്ങൾ ചർച്ച ചെയ്യുക.
20. ഓരോ ടേമിലും എല്ലാ അധ്യാപകരുടേയും യോഗം വിളിച്ചു പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

വ്യവസായം

കുറഞ്ഞ വൈദ്യുതി ഉപയോഗം, കൂടുതൽ തൊഴിൽ അവസരങ്ങളും
കൂടുതൽ മൂല്യവും തരുന്ന വ്യവസായങ്ങളാണ് നമുക്കാവശ്യം

വ്യവസായ മേഖലയിൽ ന്യൂമാഹി പഞ്ചായത്തിനു കാര്യമായ നേട്ടങ്ങളൊന്നു കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പരമ്പരാഗത മേഖലയായ കയർ വ്യവസായം ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്തെ പ്രധാന വ്യവസായമായിരുന്നു. ഈ പ്രദേശത്തെ മുഖ്യ കാർഷികോല്പന്നമായ തേങ്ങയും മാഹിപുഴയോടു ചേർന്നുകിടക്കുന്ന ചളിക്കുണ്ടുകളും ഈ വ്യവസായത്തിന് സഹായകമായി വർത്തിച്ചിരുന്നുവെങ്കിലും വിപണനത്തിന്നുള്ള ബുദ്ധിമുട്ടുകൾ ഇതിനെ പ്രതികൂലമായി ബാധിച്ചതിനാൽ ഈ വ്യവസായം ഇന്നു നാമാവശേഷമായി. കയർവ്യവസായം കഴിഞ്ഞാൽ ഈ പ്രദേശത്തിന്ന് അനുയോജ്യമായി കണ്ടെത്തിയത് മര വ്യവസായമായിരുന്നു. 1960 കളിലാണ് ഇവിടെ ആദ്യമായി മരമിൽ സ്ഥാപിതമായത്. ഇന്ന് ഈ പഞ്ചായത്തിൽ ആകെ 6 ഓളം മരമില്ലുകളുണ്ട്. ഈ മരമില്ലിനോട് അനുബന്ധമായി പ്രവർത്തിക്കുന്നു. ഫർണിച്ചർ, കൊത്തുപണി തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകളുമുണ്ട്. ഈ വ്യവസായവുമായി ബന്ധപ്പെട്ട് നൂറോളം പേർ ജോലിചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ സമീപ പ്രദേശങ്ങളിലെ മലയോരങ്ങളിൽ നിന്ന് എത്തുന്ന റബ്ബർ തടികളും, നാടൻ പ്രദേശങ്ങളിൽ നിന്ന് കൊണ്ടു വരുന്ന മാവ് തടികളും ഊർന്ന് വളപട്ടണം, കോഴിക്കോട് കേന്ദ്രങ്ങളാക്കി പലസ്ഥലങ്ങളിലേക്ക് ഉരു വഴി കയറ്റിയച്ചിരുന്നു. എന്നാൽ ഇത്തരം മരങ്ങളുടെ ദൗർലഭ്യം കാരണം മരമില്ലുകൾ നാടൻ പണികളിൽ (അതായത് വീട്ടാവശ്യങ്ങൾക്കുള്ള ജനൽ, കട്ടില, ഫർണ്ണിച്ചർ ഉണ്ടാക്കുന്നതിനാവശ്യമായ പ്ലാവിലും, തേക്കു മരങ്ങളഇലും) ഒതുങ്ങിയിരിക്കുകയാണ്. വൈദ്യുതിയിന്മേലുള്ള നിയന്ത്രണവും, അപ്രഖ്യാപിത'' പവ്വർ'' കട്ടുക'' ളും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെ നിസ്സംഗതയുമാണ് ഈ മേഖലയിലെ പ്രധാന തടസ്സങ്ങൾ.

ഈ പഞ്ചായത്തിലെ മറ്റു ചില പ്രധാന വ്യവസായങ്ങൾ പി. വി. സി. പൈപ്പ്, പി. വി.സി .ചെരുപ്പ്, ഹവായ് പെരുപ്പു നിർമ്മാണ യൂണിറ്റുകളാണ്. പൈപ്പ് നിർമ്മാണത്തിന്നു പുറമെ പി. വി.സി. ഫിറ്റിംങ്ങുകളുടെ ഒരു ചെറുകിട യൂണിറ്റും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചെരുപ്പ് ഫാക്ടറിയുമായി ബന്ധപ്പെട്ട് പലവീടുകളിലും ഇതിൻെറ ഫിനിഷിങ്ങ് ജോലി സ്ത്രീകൾ ചെയ്യുന്നു. പുതുതായി ആരംഭിച്ച ഹവായ് ചെരുപ്പു ഫാക്ടറിയിലും ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നു. എല്ലാ വ്യവസായങ്ങളും അനുഭവിക്കുന്ന വൈദ്യുതി പ്രശ്നങ്ങൾ ഇത്തരം സ്ഥാപനങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.

ഇതിൽ കവിഞ്ഞു വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ സഹകരണ മേഖലയിലോ, പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ ഇല്ലെങ്കിലും 4 സോഡാ ഫാക്ടറികളും 2 പപ്പട നിർമ്മാണ യൂണിറ്റുകളും, 2 കൊപ്ര പാണ്ടികശാലകളും 4 വെൽഡിങ്ങ് യൂണിറ്റുകളും, ഈ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂമാഹി പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന പോണ്ടിച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ പള്ളൂരിൽ സ്ഥിതിചെയ്യുന്ന കണ്ണൂർ സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് മില്ലിൽ ഈ പഞ്ചായത്തിലെ 50 ഓളം പേർ ജോലി ചെയ്യുന്നുണ്ട്. പൂട്ടികിടക്കുന്ന ഐസ് ഫാക്ടറിയും, ഹോളോ ബ്രിക്സ് ഫാക്ടറിയും അടഞ്ഞു കിടക്കുന്ന കോഴി ഫാമും പ്രഥമദൃഷ്ട്യാ വ്യവസായങ്ങൾക്ക് വളക്കൂറുള്ള ഈ മണ്ണിൽ പോരയ്മകളെ വിളിച്ചോതുന്നു.

പടിഞ്ഞാറുള്ള അറബിക്കടലും തെക്കുഭാഗത്തുള്ള മയ്യഴിപ്പുഴയും പഞ്ചായത്തിനെ വിലങ്ങനെ മുറിച്ചുപോകുന്ന റെയിൽ പാതയും, നേഷനൽ ഹൈവേയും ഈ പഞ്ചായത്തിന്റെ സൗഭാഗ്യങ്ങളായി കണക്കാക്കാം. എന്നാൽ വ്യവസായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളായ, വൈദ്യുതി, ഗതാഗതം, ശുദ്ധജലം, എന്നിവ മേഖലയുടെ വികസനത്തെ പിടിച്ചു നിർത്തുന്നു. ഇടയ്ക്കിടക്ക് അണമുറിയുന്ന വൈദ്യുതിയും, ആവശ്യത്തിന്നും വേണ്ട വോൾട്ടേജിന്റെ ലഭ്യതക്കുറവും വ്യവസായങ്ങൾക്ക് സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാക്കുന്നതിന് പുറമെ യഥാ സമയം ഓർഡറുകൾപൂർത്തിയാക്കി കൊടുക്കുവാൻ സാധിക്കാതെയും വരുന്നു. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലേക്കുള്ള പാതകൾ ഗതാഗത യോഗ്യമല്ലാത്തതിനാലും വ്യവസായത്തിന്നാവശ്യമായ വൈദ്യുതി എത്തപ്പെടാത്തതിനാലും അത്തരം സ്ഥലങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാൻ ആളുകൾ മടിക്കുന്നു. പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ ജലകണികകൾ പോലും കിട്ടാതിരിക്കുമ്പോൾ ജലം കിട്ടുവാൻ സാദ്ധ്യതകളുള്ള താഴ്ന്ന പ്രദേശങ്ങളിൽ പുഴയിൽ നിന്ന് ഉപ്പ് വെള്ളം കയറി കുടിവെള്ളം മലിനമായിരിക്കുകയാണ്. കുന്നിൻ പ്രദേശത്തെ ജല ദൗർലഭ്യതയും താഴ്ന്ന പ്രദേശങ്ങളിലെ ഉപ്പുവെള്ളത്തിന്റെ ആക്രമണവും വ്യവസായികളെ നിരുത്സാഹപ്പെടുത്തുന്നു. ഇതിനെല്ലാം പുറമെ ഈ മേഖലയിൽ ജനങ്ങൾക്കുള്ള സാങ്കേതിക പരിജ്ഞാനക്കുറവ് അവരെ ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിൽ നിന്നു പിന്തിരിപ്പിക്കുന്നു.

ഉൾപ്രദേശങ്ങളിൽ വൈദ്യുതിയും, ശുദ്ധജലവും എത്തിക്കുകയും, ഗതാഗത യോഗ്യമാക്കുകയും ചെയ്യുന്നതിന്നു പുറമെ ഇവർക്ക് വ്യാവസയങ്ങൾ തുടങ്ങുന്നതിന് സാങ്കേതിക പരിജ്ഞാനം കൊടുക്കലും മാത്രമാണ്. മേൽ പ്രശ്നങ്ങൾക്ക് അഭികാമ്യമായ പരിഹാരമാർഗ്ഗം. ഒരു സംരഭകന്നു അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്. പരിശീലനങ്ങളിലൂടെയും സഹായഹസ്തങ്ങളിലൂടെയും നേടികൊടുക്കാവുന്നതാണ്.

വിദ്യാസമ്പന്നരായ യുവതി യുവാക്കൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകൾ കേരളത്തിന് പുറത്തും വിദേശത്തും ജോലി ചെയ്യുന്നു.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, തേങ്ങ്, ചിരട്ട തൊണ്ട് ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കുവാനുമുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്.

മരമില്ല് വ്യവസായവുമായി ബന്ധപ്പെടുത്തി കയറ്റുമതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഫർണ്ണിച്ചർ കമ്പനിയുടെ യൂണിറ്റിന്ന് സാധ്യത ഉണ്ട്. മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ നിർമ്മിക്കുന്ന മറ്റൊരു യൂണിറ്റും ഇതിനോട് ചേർത്തു പ്രവർത്തിപ്പിക്കാവുന്നതാണ്. പക്ഷേ മരത്തിന്റെ ലഭ്യത ഇതിന്നൊരു ഭീഷണിയാവാൻ സാധ്യത കാണുന്നതിനാൽ കോൺക്രീറ്റ് കൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന

ഒരുസ്ഥാപനത്തിന് സാധ്യത കാണുന്നുണ്ട്. സ്ത്രീകൾ തിങ്ങിപാർക്കുന്ന പള്ളിപ്പുറം,കരീക്കുന്ന് പ്രദേശങ്ങളിൽ ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ നെയ്ത്തു ശാലകൾക്ക് വേണ്ടി അവിടുത്തെ ജനങ്ങൾ വോഴാമ്പലിനെപോലെ കാത്തുനില്കുന്നു. കൂടാതെ വനിതകൾക്ക് തൊഴിലവസരം ലഭിക്കുന്ന റെഡിമെയ്ഡ് യൂണിറ്റ്, ഭക്ഷ്യ സംസ്കരണ യൂണിറ്റ് മുതലായ ചെറുകിട വ്യവസായങ്ങൾക്കും സാധ്യതകൾ ഏറെയാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാന അിൽ ചെറുകിടവ്യവസായ സംരംഭകർക്ക് എല്ലാ വിധ പശ്ചാത്തല സൗകര്യങ്ങളും ഉണ്ടാക്കി കൊടുത്തു സ്വകാര്യമേഖലയിലെ വ്യാവസായങ്ങളെ പുഷ്ടിപ്പെടുത്തുകയും, അതോടൊപ്പം സഹകരണ മേഖലകളിലും, പൊതുമേഖലകളിലും വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്താൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും കഴിയും. ഇത് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് കാരണമാവുകയും ചെയ്യും. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾക്ക് സാധ്യത കുറവാണ്.

പ്രശ്നങ്ങൾ

1. വൈദ്യുതി രംഗത്തുള്ള പ്രശ്നങ്ങൾ
2. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്
3. സാമ്പത്തിക സഹായം കിട്ടാനുള്ള പ്രയാസങ്ങൾ
4. വ്യവസായത്തിന്നാവശ്യമായ ശുദ്ധജലത്തിന്റെ ദൗർലഭ്യം
5. കാർഷികോൽപ്പന്ന മേഖലയിലെ പ്രയാസങ്ങൾ വിഭവങ്ങളുടെ ഉത്പാദനം കുറയ്ക്കുന്നു.
6. നാട്ടിൻ പ്രദേശങ്ങളിലെ റോഡുകൾ ഗതാഗത യോഗ്യമല്ലാത്തതിനാൽ അസംസ്കൃത സാധനങ്ങൾ എത്തിക്കുവാനുള്ള പ്രയാസങ്ങൾ
7. സഹകരണ മേഖല പുഷ്ടി പ്രാപിച്ചിട്ടില്ല.

സാദ്ധ്യതകൾ

1. സഹകരണ മേഖലയിൽ വ്യവസായങ്ങൾക്ക് സാദ്ധ്യത. (കയർ ,കൈത്തറി, മുതലായവ)
2. നാളികേരത്തിനെ ആശ്രയിച്ചുള്ള കയർ, വെളിച്ചെണ്ണ, മില്ല്, ഹാൻറി ക്രാഫ്റ്റ് മുതലായ വ്യവസായങ്ങൾ
3. കയറ്റുമതി ലക്ഷ്യമാക്കി ഒരു ഫർണിച്ചർ വ്യവസായം.
4. കോൺക്രീറ് കൊണ്ടുള്ള കട്ടില, ജനൽ, ഹോളോ ബ്രിക്സ് മുതലായവയുണ്ടാക്കുന്ന ഒരു യൂണിറ്റിന് സാദ്ധ്യതകൾ ഏറെയുണ്ട്.
5. വനിതകൾക്ക് മുൻഗണന നല്കികൊണ്ട് റെഡിമെയ്ഡ് വസ്ത്രയൂനിറ്റുകൾ, ഭക്ഷ്യ സംസ്കരണ യൂനിറ്റുകൾ, മുതലായ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

ടൂറിസം

കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണല്ലോ ടൂറിസം. അനവധി ചരിത്ര സത്യങ്ങൾ ഉറങ്ങികിടക്കുന്ന പ്രദേശമാണ് ന്യൂമാഹിയും, ഫ്രഞ്ച് അധീനതയിലുണ്ടായിരുന്ന മാഹിയും. മാഹിയിൽ ഇന്നും ഫ്രഞ്ചുകാർ നിത്യസന്ദർശകരാണ്. ടൂറിസ്റ്റുകളേ ആകർഷിക്കുവാൻ വളരെയേറെ

സാദ്ധ്യതകളുള്ള ഭൂപ്രകൃതിയാണ് ന്യൂമാഹി പഞ്ചായത്തിന്റേത് ഈ പഞ്ചായത്തു അതിർത്തിയിലുള്ള അറബിക്കടലിന്റെ കടലോരങ്ങളും, മയ്യഴി പുഴയുടെ തീരങ്ങളും മോടിപിടിപ്പിക്കുകയാണെങ്കിൽ ടൂറിസ്റ്റുകളുടെ മാപ്പിൽ സ്ഥാന പിടിക്കുവാൻ കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. മയ്യഴി പുഴയിൽ എല്ലാ സജ്ജീകരണങ്ങളോടുകൂടി ഒരു ബോട്ട് സർവ്വീസ് കൂടി ആരംഭിച്ചാൽ അത് പഞ്ചായത്തിലെ ടൂറിസം വികസനത്തിന് കൂടുതൽ ഉപകരിക്കും.

പട്ടിക - 1

ക്രമനമ്പർ	വിഭാഗം	പു	സ്ത്രീ	ആകെ
1	മരമില്ലുകൾ	50	10	60
2	പി.വി.സി നിർമ്മാണയൂണിറ്റ്	16	4	20
3	ഹവായ് ചെരുപ്പ് ഫാക്ടറി	4	8	12

പട്ടിക - 2

ചെറുകിടവ്യവസായങ്ങൾ

ക്രമനമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	പു	സ്ത്രീ	ആകെ
1	ഫർണിച്ചർ	9	86		86
2	ഫ്ളവർ മില്ല്	7	7		7
3	ബേക്കറി	4	12		12
4	മോട്ടോർ വർക്ക് ഷോപ്പ്	6	18		18
5	വെൽഡിങ്ങ് യൂണിറ്റ്	4	8		8
6	സോഡാനിർമ്മാണം	4	7		7
7	കൊപ്ര യൂണിറ്റ്	2	5	3	8
8	പപ്പടം നിർമ്മാണം	2	6		6

തൊഴിലാളികളുടെ കൂലിനിരക്ക്

പട്ടിക - 3

ക്രമനമ്പർ	ഇനം	കൂലിനിരക്ക് പു	സ്ത്രീ
1	മരമില്ലുകൾ	60	
2	പിവിസി & ഹവായ് കമ്പനി	40	
3	ഫർണ്ണിച്ചർ	80	
4	ബേക്കറി	50	
5	വർക്ക് ഷോപ്പ്	60	
6	വെൽഡിങ്ങ്	40	
7	സോഡാനിർമ്മാണം	35	
8	കൊപ്ര	-	
9	പപ്പടം	35	
10	ഫ്ളവർ മില്ല്	70	

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ഗതാഗതം

എ. റോഡ് ഗതാഗതം

പഞ്ചായത്തിന്റെ വടക്കെ അറ്റത്തുള്ള പെട്ടിപ്പാലം മുതൽ മയ്യഴിപുഴയുടെ അഴിമുഖത്തുള്ള അഴീക്കൽകടവ് വരെ നീണ്ടുകിടക്കുന്നതായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ പൊതുനിരത്ത്. പെട്ടിപ്പാലം കഴിഞ്ഞാൽ ഇപ്പോഴത്തെ റയിൽവെ ഗയിറ്റു വരെ റയിൽവെ ലൈനിന്റെ കിഴക്കുഭാഗത്തു കൂടിയായിരുന്നു പഴയ കാലത്തു ഈ റോഡിന്റെ കിടപ്പ്. പിന്നീട് റെയിൽവെ ലൈൻ വന്നപ്പോൾ രണ്ടു റയിൽവെ ഗെയിറ്റുകൾ ഒഴിവാക്കുന്നതിനുവേണ്ടി റോഡിന്റെ ഗതി റയിൽവെ ലൈനിന്റെ പടിഞ്ഞാറുഭാഗത്തേക്ക് മാറ്റുകയുണ്ടായി. അക്കാലത്തു ഉപേക്ഷിക്കപ്പെട്ട ഭാഗം പഴയ നിരത്ത് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതായത് ഇപ്പോഴത്തെ റയിൽവെ ഗെയിറ്റ് ജുമാമസ്ജിദ് റോഡ്. 1933 ൽ മാഹിപാലം നിലവിൽ വന്നതിന്നു ശേഷമാണ് ഈ നിരത്തം പാലവുമായി ബന്ധിക്കപ്പെടുകയുണ്ടായത്. ഈ റോഡാണ് പിന്നീട് നേഷനൽ ഹൈവെയുടെ ഭാഗമായി തീർന്നത്.

മാഹിപാലം മുതൽ കസ്റ്റംസ് ഹൌസ്സ് വരെ നേരത്തെ തന്നെ ഒരു വീതി കുറഞ്ഞ റോഡ് നിലവിലുണ്ടായിരുന്നു. 1954 ൽ ഫ്രഞ്ച് ഭരണാധികാരികൾ മയ്യഴിയിലെ ടോൾഗെയിറ്റ് അടച്ചിട്ട് ഗതാഗതത്തിനു തടസ്സം സൃഷ്ടിച്ചപ്പോൾ ഈ റോഡ് അഭിവൃദ്ധിപ്പെടുത്തുകയും കസ്റ്റംസ് ഹൗസ്സ് മുതൽ റയിൽവെപ്പാലം വരെയുണ്ടായിരുന്ന നടപ്പാത വീതികൂട്ടി റോഡായി വികസിപ്പിച്ചു ഈ റോഡിനോടുകൂടി ചേർക്കുകയുമുണ്ടായി. അതോടുകൂടി റയിൽവെപ്പാലം ഒരു റയിൽ റോഡ് പാലമായി മാറ്റുകയും ചെയ്തു. ഇതാണ് പിന്നീട് ബൈപാസ്സ് റോഡായി തീർന്നത്. ഇത് മാഹി റെയിൽവെ സ്റ്റേഷന്റെ മുൻവശത്തുകൂടി പോയി അഴിയൂർ ചുങ്കത്ത് എൻ.എച്ച്. റോഡിൽ ചേരുന്നു. ഈ റോഡ് പി. ഡബ്ല്യൂ. ഡി. യുടെ നിയന്ത്രണത്തിൽ ആണ്. മുൻപറഞ്ഞ റെയിൽ റോഡ് പാലം ഇപ്പോൾ നിലവിലില്ല. ആയത് പുന:സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലുള്ള മറ്റു റോഡുകളെല്ലാം വില്ലേജ് റോഡുകളാണ്. പഞ്ചവത്സരപദ്ധതികളുടെ ആദ്യകാലത്ത് ബ്ലോക്ക് ഡവലപ്പ്മെന്റ് വകുപ്പ് പാറാൽ വായന ശാലമുതൽ കുറിച്ചിവരെ ഒരു നടപ്പാത നിർമ്മിച്ചിരുന്നു. അതിൽ വേണ്ടിടത്ത് പാലവും കെട്ടിയിരുന്നു.

ഈ പഞ്ചായത്തിന്റെ തെക്കും കിഴക്കും മയ്യഴി മുൻസിപ്പാലിറ്റിയും വടക്ക് തലശ്ശേരി മുൻസിപ്പാലിറ്റിയും ആണ്. കിഴക്ക് കുറച്ചു ഭാഗം ചൊക്ലി പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. മയ്യഴി മുൻസിപ്പാലിറ്റി ഒരു കേന്ദ്രഭരണ പ്രദേശമായതിനാൽ അവിടെ അങ്ങോളമിങ്ങോളം ടാർ ചെയ്ത റോഡുകളാണ് ഉള്ളത്. പലേടത്തും ഈ റോഡുകൾ ന്യൂമാഹി പഞ്ചായത്ത് അതിർത്തികളിൽ വന്നുമുട്ടി

നിൽക്കുന്നു. ഈ പഞ്ചായത്തിൽ അവയുമായി ബന്ധിപ്പിക്കുന്ന നല്ല റോഡുകൾ ഇല്ലാതിരിക്കുന്നതുകൊണ്ടു മയ്യഴി മുൻസിപ്പാലിറ്റിയിലെ ചാലക്കര തുടങ്ങിയ സ്ഥലങ്ങൾക്കുംതലശ്ശേരി മുനിസിപ്പാലിറ്റിക്കും ഇടയ്ക്കുള്ള ഗതാഗതം ദുരിത പൂർണ്ണമാണ്. നിലവിലുള്ള നടപ്പാതകൾ വാഹന സഞ്ചാര യോഗ്യമല്ല.

ഈ പഞ്ചായത്തിലെ തന്നെ മറ്റു വാർഡുകളെ അപേക്ഷിച്ചു താരതമ്യേന 2,4,6,7 എന്നീ വാർഡുകളിൽ റോഡുകൾ തീരെ കുറവാണ്. ഉള്ളവ തന്നെ വേണ്ടത്ര ശ്രദ്ധക്കപ്പെട്ടിട്ടില്ല. ഈ അസന്തുലിതാവസ്ഥക്ക് മാറ്റം വരുത്തേണ്ടതുണ്ട്. . ഈ വസ്തുതകളെല്ലാം കണക്കിലെടുത്തിട്ടാണ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. പഞ്ചായത്ത് റോഡുകൾക്ക് ഓടകൾ ഇല്ലാത്തതു കൊണ്ട് മഴക്കാലത്ത് വെള്ളം കെട്ടി നിന്നു ഗതാഗതയോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു. അതുകൊണ്ടു ഓടകൾ നിർമ്മിക്കേണ്ടതു അതാവശ്യമാണ്. നേഷനൽ ഹൈവേയിൽ ഉസ്സൻമൊട്ട ഭാഗത്ത് റോഡ് അപകടങ്ങൾ നിത്യസംഭവമാണ്. വാഹനാപകടങ്ങൾ കുറക്കുന്നതിനുവേണ്ടി ഈ സ്ഥലത്തു ഡിവൈഡറുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണം അനുദിനം കൂടികൊണ്ടിരിക്കുന്ന സ്ഥിതിക്ക് നിലവിലുള്ള റോഡുകളുടെ വീതിയും (നേഷനൽ ഹൈവെ ഒഴിച്ചു) പലേടങ്ങളിലും കൂട്ടേണ്ടതായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ ആദ്യമായി നിർമ്മിക്കപ്പെട്ട റോഡാണ് അവിഭക്ത കോടിയേരി പഞ്ചായത്തിൽപ്പെട്ട ഇയ്യത്തുങ്കാട് പാറാൽ റോഡ്. ഇത് പാറാൽ പ്രദേശത്തെ ഇയ്യത്തുങ്കാട് റെയിൽവെഗെയിറ്റുമായി ബന്ധിപ്പിക്കുന്നു. അക്കാലത്ത് മിക്ക ഗ്രാമീണ റോഡുകളും നാട്ടുകാർ ശ്രമ ദാനം വഴി നിർമ്മിച്ച പഞ്ചായത്തിന് കൈമാറിയതാണ്. പഞ്ചായത്തിൽ ഇന്ന് 2 പി. ഡബ്ല്യു. ഡി. റോഡുകളും ഒരു എൻ. എച്ച്. റോഡുമുണ്ട്.അവയിൽ ബസ്സ് സർവീസുകളുമുണ്ട്. കൂടാതെ 26 കി. മീ. 464 മീറ്റർ ദൈർഘ്യമുള്ള 72 പഞ്ചായത്ത് റോഡുകളുമുണ്ട്. അതിൽ 3 കി മീ. 700 മീ. നിളത്തിൽ 10 റോഡുകൾ മുഴുവനായോ, ഭാഗീകമായോ താർ ചെയ്തതാണ്. പഞ്ചായത്ത് താർ ചെയ്ത'' പെരിങ്ങാടി പള്ളിക്കുനി'' റോഡിൽ ബസ്സ് സർവീസുമുണ്ട്.

പഞ്ചായത്തിൽ 23 കി.മീ. 294 മീറ്റർ നീളത്തിൽ ബാക്കി താർ ചെയ്യാത്ത റോഡുകളാണ്. എന്നിരുന്നാലും ഇവയൊക്കെ ചെറിയ വാഹനങ്ങൾക്ക് ഗതാഗത യോഗ്യമാണ്.

മലബാറിൽ ആദ്യകാലത്ത് നിലവിൽ വന്ന ബസ് സർവീസുകളിൽ ഒന്നാണ് ബ്രിട്ടീഷ്- മാഹി'' മോട്ടോർ സർവീസ്. ഈ പഞ്ചായത്തിലെ ആദ്യത്തെ ബസ്സ് സർവീസും ഇതായിരുന്നു. ന്യൂമാഹിയിലെ മുരിക്കോളി കാട്ടിൽ ഇബ്രാഹിം ഹാജിയായിരുന്നു ഉടമസ്ഥൻ. തലശ്ശേരിമുതൽ- മാഹിപാലം വരെ ഒരു ബസ്സ് സർവീസുമുണ്ടായിരുന്നു.മാത്രമല്ല, മററു റൂട്ടുകളിലും ബ്രിട്ടീഷ്- മാഹി'' മോട്ടോർ സർവീസ് നടത്തിയിരുന്നു. പിന്നീടാണ് മറ്റു ആവി ബസ്സുകളും പെട്രോൾ ബസ്സുകളും രംഗത്ത് വന്നത്.

ഈ പഞ്ചായത്തിൽ ഇന്ന് വാഹനങ്ങൾ നിർത്തിയിടാൻ സ്റ്റാൻഡുകളില്ല. മാഹി പാലം ജംഗ്ഷനിൽ ബസ്സുകളും, ടാക്സികളും, ഓട്ടോറിക്ഷകളും, തലങ്ങും വിലങ്ങും, നിർത്തിയിടുന്നത് ഒരു നിത്യ സംഭവമാണ്. ഈ അവസ്ഥ ജനങ്ങളിൽ വളരെയധികം ഭീതി സൃഷ്ടിക്കുന്നുണ്ട്. ഭാഗ്യം കൊണ്ടുമാത്രമാണ് പലരും രക്ഷപ്പെടുന്നതുതന്നെ. ആയതിനാൽ ബസ്സ്/ടാക്സി/ ഓട്ടോറിക്ഷ എന്നിവയ്ക്ക് പ്രത്യേകം സ്റ്റാൻഡുകൾ അത്യാവശ്യമാണെന്നത് ജനാഭിലാഷമാണ്.

ഈ പഞ്ചായത്തിൽ 4.5 കി. മീ. നിളത്തിൽ റെയിൽവെ ലൈനുണ്ട്. മംഗലാപുരം-ഷൊർണ്ണൂർ ലൈൻ ഇരട്ടിപ്പിക്കുമ്പോൾ പെരിങ്ങാടിയിൽ ഒരു അണ്ടർബ്രിഡ്ജ് പണിയേണ്ടത് അത്യാവശ്യമാണ്. അതുപോലെ 6ാം വാർഡിൽ ഇയ്യത്തുങ്കാട് റെയിൽവെഗെയിറ്റുമുതൽ മേലേക്കണ്ടി മുക്ക് വരെ നിലവിലുള്ള റോഡ്, ഡബിൾ ലൈൻ വരുമ്പോൾ നഷ്ടപ്പെടുകയാണെങ്കിൽ നിലവിലുള്ള യാത്രാ സൗകര്യം നിലനിർത്താൻ സമാന്തരമായി റോഡ് പണിയേണ്ടതുമാണ്.

ജലഗതാഗതം

ജലഗതാഗതത്തിന് അനുയോജ്യമായ പുഴ ഈ പഞ്ചായത്തിൽ മയ്യഴി പുഴ മാത്രമാണ്. മയ്യഴിപുഴയിൽ കൂടി മുമ്പ് അംഗീകൃത ബോട്ട് സർവീസ് ഉണ്ടായിരുന്നു. മയ്യഴിക്കും, പെരിങ്ങത്തൂരിനും ഇടയിൽ- മാഹിപ്പാലം മുതൽ ചൊക്ലിവരെ റോഡ്വരികയും, ബസ്സ് ഗതാഗതം ആരംഭിക്കുകയും ചെയ്തതോടെ പ്രസ്തുത ബോട്ട് സർവീസിന്റെ പ്രസക്തി കുറയുകയും ക്രമേണ സർവീസ് നർത്തലാക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ വിനോദ സഞ്ചാര മേഖലയിൽ ഇങ്ങനെ ഒരു സർവീസിന്റെ പ്രാധാന്യം മുൻപോട്ട് വന്നിട്ടുണ്ട്. പോണ്ടിച്ചേരി സർക്കാർ ഇതേപുഴയിൽ തന്നെ കുറഞ്ഞ ദൂരത്തിൽ വിനോദസഞ്ചാര ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. ആയതുകൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കാൻ മാഹിപ്പാലം മുതൽ പെരിങ്ങത്തൂർ വരെ മുൻപുണ്ടായിരുന്ന ബോട്ട് സർവ്വീസ് പുനരാരംഭിക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ സ്ഥിതി വിവരക്കണക്കും, ആവശ്യങ്ങളടങ്ങുന്ന പദ്ധതികളുടെ ലിസ്റ്റും ചുവടെ ചേർക്കുന്നു.

(പട്ടിക 1 മുതൽ 5 വരെ കാണുക

പട്ടിക - 1 നിലവിലുള്ള റോഡുകളുടെ സ്ഥിതി വിവരകണക്ക്

ക്രമ നമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർ ചെയ്ത നീളം(കി.മീ)	ടാർ ചെയ്യാത്തനീളം(കിമീ)	ആകെ നീളം(കി.മീ)
1	പഞ്ചായത്ത്	72	3.170	23.294	26.464
2	പി.ഡബ്ല്യു.ഡി	2	3.500		3.500
3	ദേശീയ പാത	1	3.500		3.500
4	ഫിഷറീസ് റോഡ്	1	.700		0.700
	ആകെ	76	10.870	23.294	34.164

പട്ടിക - 2 ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ

ക്രമനമ്പർ	വാർഡ്നമ്പർ	റോഡുകളുടെ പേർ	നീളം കി.മീ	യാത്രാസൗകര്യം
1	1	പെരിങ്ങാടി പള്ളിക്കുനി റോഡ്	.820	ബസ്സ്
2	1	വൈദ്യരവിട - പള്ളിപ്രം റോഡ്	.150	മിനി ലോറി,കാർ
3	2	നടുപുത്തലത്ത് കൊളപ്രത്ത് താഴെ റോഡ്	.150	,,
4	3	തട്ടാരക്കൽ റോഡ്	.150	,,
5	3	പുതിയ റോഡ്	.300	,,
6	4	കല്ലാപുതിയവീട്ടിൽതാഴെ റെയിൽവെ ലൈൻ റോഡ്	.150	,,
7	7	മീത്തലെ പള്ളി - റെയിൽവെ ലൈൻ റോഡ്	.150	,,
8	7	ഇയ്യത്തുങ്കാട് - പാറാൽ റോഡ്	.150	,,
9	8	അഴീക്കൽ ഫെറി റോഡ്	1.000	,,
10	9	കുറിച്ചിയിൽ ബീച്ച് റോഡ്	.150	,,
		ആകെ	3.170	

പട്ടിക. 3

അടിവൃദ്ധിപ്പെടുത്തി ടാർ ചെയ്യേണ്ട പഞ്ചായത്തു റോഡുകൾ (നിലവിലുള്ളത്)

വാർഡ് 1

1.പള്ളിപ്രം- റയിൽവെപാലം റോഡ്

2.പളളിപ്രം- വേലായുധൻ മൊട്ട റോഡ്

(ടാറിട്ടത് കഴിച്ചു ബാക്കി ഭാഗം)

3..പുതിയ പറമ്പത്ത് മന്ത്രവടീക്കൽ റോഡ്

4..റോസ്സ് വില്ല- റയിൽവെ കട്ടിങ്ങ് റോഡ്

5..മിനാർമസ്ജിദ്- മണ്ടബസാർ റോഡ്

6..കല്ലയാണ്ടിപ്പള്ളി-പള്ളിപ്രം റോഡ്

7..കല്ലയാണ്ടി മദ്രസ്സ- റയിൽവെ കട്ടിങ്ങ് റോഡ്

8.പെരിങ്ങാടി- പള്ളിക്കുനി റോഡ്

വാർഡ് 2.

9.വണ്ണാൻ മുക്ക്. പുളിയുള്ളതിൽ പീടിക റോഡ്

10.വില്ലേജ് ഓഫീസ്-സ്പിന്നിങ്ങ് മിൽറോഡ്

11.പുളിയുള്ളതിൽ മുക്ക്- കുടത്തിൽ താഴെ റോഡ്

വാർഡ്. 4

12.പെരുമുണ്ടേരി- ശ്രീനാരായണ മഠം റോഡ്

വാർഡ്. 5

13.സിക്കന്തർ ക്ലബ്ബ് സമീപം (വട്ടക്കണ്ടി പറമ്പ്)

മുതൽ റയിൽവെ ലൈൻ വരെയുള്ള റോഡ്

14.അഴീക്കൽ പള്ളി തുടങ്ങി ഏടന്നൂർ ടാഗോർ ലൈബ്രറി വരെയുള്ള റോഡ്

വാർഡ്.6

15.ഇയ്യത്തും കാട്- ചാലക്കര റോഡ് (പോണ്ടിച്ചേരി സ്റ്റെയിറ്റ് അതിർത്തിവരെ-(ടാർചെയ്തത് കഴിച്ചു ബാക്കി)

16.അരങ്ങിൽ താഴെ- ഭണ്ഡാരം പൊതുവാച്ചേരി റോഡ്

17.അരങ്ങിൽ താഴെ വരപ്രത്ത് കാവ് റോഡ്

18. അരങ്ങിൽ താഴെ- മണിയൂർ താഴെ വയൽ റോഡ് (ചിറമ്മൽ താഴെ വഴി)

19. വിഖിത വീടു തുടങ്ങി മൈദക്കമ്പനി വരെയുള്ള റോഡ്

20. പാറക്കണ്ടി മുക്ക് - മൈദക്കമ്പനി റോഡ്

21.റയിൽവെഗെയിറ്റ്- കരീക്കുന്നുലക്ഷം

വീട് കോളനി റോഡ് (ടാർ ചെയ്തത് കഴിച്ചു ബാക്കി)

22.കരിക്കുന്നു ലക്ഷം വീട് കോളനി- ആച്ചു കുളങ്ങര റോഡ്

23.കുറിച്ചിയിൽ എൽ. പി. സ്കൂൾ. ശ്രീനാരായണമഠം റോഡ് (വീതികൂട്ടി ടാർ ഇടൽ)

24.കുളങ്ങര താഴെ ഫുട്പാത്ത് വീതി കൂട്ടി ടാർ ചെയ്യൽ

വാർഡ്.7.

25.റയിൽവെഗെയിറ്റ് - ജുമാമസ്ജിദ് റോഡ്
(ടാർ ചെയ്യാത്ത ഭാഗം ടാർ ചെയ്യൽ)
26.മാതൃകാ ബസ്സ് ഷെൽട്ടർ- റയിൽവെലൈൻ റോഡ്
26. എ. കിടാരം കുന്ന്- റെയിൽവേ ലൈൻ റോഡ്

വാർഡ്. 8

27.അഴീക്കൽ ഫെറി റോഡ് റീടാർ ചെയ്യൽ
28.പരിമഠം സ്കൂൾ കടപ്പുറം റോഡ് അഭിവൃദ്ധിപ്പെടുത്തി ടാർ ചെയ്യൽ

വാർഡ് 9

29.കുറിച്ചിയിൽ ബീച്ച് റോഡ് (ടാർ ചെയ്യാത്ത ഭാഗം ടാർ ചെയ്യൽ)
30.സിക്കന്തർ ക്ലബ്ബ് ബീച്ച് റോഡ് ടാർ ചെയ്യൽ
31.പട്ടത്തിക്കുന്നു വാട്ടർ ടാങ്ക് റോഡ് ടാർ ചെയ്യൽ
32.സലഫി മദ്രസ്സ മുതൽ മർമെയിഡ് കമ്പനി വരെയുള്ള റോഡ് ടാർ ചെയ്യൽ.

പട്ടിക.4.

നിലവിലുള്ള റോഡുകൾ-അഭിവൃദ്ധിപ്പെടുത്തേണ്ടവ

	വാർഡ് നമ്പർ	റോഡിന്റെ പേര്
1.	2	പുളിയുള്ളതിൽ പീടിക- പനയുള്ളതിൽ പീടിക റോഡ്
2.	3	കല്ലായി അങ്ങാടി- കൊച്ചോത്ത് പീടിക റോഡ്
3	''	.പുതിയ റോഡ്-ഓണിയത്ത് റോഡിൽ സൈഡ് ഡ്രെയിൻ
	''	നിർമ്മിക്കൽ
4.	''	പുതിയറോഡ് കൊമ്മേത്ത് റോഡിൽസൈഡ് ഡ്രെയിൻ നിർമ്മിക്കൽ
5.	''	കൊമ്മോത്ത് പീടീക മുതൽ മമ്മി മുക്ക് വരെ ഉയർച്ച നിരപ്പാക്കൽ
6.	''	മമ്മിമുക്ക് ബസ്സ് ഷെൽട്ടർ പുനർനിർമ്മാണം
7.	''	കൊമ്മോത്ത് പീടകയിൽ ബസ്സ് ഷെൽട്ടർ നിർമാണം.
8.	''	മമ്മിമുക്കിലെ മിനിപാർക്ക് പൊളിച്ചുമാറ്റി റോഡ് സൗകര്യം വർദ്ധിപ്പിക്കൽ
9.	4	പെട്ടിപ്പാലം- ചെറിയത്ത് റോഡ്, പെരുമുണ്ടേരിശ്രീനാരായണ മഠം റോഡുമായി ബന്ധിപ്പിക്കൽ.
10.		മയലക്കരതാഴെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ
11.		ഈച്ചിയിൽ റെയിൽവെലൈൻ റോഡ് മെറ്റൽ ചെയ്യൽ
12.		മണ്ടേൻറവിട താഴെ റോഡ്-മെ റ്റൽ ചെയ്യൽ
13.		നടമ്മൽ- ഈച്ചിയിൽ വായനശാല റോഡ്മെ റ്റൽ ചെയ്യൽ
14.		ഈച്ചിവയൽ വായനശാല കൊമ്മോത്ത് റോഡ്മെ റ്റൽ ചെയ്യൽ

15. ഈച്ചിയാൻ വാട്ടർ ടാങ്ക്-റെയിൽവെ ലൈൻ റോഡ് മെറ്റൽ ചെയ്യൽ

16. കെ. ടി. കുമാരൻ താഴെ- പെരുമുണ്ടേരി മഠത്തിൽ പീടിക റോഡ് മെറ്റൽ ചെയ്യൽ.

17. പെരുമുണ്ടേരി ശ്രീനാരായണ മഠത്തിനു സമീപമുള്ള 100 മീറ്റർ റോഡ് മെറ്റൽ ചെയ്യൽ.

18. പറമ്പത്ത് മുതൽ ചാലിക്കണ്ടി വരെ വീതി കൂട്ടി മെറ്റൽ ചെയ്യൽ

19. കൊളപ്പാൽ ഫുട്പാത്ത് വീതികൂട്ടിമെറ്റൽ ചെയ്യൽ.

20. 4 ചുങ്കം മരക്കമ്പനിക്കുമുൻവശമുള്ള നടപ്പാത വീതി കൂട്ടി മെറ്റൽ ചെയ്യൽ.

21. '' കക്കാട്ട് റോഡ് വീതികൂട്ടി മെറ്റൽ ചെയ്യൽ

22. '' പെട്ടിപ്പാലം മുതൽ മയലക്കര താഴെ റോഡ് വീതി കൂട്ടി മെറ്റൽ ചെയ്യൽ.

23. 5 കിടാരൻവീട്- റെയിൽവെ ലൈൻറോഡിൽസ്റ്റെപ്പ് കെട്ടൽ (ആവശമുള്ളേടത്ത്)

24. '' സിക്കന്തർ ക്ലബ്ബ് മുൻവശത്ത് നിന്ന് റെയിൽ വെലൈൻ വരെ അഭിവൃദ്ധിപ്പെടുത്തൽ.

25. '' എടന്നൂർ ശ്രീനാരായണ മഠത്തിന്നു സമീപം മുതൽ കോറോത്ത് റോഡ് വഴി പെട്ടിപ്പാലം വരെ അഭിവൃദ്ധിപ്പെടുത്താൻ

26. '' സിക്കന്തർ ക്ലബ് ബിച്ച് റോഡ്

27. 7 ഉസ്സൻ മൊട്ട ചവോക്കുന്ന് ഫുട്പാത്ത് അഭിവൃദ്ധിപ്പെടുത്തൽ

28. 8 അഴീക്കൽ പള്ളി മുതൽ എൻ.,എച്ച് വരെയുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തൽ

29. '' അസ്സുനിവാസ് മുതൽ - അഴീക്കൽക്ഷേത്രംവരെയുള്ള വഴി

30 '' ഫിഷിങ് ലാൻറിൻെറ പടിഞ്ഞാറുവശമുള്ള 50 മീറ്റർ റോഡ്

31 '' അഴീക്കൽ കല്ലിന്നടുത്ത 9ാം വാർഡ് അതിർത്തി മുതൽ കൊതോത്തിക്കല്ല് വരെയുള്ള നടപ്പാത

32 '' കൊതോത്തിക്കല്ലിൽ സ്റ്റെപ്പുകൾ കെട്ടി വഴി സഞ്ചാര യോഗ്യമാക്കൽ.

33 '' അഴീക്കൽക്ഷേത്രപരിസരത്ത് നിന്ന് പടിഞ്ഞാറോട്ടുള്ള വഴി സഞ്ചാരയോഗ്യമാക്കൽ

34 9 കുറിച്ചിയിൽ പോസ്റ്റാഫീസ് മുതൽ-കടപ്പുറം റോഡ് വരെയുള്ള ഫുട്പാത്ത്- അഭിവൃദ്ധിപ്പെടുത്തൽ.

പട്ടിക. 5

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

	വാർഡിൻെറ പേര്	റോഡുകളുടെ പേര്
1.	1	പള്ളിപ്രം- വെള്ളേൻറ പൊയിൽ റോഡ്(കുറച്ചു ഭാഗം ശ്രമദാനം വഴി നിർമ്മിച്ചിട്ടുണ്ട്)
3.		കോളോത്തുങ്കണ്ടി- കോവുക്കൽ റോഡ്
4.		ഷമാം- സബീർവില്ല റോഡ്- (മിനാർമസ്ജിദ് വഴി)
5.		പോസ്റ്റാഫീസ്- വേലായുധൻ മൊക്ക
6.		മേൽ റാഡുകളിൽ ബസ്സ് ഷെൽട്ടർ സ്ഥാപിക്കുക.
7.		പള്ളിപ്രം- ഒളവിലം റോഡ്
8.		മാഹി റെയിൽ റോഡ് പുന:സ്ഥാപിക്കൽ
9.		പള്ളിപ്രം-റെയിൽവെ പാലം റോഡിൽ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുക.
10		പണിക്കാണ്ടി താഴെ മുതൽ കവിയൂർവരെ ഫുട്പാത്ത് നിർമ്മിക്കൽ
	2	പെരിങ്ങോടി മാങ്ങോട്ടും കാവുമുതൽ റെയിൽവേഗേറ്റ് വരെ റോഡ് നിർമ്മാണം
		പുളിയുള്ളതിൽ പനച്ചുള്ളതിൽ അറവിലത്ത് പാലം റോഡ്

11 ദ്വീപ് റോഡ്.

12. കൊളുമ്മൽ സ്കൂൾ-പെരിങ്ങാടി കാഞ്ഞിരമുള്ള പറമ്പ് അമ്പലം റോഡ്

13. കവിയൂർ മങ്ങാട് - ദ്വീപ് റോഡ്
പീടിക വാതുക്കൽ- മങ്ങാട് റോഡ്

14. (വാർഡ് 3) അഞ്ഞങ്കണ്ടി റോഡ് നിർമ്മാണം

16. 4 പെരുമുണ്ടേരി ഗ്യാസ് ഹൗസ്സ് ഗോഡൗൺ പിൻവശം റോഡ് നിർമ്മാണം.

17. 5 കിടാരൻ കുന്ന് വർക്ക്ഷോപ്പ് മുതൽ നന്ത്യത്ത് കുന്ന് റോഡ് നിർമ്മാണം

18. '' കിടാരൻ കുന്ന്- ബീച്ച് റോഡ്

19. 6 പോന്തയാട്ട് റോഡ് (പോണ്ടിച്ചേരി അതിർത്തിമുതൽ കുറിച്ചിയിൽ എൽ. പി. സ്കൂൾ വരെ
മണിയൂർ താഴെ വയൽ റോഡ് നിർമ്മിച്ചു താറിടൽ.

20. '' ഇയ്യത്തുങ്കാവടം ശ്രീനാരായണ മഠം -കരീക്കുന്ന് റോഡ് നിർമാണം

21. '' ചിറമ്മൽ താഴെ കുളങ്ങരതാഴെ ഫുട്ട് പാത്ത്

22. '' പാറക്കണ്ടി മുക്ക് മുതൽ കുളവട്ടത്ത് മുക്ക് വരെ

23. '' ഈയ്യത്തുങ്കാട് പാറാൽ റോഡിൽനിന്നു പുത്തമ്പുരം കോളനിയിലേക്ക് ഫുട്ട്പാത്ത്

24. '' കരീക്കുന്ന് താഴെ ഫുട്ട്പാത്ത്

25. '' കോളനിവഴി കുന്നോത്ത് താഴെ ഭാഗത്തേക്ക് ഫുട്ട് പാത്ത്

26. '' മണിയൂർ താഴെ വയലിൽ നിന്നും കൾവർട്ട് വഴി റെയിൽവെ ലൈൻ വരെ ഫുട്പാത്ത്

26. എ. പുത്തമ്പുര കരീക്കുന്ന് കുഴിച്ചാൽ പറമ്പ് അതിരിൽ കൂടി ഇയ്യത്തുങ്കാട് പാറാൽ റോഡ് വരെ

27. '' ഡബിൾ ലൈൻ വരുബോൾ റെയിൽവെ ഗേറ്റ് മുതൽ മേലേക്കണ്ടി മുക്ക് വരെ മാറ്റം
വരികയാമെങ്കിൽ പകരം റോഡ് നിർമ്മിച്ചു താറിടൽ

29 7 ചാവോക്കുന്ന് വർക്ക് ഷാപ്പ് മുതൽ കിഴക്ക് റെയിൽവെലൈൻ വരെ റോഡ് നിർമ്മാണം

30. '' ആലമ്പത്ത് താഴെ നിന്നു മുല്ലോളി വളപ്പിന്നടുത്തുകൂടി റെയിൽവെലൈൻ വരെ ഫുട്ട് പാത്ത് നിർമ്മാണം.

31 '' ബദർ പള്ളിമുതൽ-പള്ളിക്കുന്നവരെ ഫുട്ട് പാത്ത്

32. 8 തൊപ്പിയൻറവിട ഇടവഴി നികത്തി ഫുട്ട് പാത്ത് നിർമ്മാണം.

33 '' എൻ. എഛ്. (മഹൽ വീട്) മുതൽ അഴീക്കൽ കടപ്പുറം വരെ ഫുട്ട് പാത്ത്

34. '' കെ. പി.കുഞ്ഞിമുഹമ്മദ് വായനശാല മുതൽ വാട്ടർടാപ്പ് വരെ ഫുട്ട് പാത്ത്

35. 9 കുറിച്ചിയിൽ ബീച്ച് റോഡ് കടപ്പുറം തെക്കയിൽ ക്ഷേത്രം വരെ നീട്ടൽ

36 '' ആലമ്പത്ത്സ്കൂൾ - കുറിച്ചി കടപ്പുറം ശ്മശാനം വരെയുള്ള വഴി റോഡാക്കി മാറ്റൽ

37. '' ഉസ്സൻമൊട്ട മെർമെയിഡ് റോഡ് കിടാരൻ കുന്നുറോഡുമായി ബന്ധിപ്പിക്കൽ

38. '' എൻ. എച്ച് റോഡിൽ ഉസ്സൻമൊട്ട മുതൽ മാതൃക ബസ് ഷെൽട്ടർ വരെ റോഡ് ഡിവൈഡർ സ്ഥാപിക്കൽ

39. '' കിളച്ച പറമ്പത്ത് റോഡ് ആപ്പീസ് വളപ്പ് വഴി പ്രസ്സ് വളപ്പുവരെ നിർമ്മിക്കൽ.

40. '' സലഫീ മദ്രസ മുതൽ- കിളച്ച പറമ്പത്ത് റോഡുവരെ ഫുട്ട് പാത്ത്

41. '' കുറിച്ചിയിൽ പോസ്റ്റാഫീസ് കടപ്പുറം ഫുട്പാത്തിൽ നിന്ന് കണ്ട്യൻ പറമ്പ് വരെ ഫുട്ട് പാത്ത്

42. കുറിച്ചിയിൽ ബീച്ച് റോഡിൽ നിന്നും കടപ്പുറം ആവി വരെയുള്ള തോട് നികത്തിയോ സ്ലാബ് നിർമ്മിച്ചോ റോഡ് നിർമ്മിക്കൽ.

43. 7. നാഷനൽ ഹൈവെ- ചവോക്കുന്ന് താഴ്വര ഫുട്പാത്ത് കോൺക്രീറ്റിങ്ങ്

44. 7 കുറിച്ചിയിൽ മാർക്കറ്റ്-റെയിൽവെയിൽ വരെ കോൺക്രീറ്റിങ്ങ്

45. 7. മാളിയേക്കൽ- നടമ്മൽ-ഫുട്പാത്ത് നിർമ്മാണം

46. 7. പൂഴിയിൽ കരിയിൽ-ശ്രീരായണ മഠം ഫുട്പാത്ത്

47 . റെയിൽവെ ഡബിൾ ലൈൻ വരുമ്പോൾ മേലാക്കണ്ടി മുക്കിൽ നിന്നും കുറിച്ചിയിൽ മാർക്കറ്റിലേക്കുള്ള പൊതുവഴിയും ബന്ധിപ്പിക്കുന്ന ഒരു ഫുട്ട് പാത്ത് ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.

ഊർജ്ജം

നൂമാഹി പഞ്ചായത്തിൽ വിദ്യുഛക്തി വന്നെത്തുന്നതിന്നു മുമ്പ് ഊർജ്ജത്തിന്റെ ഉറവിടം വിറകും മണ്ണെണ്ണയുമായിരുന്നു. ഭക്ഷ്യവസ്തുക്കൾ പാകം ചെയ്യുന്നതിന് വിറകും വെളിച്ചത്തിന് മണ്ണെണ്ണയുമാണ് ഉപയോഗിച്ചിരുന്നത്. വിറകിനുവേണ്ടി തേൻമാവുകളും, പറങ്കിമാവുകളും, മറ്റു കാട്ടുമരങ്ങളും എല്ലാം വെട്ടിമുറിച്ചു മാറ്റിയിരുന്നു. തേന്മാവുകൾ വാർപ്പ് ആവശ്യത്തിനും വാതിൽ പൊളികൾക്ക് വേണ്ടിയും മുറിച്ചു നീക്കുന്നതുകൊണ്ട് അവയെല്ലാം വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് കരീക്കുന്നിലും, ചവോക്കുന്നിലും, പട്ടത്തിക്കുന്നിലും, മറ്റും സുലഭമായിരുന്ന പറങ്കി മാവുകൾ ഇപ്പോൾ ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു. വിദ്യുഛക്തി വന്നതോടുകൂടി മണ്ണെണ്ണയുടെ ഉപയോഗം കുറയുകയും വീടുകൾ വൈദ്യുതീകരിക്കപ്പെടുകയും ചെയ്തു. ഇപ്പോൾ പാചക ആവശ്യത്തിനാണ് ഏറെയായും മണ്ണെണ്ണ ഉപയോഗിക്കുന്നത്.

പാചക ആവശ്യങ്ങൾക്ക് ഗ്യാസിന്റെ ഉപയോഗം സാർവത്രികമായി വരുന്നുണ്ടെങ്കിലും, ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ ഇപ്പോഴും മണ്ണെണ്ണയേയും വിറകിനേയും തന്നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ഈർച്ച മില്ലുകൾ കുറവായതുകൊണ്ട് ഈർച്ചപ്പൊടി ഉപയോഗിച്ചുള്ള അടുപ്പുകളുടെ ഉപയോഗവും കുറവാണ്.

പഞ്ചായത്തിൽ മൊത്തം ആൾ താമസമുള്ള 2658 വീടുകളിൽ 768 എണ്ണം ഇനിയും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. അതായത് 29 ശതമാനം. പഞ്ചായത്തിൽ വൈദ്യുതി ലൈൻ ഇനിയും എത്തിയിട്ടില്ലാത്ത ഭാഗങ്ങളുമുണ്ട്. അടുത്ത പദ്ധതിയിലെ ആദ്യവർഷം തന്നെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കേണ്ടതുണ്ട്. അങ്ങിനെ പഞ്ചായത്തിലെ ബാക്കിയുള്ള എല്ലാ വീടുകളിലും വൈദ്യുതികണക്ഷൻ നൽകേണ്ടതാണ്.

പഞ്ചായത്തിൽ തെരുവ് വിളക്കുകൾ വേണ്ടത്ര ഇല്ലാത്ത ഒട്ടേറെ റോഡുകളും, നടപ്പാതകളും ഇടവഴികളുമുണ്ട്. നിലവിലുള്ള വിളക്കുകൾ തന്നെ പലതും കത്തുന്നില്ലെന്ന പരാതിയുമുണ്ട്. പഞ്ചായത്തിലെ വിദ്യുഛക്തിയുടെ വോൾട്ടേജ് നില അത്യന്തം ശോചനീയമാണ്. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഈ പ്രശ്ന പരിഹരിക്കേണ്ടതുണ്ട്. ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിന്നുവേണ്ടി വൈദ്യുതി ലൈനുകളിൽ തട്ടുന്ന ചില്ലകളും, തെങ്ങോലകളും, അപ്പപ്പോൾ മുറിച്ചു നീക്കുന്നതിനുള്ള സംവിധാനവും ആവശ്യമാണ്. ലൈൻമേൻമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തേണ്ടതാണ്. ഒന്നിടവിട്ട പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ വേണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിലെ വ്യാവസായിക മേഖലകളിൽ എല്ലായിടത്തും 3 ഫേസ് ലൈനുകൾ നീട്ടേണ്ടതുമാണ്. വൈദ്യുതി സംബന്ധിച്ച സ്ഥിതി വിവരകണക്കുകളും, നടപ്പാക്കേണ്ടുന്ന പദ്ധതികളുടെ ലിസ്റ്റും താഴെ ചേർക്കുന്നു.

(പട്ടിക 1,2 കാണുക)

പട്ടിക - 1

സ്ഥിതി വിവര കണക്ക്

1. നിലവിലുള്ള തെരുവ് വിളക്കുകൾ

എ) സാധാരണബൾബ്	- 232
ബി) സോഡിയം വേപ്പർ ലാമ്പ്	- 33
സി)ഫ്ലോറസൻറ് ലാമ്പ്	- 11
ഡി) മറ്റുള്ളവ	- 14
ആകെ	290

2 നിലവിലുള്ള ഉപഭോക്താക്കൾ

എ) ഗാർഹികം	2812
ബി) വ്യാപാരം	255
സി)വ്യാവസായികം	33
ഡി)കാർഷികം	8
ആകെ	3108

പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്ത ശതമാനം - 71%

4 നിലവിലുള്ള ട്രാൻസ് ഫോർമറുകൾ

1. പെരിങ്ങാടി
2. ജമീല സൊമിൽ
3. മേഫീൽ ഡ് കമ്പനി
4. കല്ലായി
5. ന്യൂ മാഹി
6. പെരുമുണ്ടേരി
7. പി. എച്ച്. ഇ.ഡി - 1
8. പി. എച്ച്. ഇ.ഡി - 2
9. കൊമ്മോത്ത്
10. പൊതുവാച്ചേരിവയൽ
11. പുന്നോൽ കേബിൾ
12. കുറിച്ചിയിൽ
13. ഉസ്സൻ മൊട്ട

5. തെരുവ് വിളക്ക് ഇനത്തിൽ

എ) പഞ്ചായത്തിൻെര പ്രതിവർഷ ചിലവ്	- 52,884.00
ബി)പഞ്ചായത്ത് വരുമാനത്തിൻെറ ശതമാനം	- 9.17 %

പട്ടിക. 2

വാർഡ് . 1

1. പള്ളിപ്രം - വേലായുധൻ മൊട്ടറോഡിൽ ഉത്തക്കണ്ടി മുതൽ ഒതയോത്ത് മുക്ക് വരെ വൈദ്യുതി നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ.
2. കല്ലാണ്ടിപ്പള്ളി- പള്ളിപ്രം റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
3. പള്ളിപ്രം- വെള്ളേൻറവിട പൊയിൽ റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
4. പുതിയ പറമ്പത്ത് - മന്ത്രവടീക്കൽ റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
5. ന്യൂമാഹി- ഒളവിലം, അതിർത്തിയിൽ സോഡിയം വേയിപ്പർ ലാമ്പ് സ്ഥാപിക്കൽ
6. പള്ളിപ്രം റയിൽവെപ്പാലം റോഡിൽ സോഡിയം വെയിപ്പർ ലാമ്പ് സ്ഥാപിക്കൽ്യ
7. ശ്രീ വാണുകണ്ാ കോവിലകം ക്ഷേത്രം സമീപത്ത് സോഡിയം വെയിപ്പർ ലാമ്പ് സ്ഥാപിക്കൽ
8. പള്ളിപ്രം സ്കൂൾ പരസരത്ത് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ
9. ഷെമാം, സബീർവില്ല, മിനാർ മസ്ജിദ്, പൊതുവഴിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ.
10. കേളോത്ത് കണ്ടി- കാവുക്കൽ റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ.

വാർഡ് 2.

11.തെരുവ് വിളക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
12.മാങ്ങോട്ട് വയൽ പ്രദേശത്ത് ട്രാൻസ് ഫോമർ സ്ഥാപിക്കൽ

വാർഡ് 3.

13.കൊമ്മോത്ത് പീടികയിൽ ട്രാൻഫോമർ സ്ഥാപിക്കൽ
14.കൊമ്മേത്ത് ബസ്സ് സ്റ്റോപ്പിൽതെരുവ് വിളക്ക് സ്ഥാപിക്കൽ
15.മമ്മി മുക്കിൽ ചെരിപ്പ് കമ്പനിക്കെടുത്തുള്ളട്രാൻസ്ഫോമർ അറ്റകുറ്റപ്പണി നടത്തൽ.
16.റെയിൽ വെപ്പാലം പരിസരത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ.

വാർഡ്. 4

17.ആവശ്യമുള്ള സ്ഥലങ്ങളിൽ ലൈൻ നീട്ടൽ
18.ലൈനിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ.

വാർഡ്. 5

19.നന്ത്യത്ത് കുന്ന്- എടന്നൂർറെയിൽഭാഗത്ത് വിദ്യുഛക്തി എത്തിക്കൽ

വാർഡ്6.

20. ശ്രീരായണ മഠം മുതൽ കരീക്കുന്ന് വരെയുള്ള വഴിയിൽ തെരുവ് വിളക്ക്സ്ഥാപിക്കൽ
21. റയിൽവെഗെയിറ്റ്-കരീക്കുന്ന്ലക്ഷം വീട് കോളനിയിലേക്കും അതിൻെറ കിഴക്കുഭാഗത്തുള്ള റോഡിലും തെരുവ് വിളക്ക് സ്ഥാപിക്കൽ.
22. ശ്രീനാരയണ മഠം മുതൽ കുറിച്ചിയിൽ എൽ. പി. സ്കൂൾ വരെയുള്ള വഴിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ.

23. പാറക്കണ്ടി മുക്ക് മുതൽ- കുഞ്ഞിപ്പുരയിൽ മുക്ക് വരെ ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ
24. ചിറമ്മൽ താഴ മുതൽ മൈദകമ്പനിവരെയുള്ള ലൈനിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
25. പാറക്കണ്ടി മുക്ക് മുതൽ മൈദകമ്പനി വരെ തെരുവ് വിളക്ക് സ്ഥാപിക്കൽ
26. മണിയൂർ താഴവയൽ- പോണ്ടിച്ചേരി അതിർത്തിവരെ ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ.
27. പാലിക്കണ്ടി പറമ്പ് പീടിക മുതൽ കരീക്കുന്ന് വരെ ലൈൻ വലിച്ചു തെരുവ് വിളക്ക് സ്ഥാപിക്കൽ
28. ഇയ്യത്തുങ്കാട് -പാറാൽ റോഡിൽ നിന്നു പുത്തൻ പുര കോളനിവരെ ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ.
29. പുത്തൻപുര കോളനിയിൽ കുടിർജ്യോതി പദ്ധതി നടപ്പിലാക്കൽ.

വാർഡ്. 7

30. ഉസ്സൻമൊട്ട മുതൽ ചവോക്കുന്ന് പ്രദേശം വരെ തെരുവ് വിളക്ക് സ്ഥാപിക്കൽ.
31. ചവോക്കുന്ന് പ്രദേശത്ത് 3 ഫെയിസ്സ് ലൈൻ സ്ഥാപിക്കൽ.
32. കരീക്കുന്ന് റോഡിൽ 3 ഫെയിസ്സ് ലൈൻ സ്ഥാപിക്കൽ.
33. റെയിൽവെ ഗെയ്റ്റ് മുതൽ മീത്തൽ ജമ-അത്ത് പള്ളിവരെ 3 ഫേയ്സ് ലൈൻ സ്ഥാപിക്കുക.
34. മാതൃകാ ഷെൽട്ടർ മുതൽ റെയിൽവെലൈൻ വരെ 3 ഫേസ് ലൈൻ സ്ഥാപിക്കുക.
35. കിടാരം കുന്ന് റെയിൽവെ ലൈൻ റോഡിൽ 3 ഫേസ് ലൈൻ സ്ഥാപിക്കൽ

മേൽപറഞ്ഞ എല്ലാ ലൈനുകളിലും ആവശ്യമുള്ളിടത്ത് തെരുവുവിളക്ക് സ്ഥാപിക്കുക.

വാർഡ്. 8

36. അഴീക്കൽ കുഞ്ഞിമുഹമ്മദ് വായനശാലതുടങ്ങി കൊതോത്തിവരെ ലൈൻനീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ
37. പരിമഠം ക്ഷേത്രം തുടങ്ങി കൊതോത്തികല്ലുവരെ ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ
38. കൊതോത്തി കല്ലിന്നടുത്ത് സ്വകാര്യവ്യക്തിയുടെ സ്ഥലത്തുള്ള പോസ്റ്റ് പൊതുവഴിയിലേക്ക് മാറ്റി 39. സ്ഥപിക്കൽ.
39. അഴീക്കൽ ക്ഷേത്രത്തിലേക്കുള്ള വഴിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ.
40. തൊപ്പിയൻറവിട ഇടവഴിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
41. അഴീക്കൻ ഫിഷറീസ്സ് ജെട്ടിയിൽ 2 സോഡിയം വെയിപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
42. കുഞ്ഞിമുഹമ്മദ് വായനശാലമുതൽ അഴീക്കൽ പള്ളിവരെ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
43. അഴീക്കൽ മത്സ്യ മാർക്കറ്റിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ.

വാർഡ്. 9

44. പട്ടത്തിക്കുന്ന് പ്രദേശത്ത് ട്രാൻഫോമർ സ്ഥാപിക്കൽ
45. മർമെയിഡ് കമ്പനി പ്രദേശത്ത് സോഡിയം വെയിപ്പർ ലാമ്പ് സ്ഥാപിക്കൽ
46. കുറിച്ചിയിൽ കടപ്പുറത്ത് സോഡിയം വെയിപ്പർ ലാമ്പ് സ്ഥാപിക്കൽ
47. സിക്കന്തർ-ബീച്ച് റോഡിലും, വാട്ടർ ടാങ്ക് റോഡിലും തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
48. മെർമെയിഡ് റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ.

മാർക്കറ്റ്

ഒരു പ്രദേശത്ത്താമസിക്കുന്ന മുഴുവൻ ആളുകൾക്കും ആവശ്യമായ നിത്യോപയോഗസാധനങ്ങളുടെ ലഭ്യത അനായാസമാക്കിതീർക്കുകയാണല്ലോ ആ പ്രദേശത്തെ മാർക്കറ്റ് കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പലചരക്കുകളും മറ്റും വില്കപ്പെടുന്ന കടകൾ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കാണാമെങ്കിലും മത്സ്യം, മാംസം തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ സ്ഥിതി അതല്ല. പഞ്ചായത്തിന്റെ ഏതെങ്കിലും ഒരു കോണിൽ മാത്രമാണ് മാർക്കറ്റുകൾ കാണുന്നത്. ന്യൂമാഹി പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം രണ്ടേ രണ്ട് മാർക്കറ്റുകൾ മാത്രമാണ് നിലവിലുള്ളത്. പ്രധാന മാർക്കറ്റായ അഴീക്കലി ലേയും, മറ്റൊന്ന് കുറിച്ചിയിലേയും. അഴീക്കൽ മാർക്കറ്റ് പഞ്ചായത്തിന്റെ വകയുള്ളതാണ്. കുറിച്ചിയിൽ മാർക്കറ്റ് സ്വകാര്യവ്യക്തി നടത്തുന്നതും. അഴീക്കലിൽ നിലവിലുള്ള മാർക്കറ്റിന്നു പകരം പുതുതായി ഒരു മാർക്കറ്റ്-കം - ഷോപ്പിങ്ങ് കോംപ്ലക്സ് പണി തീർന്നു ഉൽഘാടനം കാത്തിരിപ്പാണ്. എന്നിരുന്നലും ഇന്നത്തെ ആവശ്യം പരിഗണിച്ച് പ്രസ്തുത മാർക്കറ്റ് അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള പഴയ മാർക്കറ്റ് നവീകരിച്ച് വിപുലീകരിക്കേണ്ടത് ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമായേക്കും.

ഇവിടെ മാഹി പാലം മുതൽ ഫിഷിങ്ങ് ലാൻറ് വരെയുളഴ്ള പൊതു നിരത്ത് ഈ മാർക്കറ്റിൽ കൂടിയാണ് കടന്നുപോകന്നത്. ഇന്നത്തെ അവസ്ഥ ഉപഭോക്താക്കൾക്കും യാത്രക്കാർക്കും ഒരു പോലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ആയത് പരിഹരിക്കാനുള്ള ബദൽ മാർഗ്ഗം കാണേണ്ടതുണ്ട്.

കുറിച്ചിയിൽ നിലവിലുള്ള മത്സ്യമാർക്കറ്റ് വളരെ ചെറുതാണ്. അഴീക്കലിലെ പോലെ തന്നെ ഇവിടേയും പ്രത്യേകമായ മാംസ മാർക്കറ്റ് ഇല്ല. കഴിഞ്ഞ അരനൂറ്റാണ്ടിന്നുമുമ്പുള്ള സ്ഥിതിയിൽ തന്നെയാണ് കുറിച്ചിയിലെ മാർക്കറ്റ് ഇപ്പോഴും. തൊട്ടടുത്ത തലശ്ശേരി മുൻസിപ്പാലിറ്റിയിൽ നിന്നും, മറ്റിടങ്ങളിൽ നിന്നും ഈ പഞ്ചായത്തിലേക്കുള്ള ജനങ്ങളുടെ ഒഴുക്ക് കാരണം ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കൊണ്ട് ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.അതിനാൽ നിലവിലുള്ള മാർക്കറ്റ് വിപുലീകരിക്കേണ്ടതുണ്ട്. സ്വകാര്യ വ്യക്തിക്ക് നടത്തിപ്പ് വീട്ടുകൊടുക്കുന്നതിന്നുപകരം പഞ്ചായത്ത് തന്നെ നേരിട്ടു ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്.

നിലവിലുള്ള രണ്ട് മാർക്കറ്റുകളഉം കടലോരപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത് ഗ്രാമത്തിന്റെഉൽഭാഗത്തുള്ളവരുടെ സൗകര്യം മുൻനിർത്തി മറ്റൊരുമാർക്കറ്റ് കൂടി പരിഗണിക്കാവുന്നതാണ്. 2ാം വാർഡിൽ നിന്നും ഇങ്ങിനെ ഒരാവശ്യം ഉയർന്നുവന്നിട്ടുണ്ട്.

പച്ചക്കറി കൃഷി ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റികൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു പച്ചക്കറി വിപ്ലവം തന്നെ അടുത്ത പദ്ധതികാലത്ത് ലക്ഷ്യമിട്ടിരിക്കുകയാണല്ലോ. സ്വന്തം ആവശ്യത്തിന്നു മാത്രമല്ല, പഞ്ചായ്ത്തിന്ന് മുഴുവൻ വേണ്ടത്രയും പച്ചക്കറികൾ ഉൽപാദിപ്പിക്കുവാൻ ശ്രമം നടക്കുന്ന സ്ഥിതിക്ക് മാർക്കറ്റുകളിൽ കൂടിയുള്ള അവയുടെ വിതരണവും ലക്ഷ്യമാക്കേണ്ടതാണ്.അതിനും കൂടിയുള്ള സൗകര്യങ്ങൾ മാർക്കറ്റുകളിൽ ഏർപ്പെടുത്തേണ്ടതുണ്ട്. ആഴ്ചചന്തകൾ ഈ കാര്യത്തിൽ വളരെയേറെ സഹായകരമായിരിക്കും. ഗ്രാമീണ സ്വയം തൊഴിൽ പദ്ധതി മുഖേനയും, ചെറുകിട വ്യവസായ യൂണിറ്റുകൾ മുഖേനയുമുള്ള ഉല്പനങ്ങൾ ഇത്തരം മാർക്കറ്റുകളിൽ കൂടി വിറ്റഴിക്കാവുന്നതാണ്. മാർക്കറ്റ് സംബന്ധിച്ച ആവശ്യങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക

വാർഡ് നമ്പ്ര്	ആവശ്യങ്ങൾ
1	ആഴ്ച ചന്ത സ്ഥാപിക്കണം
2	പൊതു മാർക്കറ്റ് സ്ഥാപിക്കണം
5	.ആഴ്ച ചന്ത സ്ഥാപിക്കണം
7	കുറിച്ചിയിൽ ഒരു ആഴ്ച ചന്ത സ്ഥാപിക്കണം കുറിച്ചിയിലെ മത്സ്യ മാർക്കറ്റ് പഞ്ചായത്ത് ഏറ്റെടുത്ത് വിപുലീകരിച്ച് പൊതുമാർക്കറ്റായി മാറ്റുകയോ അല്ലെങ്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുകയോ വേണം.

സംസ്കാരം

കടന്നുവന്ന വഴികളിൽ നിന്ന് പിന്തിരിഞ്ഞ് നോക്കിയാവും ഓരോ സമൂഹവും തങ്ങളുടെ മുന്നോട്ടുള്ള പാത തിരഞ്ഞെടുക്കുന്നത്. എന്നാൽ കടന്നുവന്ന വഴികളെ നിഷേധിച്ചുകൊണ്ട് പാശ്ചാത്യമായ എന്തിനെയും സ്വീകരിക്കുക എന്ന കേവല ലക്ഷ്യത്തിന് പ്രാമുഖ്യം നല്കുന്ന പുത്തൻ തലമുറ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ദുരന്തപൂർണ്ണമായ നീക്കിബാക്കിയാവുന്നുവെന്നത് കേരളത്തിന്റെ ഏതൊരു പ്രദേശത്തെപ്പോലെയോ അതിലേറെയോ ന്യൂമാഹി പഞ്ചായത്തിനേറെയും പ്രശ്നമായിരിക്കുന്നു.

ഒരു നാടിന്റെ സംസ്ക്കാരമെന്നത് അവിടെ ജീവിച്ചിരുന്ന മഹദ്വ്യക്തികളുടെ ജീവചരിത്രമായും അവിടെനിലവിലുണ്ടായിരുന്ന ഭരണക്രമം, ആചാരങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവയായും ബന്ധപ്പെട്ടുകിടക്കുന്നു. ഇങ്ങനെ പരിശോധിക്കുമ്പോൾ ഫ്രഞ്ച് അധിനിവേശത്തിനും അവരുടെ പിൻവാങ്ങലിനുമിടയിലുള്ള ചരിത്രസ്പർശിയായ നിരവധി സംഭവപരമ്പരകൾക്ക് സാക്ഷ്യം വഹിച്ച മയ്യഴിപ്പുഴയോരത്തെ ഈ കൊച്ചു ഗ്രാമം സമ്പന്നമായ ഒരു സാംസ്കാരിക ചരിത്രത്തിന്റെ ഭണ്ഡാരമെന്നതന്നെ വിശേഷിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന്റെ പൂർവ്വകാലം സമീപപ്രദേശങ്ങളായ പുന്നോൽ, ചൊക്ലി, ചാലക്കര തുടങ്ങിയ പ്രദേശങ്ങളുമായി കെട്ടു പിണഞ്ഞുകിടക്കുന്നു. ഇത് മയ്യഴിപ്പുഴയുടെ വടക്കെക്കരമുതൽ വടക്കോട്ടു ഏതാണ്ട് തലശ്ശേരി മുനിസിപ്പൽ ലിമിറ്റ് വരെയും പടിഞ്ഞാറ് അറബിക്കടൽ മുതൽ കിഴക്ക് കവിയൂർ അതിർത്തി വരെയും വ്യാപിച്ചു കിടക്കുന്നു.

1. സമുദായഘടന:

ഭൂരിപക്ഷം സ്ഥലവാസികളും ഇസ്ലാം മതത്തിൽപെടുന്നു. ഇവർ അധ്വാനശീലരും പൊതുവെ പറഞ്ഞാൽ സമ്പന്നരും ലളിതമനസ്കരുമാണ്. എണ്ണത്തിൽ ഇവർക്കുതാഴെ ഹിന്ദുക്കളും പിന്നെ വിരലിലെണ്ണാവുന്ന ക്രിസ്ത്യൻ കുടുബങ്ങളുമാണ്. തലശ്ശേരിയിൽ നിർഭാഗ്യത്തിന് ഏതാണ്ടൊരു വർഗീയലഹളയെന്നു പറയാവുന്ന സംഭവം ഉണ്ടായപ്പോൾ മുൻസിപ്പൽ ലിമിറ്റിന് തെക്കു അതു പടരാതെ കാത്തു സൂക്ഷിച്ച മഹത്തായ സാംസ്കാരിക ഉണർവും മതസൗഹാർദ്ദമാതൃകയും ഞങ്ങളുടെ പഞ്ചായത്തിന്റെ മാത്രം സ്വകാര്യമായ അഭിമാനമാണ്.

2. രാഷ്ട്രീയ ഘടന:

തുടക്കത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സും, പിന്നീട് അവിഭക്ത കമ്മ്യൂണിസ്റ്റു പാർട്ടിയും മുസ്ലീം ലീഗും, പ്രജാസോഷ്യലിസ്റ്റ് പാർട്ടിയും പിന്നെപ്പിന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി (മാർക്സിസിസ്റ്റും) കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇന്ത്യയും, സംഘടനാ കോൺഗ്രസ്സും, കോൺഗ്രസ്സ് എസ്സും, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും, ഇന്ത്യൻനാഷനൽ ലീഗും, ബി. ജെ.പി.യും ജനതാദളും ഞങ്ങളുടെ കക്ഷിരാഷ്ട്രീയ ബോധത്തിന്റെ നിദർശകങ്ങളാണ്. ഇതിൽ ചില പാർട്ടികൾ തമ്മിൽ ചിലപ്പോൾ ഉദിക്കുന്ന ദുർനക്ഷത്രത്തിൻ കീഴിൽ ഒരു തരം മാർജ്ജാരശുനകബന്ധമാണുണ്ടായിരുന്നതെന്ന കാര്യം മറച്ചുവയ്ക്കുന്നില്ല. എന്തെന്നാൽ അതൊക്കെ ഞങ്ങൾക്കു പഠിക്കേണ്ട പുസ്തകങ്ങളുടെ ഏടുകളാണ്. ചിലപ്പോൾ രാഷ്ട്രീയ കൊലപാതകങ്ങൾ വരെ ഉണ്ടായി എന്ന കാര്യം ഞങ്ങൾ ജാള്യത്തോടെ ഓർമിക്കുന്നു. ഈ ഓർമകളുടെ അസ്വാസ്ഥ്യം ഞങ്ങളുടെ ഭാവിയിലെ ദിശ നിർണയിക്കുന്നു. നമുക്കു വരും തലമുറയോടു ഉത്തരം പറയേണ്ടതുണ്ടല്ലോ.

3. മതഘടന:

ആരാധനാലയങ്ങളുടെ പെരുപ്പം മതബോധത്തിന്റെ സൂചികയായിട്ടെടുക്കാമെങ്കിൽ ഞങ്ങൾക്കതു വേണ്ടത്രയുണ്ട്. പെരിങ്ങാടിയിലും പരിസരത്തും തന്നെ കല്ലിലാണ്ടി മുസ്ലീം പള്ളി, മസ്ജിദ് മിനാർ, വയലക്കണ്ടി പള്ളി, സിദ്ദിഖ് പള്ളി, പെരിങ്ങാടി ജുമാ മസ്ജിദ്, ഉപ്പാലക്കണ്ടി പള്ളി, ഉപ്പലത്ത് പള്ളി, കല്ലായി അങ്ങാടി പരിസരത്ത് കല്ലാപ്പള്ളി, അങ്ങാടിപ്പള്ളി, പിന്നെ വടക്കോട്ടു മാടോൾ പള്ളി ,എടോൾ പള്ളി, ഏടന്നൂർ ജുമാ മസ്ജിദ്,കുറിച്ചിയിൽ ദേശത്തെ സലഫീ മസ്ജിദ്, മൊഹിയുദ്ദീൻ പള്ളി, അഴീക്കൽജുമാമസ്ജിദ് മയലക്കരപള്ളി, തുടങ്ങിയവ മുസ്ലീം ആരാധനാലയങ്ങളാണ്. ഇവയിൽ സലഫീമസ്ജിദിലും പെരിങ്ങാടി സിദ്ദീഖ് പള്ളിയിലും ആരാധനയിൽ മുസ്ലീം സ്ത്രീകൾക്കും പങ്കെടുക്കാം. പള്ളികളിൽ മത പ്രസംഗ പരമ്പരകളും നബിദിനാഘോഷവും മറ്റു സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നു.

ഹൈന്ദവ ക്ഷേത്രങ്ങളിൽ വാണിയണ്ടി കോവിലകം, കരിയാട് മഠം ക്ഷേത്രം, മാങ്ങോട്ടുംകാവ്, കാഞ്ഞിരമുള്ളതിൽ ഭഗവതി ക്ഷേത്രം, പരിമഠം ശ്രീ ദുർഗാക്ഷേത്രം വരപ്രത്ത് കാവ് തുടങ്ങിയവ സാംസ്കാരിക പരിപാടികളോടെ അനുഷ്ഠാന പ്രധാനമായ ആരാധന നടത്തുന്ന ക്ഷേത്രങ്ങളാണ്. ഇവയിൽ പരിമഠം ക്ഷേത്രം അതിപുരാതനമായി കരുതപ്പെടുന്നു. ക്ഷേത്രച്ചുമരുകൾ കുമ്മായമുപയോഗിക്കാതെ കല്ലുകൾ തമ്മിൽ ഉരസി വായുവടക്കമാക്കി കെട്ടിപ്പടുത്തവയാണെന്ന വിശേഷവും ഒരുപക്ഷെ കേരളത്തിൽ തന്നെ ദുർല്ലഭമാണ്. പിന്നെ കുറുങ്ങോട്ട് തടത്തിൽ കുഞ്ഞിച്ചാത്തു എന്ന വലിയ നായർ നാടുവാഴിയുടെ ആസ്ഥാനമായ കുറിച്ചി കുന്നിലെ കൊട്ടാരവും ഒണ്ണൂറ നാൽപത് (നാൽപതിന് ഒന്ന് കുറവ്) തിറകളാടിയ കരോൽക്ഷേത്രവും നാമാവശേഷമായിരിക്കുകയാണ്. അക്കരമാഹിയിലെ ക്രിസ്തീയ ദേവാലയമായ സെൻറ് തെരേസാസ് ചർച്ചിലെ പെരുന്നാൾ ന്യാമാഹിക്കാരായ ഞങ്ങൾക്ക് സ്വന്തം പോലെയാണ്. വടക്കുള്ള തലശ്ശേരി ജഗന്നാഥ ക്ഷേത്രവും ഉൽസവവും ഞങ്ങളുടേതുകൂടിയാണ്.പ്രസ്തുത ക്ഷേത്രത്തിനോടു അഫിലിയേറ്റു ചെയ്ത അഞ്ചു ശ്രീനാരായണ മഠങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവ സംസ്കാര സുരഭിലമായ പരിപാടികൾ നടത്തി മതസൗഹാർദ്ദത്തിന്റെ വെന്നിക്കൊടി പറത്തുന്ന സ്ഥാപനങ്ങളാണ്. ഇയ്യത്തുംകാട്, പെരുമുണ്ടേരി, അഴീക്കൽ, ഏടന്നൂർ ശ്രീനാരായണ ഗുരുമഠങ്ങൾ ചതയദിനാഘോഷങ്ങൾ, ഗുരുസമാധി എന്നിവയോടൊപ്പം മാനവസൗഹൃദത്തിന്റെ സന്ദേശങ്ങളുയർത്തിപ്പിടിക്കുന്ന ഒട്ടേറെ കലാ സാംസ്കാരിക വിദ്യാഭ്യാസ പ്രവത്തനങ്ങൾക്ക് നേതൃത്വം നല്കിക്കൊണ്ട് ഗ്രാമത്തിൽ സജീവ സാന്നിദ്ധ്യം വിളിച്ചോതുന്നു.

ദേശീയ പ്രസ്ഥാനത്തിലൂടെ:

ദക്ഷിണ റെയിൽവേയും, എൻ. എച്ച്. 17 ദേശീയ പാതയും ഞങ്ങളുടെ ഗ്രാമത്തിലൂടെ കടന്നുപോകുന്നു. ഇതു വഴി ദേശീയ പ്രസ്ഥാനത്തിന്റെ രോമാഞ്ച ജനകമായ മുന്നേറ്റങ്ങൾക്ക് ഞങ്ങളും സാക്ഷികളായിരുന്നിട്ടുണ്ട്. ഗാന്ധിജിയും, വിനോബാജിയും, കെ. കേളപ്പനും, ഈ ഗ്രാമത്തിൽ സഞ്ചരിച്ചിട്ടുണ്ട്. തലശ്ശേരി കടപ്പുറത്തെ അബുചാത്തുക്കുട്ടി രക്തസാക്ഷിത്വ ഭൂമിയിൽ ന്യൂമാഹിക്കാരും ഉണ്ടായിരുന്നു. മാഹി വിമോചന സമരക്കാരുടെ പടത്താവളമായിരുന്നു ന്യൂമാഹി. ഈ സമരത്തിൽ ഭീകരമർദ്ദനം ഏറ്റുവാങ്ങി നിത്യരോഗിയായി കാലം ചെയ്ത പി. കെ. ഉസ്മാൻ മാസ്റ്റർ കുടുംബം സൃഷ്ടിച്ചതിവിടെയാണ്. ഇ. എം. എസ്. ഒളിവ് ജീവിതകാലത്ത് ഇവിടെയും തങ്ങിയിട്ടുണ്ട്.

നിരവധി സ്വാതന്ത്ര്യ സമരഭടന്മാർ ന്യൂമാഹിയെ സജീവമാക്കിയിട്ടുണ്ട്. അക്കാലത്ത് അന്തരിച്ച പൊന്നമ്പത്ത് അബൂബക്കർ അക്കൂട്ടത്തിൽപെടുന്നു. കുനിയിൽ കൃഷ്ണൻ വാർധക്യത്തിലും യുവാക്കളിൽ അസൂയ വളർത്തികൊണ്ട് ഗ്രന്ഥാശാല പ്രസ്ഥാനത്തിന്റേയും, ശ്രീ. ജഗന്നാഥക്ഷേത്രത്തിന്റേയും സ്വാതന്ത്ര്യസമരഭടന്മാരുടെ സംഘടയുടെയും മറ്റും സജീവ പ്രവർത്തകനായി രോഗാവസ്ഥയിലും പ്രവർത്തിക്കുന്നത് ഞങ്ങൾക്ക് വാത്സല്യം നിറഞ്ഞ അനുഭവമാണ്. ഞങ്ങളുടെ അയൽക്കാരനായ സി.എച്ച്. കണാരൻ ഞങ്ങൾക്കിന്നും ഒരു സജീവസാന്നിദ്ധ്യമാണ്. പ്രസിദ്ധമായ ചെറുകല്ലായി വിമോചനസമരത്തിൽ രക്തസാക്ഷിത്വം വരിച്ച അനന്തൻ അച്ചു ഈ ഗ്രാമത്തിന്റെ വീര സ്മരണയാണ്. എ. കെ. ജി. ഈ ഗ്രാമത്തിൽ നിന്നുകൊണ്ടാണ് പ്രസ്തുത സമരത്തിന് നേതൃത്വം കൊടുത്തത്. ഫ്രഞ്ച് വിമോചന സമരത്തിൽ പങ്കഅകാളിയായ തളിയാൻകണ്ടി അച്ചുതൻ പരിമഠത്തുകാരനാണ്.

5.പത്രങ്ങൾ, പത്രപ്രവർത്തനം, സാഹിത്യം, കല

പ്രശസ്ത നോവലിസ്റ്റും, ചെറുകഥാകൃത്തും മാഹിക്കാരനുമായ എം. മുകുന്ദൻ ഞങ്ങളുടെ ഗ്രാമത്തിലെ ഏടന്നൂർ വായനശാലയുടെ മാനസപുത്രനാണ് .മാഹിക്കാരനും പത്രപ്രവർത്തകനും സാഹിത്യകാരനുമായ സി.എച്ച്. ഗംഗാധരൻ ഞങ്ങളുടെ ഗ്രാമത്തിന്റെ ചരിത്രം പഠിച്ചവരിൽ ഒരാളാണ്. കെ. പി. കുഞ്ഞിമ്മൂസ്സ (ചീഫ്സബ്ബ് എഡിറ്റർ, ചന്ദ്രിക ദിനപത്രം) കെ. പി. സി.കെ. അലി (ചന്ദ്രിക), സി.ദാസൻ മാഹി (മലയാള മനോരമ) അകാലത്തിൽ അപകടമരണമടഞ്ഞ സി. എച്ച്. ഹരിദാസ് (മാതൃഭൂമി) രാഘവൻ ഇയ്യത്തുങ്കാട് (കവിത, കഥ, നിരൂപണം) ഇതിൽ സി. എച്ച്. ഹരിദാസ് '' പ്രതിഭാ സംഗമം' എന്ന പേരിൽ വിവിധ ആധുനിക കഥാകൃത്തുക്കളുടെ കഥകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെ. പി.കുഞ്ഞിമ്മൂസ (ഈത്തപ്പഴത്തിന്റെ നാട്ടിൽ') എന്ന ഒരു യാത്രാ വിവരണ ഗ്രന്ഥവും മധുരിക്കും ഓർമകൾ' എന്ന ന്യൂമാഹിയെ ക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്മൃതികൾ നിറഞ്ഞ ഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാഘവൻ ഇയ്യത്തുങ്കാട് കവിതയിൽ ഒരു വെളിപാടു പുസ്തകം' എന്ന പേരിൽ കുഞ്ഞുണ്ണിക്കവിതകളെക്കുറിച്ച് ഒരു പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു,മാതൃഭൂമി, മലയാളമോരമ, ദേശാഭിമാനി, ചന്ദ്രിക, മാധ്യമം, കേരളകൗമുദി, ശബാബ്, ദീപിക, പടയണി, എന്നീ ദിനപത്രങ്ങളും മിക്ക വാരികകളും മാസികകളും ഇവിടെ പ്രചാരത്തിലുണ്ട്.

കലാ സാംസ്കാരികര മണ്ഡലത്തിൽ എങ്ങും പ്രശസ്തനായ ശ്രീ. എം.വി.ദേവൻ ന്യൂമാഹി എം. എം. ഹൈസ്കൂളിന്റെ സംഭാവനയാണെന്ന് ഞങ്ങൾ അഭിമാനത്തോടെ അവകാശപ്പെടുന്നു. പുരോഗമന സാഹിത്യകാരനും, കവിയുമായ കവിയൂർ രാജപോഗാലൻ നമ്മുടെ ഗ്രാമത്തിന്റെ സജീവ സാന്നിദ്ധ്യമാണ്.

6. സാംസ്കാരിക സ്ഥാപനങ്ങൾ

അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളായി 1950 കാലത്തു സ്ഥാപിച്ച ജയപ്രകാശ് വായനശാലകുറിച്ചിയിൽ ഇക്ബാൽ മെമ്മോറിയൽ ലൈബ്രറി കുറിച്ചിയിൽ (ഇപ്പോൾ ഈ സ്ഥാപനങ്ങൾ ഇല്ല) ആറായിരത്തോളം പുസ്തകങ്ങളും പുറമെ ശിശു കോർണർ, റഫറൻസ് പുസ്തകങ്ങൾ എന്നിവയുള്ള ഏടന്നൂരിലെ ടാഗോർ മന്ദിരം ലൈബ്രറി, (ഇവിടെ കളർ. ടി. വി. സൗകര്യം ഉണ്ട്) കല്ലായി അങ്ങാടിയിലെ റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ലൈബ്രറി , യുവതരംഗം ആർട്സ് കുറിച്ചിയിൽ യങ്ങ് , പയനീയേർസ് ലൈബ്രറി, ഇയ്യത്തുങ്കാട് മഠത്തിലെ വിവേകോദയം ലൈബ്രറി എന്നിവ നില നിൽക്കുന്നു. ഇവയി ൽപലതും വായനശാലകളുമാണ്. പെരിങ്ങാടി ഗ്രാമീണ വായനശാല സ്മരണീയമാണ്.

പെരിങ്ങാടിയിലും ഇയ്യത്തുങ്കാട്ടിലും കലാസാംസ്കാരിക പരിപാടികളുടെ അരങ്ങേറ്റത്തിനായി ഓരോ കമ്മ്യൂണിറ്റി ഹാളുകൾ ഉണ്ട്. മുമ്പ് സൂചിപ്പിച്ച വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പലതിലും രാത്രികാലത്ത് വയോജന വിദ്യാഭ്യാസ പരിപാടികൾ നടന്നിരുന്നു.അടുത്ത കാലത്തു നവസാക്ഷരതയുടെ പ്രവർത്തന കേന്ദ്രങ്ങളും ഇവയായിരുന്നു. പെൺകുട്ടികൾക്കു നൃത്ത പരിശീലനവും വിദ്യാർത്ഥികൾക്കു പ്രസംഗ പരിശീലനവും മറ്റും നടത്താറുണ്ടായിരുന്നു.

7. പലവക സ്ഥാപനങ്ങൾ:

മുമ്പു ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്ന മഹിളാ സമാജങ്ങൾ തുന്നൽ പരിശീലന ക്ലാസ്സുകളും മറ്റും നടത്തിയിരുന്നു. വിശ്വകർമ സമിതി എന്ന പേരിൽ ഒരു സാംസ്കാരിക സ്ഥാപനം ഉണ്ട്. കുറിച്ചിയിൽ കടലോരത്തു സമീപകാലത്തു അരയ സമുദായത്തിൻെറ വകയായി ഒരു ക്ഷേത്രം സ്ഥാപിതമായിട്ടുണ്ട്. ഇവിടെ വർഷം തോറും സാംസ്കാരിക പരിപാടികൾ അരങ്ങേറുന്നു. കുറിച്ചിയിൽ ഒരു സംഗീത ക്ലാസ്സ് നടത്തുന്നുണ്ട്. പുരോഗമന കലാസാഹത്യ സംഘംശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. കേരള കൾചറൽ ക്ലബ്ബ്സിക്കന്തർ സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ്, പെരിങ്ങാടിയിലെ യുവതരംഗംആർട്സ്, അഴീക്കൽ യങ്ങ് മെൻസ് അസോസിയേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. നളന്ദ കലാകേന്ദ്രം ഇന്നില്ല. ജാസ്മിൻ കലാനിലയം അ ക്ഷരസാംസ്കാരിക വേദി എന്നിവപ്രവർത്തിച്ചിരുന്നു. രാഷ്ട്രീയ കക്ഷികളുടെ പോഷകസംഘടനകൾ പ്രബലമാണ്. ഗ്രാമദീപം, യുവത, ക്രസൻറ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ഇസ്ലാമിക് സെൻറർ, ഒളവിലം സ്പോർട്സ് ക്ലബ്ബ്, റിലീഫ് ഭവൻ, പെരിങ്ങാടി യൂത്ത് കോൺഗ്രസ്സ് ക്ലബ്ബ്, കല്ലായി ശ്രീനാരായണ മഠം വായനശാല-പെരുമുണ്ടേരി, സ്ട്രൈക്ക് വെൽ-ഏടന്നൂർ, കുഞ്ഞാലി സ്പോർട്സ് ക്ലബ്ബ് ഏടന്നൂർ,കെ. പി. അബൂബക്കർ സ്പോർട്സ് കുറിച്ചിയിൽ ഇസ്ലാമിക്സെൻറർ പരിമഠം, അബൂബക്കർ സ്മാരക പഠന കേന്ദ്രം കുറിച്ചിയിൽ തുടങ്ങിയവ ഇവിടെ പ്രവർത്തിച്ചു വരുന്നു.

സമരങ്ങൾ:, പ്രതിഷേധങ്ങൾ

മുസ്ലീം സമുദായത്തിൽ നിലനില്ക്കുന്ന അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വിവാഹ ധൂർത്തിനും മറ്റും എതിരെ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് കുറിച്ചിയിലെ സലഫി സെൻറർ. ഇത് ആതുരശുശ്രൂഷാരംഗത്തും മററു് സാമൂഹ്യ സാംസ്കാരിക മേഖലകളിലും പ്രവർത്തിക്കുന്നു. ഇവിടെ സ്ഥാപിക്കാനിരുന്ന മെറ്റൽ ക്രഷർ വ്യവസായത്തിന്നെതിരെ പരിസരമലിനീകരണ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ധർണകളുംസമരങ്ങളും നടന്നിട്ടുണ്ട്

സാംസ്കാരിക ജീർണ്ണതക്കെതിരേയും മദ്യഷാപ്പിന്നെതിരെയും ഉസ്സൻ മൊട്ട പ്രദേശത്ത് ഗാന്ധിയൻ പ്രവർത്തകയായ വാഴയിൽ നാരായണി ടീച്ചറുംട നേതൃത്വത്തിൽ മുസ്ലീം വനിതകൾ സമരം നടത്തിയിട്ടുണ്ട്.

നേതാക്കൾ- മഹാരഥന്മാർ

കെ. കെ.കുഞ്ഞിക്കണ്ണൻമാസ്റ്റർ വി. കെ.അച്യുതൻ, വി. പി. കൃഷ്ണൻ, എൻ. വി.ചന്തു വൈദ്യർ, എൻ. ആർ. കെ. കണ്ണൻ, വള്ളിയിൽ അബ്ദുൾഖാദർ ഹാജി എന്നിവർ ദേശീയ പ്രസ്ഥാനത്തിൽ സജീവപങ്കു വഹിച്ചവരിൽ പ്രമുഖരാണ് കണ്ണങ്കണ്ടിയിൽ കൃഷ്ണൻ നായർ എ. കെ. ഗോപാലൻ, എം.പ. ഇസ്മയിൽ, എടോളിൽ ഉമ്മർഹാജി, എകരത്ത് അബൂബക്കർ മാസ്റ്റർ എന്നിവർ യഥാക്രമം കോൺഗ്രസ്സ്,കമ്മ്യൂണിസ്റ്റ്, മുസ്ലീംലീഗ് എന്നിവയുടെ പ്രമുഖ പ്രവർത്തകരായിരുന്നു. ശ്രീ.വി.പി. വാസു, ദേവൻ, എ.കെ. വാസുദേവൻ., കെ . മാധവക്കുറുപ്പ്, മണിയാട്ട് ഉമ്മർ ഹാജി തുടങ്ങിവയർ ഹിന്ദുമുസ്ലീം മൈത്രി നിലനിർത്തുന്നതിൽ പങ്കു വഹിച്ചിട്ടുണ്ട്. ശ്രീ. കെ.പി. അബ്ദുൾ മജീദ് സമുദായ മൈത്രിയുടെ പ്രതീകവും വായനയുടെ ലോകത്ത് എതിരറ്റവനും, കുറിച്ചിയിൽ ഗ്രാമത്തിന്റെ ആധികാരിക ചരിത്രം എഴുതി പ്രസിദ്ധീകരിച്ചയാളുമാണ്. അത്മഹത്യയിലൂടെ ജീവിതം എറിഞ്ഞുടച്ച യുവാവായ കരിയിൽ ചന്ദ്രൻ യംഗ് പയനീർസ് ക്ലബ് ആൻറ്ലൈബ്രറിയുടെയും പുരോഗമനകലാസാഹിത്യ സംഘത്തിന്റെയും പ്രവത്തകനായിരുന്നു. രാജധാനി എന്ന പത്രത്തിന്റെ പ്രാരംഭ പ്രവത്തനങ്ങൾ നടത്തി അകാലത്തിൽ പൊലിഞ്ഞുപോയ സി. ചന്ദ്രൻ, അപകരടമരണമടഞ്ഞ കുഞ്ഞിക്കണ്ടി അബ്ദുഖാദർ, ജ്യേഷ്ഠൻ പോക്കുട്ടി, എന്നിങ്ങനെമതസൗഹാർദ്ദപ്രവത്തന രംഗത്ത് തിളങ്ങിയവർ വേറെയുമുണ്ട്. തങ്ങളുടെ അരുമമക്കൾക്ക് ഹിന്ദുഛായയുള്ള പേരുവിളിക്കുന്ന മുസ്ലീം കുടുംബങ്ങളും അതുപോലെ മുസ്ലീം പേരു കൾ വിളിക്കുന്ന ഹിന്ദു കുടുംബങ്ങളും ഈ ഗ്രാമത്തിൽ കാണാം. മാതൃകാപരമായി ജീവിതം നയിച്ച നിരവധി ശിഷ്യപരമ്പരകളാൽ സമ്പന്നനായ എൻ. അബുമുസ്ല്യാർ ദീർഘകാലം പുന്നോൽ മുസ്ലീം ജമാ- അത്ത് ഖത്തീബായിരുന്നു. മുസ്ലീം ജമാ- അത്തിന് കീഴിൽ മദ്രസ്സാ പഠനം കുറ്റമറ്റരീതിയിൽ ആരംഭിക്കാൻ നേതൃത്വം നൽകിയത് അബു മുസ്ല്യാരാണെന്നുള്ളത് സ്മരണീയമാണ്.

പരേതനായ കെ. വി. കേളുപ്പണിക്കർ (ജ്യോതിഷവും സംസ്കൃതവും) എ. കെ. നാരായണൻ വൈദ്യർ (ആര്യവൈദ്യൻ) കുഴിച്ചാലിൽ നാരായണി ടീച്ചർ (സ്കൂൾ മാനേ ജർ) ഗ്രാമത്തിലെ ആദ്യത്തേതും അതിപുരാതനമായ എൽ. പി. സ്കൂൾ സ്ഥാപിച്ച അപ്പ ഗുരിക്കൾ, ഇന്നേക്കു നിലച്ചുപോയ തോറ്റം പാട്ടുകളുടെ വായ്മൊഴി പാരമ്പര്യത്തിന്റെ അവസാന കണ്ണികളായ രാമൻപണിക്കരും മകൻ ആണ്ടി പണിക്കരും, കൂറ്റേരി വീട്ടിൽ നാരായണൻ നായർ മാസ്റ്റർൽ (ഇദ്ദേഹമാണ് ഗ്രാമത്തിലെ ആദ്യത്തെ കട്ട്റോഡ് നിർമാണത്തിനായി ഏകനായി തേൃത്വം കൊടുത്തത്)

കടത്തനാടൻ സമ്പ്രദായത്തിലുള്ള കളരി നടത്തിയിരുന്ന കണാരി ഗുരിക്കളുടേയും , കൃഷ്ണൻ ഗിരിക്കളുടേയും ശിഷ്യപരമ്പരകൾ ഈ പ്രദേശത്തുണ്ട്. അതുപോലെ പി. നാരായണൻ നായർ, അമ്മിണി ടീച്ചർ ഇവരും പ്രാഥസ്മരണീയരായ ഗുരുശ്രേഷ്ഠന്മാരാണ്. പ്രസിദ്ധ കാർഡിയോളജിസ്റ്റായ ഡോ. എ. പി. അഹ്മദ് ന്യൂമാഹിയുടെ സന്താനമാകുന്നു. കായികരംഗത്ത് താരങ്ങളായിരുന്ന അബ്ദുറഹിമാൻ, കുഞ്ഞാലി, കുഞ്ഞാമു തുടങ്ങിയവരെ ന്യൂമാഹിയിലെ എം. എം. ഹൈസ്കൂളിന് അവകാശപ്പെടാം.വ്യാപാരി വ്യവസായി ഏകോപന സമിതി മാതൃകാപരമായ സേവനം കാഴ്ച വെച്ച ഒരു പ്രദേശമാണ് ന്യൂമാഹി. സംസ്ഥാനത്ത് ആദ്യമായി വ്യാപാരികൾക്ക് പലിശ രഹിത വായ്പ നല്കി റിക്കാർഡ് സൃഷ്ടിച്ചത് ന്യൂമാഹി വ്യാപാരി വ്യവസായി സംഘടനയാണ്. സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗത്തും അവർ വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്. ആർ. വി. കുഞ്ഞിക്കണ്ണൻ നായർ കല്ലായി അങ്ങാടിയിലും, ആനകുഞ്ഞിമൂസ്സാ ന്യൂമാഹിയിലും, നന്ദ്യത്ത് അടിയേരി ചാത്തു കുറിച്ചിയിലും, പഴയ വ്യാപാരികളായിരുന്നു.

വർത്തമാനകാലത്തെ പ്രശ്നങ്ങൾ

പ്രാചീന ഗോത്ര സമൂഹത്തിന്റെ സാമൂഹ്യാവബോധം തുളുമ്പുന്ന തോറ്റം പാട്ടുകളും വടക്കൻ പാട്ടുകളും നാട്ടിപ്പാട്ടുകളും അരവു പാട്ടുകളും മാപ്പിളപ്പാട്ടുകളും അന്യം നിന്നുപോയിരിക്കുന്നു.
ലൈബ്രറികളിൽ അമൂല്യമായ ഗ്രന്ഥങ്ങൾ കൈവരിൽ സ്പർശമേൽക്കാതെ തുരുമ്പിക്കുന്നു. ഒരു കാലത്തു

രാഷ്ട്രീയ പ്രബുദ്ധമായിരുന്ന നമ്മുടെ ന്യൂമാഹി, അക്കരമാഹിയിലെ മദ്യ പ്രളയത്തിൽ മുങ്ങുന്നു.

ചാരായ നിരോധനത്തിന്റെ ഗുണഫലങ്ങൾ ന്യൂമാഹി പഞ്ചായത്തിനു നിഷേധിക്കപ്പെട്ടിരിക്കുന്നു. വിവാഹം ഗൃഹനിർമ്മാണം, തുടങ്ങിയവ തീർത്തും ധൂർത്തായിരിക്കുന്നു. നമ്മുടെ പഞ്ചായത്തിന് ഒരു സാംസ്കാരിക നിലയമില്ല. സാക്ഷരതാ രണ്ടാം ഘട്ട പരിപാടി നിലച്ചു. ജനവിദ്യാകേന്ദ്രങ്ങൾ ഇല്ല. നാടൻകായിക വിനോദങ്ങൾ ക്രിക്കറ്റിനു വഴി മാറിക്കൊടുത്തിരിക്കുന്നു. നമ്മുടേത് ഒരു സബ്-അർബർ പഞ്ചായത്താണ്. വടക്കു തലശ്ശേരി പട്ടണത്തിനും തെക്കു മാഹി പട്ടണത്തിനും ഇടയിൽ ഞെരുങ്ങി നമ്മുടെ പഞ്ചായത്തിൽ കന്യാ പാകത്തിലുള്ള ഗ്രാമീണത നഷ്ടപ്പെട്ടുകൊണ്ടേരിയിരിക്കു. ഗൾഫ് പണത്തിന്റെ ചെറിയൊരംശം പോലും നമ്മുടെ ഗ്രാമത്തിന്റെ പൊതു ക്ഷേമത്തിനായി തിരിച്ചു വിടപ്പെടുന്നില്ല. പഞ്ചായത്തിൽ തൊഴിൽ സാധ്യതകളുള്ള ചെറുകിട വ്യവസായങ്ങളില്ല. കലാകായിക രംഗങ്ങളിൽ അനാസ്ഥപ്രകടമാണ്. പ്രതിഭകളെ കണ്ടു പിടിച്ചു വളർത്തിയെടുക്കുന്നില്ല. പഞ്ചായത്തിൽ പൊതു ശ്മശാനമില്ല. കുട്ടികൾക്ക് കളിച്ച് വളരാൻ സ്പോർട്സ് ഗ്രൗണ്ടില്ല. കായികരംഗം നിശ്ചേതനമാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരെയില്ലാത്ത പഞ്ചായത്താണിത്. പഞ്ചായത്ത് വായനശാലകളെ ശ്രദ്ധിക്കുന്നില്ല. തൻമൂലം പണ്ടുണ്ടായിരുന്ന പല വായനശാലകളും നശിച്ചുപോയിരിക്കുന്നു. പല വാർഡുകളഇലും വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.

പരിഹാര മാർഗ്ഗങ്ങൾ

1. കലാ സാംസ്കാരിക സംഘടനകളെ പ്രോത്സാഹിപ്പിച്ചു നാടൻകലകളും മറ്റും അവ മുഖേന വളർത്തിയെടുക്കുക. അവയെ സംഗീതനാടക അക്കാദമിയുമായി ബന്ധപ്പെടുത്തുവാൻ വേണ്ടതു ചെയ്യുക. അവക്കു സാമ്പത്തിക സഹായം ലഭ്യമാക്കുക.
2. ലൈബ്രറി സൗകര്യം പ്രയോജനപ്പെടുത്തുന്നവരെ പ്രോത്സാഹിപ്പിക്കുക. ഏറ്റവും നന്നായി ഉപയോഗപ്പെടുത്തുന്നവർക്ക് അവാർഡ് നൽകുക.
3. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സാംസ്കാരികമായ കടന്നുകയറ്റത്തെ കടിഞ്ഞാണിടുക.
4. മദ്യനിരോധ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
5. പഞ്ചായത്തിൽ മദ്യചികിത്സാകേന്ദ്രം സ്ഥാപിക്കുകയോ സമീപത്തുള്ള മദ്യചികിത്സാ കേന്ദ്രത്തിന്റെ സേവനം ുപയോഗപ്പെടുത്തുകയോ ചെയ്യുക.
6. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം ഉടനെ പൂർത്തിയാക്കുക.
7. സ്കൂളുകളിൽ കായിക പരിശീലനത്തിന് ഉപകരണങ്ങൾ സംഭാവന ചെയ്യുക.
8. അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക.
9. രാഷ്ട്രീയ പ്രവത്തനങ്ങളെ മാനുഷവൽക്കരിക്കുക.
10. സ്പോർട്സ് ഗ്രൗണ്ട് ഉണ്ടാക്കുക.
11. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.
12. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമെങ്കിലും ആരംഭിക്കുകര.
13. ലൈബ്രറികളെ നോക്കാൻ ഗ്രന്ഥശാലാ സംഘങ്ങളുണ്ട്. പക്ഷെ വായനശാലകളിൽ പത്രിമാസികകൾ ലഭ്യമാക്കാൻ പഞ്ചായത്ത് വേണ്ടതു ചെയ്യുക. സമ്പന്നരുടേയോ സന്നദ്ധസംഘടനകളുടേയോ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താൻ കഴിയും.
14. ഒരു വാർഡിൽ ഒരു വായനശാലയെങ്കിലും സംഘടിപ്പിക്കാൻ പഞ്ചായത്ത് മുൻ കൈയ്യെടുക്കണം.
15. ആരോഗ്യകരമായ സാംസ്കാരിക ബോധം വളർത്തിയെടുക്കാൻ പഞ്ചായത്തു മെമ്പർമാർ പകവും മാതൃകാപരവുമായ ജീവിതം നയിക്കുക.
16. കേരളോത്സവം പോലുള്ള പരിപാടികളിൽ സ്കൂൾ കുട്ടികൾക്കായി മത്സരം ഏർപ്പെടുത്തുക.
17. വിവാഹ ധൂർത്ത് അവസാനിപ്പിക്കുക.
18. പൊതു ശ്മശാനം സ്ഥാപിക്കുക.
19.. മൺമറഞ്ഞ ഗ്രാമീണ കായിക വിനോദങ്ങളേയും, നാടൻ ഗോത്രങ്ങളേയും പുനരുജ്ജീവിപ്പിക്കുക.

പട്ടിക.1
നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ

ക്ര.ന.	പേരും വിലാസവും	കെട്ടിട വിവരം	അഫിലിയേഷൻ ചെയ്തിട്ടുണ്ടോ	പ്രവർത്തന ലക്ഷ്യങ്ങൾ
1	ഒളവിലം സ്പോർട്സ് ക്ലബ്ബ്	വാടക		കലാ-കായിക പ്രവർത്തനങ്ങളിൽ പ്രോത്സാഹനം നൽക
2	പള്ളിപ്രം സ്പോർട്സ് ക്ലബ്ബ്	വാടക		
3	യുവതരംഗം ആർട്സ് &സ്പോർട്സ് പെരിങ്ങാടി		കേരള സംഗീത നാടക അക്കാദമി	കലയിലും, കായിക രംഗത്തും യുവതലമുറയെ വളർത്തിയെടുക്കൽ
4	റീലീഫ് ഭവൻ, പെരിങ്ങാടി	സ്വന്തം കെട്ടിടം		ആതുരശുശ്രൂഷ, സാമൂഹ്യ സാംസ്കാരിക രംഗം എന്നിവയിൽ പ്രവർത്തിക്കൽ
5	ക്രസന്റ് ആർട്സ് ആൻഡ് സ്പോർട്സ് , പെരിങ്ങാടി	വാടക		യുവജനങ്ങൾക്ക് സ്പോർട്സിൽ അഭിരുചി വളർത്തൽ
6	ഗ്രാമദീപം കലാസമിതി , പെരിങ്ങാടി	വാടക		കലാ,സാംസ്കാരിക രംഗത്ത് പ്രോത്സാഹനം നൽകൽ
7	ഗ്രാമീണ വായനശാല	സ്വന്തം കെട്ടിടം		വായനാ ശീലം വർദ്ധിപ്പിക്കൽ
8	റെഡ് സ്റ്റാർ സ്പോർട്സ് , ലൈബ്രറി, ന്യൂമാഹി	വാടക	ഗ്രന്ഥ ശാലാ സംഘം	സ്പോർട്സ്, കല, വായനശീലം, എന്നിവ വളർത്തൽ
9	യൂത്ത് കോൺഗ്രസ്സ് ക്ലബ്ബ്, കല്ലായി, ന്യൂമാഹി	വാടക		സാംസ്കാരിക രംഗത്തെ അഭിവൃദ്ധി
10	ശ്രീനാരായണ മഠം വായനശാല, പെരുമുണ്ടേരി	സ്വന്തം കെട്ടിടം		സാംസ്കാരിക രംഗത്തെ അഭിവൃദ്ധി
11	അഴീക്കൽ യംങ് മെൻസ് മുസ്ലീം അസോസിയേഷൻ	സ്വന്തം കെട്ടിടം		സാംസ്കാരിക രംഗത്തെ അഭിവൃദ്ധി, വായനാശീലം വളർത്തൽ
12	സർഗ്ഗ സാംസ്കാരിക വേദികുറിച്ചിയിൽ	വാടക		സാംസ്കാരിക രംഗത്തെ അഭിവൃദ്ധി
13	സിക്കന്തർ ആർട്സ് ക്ലബ്ബ് കിടാരൻ കുന്ന്	വാടക		വായനാശീലം വളർത്തുക, സാംസ്കാരിക രംഗത്തെ അഭിവൃദ്ധി
14	സ്ട്രൈക്ക് വെൽ എടന്നൂർ			കലാകായിക രംഗത്തെ പ്രോത്സാഹനം
15	ടാഗോർ സ്മാരക ലൈബ്രറി ആൻഡ് റീഡിങ്ങ് റും	സ്വന്തം കെട്ടിടം	ഗ്രന്ഥശാലാ സംഘത്തിൽ റജിസ്ട്രർ ചെയ്തിട്ടുണ്ട്	കലാ സാംസ്കാരിക രംഗത്തെ പ്രോത്സാഹനം, വായനാശീലം വളർത്തൽ
16	വിവേകോദയം ഗ്രന്ഥാലയം - കുറിച്ചിയിൽ	സ്വന്തം കെട്ടിടം		വായനാശീലം വളർത്തൽ, കലാ സാംസ്കാരിക രംഗത്തെ പ്രോത്സാഹനം
17	കുഞ്ഞാലി സ്മാരക സ്പോർട്സ് ക്ലബ്ബ് ഏടന്നൂർ	വാടക		കായിക രംഗത്ത് യുവതലമുറയെ സൃഷ്ടിക്കൽ
18	യംങ് പയനീർസ്, കുറിച്ചിയിൽ	വാടക		യുവതലമുറയ്ക്ക് കലാ-കായിക രംഗത്ത് പോഷണം നൽകൽ
19	സലഫി സെൻറർ കുറിച്ചയിൽ	സ്വന്തം കെട്ടിടം		സാമൂഹ്യ സാംസ്കാരിക രംഗത്തെ ഉയർച്ച
20	ബങ്കർ സ്പോർട്സ് ക്ലബ്ബ് കുറിച്ചിയിൽ	വാടക		സ്പോർട്ട് രംഗത്തിൽ യുവതലമുറയുടെ വളർച്ച
21	ഇസ്ലാമിക് സെൻറർ, കുറിച്ചിയിൽ	വാടക		വായനാശീലം വളർത്തുക.
22	അബൂബക്കർ സ്മാരക പഠന കേന്ദ്രം, കുറിച്ചിയിൽ	വാടക		സാമൂഹ്യ സാംസ്കാരിക രംഗത്തെ ഉയർച്ച
23	ഇസ്ലാമിക് സെൻറർ, പരിമഠം	വാടക		വായനാശീലം വളർത്തുക
24	പാട്യം സ്മാരക മന്ദിരം അഴീക്കൽ	വാടക		കലാ, കായിക രംഗത്തെ വികസനം

പട്ടിക. 2

	മുസ്ലീം പള്ളികൾ	ദേശം
1	കല്ലിലാണ്ടി മുസ്ലീം പള്ളി	പെരിങ്ങാടി
2	മസ്ജിദ് മിനാർ	പെരിങ്ങാടി
3	വയലക്കണ്ടി പള്ളി	പെരിങ്ങാടി
4	സിദ്ദിഖ് പള്ളി	പെരിങ്ങാടി
5	പെരിങ്ങാടി ജുമാ മസ്ജിദ്	പെരിങ്ങാടി
6	ഉപ്പാലക്കണ്ടി പള്ളി	പെരിങ്ങാടി
7	ഉപ്പലത്ത് പള്ളി	പെരിങ്ങാടി
8	കല്ലാപള്ളി	കല്ലായി ചുങ്കം
9	അങ്ങാടി പള്ളി	കല്ലായി അങ്ങാടി
10	മാടോൾ പള്ളി	മാഹിപാലം
11	എടോൾ പള്ളി	പരിമഠം
12	ഏടന്നൂർ ജുമാ മസ്ജിദ്	ഏടന്നൂർ
13	ബദർ മസ്ജിദ്	പുന്നോൽ (കുറിച്ചിയിൽ)
14	സലഫീ മസ്ജിദ്	കുറിച്ചിയിൽ
15	മൊഹിയുദ്ദീൻ പള്ളി	കുറിച്ചിയിൽ
16	അഴീക്കൽ ജുമാ മസ്ജിദ്	അഴീക്കൽ
17	മയലക്കര പള്ളി	പെരുമുണ്ടേരി
18	ഉസ്സൻ സറാമ്പി	കല്ലായ് റോഡ്

പട്ടിക. 3

	ക്ഷേത്രങ്ങൾ, കാവുകൾ	ദേശം
1	വാണിയണ്ടി കോവിലക ക്ഷേത്രം	മാങ്ങാട്
2	കരിയാട് മഠം ക്ഷേത്രം	മാങ്ങാട്
3	മാങ്ങോട്ടും കാവ്	പെരിങ്ങാടി
4	കാഞ്ഞിരമുള്ളതിൽ ഭഗവതി ക്ഷേത്രം	പെരിങ്ങാടി
5	ശ്രീ ദുർഗ്ഗാ ക്ഷേത്രം	പരിമഠം
6	ശ്രീ തെക്കയിൽ ദേവി ക്ഷേത്രം	കുറിച്ചിയിൽ കടപ്പുറം
7	ശ്രീവരപ്രത്ത് കാവ്	പഞ്ചായത്ത് അതിർത്തിയിൽ ചാലക്കര

മലയാള കലാഗ്രാമം

കലകളുടെ തീർത്ഥക്കര

കലകളുടെ സമർപ്പിത ശാന്തിസ്ഥലിയായി മയ്യഴിപ്പുഴയോരത്തെ മലയാള കലാഗ്രാമം മാറിയിരിക്കുന്നു. പിറവിയെടുത്തിട്ട് മൂന്ന് വർഷം തികഞ്ഞിട്ടില്ലെങ്കിലും കലാഗ്രാമത്തെക്കുറിച്ച് അറിയാത്ത മലയാളികൾ വിരളമായിരിക്കും. കലയുടെ തീർത്ഥാടന കേന്ദ്രമായ ഇവിടം സന്ദർശിക്കാത്ത കലാകാരൻമാരും സാഹിത്യകാരൻമാരും നന്നെ ചുരുക്കം.

നൃത്തം, സംഗീതം, അഭിനയം, ചിത്ര–ശിൽപ്പകല, കരകൗശല വസ്തുക്കളുടെ നിർമ്മാണം, യോഗ, സംസ്കൃതം, തുടങ്ങിയവയിലെല്ലാം ഇവിടെ കുട്ടികൾക്കും മുതിർന്നവർക്കും പരിശീലനം നൽകുന്നുണ്ട്. ഫോട്ടോ ഗ്രാഫിയിലും സംഗീത വാദ്യോപകരണങ്ങളിലും പരിശീലനം നൽകാനുള്ള നടപടികളാരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന് പുറമെ വിവിധ കലാ വിഭാഗങ്ങളിൽ ക്യാമ്പുകളും, ശിബിരങ്ങളും, ഗവേഷണങ്ങളും നടത്തിവരുന്നു. പഠിതാക്കൾക്ക് സ്കോളർഷിപ്പും നൽകിവരുന്നു.

ആധുനിക രീതിയിലുള്ള ഓഡിറ്റോറിയവും, ആർട്ട് ഗാലറിയും, ഹോസ്റ്റലും. അതിഥിമന്ദിരവും, സ്റ്റുഡിയോകളും, അതിവിശാലമായ പരിശീലന കോംപ്ലക്സും കാൻറീനുമുള്ള ഈ സ്ഥാപനത്തിൽ ലൈബ്രറി ആൻറ് റിസർച്ച് സെൻററും ഉൽഘാടനം ചെയ്തിട്ടുണ്ട്. പ്രതിമാസ പരിപാടികളുമായി മകം ഫിലിം സൊസൈറ്റിയും 'മകം ആർട്ട് ക്ലബ്ബും ' സജീവമായി പ്രവത്തിച്ചുവരുന്നു.

സുപ്രസിദ്ധ പണ്ഡിതനും കവിയും നിരൂപകനുമായിരുന്ന എം. ഗോവിന്ദൻെറ സ്മരണക്കായി, ധനാഢ്യനും ഉദാരമതിയുമായ അദ്ദേഹത്തിൻെറ ശ്രേഷ്ഠ സുഹൃത്ത് ശ്രീ. എ. പി. കുഞ്ഞിക്കണ്ണൻ പണികഴിപ്പിച്ച മലയാള കലാഗ്രാമം ഈ ഗ്രാമത്തെ അസൂയാവഹമായ ഔന്നത്യത്തിലെത്തിച്ചിരിക്കുന്നു. ബുദ്ധിജീവികളും വിദ്യാസമ്പന്നരും സാധാരണക്കാരും ചേർന്ന ഒരു കൂട്ടായ്മക്ക് അവസരം കൊടുത്താലേ പ്രസ്തുത സ്ഥാപനത്തിൻെറ പ്രഖ്യാപിത ലക്ഷ്യം നേടാൻ കഴിയുകയുള്ളൂ. കലകളുടെ ഒരു പറുദീസയായി അതു മാറുമെന്ന് നമുക്കാശിക്കാം. വെറും രണ്ടുവർഷം മാത്രം പ്രായമായ കലാഗ്രാമത്തിന് ഇനിയും സമയമുണ്ടല്ലോ.

□□□

080

സഹകരണം

കേരളത്തിലെ സഹകരണ മേഖല വളർന്നു പന്തലിച്ചു നിൽക്കുന്ന ഒരു മഹാ പ്രസ്ഥാനമായി മാറിയിരിക്കയാണ്. 1969 മെയ് മാസം 16 ാം തീയ്യതി മുതൽക്കാണ് നിലവിലുള്ള സംസ്ഥാന സഹകരണ നിയമം പ്രാബല്യത്തിൽ വരുന്നത്. ജനകീയാസൂത്രണത്തിന്റെ ഈ ഘട്ടത്തിൽ സഹകരണ പ്രസ്ഥാനത്തിന് അനിഷേധ്യമായ പ്രാധാന്യം ഉണ്ട്. വളരെ വിശാലമായ സംസ്ഥാനത്തെ സഹകരണമേഖലയിൽ വിവിധ തരം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 3 ക്രെഡിറ്റ് സംഘങ്ങൾ, രണ്ട് വ്യവസായ സംഘങ്ങൾ, രണ്ട് വനിതാ സഹകരണ സംഘങ്ങൾ, രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ, രണ്ട് മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ എന്നിവയടക്കം മൊത്തം 11 സഹകരണ സ്ഥാപനങ്ങളാണുള്ളത്.

ക്രെഡിറ്റ് സംഘങ്ങൾ

ക്രെഡിറ്റ് സംഘങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ 1. പുന്നോൽ സർവ്വീസ് സഹകരണ ബേങ്ക്.2. തലശ്ശേരി കോ: ഓപ്പ് ടൗൺ ബേങ്ക്, ന്യൂമാഹി ശാഖ (3) കണ്ണൂർ ജില്ലാ സഹകര?ണ ബേങ്ക് ന്യൂമാഹി ശാഖ എന്നിവയാണ്. ഇതിൽ പുന്നോൽസർവ്വീസ് സഹകരണ ബേങ്കിന്റെ പ്രവർത്തനാതിർത്തി ന്യൂമാഹി പഞ്ചായത്തിന്റെ 4,5,6,7,8,9 വാർഡുകളും, കോടിയേരി പഞ്ചായത്തിന്റെ 1,2,3 വാർഡുകളും ചേർന്നതാണ്. പഴയ കല്ലായി വില്ലേജ് ആയിരുന്നു പണ്ട് ഈ സ്ഥാപനത്തിന്റെ പ്രവർത്തനാതിർത്തി. ചൊക്ലി സർവ്വീസ് സഹകരണ ബേങ്കിന് ന്യൂമാഹി പഞ്ചായത്തിന്റെ 1,2,3 വാർഡുകളിൽ കൂടി പ്രവർത്താനിർത്തി ഉണ്ട്. തലശ്ശേരി കോ- ഓപ്പറേറ്റീവ് ടൗൺബാങ്ക്, കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് എന്നീ സ്ഥാപനങ്ങളുടെ ന്യൂമാഹിയിലുള്ള ശാഖകളും പഞ്ചായത്തിനകത്തുള്ള ക്രെഡിറ്റ് സംഘങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഇവയുടെ വിശദമായ പട്ടിക താഴെ കൊടുക്കുന്നു. കൂടെ പ്രധാന സ്ഥാപനങ്ങളുടെ വിവരണവും ചേർക്കുന്നു.

പുന്നോൽ സർവ്വീസ് സഹകരണ ബേങ്ക്

ന്യൂമാഹി പഞ്ചായത്തിലെ പ്രധാന ധനകാര്യസ്ഥാപനമാണ് പുന്നോൽ സർവ്വീസ് സഹകരണ ബേങ്ക്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെയും മറ്റും രക്ഷിക്കുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയു പരേതനായ കെ. കെ. പൈതൽ നമ്പ്യാരുടെ നേതൃത്വത്തിൽ ഒരു സംഘം യുവാക്കൾ

ചേർന്ന് രൂപം നല്കിയ പുന്നോൽ പരസ്പര സഹായ സഹകരണ സംഘം 1932 നമ്പർ 26 ന് റജിസ്റ്റർ ചെയ്തു. 1933 ഏപ്രിൽ 9ന് പ്രവർത്തനം ആരംഭിച്ചു. പിന്നീട് ഇത് പുന്നോൽ വിവിധോദ്ദേശ്യ ഐക്യനാണയ സംഘമായിവളർന്നു. 196 ലാണ് പുന്നോൽ സർവ്വീസ് സഹകരണ സംഘമായി മാറിയത് സംഘത്തിന്റെ അടിവെച്ചടിവെച്ചുള്ള പുരോഗതിയിൽ ഇത് 1976ൽ പുന്നോൽ സർവ്വീസ് സഹകരണ ബേങ്ക് ആയി ഉയരുകയും ചെയ്തു. വള ർച്ചയുടെ പടവുകളിൽ 1986 ൽ ക്ലാസ്സ് 1 ബേങ്ക് ആയി ഉയർന്നു. പിന്നീട് 30.9.96 ന് സ്പെഷ്യൽ ഗ്രേഡ് ബാങ്ക് ആയി ഉയർന്നതോടെ അന്നത്തെ പ്രവത്തന മൂലധനം 5 കോടി ഒരു ലക്ഷം രൂപയായി മാറിയെങ്കിൽ ഇന്നത് 5 കോടി 42 ലക്ഷം രൂപയായി ഉയർന്നിരിക്കുകയാണ്.

1986 ൽ കുറിച്ചിയിൽ ബേങ്കിന്റെ ഇന്നത്തെ ഹെഡ് ഓഫീസ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുകയുണ്ടായി. ഇപ്പോൾ ന്യൂമാഹിയിലും പാറാലിലും (പൊതുവാച്ചേരി) രണ്ട് ശാഖകൾ പ്രവർത്തിക്കുന്നുണ്ട്.ബേങ്കിലെ അംഗങ്ങളുടെ വിവിധങ്ങളായ വായ്പാ സൗകര്യങ്ങൾ നിറവേറ്റുന്നതിന് ഒട്ടേറെ വ്യായ്പാ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. കൂടാതെ വിവിധങ്ങളായ സേവന പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇപ്പോൾ ബേങ്കിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന നിക്ഷേപസമാഹരണങ്ങളിൽ കൂടിയും മറ്റും സ്വരൂപിക്കുന്ന ഫണ്ടുകൾ മിക്കവാറും പഞ്ചായത്തിനകത്ത് തന്നെയുള്ള കാർഷികവും കാർഷികേതരവുമായ വിവിധ തരം വായ്പകൾ നല്കുന്നതിനായി ഉപയോഗിക്കുന്നു.ബേങ്കിലെ മുഴുവൻ അംഗങ്ങളെയും അപകട മരണ ഇൻഷൂറൻസ് സ്കീമിൽ പെടുത്തി മരിച്ചവരുടെ കുടുംബങ്ങൾക്ക് ഇൻഷുറൻസ് തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കാർഷിക വായ്പയിനത്തിൽ 497660 രൂപയും കാർഷികേതരവായ്പയിത്തിൽ 4,71,80633 രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്. പണപ്പണയവായ്പയിലാണ് ബേങ്കിന്റെ 80% ഫണ്ടും ഉപയോഗിക്കുന്നത്.

ഇങ്ങിനെയൊക്കെയാണെങ്കിലും പഞ്ചായത്തിനകത്തുള്ള സാധാരണജനങ്ങൾക്കുതകുന്ന രീതിയിൽ വായ്പാ നിബന്ധനകൾ ഉദാരമാക്കിയിട്ടില്ലെന്ന് മാത്രമല്ല ആവശ്യങ്ങളനുസരിച്ച് വായ്പ ലഭിക്കാത്ത അവസ്ഥയും നിലനില്ക്കുകയാണ്. കർഷകരെ ആകർഷിക്കുന്ന വിധമുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപടി ക്രമങ്ങൾ ലഘൂകരിച്ച് അവർക്കാവശ്യമുള്ള സമയത്ത് വായ്പ കിട്ടുവാനുള്ള സംവിധാനങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഇതര സംസ്ഥാനങ്ങളിലുള്ളതുപോലെ കൂടുതൽ കൃഷിഭൂമി കൈവശമുള്ളവരല്ല കേരളത്തിലെ കൃഷിക്കാർ. അതുകൊണ്ട് ചുരുങ്ങിയ സ്ഥലം മാത്രം കൈവശമുള്ളവർക്കും കാർഷിക ആവശ്യത്തിന് കിണർകുഴിക്കാനും പമ്പ്സെറ്റ് വെക്കാനും മറ്റും വായ്പ ലഭ്യമാക്കണം. അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം. പൗൾട്രി യൂണിറ്റ്, ഡയറി യൂണിറ്റ്, ഇവപ്രോത്സാഹിപ്പിക്കുന്നതിന് അംഗങ്ങൾക്ക് യഥാസമയം വായ്പാ സൗകര്യം ഉണ്ടാക്കുകയും അത് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം.

കാർഷികേതര വായ്പാ സംവിധാനത്തിനും ബേങ്കിന്റെ ശ്രദ്ധ കാര്യക്ഷമമാക്കേണ്ടതുണ്ട്. ബ്ലേഡ് കമ്പനികൾ നമ്മുടെ പഞ്ചായത്തിലും,വ്യാപകമായി വളർന്നുവരികയാണ്. ഇതിൽപ്പെട്ടുഴലുന്ന കച്ചവടക്കാരുൾപ്പെടെയുള്ള നിരവധിയാളുകളെ നമുക്ക് കാണാൻ കഴിയും. ചെറുകിട കച്ചവടക്കാർക്ക് ക്യാഷ് ക്രെഡിറ്റ് സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

വനിത ാസഹകരണ സംഘം

പഞ്ചായത്തിൽ രണ്ട് വനിത സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വനിതകളുടെ ക്ഷേമത്തിനായി പ്രവർത്തനമാരംഭിച്ചിട്ടുള്ള കുറിച്ചിയിൽ വനിതാ സഹകരണ സംഘവും, ന്യൂമാഹി പഞ്ചായത്ത് വനിതാ സഹകരണ സംഘവുമാണ് പ്രസ്തുത സ്ഥാപനങ്ങൾ. രണ്ടു സംഘങ്ങളും 1992 ലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 500 അംഗങ്ങളുള്ള കുറിച്ചി യിൽ വനിതാ സഹകരണ സംഘം ഓഹരി മൂലധനമായി 121910 രൂപ സമാഹരിച്ചിട്ടുണ്ട്.വിവിധ തൊഴിൽ ഉപകരണങ്ങൾക്കും മറ്റുമുള്ള വായപയായി

1070844 രൂപ നല്കിയിട്ടുണ്ട്.

201 അംഗങ്ങളുള്ള ന്യൂമാഹി പഞ്ചായത്ത് വനിതാ സഹകരണ സംഘം വിവിധ വായ്പകളായി ആകെ 501000 രൂപനല്കിയിട്ടുണ്ട്.

വനിതകളുടെ പുരോഗതിക്കായി സ്ഥാപിക്കപ്പെട്ട ഈ സംഘങ്ങളൊക്കെ ഇനിയും ഈ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ DWCRA പദ്ധതി പ്രകാരമുള്ള വിവിധ തൊഴിൽ യൂനിറ്റുകൾ ആരംഭിക്കുകയും അതിനാവശ്യമായ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുയും വേണം. സാങ്കേതിക വൈദഗ്ധ്യമുള്ള വനിതകൾക്ക് സ്വന്തമായി തൊഴിൽ സ്ഥാപനം ആരംഭിക്കുവാൻ ആവശ്യമായ ധനസഹായം കാലവിളംബമില്ലാതെ ലഭ്യമാക്കുകയും വേണം.

സ്കൂൾ ഗ്രൂപ്പ് കോ: ഓപ്പറേറ്റീവ് സൊസൈറ്റി

പാഠപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും ന്യായമായവിലക്ക് യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സ്കൂളുകൾ ചേർന്ന് രൂപം നല്കുന്ന സംഘമാണ് സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. കുറിച്ചിയിലെ ശ്രീനാരായണവിലാസം സീനിയർ ബേസിക് സ്കൂൾ ന്യൂമാഹിയിലെ എം. എം. യു. പി. എന്നിവിടങ്ങളിലാണ് സംഘം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംഘങ്ങളാണ് ഇവരണ്ടും.

ഉപഭോക്തൃ സഹകരണ സംഘം

ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വളരെ അത്യാവശ്യമുള്ള ഒന്നാണ്. ന്യായവിലക്ക് സാധനങ്ങൾ വിതരണം നടത്തുന്നത് കൊണ്ട്, നിത്യോപയോഗ സാധനങ്ങൾക്കുള്ള വില വർദ്ധന തടയുവാൻ ഈ സംഘങ്ങൾ മുഖേന കഴിയുമെന്നത് ഒരു നേട്ടമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വില്പന നടത്തുന്ന സാധനങ്ങൾ ഇത്തരം കൺസ്യൂമർ സ്റ്റോറുകൾ വഴി വിതരണം ചെയ്യാവുന്നതാണ്.

പൊതു മാർക്കറ്റിൽ നിന്നും സാധനങ്ങൾ വാങ്ങി വില്പന നടത്തുകയാണ് ഇത്തരം സംഘങ്ങൾ ചെയ്യുന്നത്. സ്വകാര്യ കച്ചവടസ്ഥാപനങ്ങളുമായി മത്സരിച്ച് പരാജയപ്പെടുകയാണ് ഇത്തരം സംഘങ്ങളുടെ പതിവ്. പുന്നോൽ സർവ്വീസ്സഹകരണ ബേങ്കിന്റെ കീഴിലുള്ള കൺസ്യൂമർ സ്റ്റോർ ഇതേകാരണത്തിൽ പ്രവർത്തനരഹിതമാവുകയായിരുന്നു. ഇത്തരം സംഘങ്ങൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാകയാൽ, കാര്യക്ഷമമായി കൺസ്യൂമർ സ്റ്റോറുകൾ നടത്തുവാനുള്ള സംവിധാനം പുന്നോൽ സർവ്വീസ് സഹകരണ ബേങ്ക് ഉണ്ടാക്കേണ്ടതാണ്.

ക്ഷീരോല്പാദന സഹകരണ സംഘം

വീടുകളിലെ അത്യാവശ്യസാധനങ്ങളിലൊന്നാണ് പാൽ. പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും പാലിന് ആശ്രയിക്കുന്നത് മിൽമയുടെ പായ്ക്കറ്റ് പാലിനെയാണ്. പിന്നെ പ്രാദേശികമായി സമീപത്തെ ആടുമാടുകളെ വളർത്തുന്ന വീടുകളിൽ നിന്നും ലഭിക്കുന്ന പാലും പാൽപൊടിയുമാണ് ആശ്രയം. പഞ്ചായത്തിൽ പാൽ സൊസൈറ്റികളൊന്നും, പ്രവർത്തിക്കുന്നില്ല. പാൽ ഉല്പാദനത്തിനും വിതരണത്തിനും ഊന്നൽ നല്കേണ്ടത് പഞ്ചായത്തിന്റെ സ്വയം പര്യാപ്തതയ്ക്ക് ആവശ്യമാണ്. ആയതിനാൽ പഞ്ചായത്തിനെ പ്രവർത്തന മേഖലയാക്കി ഒരു ക്ഷീരോൽപ്ദന സഹകരണ സംഘത്തിന് രൂപം നല്കേണ്ടതാണ്.

പട്ടിക—ഒന്ന്, ക്രെഡിറ്റ് സംഘങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാർ പു.	ജീവനക്കാർ സ്ത്രീ	മറ്റുള്ളവർ പു.	മറ്റുള്ളവർ സ്ത്രീ	നിക്ഷേപം	പ്രവർത്തന മൂലധനം	വായ്പകൾ കാർഷികം	വായ്പകൾ കാർഷികേതരം	ലാഭം നഷ്ടം
1	പുന്നോൽ സർവ്വീസ് സഹകരണബാങ്ക്	1932	6502	16	1	5	3	3, 3917000	4, 96, 53451 (30-6-96)	497660	4, 71, 80633	ലാഭം
2	തലശ്ശേരി കോ—ഓപ്പ് ടൌൺ ബാങ്ക്, ന്യൂമാഹി ബ്രാഞ്ച്	1972	-	5	-	-	-	64, 40644	-	-	1, 8303500	ലാഭം
3	കണ്ണൂർ ജില്ലാസഹകരണ ബാങ്ക്, ന്യൂമാഹിബ്രാഞ്ച്	1984	-	4	1	3		64, 00000	-	-	1,97, 00000	ലാഭം
4	കുറിച്ചിയിൽ വനിതാ സഹകരണസംഘം	1992	500	-	2	-		22, 00000	-	-	10, 70844	
5	ന്യൂമാഹി പഞ്ചായത്ത് വനിതാ സഹകരണസംഘം	1992	201						-	-	501000	

പട്ടിക 2 — നോൺക്രെഡിറ്റ് സംഘങ്ങൾ

പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	പിരിഞ്ഞു കിട്ടിയമൂലധനം	ഓഫീസ് ജീവനക്കാർ സ്ത്രീ.	ഓഫീസ് ജീവനക്കാർ പു	തൊഴിലാളികൾ സ്ത്രീ.	തൊഴിലാളികൾ പു	ലാഭം നഷ്ടം
കുറിച്ചിയിൽ—പാലിശ്ശേരി മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം	1988	919	110550	1	1	5	1	ലാഭം

ഈ സംഘത്തിന് ഇന്ത്യയിലെ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘത്തിനുള്ള അവാർഡ് രണ്ടു തവണ ലഭിച്ചിട്ടുണ്ട്.

പട്ടിക — 3

നിലവിൽ പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങൾ

1. കുറിച്ചിയിൽ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം.
2. ഒളവിലം — കല്ലായി കയർ വ്യവസായ സഹകരണ സംഘം.
3. ന്യൂമാഹി ബെയ്ക്കറി സൊസൈറ്റി.

ഭവന നിർമ്മാണസഹകരണ സംഘം

തലശ്ശേരി ബിൽഡിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാനൂർ ഹൗസിങ്ങ് സൊസൈറ്റി എന്നിവയാണ് ന്യൂമാഹി പഞ്ചായത്ത് പ്രദേശത്ത് ആവശ്യമായ ഭവന നിർമ്മാണ വായ്പ നല്കികൊണ്ടിരിക്കുന്നത്.യഥാർത്ഥമായ ഉപഭോക്താക്കളുടെ എണ്ണം പരിശോധിച്ചാൽ ഇത് തീരെ പരിമിതമാണെന്നു കാണാവുന്നതാണ്. അതിനാൽ പഞ്ചായത്തിലെ ഭവന നിർമ്മാണ വായ്പാ സൗകര്യം വിപുലപ്പെടുത്തുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കാവുന്ന ഒരു ഭവനനിർമ്മാണ വായ്പാ സഹകരണ സംഘം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി 1988 ൽ ആരംഭിച്ച കുറിച്ചിയിൽ പാലിശ്ശേരി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, ഈ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച സംഘത്തിനുള്ള ദേശീയ അവാർഡു രണ്ടുതവണ ലഭിച്ചിട്ടുണ്ട്. ഈ സംഘം മത്സ്യത്തൊഴിലാളികളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്ക് വേണ്ടി പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിനകത്തുള്ള സാധാരണജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വായ്പാ നിബന്ധനകൾ ഉദാരമാക്കിയിട്ടില്ല. ആവശ്യങ്ങളനുസരിച്ച് വായ്പ ലഭിക്കാത്ത അവസ്ഥയും ഉണ്ട്.
2. വായ്പകൾക്ക് ഈടാക്കുന്ന അമിതമായ പലിശ നിരക്ക് സാധാരണ ജനങ്ങൾക്ക് വളരെ വിഷമം സൃഷ്ടിക്കുന്നു.
3. പ്രാഥമിക ബേങ്കുകളുടെ പ്രവർത്തന പരിധിയിൽ ജില്ലാ ബേങ്കുകളുടെ ശാഖകൾ തുടങ്ങുന്നത് പ്രാഥമിക ബേങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.
4. ന്യൂമാഹിയിൽ ആരംഭിച്ച ജില്ലാ ബേങ്കിന്റെ ശാഖ- പഞ്ചായത്തിലെ ജനങ്ങൾക്ക് കടം അനുവദിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

സാധ്യതകളും നിർദ്ദേശങ്ങളും

1. പ്രാഥമിക സഹകരണ ബേങ്കുകളുടെ പ്രവർത്തനം മേഖലയിൽ ജില്ലാ സഹകരണ ബേങ്കുകളുടെ മത്സരം ഒഴിവാക്കണം
2. കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്ക് പലിശയിൽ ഇളവ് അനുവദിക്കണം.
3. വായ്പാ നിബന്ധനകൾ സാധാരണക്കാർക്ക് ഉതകുന്ന രീതിയിൽ ഉദാരമാക്കണം.
4. സ്വയം തൊഴിൽ, ചെറുകിട കച്ചവടം, ചെറുകിട വ്യവസായങ്ങൾ, പാർപ്പിട നിർമ്മാണം, കൃഷി തുടങ്ങിയ മേഖലകൾക്ക് വായ്പ ഉദാര വ്യവസ്ഥയിൽ അനുവദിക്കണം.
5. ലാഭത്തിൽനിന്ന് ഗണ്യമായ തുക പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും നീക്കിവെക്കണം.
6. കർഷകരെ ആകർഷിക്കും വിധമുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ച്നടപടി ക്രമങ്ങൾ ലഘൂകരിച്ച് അവർക്കാവശ്യമുള്ള സമയത്ത് വായ്പ കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കണം.
7. കുടിശ്ശിക വരാതിരിക്കുവാനുള്ള നടപടി ക്രമങ്ങൾ എടുക്കുക.
8. സഹകരണ ബേങ്കുകളിൽ നിന്നും കടം എടുക്കുമ്പോൾ മെമ്പർമാരിൽ നിന്നും നിശ്ചിത തോതിൽ ഓഹരി പിടിക്കുന്ന സ്വഭാവം ഉണ്ട്. ഇത്തരം '' ഷെയർ സംഖ്യ'' മൃതനിക്ഷേപമായി കിടക്കുന്ന അവസ്ഥ മാറ്റി ഷെയർ

സംഖ്യക്ക് ന്യായമായ പലിശ നല്കേണ്ടതാണ്.

9. പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ടതും പ്രവർത്തിക്കാത്തതുമായ സംഘങ്ങളുടെ സാധ്യതകൾ പരിശോധിച്ച് പ്രവർത്തനം ആരംഭിച്ചാൽ ആളുകൾക്ക് അതുവഴി തൊഴിൽ നേടുന്നതിന് സാധിക്കും.

10. മുട്ട ഉല്പാദനം, കോഴി, ആട് പോത്ത്, ഇറച്ചി ഉത്പാദന വിതരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

11. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗം തൊഴിലാളികളെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്.

2. വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

13.പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റി രൂപീകരിക്കേണ്ടതാണ്.

14. പഞ്ചായത്തിൽ താഴെപ്പറയുന്ന സഹകരണ സ്ഥാപനങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത് കുറെയധികം പേർക്ക് തൊഴിൽ നല്കുന്നതിനും മറ്റ് തരത്തിലുള്ള വികസനത്തിനും വഴി തെളിയിക്കും.

1. ക്ഷീരവ്യവസായ സഹകരണ സംഘം
2. കൺസ്ട്രക്ഷൻ വർക്കേർസ് കോ-ഓപ്പ് സൊസൈറ്റി
3. റെഡീമെയ്ഡ് വസ്ത്ര നിർമാണ സൊസൈറ്റി
4. കൺസ്യൂമർ സ്റ്റോർ
5. സഹകരണ കേൻറീൻ
6. വിവിധ തൊഴിൽസഹകരണ സംഘങ്ങൾ

വനിത

ലോകചരിത്രത്തിന്റെ ഏടുകളിൽ പുരുഷന്മാരോടൊപ്പം തന്നെ നിർണ്ണായക പങ്കുവഹിച്ച നിരവധി വനിതകളേയും നമുക്കു കാണാവുന്നതാണ്. ഇന്നും, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഒട്ടനവധി വനിതകൾ വളർന്നുവരികയും, പുരുഷന്മാരോടൊപ്പമോ അതിനേക്കാളേറെയോ ഉന്നതമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ദേശീയതലത്തിലും കേരളത്തിലും, ഒട്ടനവധി വനിതാ സംഘടനകളും, വനിതാ നേതാക്കളും വിവിധ രാഷ്ട്രീയ നേതൃത്വത്തിൽ കീഴിലും അല്ലാതെയുമായി സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും,സ്ത്രീപുരുഷ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിപക്ഷം വരുന്ന വനിതകളിൽ ഒരു ന്യൂനപക്ഷത്തിന് മാത്രമേ സമൂഹത്തിലെ എല്ലാ മണ്ഡലങ്ങളിലും ഉയർന്നുവരാൻ കഴിഞ്ഞിട്ടുള്ളൂ. സമൂഹത്തിൽ സ്ത്രീയും പുരുഷനും ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമേ നാടിന്റെ യഥാർത്ഥമായ വികസനം സാധ്യമാവുകയുവ്ളൂ സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീകൾ ഔന്നത്യം നേടിയിട്ടുണ്ടെങ്കിലും നാട്ടിന്റെ വികസനത്തിന്ന് യഥാർത്ഥ ശക്തി തങ്ങളാണെന്ന് ബോധം ഉൾക്കൊള്ളാത്തതു കൊണ്ടാവാം സമൂഹത്തിലെ എല്ലാ രംഗങ്ങളിലും ഇറങ്ങി പ്രവർത്തിക്കുവാൻ അവർ വൈമുഖ്യം പ്രകടിപ്പിക്കുന്നത്.

അധികാര വികേന്ദ്രീകരണം നടക്കുന്ന ഈസമയത്ത് കേരളത്തിലാദ്യമായി ഭരണരംഗത്ത് വളരെയധികം സ്ത്രീകൾ ഉയർന്ന സ്ഥാനങ്ങളിൽ എത്തിച്ചേർന്നിരിക്കുകയാണ്. എന്നാൽ പൊതുരംഗത്ത് സ്ത്രീകൾ ഉയർന്നുവരാതിരിക്കാൻ പുരുഷന്മാർ അങ്ങേയറ്റം ശ്രമിക്കറുണ്ടന്നതാണ് പരമാർത്ഥം. നമ്മുടെ ഇന്നത്തെ സാമൂഹ്യചുറ്റുപാടിൽ സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയം നേടുക വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമായതിനാലാണ് സ്ത്രീകൾക്കൊയി പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തലെ മൊത്ത ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന വനിതകളുടെ പൊതുസ്ഥിതി എന്താണെന്നു പരിശോധിക്കാം.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 53.39% വനിതകളാണ് അതായത് 100 പുരുഷന്മാർക്ക് 1150 വനിതകൾ. ഇത് സംസ്ഥാന ശരാശരിയേക്കാളും ജില്ലാശരാശരിയേക്കാളും കൂടുതലാണ്. (പട്ടിക ഒന്ന്, രണ്ട്, നോക്കുക)

പട്ടിക. 1

മൊത്ത ജനസംഖ്യ 1991		
	എണ്ണം	ശതമാനം
പെൺ	9468	53.39
ആൺ	8264	46.61
ആകെ	17,732	100%

പട്ടിക. 2

സ്ത്രീപുരുഷ അനുപാതം	1000 ന്
ഇന്ത്യ	929
കേരളം	1036
കണ്ണൂർ ജില്ല	1101
ന്യൂമാഹി പഞ്ചായത്ത്	1150

സാക്ഷരത

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം സാക്ഷരതാ നിരക്ക് 97.28% ആണ്.ഇതിൽ പുരുഷ സാക്ഷരത 96.73% വും സ്ത്രീ സാക്ഷരത 9166% വും ആണ്. സാക്ഷരതാ നിരക്കിൽസ്ത്രീകൾ അൽപംപിന്നിലാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. സാക്ഷരതാ പ്രവർത്തനങ്ങളിൽ പുരുഷന്മാരെക്കാൾ കൂടുതൽ വനിതകളാണ് ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുള്ളത് എന്ന് നിസ്സംശയം പറയാം.

വിദ്യാഭ്യാസം

അടുത്ത കാലം വരെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ ധാരാളം വിദ്യാലയങ്ങളുള്ള മാഹി, തലശ്ശേലി മുനിസിപ്പാലിറ്റഇകൾക്കിടയിൽ കിടക്കുന്ന ന്യൂമാഹി പഞ്ചായത്തിലെ പെൺകുട്ടികൾ ഇന്ന് വിദ്യാഭ്യാസപരമായി മുൻപന്തിയിൽ തന്നെയാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇന്നും വനിതകൾ ഏറെയൊന്നും ഉയർന്നുവന്നിട്ടില്ല. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഭൂരിപക്ഷം രക്ഷിതാക്കൾക്കുമുള്ള അ

വബോധം വിവാഹക്കമ്പോളത്തെ ആസ്പദമാക്കിയുള്ളതാണ്.
വിവാഹത്തോടെ പഠനം നിർത്തേണ്ടിവരുന്നവർ പിന്നീട്പഠനം തുടരുക എന്നത് അപൂർവ്വമാണ്.. സാമ്പത്തിക സ്ഥിതി അനുവദിക്കാത്തത് കൊണ്ടും പഠനം നിർത്തുന്നവരുണ്ട്.

ഇവിടെ ഒരു ഹൈസ്കൂളും 13 പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട് ഭൂരിപക്ഷംവിദ്യാർത്ഥിനികളും തലശ്ശേരി നഗരത്തിലെ വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്. ഇവിടെയുള്ള വിദ്യാലയങ്ങളിൽ മാതൃസംഘങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഒരു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റ്റ്യൂട്ട് പ്രവർത്തിക്കുന്നതിൽ ഭൂരിഭാഗവും പെൺകുട്ടികളാണ് പഠിക്കുന്നത്. പെരിങ്ങാടിയിലുള്ള അൽഫലാഹ് വിമൻസ് ഇസ്ലാമിക് കോളേജ് ഒരു പ്രാഥമിക മദ്രസ്സയായിട്ടാണ് പ്രവർത്തനമാരംഭിച്ചതെങ്കിലും ഭാഷ,കൈത്തൊഴിൽ, ഹോം സയൻസ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ഡിഗ്രി കോഴ്സുകളും ഇവിടെ നടക്കുന്നുണ്ട്.(ഇത് ഒരു അൺ എയിഡഡ് സ്കൂൾ ആണ്) അടുത്ത കാലത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഊന്നൽ കൊടുത്തുകൊണ്ട് മതസംഘടനകളും പുരോഗമ പ്രസ്ഥാനങ്ങളും മുന്നോട്ട് വന്നതിനാൽ മുസ്ലീം സമുദായത്തിലെ പെൺകുട്ടികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്ന അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. പെൺകുട്ടികൾക്ക് മാത്രമായഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം ഇവിടെ ആവശ്യമാണ്.പാഠ്യേതരമായ വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം നന്നേ കുറവാണ്. സ്ത്രീകളോട് സമൂഹം വെച്ചുപുലർത്തുന്ന സമീപനം വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ നേർക്കും പ്രതിഫലിക്കുന്നു.

വൈാഹികം

വിവാഹത്തിന്റെ കാര്യത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന ദുരാചാരങ്ങളും ആർഭാടങ്ങളും ഏറ്റവും കൂടുതലായി ബാധിക്കുന്നത് സ്ത്രീകളെയാണ്. ജാതി, മതം, ജാതകം, ജോലി, വിദ്യാഭ്യാസം, സൗന്ദര്യം, സമ്പത്ത്, കുടുംബമഹിമ എന്നിങ്ങനെയുള്ള കാര്യങ്ങൾ വളരെ നിഷ്കർഷയോടെ പാലിക്കപ്പെടുന്നു. ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം പുരുഷനായതിനാൽ, പെണ്ണുകാണൽ ചടങ്ങിന്റെ പേരിൽ പത്തും അമ്പതും തവണ പെൺകുട്ടികൾ ' ഇന്റർവ്യൂവിന് വിധേയരാക്കപ്പെടാറുണ്ട്. സ്ത്രീധന സമ്പ്രദായം, ഹൈന്ദവ സമുദായത്തിൽ അത്രകാര്യമായൊന്നും നിലവിലില്ലെങ്കിലും, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങളിൽ ഭീകരമായ അവസ്ഥയിൽ തന്നെ ഇവിടെ നിലനിൽക്കുന്നു. ഹൈന്ദവ സമുദായത്തിൽ സ്ത്രീധനം നേരിട്ട് ആവശ്യപ്പെടുന്നത് കുറവാണെങ്കിലും സ്വർണ്ണത്തിന്റെയും സ്വത്തിന്റെയും രൂപത്തിൽ പ്രതീക്ഷിക്കുന്നത് നൽകുകയാണ് പതിവ്. മുസ്ലീം സമുദായത്തിൽ മണവാട്ടിക്കും മണവാളനും വേണ്ടി ലക്ഷങ്ങൾ മുടക്കി ഒരുക്കുന്ന മണിയറ സാധാരണമാണ്. സ്വർണ്ണത്തിന്റെ കാര്യത്തിലെന്നപോലെ മണിയറയുടെ കാര്യത്തിലും ചെറുക്കനും വീട്ടുകാരും നിർബന്ധത പുലർത്തിപോരുന്നു. കുറിച്ചിയിലെ സലഫീസെന്റർ പോലുള്ള സംഘടനകൾ ഇതിനെതിരെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും.

ആരോഗ്യനിലവാരത്തിൽ പുരുഷന്മാരെക്കാൾ പിന്നിലാണ് സ്ത്രീകൾ മാത്രമല്ല, ഗർഭധാരണം പ്രസവം തുടങ്ങി സ്തീകളുടെ ജൈവശാസ്ത്രപരമായ പ്രശ്നങ്ങളും ഒട്ടേറെയുണ്ട്. ഇവിടെ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം പോലും നിലവിലില്ല. സമീപത്തെ തലശ്ശേരി, മാഹി, മുനിസിപ്പാലിറ്റികളിലെ, സർക്കാർ സ്വകാര്യ ആശുപത്രികളെയാണ് രോഗികൾ ആശ്രയിക്കുന്നത്.

മെച്ചപ്പെട്ട വനിതാ സാക്ഷരതയും അണുകുടുംബം എന്ന സങ്കൽപവും കുടുംബക്ഷേമ

പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ താത്പര്യവും ശ്രദ്ധയും വളർത്താനിടയാക്കി. ആരോഗ്യകാര്യത്തിൽ സമൂഹം പൊതുവെ ഉയർന്ന പരിഗണനയും താത്പര്യവും കാണിക്കുന്നുണ്ട്. ഗർഭിണിയാണെന്നറിഞ്ഞ ഉടൻ തന്നെ ഗൈനക്കോളജിസ്റ്റിന്റെ അടുത്ത് ചെല്ലുന്ന അവസ്ഥയാണ് ഇന്നുള്ളത്. മുമ്പൊക്കെ ഒട്ടു മിക്ക പ്രസവങ്ങളും വീടുകളിൽ വെച്ചാണ് നടന്നിരുന്നതെങ്കിൽ ഇന്ന്എല്ലാവരും ആശുപത്രികളെ ആശ്രയിക്കുന്നു. സർക്കാരാശുപത്രികളുടെ അസൗകര്യങ്ങൾ പരിഗണിച്ച്സമ്പന്നർ മാത്രമല്ല സാധാരണക്കാർ ബഹുഭൂരിപക്ഷവും സ്വകാര്യാശുപത്രികളെയാണ് ആശ്രയിക്കുന്നത്. പ്രതിരോധ കുത്തിവെപ്പ് എടുക്കാത്ത ഗർഭിണികളും കുട്ടികളും ഇല്ലെന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. എങ്കിലും ഇവർ പോഷകാഹാരക്കുറവിന്റെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പൊതുവെ ഇന്ന് എല്ലാ വിഭാഗങ്ങളും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

സാമൂഹ്യസ്ഥിതി

സമൂഹത്തിൽ കാലാകാലങ്ങളിലായി നിലനിൽക്കുന്ന ആചാരങ്ങളും വിശ്വാസങ്ങളും സ്ത്രകളിൽ അടിമത്ത മനോഭാവം വളർത്തുകയും അവരെ രണ്ടാംകിടക്കാരായി നിലനിർത്തുകയും ചെയ്തിരിക്കയാണ്. എല്ലാ മതങ്ങളും സ്ത്രീകൾക്ക് സമൂഹത്തിൽ തുല്യപരഗണന നൽകണമെന്ന് പറയുമ്പോൾതന്നെ, പുരാണ കാലം മുതലേ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന കഥകളേ കേൾക്കാനുള്ളൂ. സാമൂഹ്യസാസകാരിക രംഗങ്ങളിലെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പണ്ടുമുതലേ വളരെക്കുറവാണ്. സമകാലിക രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ പ്രവർത്തനങ്ങളിൽ ഭൂരിഭാഗം സ്ത്രീകളും വേണ്ടത്ര താൽപര്യം കാണിക്കാറില്ല. സാക്ഷരതാ പ്രവർത്ത,നങ്ങളിലൊക്കെ വനിതകൾ സജീവമായി പങ്കെടുത്തുവെങ്കിലും കലാകായിക രംഗത്തുൾപ്പെടെ എല്ലാ രംഗങ്ങളിലും അവരുടെ പങ്കാളിത്തം വളരെക്കുറവാണ്. പുരുഷമേധാവിത്തം നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ ഭക്ഷണം പാകം ചെയ്യൽ, വീടും പരസരവും വൃത്തിയാക്കൽ, കുട്ടികളുടെ പരിപാലനം, വസ്ത്രം കഴുകൽ തുടങ്ങിയ വീട്ടുജോലികളുടെ എല്ലാ ഭാരവും വഹിക്കേണ്ടത് സ്ത്രീകളാണെന്നുള്ള ഒരു ധാരണ പണ്ടുമുതലേ നിലനിൽക്കുന്നുണ്ട്. ഗൃഹജോലികൾക്ക് പുറമെ അടുക്കളത്തോട്ടം വിറകുശേഖരണം, ആടുമാടുകളെ വളർത്തൽ, ഓലമെടയൽ, തയ്യൽ, തുടങ്ങിയ അനുബന്ധന ജോലികളും ചെയ്യേണ്ടിവരുന്നു. മിക്ക കുടുംബങ്ങളിലെയും പുരുഷന്മാർ ജോലിക്കായി അന്യദേശങ്ങളിലേക്ക് പോകുന്നതിനാൽ, അത്തരം കുടുംബങ്ങളിലെ സ്ത്രീകളുടെ ഉത്തരവാദിത്തങ്ങൾ പിന്നേയും വർദ്ധിക്കുകയാണ്.

പീഡനങ്ങൾ - ദുഃഖങ്ങൾ

സ്ത്രീകളുടെ നേരെ സമൂഹം വെച്ചു പുലർത്തുന്ന മനോഭാവത്തിന്റെ പ്രാകൃതമുഖമാണ് പലപ്പോഴും പൊതു സ്ഥലങ്ങളിൽകാണുന്നത്.തിരക്കുള്ള പൊതുസ്ഥലങ്ങളിലും ബസ്, തീവണ്ടി മുതലായ യാത്രാവേളകളിലും സ്ത്രീകൾ പ്രത്യേകിച്ച് യുവതികളും പെൺകുട്ടികളും അശ്ലീല പെരുമാറ്റങ്ങൾക്ക് വിധേയരാക്കപ്പെടുന്നത് സാധാരണമാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ ഒട്ടേറെ അക്രമസംഭവങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിൽ നടക്കുന്നുണ്ട്. ദാരിദ്ര്യവും അജ്ഞതയും കാരണം ലൈംഗിക ചൂഷണത്തിന് പെൺകുട്ടികൾ വിധേയരാക്കപ്പെടുന്ന സംഭവങ്ങളും ഒട്ടേറെയാണ്. ഇത്തരം സംഭവങ്ങളിൽ ഭൂരിഭാഗവും നിയമടപടികൾക്ക് മുമ്പും പിമ്പും ഒതുക്കപ്പെടുന്നു. വിദ്യാലയങ്ങൾ മറ്റ് ജോലിസ്ഥലങ്ങൾപൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ അത്യാവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തത് മൂലം സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾഏറെയാണ്.

മദ്യം നമ്മുടെ കുടുംബത്തേയും സമൂഹത്തേയും നശിപ്പിക്കുന്നു എന്ന കാര്യത്തിൽ രണ്ടു

പക്ഷമില്ല.വരുമാനത്തിന്റെ ഏറിയപങ്കും മദ്യപാനത്തിനായി ചെലവഴിക്കുമ്പോൾ നിത്യച്ചെലവുകൾ നിർവഹിക്കാൻ സ്ത്രീകൾ ബുദ്ധിമുട്ടുന്നു. ഇത്തരത്തിലുള്ള കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലും കാണാവുന്നതാണ്. അമിതമദ്യപാനം മൂലം ആരോഗ്യം ക്ഷയിച്ച് വീട്ടിലിരിക്കുന്ന ഭർത്താവിനെ കൂലിവേല എടുത്ത് പോറ്റുന്ന സ്ത്രീകളുണ്ട്. ചാരായ നിരോധനത്തിന്റെ ഗുണഫലങ്ങൾ ഈ പഞ്ചായത്തിന് ലഭ്യമായില്ല. കാരണം വിലകുറഞ്ഞ വിദേശമദ്യം യഥേഷ്ടം ലഭിക്കുന്ന മാഹിയിൽ നിന്ന് ഇങ്ങോട്ടുള്ള മദ്യത്തിന്റെ നിലക്കാത്ത ഒഴുക്കാണ്. മാഹിയിലെ മദ്യത്തിന്റെ കെടുതികളിൽ നിന്നും നമ്മുടെ പഞ്ചായത്തിനെ രക്ഷിക്കുവാൻമാഹിയിൽ സമ്പൂർണ്ണ മദ്യ നിരോധനം തന്നെ ഏർപ്പെടുത്തേണ്ടതുണ്ട്. സമ്പൂർണ മദ്യനിരോധനം പ്രഖ്യാപിച്ച പഞ്ചായത്താണ് നമ്മുടേത്. എങ്കിലും നിയ വ്യവസ്ഥകളൊക്കെ ലംഘിച്ചുകൊണ്ട് ഉസ്സൻമൊട്ട കടലോരത്ത് പഞ്ചായത്തിലെ ഏക മദ്യഷാപ്പ് പ്രവർത്തിക്കുന്നു. ഈ മദ്യഷാപ്പിനെതിരെ സാമൂഹ്യപ്രർത്തകയും മദ്യനിരോധന സമിതിയുടെ പ്രവർത്തകയുമായ വാഴയിൽനാരായണി ടീച്ചറുടെ നേതൃത്വത്തിൽ ദേശവാസികളായ വനിതകൾ ധർണ്ണാസമരവും, കലക്ട്രേറ്റ് മാർച്ചും നടത്തിയിരുന്നു. മദ്യപന്മാരുടെ ശല്യം മൂലം സ്ത്രീകൾക്ക് ബസ്സുകളിൽ യാത്ര ചെയ്യാൻ കൂടി പ്രയാസമായിരിക്കുന്നു.

വനിതകളുടെ കലാ സാംസ്കാരിക രംഗത്തെ കഴിവുകൾ പരിപോഷിപ്പിക്കുവാൻ മഹിളകൾക്ക് നേതൃത്വം കൊടുക്കുന്നതിന്ന് വേണ്ടി വനിതാ സംഘടനകൾ ആവശ്യമാണ്. മഹിളാ സമാജങ്ങൾക്ക് ഈ രംഗത്ത് ഒരു പാട്കാര്യങ്ങൾ ചെയ്യുവാൻ കഴിയും. എന്നാൽ നമ്മുടെ പഞ്ചായത്തിൽ മഹിളാ സമാജങ്ങളൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. നേരത്തെ മൂന്നു മഹിളാ സമാജങ്ങൾ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ ഇവയൊക്കെ നിർജീവാവസ്ഥയിലാണ്. വിവിധ രാഷ്ട്രീയ കക്ഷികളുടെ പോഷക സംഘടനകൾ എന്ന നിലക്ക് ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ് എന്നിവയുടെ യൂണിറ്റുകൾ ഇവിടെ നിലവിൽ ഉണ്ടെങ്കിലും, മെമ്പർഷിപ്പ് പ്രവർത്തനത്തിനപ്പുറം ഇവയൊന്നും കാര്യമായ ഒരു പ്രവർത്തനവും നടത്തിയതായി കാണുന്നില്ല. മുസ്ലീം വനിതകൾക്കിടയിൽ പ്രവത്തിക്കുന്ന സംഘടനളാണ് മുജാഹിദ് ഗേൾസ് മൂവ് മെൻറ്, ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ എന്നിവ.അംഗൻവാടികൾ, അംഗൻവാടി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന മഹിളാ സ്വസ്ത്സംഘം ഇവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതാണ്. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യമായ ആരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് അംഗനവാടികൾ ആവശ്യമാണ്. ഇപ്പോൾ ഇവയൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

വനിതകളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥക്ക് ഒരു കാരണം ആഴമേറിയ വായനാശീലത്തിന്റെ അഭാവമാണ്. . വായനശാലകളുടെ ലൈബ്രറികളും വനിതകൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. മുൻകാലങ്ങളിൽ കുറച്ചൊക്കെ വായന ഉണ്ടായിരുന്നെങ്കിൽ തന്നെ ഇന്ന് അത് വെറും പെങ്കിളി ആനുകാലികങ്ങളിലൊതുങ്ങുന്നു. ടി. വി. യുടേയും മറ്റു സ്വാധീനവും വീട്ടിലേയും പുറത്തേയും മറ്റും ജോലിത്തിരക്കും മറ്റുംഇതിനു കാരണമാകുന്നു.

വനിതകൾക്കുവേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ഇന്നു നിലവിലുണ്ട്. ഇതേക്കുറിച്ചൊക്കെ വ്യക്തമായ അറിവ് ഇല്ലായ്കയാൽ ഇത്തരം പദ്ധതികൾ ഉപയോഗപ്പെടുത്താനാവുന്നില്ല. വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവ വളരെക്കുറച്ചു പേർക്കേ ലഭിക്കുന്നുള്ളൂ. അർഹതപ്പെട്ട എല്ലാ വർക്കും ഈ പെൻഷനുകൾ ലഭിക്കേണ്ടതുണ്ട്. സംസ്ഥാന വനിതാ വികസന കോർപറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വനിതകളെ ബോധവതികളാക്കേണ്ടതുണ്ട്. സംസ്ഥാന വനിതാ വികസന കോർപറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വനിതകളെ ബോധവാൻമാരാക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പൊതുരംഗത്ത് വളർന്നുവന്ന വനിതകളെ ഏറെയൊന്നും

ചൂണ്ടിക്കാണിക്കാനില്ല. നിരവധി വർഷങ്ങളായി പഞ്ചായത്ത് അംഗവും ഇപ്പോൾ പഞ്ചായത്ത് വൈസ്പ്രസിഡണ്ടുമായ കെ. രാധ, ജനാധിപത്യ മഹിളാ അസോസിയേഷൻ ഭാരവാഹികൂടിയാണ്. സേവന സന്നദ്ധതയും ഊർജ്ജസ്വലാമായ പ്രവർത്തനശേഷിയുള്ള ഇവർ പഞ്ചായത്തിന്റെ വികസനകാര്യത്തിൽ എന്നും മുൻപന്തിയിലാണ്. കുറിച്ചിയിലെ ശ്രീനാരായണ വിലാസം സ്കൂൾ മാനേജർ പരേതയായ കെ. നാരായണി ടീച്ചറാണ് ഈ പഞ്ചായത്തിൽ മഹിളാ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. മഹിളകളുടെ സർവ്വതോമുഖമായ വളർച്ചയെ ലക്ഷ്യമാക്കി ഒരു മഹിളാ സംഘം രൂപീകരിച്ച് മികച്ച പ്രവർത്തനം സംഘടിപ്പിച്ച ഒരു സാമൂഹ്യ പ്രവർത്തകയായിരുന്നു ഇവർ. ഗാന്ധിയൻ പ്രവർത്തകരായ പി. നാണി ടീച്ചറും, വാഴയിൽ നാരായണി ടീച്ചറും, നിരവധി മദ്യ വിരുധ സമരങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള മഹതികളാണ്. നാണിടീച്ചർ സമീപത്തെ കോടിയേരി പഞ്ചായത്ത് നിവാസിയാണെങ്കിലും ഇവിടുത്തെ ഒരു സ്കൂളിലെ അദ്ധ്യാപികയായിരുന്ന ഇവരുടെ പ്രവർത്തനമണ്ഡലങ്ങൾ ഏറെയും ഇവിടെയായിരുന്നു. മദ്യനിരോധന സമിതിയുടെ പ്രവർത്തക കൂടിയായ ഇവരുടെ നേതൃത്വത്തിൽ ഉസ്സൻമൊട്ടയിലെ മദ്യഷാപ്പിനെതിരെ ദേശവാസികളായ മുസ്ലീം വനിതകളോടൊപ്പം ശക്തമായ സമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. 9ാം വാർഡ് വിശേഷാൽ ഗ്രാമസഭയിലും പ്രസ്തുത മദ്യഷാപ്പിനെതിരെ സ്ത്രീകൾ ഒന്നടങ്കം പ്രതികരിച്ചിരുന്നു. അതുപോലെത്തന്നെ 7ാം വാർഡിലെ വിശേഷാൽ ഗ്രാമസഭയിൽ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ മാലിന്യകേന്ദ്രത്തിനും അറവുശാലയിലെ മലിനീകരണത്തിനും എതിരെ വനിതകളുടെ പ്രതിഷേധം അലയടിച്ചിരുന്നു. എന്നാൽ വിശേഷാൽ ഗ്രാമസഭകളിൽ പൊതുവായി വനിതകളുടെ പങ്കാളിത്തം കുറവായിരുന്നു. പുരുഷന്മാരേക്കാൾ സ്ത്രീകളാണ് റേഷൻഷോപ്പുകളിലും അനാദി പീടികകളിലും മത്സ്യമാർക്കറ്റിലുമൊക്കെ കൂടുതയലായി എത്തുന്നത്.

തൊഴിൽ മേഖല

സമൂഹത്തിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളുടെയും ദുരന്തരഫലങ്ങൾ ആത്യന്തികമായി അനുഭവിക്കുന്നത് സ്ത്രീകളാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങിയ എല്ലാ തരത്തിലുമുള്ള പ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന വനിതകൾ ഏറെ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. മദ്യത്തിനും മറ്റ് ലഹരി പദാർത്ഥങ്ങൾക്കുമടിപ്പെട്ട പുരുഷന്മാരിൽ നിന്നുള്ള പ്രശ്നങ്ങളും പീഢനങ്ങളും ഏറെയാണ്. ഇതിൽ നിന്നൊക്കെയുള്ള ഒരു മോചനം എന്ന നിലയിലാണ് സ്ത്രീകൾ തൊഴിലിന് വേണ്ടി ശ്രമിക്കുന്നത്.
സ്ത്രീകൾ തൊഴിൽ ചെയ്ത്കുടുംബം പുലർത്തുക എന്നത് പുരുഷമേധാവിത്തമുള്ള ഒരു സമൂഹം പൂർണ്ണമായും അംഗീകരിക്കുന്ന ഒരു കാര്യമല്ല.അതേസമയം മെച്ചപ്പെട്ട ജീവിത നിലവാരം ആഗ്രഹിക്കുന്ന സാധാരണക്കാരിലും ദരിദ്രവിഭാഗങ്ങളിലും ഇത്തരത്തിലുള്ള ദുരഭിമാനം കാണുന്നില്ല. സ്ത്രീകൾക്ക് തൊഴിലുള്ള കുടുംബങ്ങളിൽ പൊതുവിൽ സാമ്പത്തിക ഭദ്രത ഏറെക്കുറെ നിലനിൽക്കുന്നതായി കണ്ടുവരുന്നുണ്ട്. സ്ത്രീകൾക്ക് ലഭിക്കുന്നവരുമാനം കുടുംബത്തിന് പൂർണ്ണമായും പ്രയോജനപ്പെടുന്നുവെന്നതും പുരുഷന്മാരേക്കാൾ സമ്പാദ്യശീലമുള്ളവരാണ് സ്ത്രീകളെന്നതും പൊതുവേ അംഗീകരിക്കപ്പെട്ടതാണ്. കൂടാതെ ഉദ്യോഗസ്ഥകളും സ്ത്രീതൊഴിലാളികളും പുലർത്തുന്ന സാമൂഹ്യ ബോധം പൊതുരംഗത്ത് അത്തരത്തിലുള്ളവരുടെ പങ്കാളിത്തം വ്യക്തമാക്കുന്നു. നാടിന്റെ പൊതുവായ വികാസനത്തിനും സത്രീകളുടെ സാമൂഹ്യവത്കരണത്തിനും സ്ത്രീകളുടെ തൊഴിൽ സാധ്യത ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു.

പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരുന്നു. വിദ്യാസമ്പന്നരായ പെൺകുട്ടികൾ ഈ മേഖലയിലേക്ക് കടന്നുവരാൻ മടിക്കുന്നു. ഗൾഫ് മേഖലയിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള വരുമാനം നിമിത്തം മിക്ക കുടുംബങ്ങളിലെയും ജീവിത

നിലവാരം ഉയർന്നിരിക്കുന്നത് മറ്റൊരു കാരണമാണ്.

കാർഷിക മേഖലയിലും മറ്റും നിലവിലുള്ള തൊഴിൽ അവസരങ്ങൾ വീണ്ടും കുറഞ്ഞുവരികയാണ്. നെൽവയലുകളും മറ്റ് കൃഷിയിടങ്ങളഉം നികത്തെപ്പടുന്നതും, കാർഷിക മേഖലയിലെ പ്രവർത്തനച്ചെലവിന് ആനുപാതികമായി വേണ്ടത്ര മെച്ചം ലഭിക്കാത്തതും നെൽകൃഷിയുൾപ്പെടെയുള്ള കൃഷിമേഖലയോട് വിമുഖത ഉണ്ടാവാൻ കാരണമായി. കൃഷിയെ ഗൗരവപൂർവ്വം സമീപിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് കൈത്തറി, ബീഡി വ്യവസായങ്ങൾ കാര്യമായി ഇല്ലാത്തതിനാൽ തന്നെ ആ രംഗത്ത് വനിതകൾതീരെ ഇല്ലെന്നുതന്നെ പറയാം.

ഗൾഫ് പണത്തിന്റെ കുത്തൊഴുക്ക് കാരണം പഞ്ചായത്തിൽ വമ്പിച്ച മുതൽമുടക്കുള്ള ധാരാളം പുതിയ കെട്ടിടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് രൂപ ചെലവ് ചെയ്ത് ആധുനിക സൗകര്യങ്ങളോടെയുള്ള ബഹുനില മന്ദിരങ്ങളാണ് ഏറെയും. കാർഷിക മേഖലയിൽ നിന്നും കെട്ടിട നിർമ്മാണ മേഖലയിലേക്ക് തൊഴിലാളികൾ കേന്ദ്രീകരിക്കുവാൻ ഇത് കാരണമായി. വാർപ്പ് പണിയെടുക്കുന്നവർക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നിനാലും കാർഷിക മേഖലയേക്കാൾ കെട്ടിട നിർമ്മാണ മേഖലയോട് സ്ത്രീതൊഴിലാളികൾ ആഭിമുഖ്യംകാണിക്കുന്നു.കാർഷികമേഖലയിും കെട്ടിട നിർമ്മാണ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളിൽ സ്ത്രീപുരുഷ എണ്ണവും അവരുടെ കൂലി നിരക്കുംചുവടെ ചേർക്കുന്നു.

പട്ടിക.3
കൂലിനിരക്ക്

തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീ	അന്തരം
കാർഷിക മേഖല	110	75	35
കെട്ടിട നിർമ്മാണം	120	80	40
വാർക്കൽ (കോൺക്രീറ്റ്) ജോലി	150	100	50
മറ്റ് കൂലിപ്പണികൾ	110	80	30

സാധാരണക്കാരും വരുമാനം നന്നേ കുറഞ്ഞവരുമായ സ്ത്രീകൾ, ആട്, പശു, കോഴി എന്നിവ വളർത്തി ചെറിയതോതിൽ വരുമാനം ഉണ്ടാക്കുന്നു. ചെറിയ തോതിലുള്ള പച്ചക്കറി കൃഷി ചെയ്യുന്നവർ അപൂർവ്വമേയുള്ളൂ. അടുക്കളത്തോട്ടം ഒട്ടുമിക്ക കുടുംബങ്ങളിലുമില്ല. വാഴ, മരക്കിഴങ്ങ്, ചേന, ചേമ്പ്, തുടങ്ങിയവ ചിലർ കൃഷ ചെയ്തു വരുന്നുണ്ട്.

ഇപ്പോൾ തയ്യൽ എംബ്രോയിഡറി രംഗത്തേക്ക് കുറച്ച് പേർ കടന്നു് വന്നിട്ടുണ്ട്. ചിലർ സർക്കാർ എജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ തയ്യൽ മെഷീനുകൾ സ്വന്തമാക്കി വീടുകളിൽ നിന്നും തയ്യൽ ജോലിചെയ്തുവരുന്നുണ്ട്. തയ്യൽ പരിശീലിപ്പിക്കുന്ന ഒന്ന് രണ്ട് കേന്ദ്രങ്ങളും നിലവിലുണ്ട്. വനിതകളിൽവീടുകളിൽ നിന്നല്ലാതെ സ്വന്തമായി നടത്തുന്ന തയ്യൽ സ്ഥാപനങ്ങളും നിലവിലുണ്ട്.

കടലോരപ്രദേശമായതിനാൽ മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന കുറെ മുക്കുവകുടംബങ്ങളുമുണ്ട്. കുറച്ച് സ്ത്രീകൾ മത്സ്യ വനപണനരംഗത്ത് ജോലിചെയ്യുന്നു. സ്രാവ്, തെരണ്ടി, മുള്ളൻ, അയല, തുടങ്ങിയ മത്സ്യങ്ങൾ കൂടുതലായി ലഭിക്കുന്ന സന്ദർഭങ്ങളിൽ അവ ഉണക്കി സൂക്ഷിച്ച്, മത്സ്യം ലഭിക്കാത്തസീസണിൽ വിപണനം നടത്തി വരുന്നുണ്ട്. ഇപ്പോഴൊക്കെ മത്സ്യത്തിന് നല്ല വില ലഭിക്കുന്നുണ്ടെങ്കിലും മത്സ്യം ലഭിക്കാത്ത സീസണുകൾ പട്ടിണിയുടെയും വറുതിയുടെയും ദിനങ്ങളായി മാറുകയാണ് പതിവ്.

പുതിയ തലമുറയിൽ പ്പെട്ട പെൺകുട്ടികൾ ഭൂരിഭാഗവും വിദ്യാസമ്പന്നരാണെങ്കിലും

പട്ടിക. 4

	ആകെ	പുരുഷൻ	സ്ത്രീ
കെട്ടിട നിർമ്മാണ മേഖല	258	236	22
കാർഷിക മേഖല	162	130	32

വിദ്യാഭ്യാസത്തെ ഗൌരവബുദ്ധ്യാ വീക്ഷിക്കുന്ന പെൺകുട്ടികൾ കുറവാണെന്ന് മാത്രമല്ല സർക്കാർ ജോലിയിലോ സ്ഥിരവരുമാനമുള്ള മറ്റ് ജോലികളിലോ പരിശ്രമിക്കാൻ മിക്കവരും തയ്യാറുമല്ല. വിദ്യാസമ്പന്നരായ യുവതികളും അവരുടെ രക്ഷിതാക്കളും താലപര്യം കാണിക്കുന്ന മേഖല അദ്ധ്യപനമാണ്. പഞ്ചായത്തിൽപുരുഷന്മാരെക്കാൾ, അദ്ധ്യാപനരംഗത്ത് വനിതകളാണ് കൂടുതൽ. അദ്ധ്യാപികയ്ക്ക് വിവാഹകമ്പോളത്തിൽ ഡിമാൻറ് കൂടുതലാണെന്ന വസ്തുതയാണ് ഇതിലേക്ക് പ്രേരിപ്പിക്കുന്നത്.ബി. എഡ് കഴിഞ്ഞ ജോലിലഭിച്ചില്ലെങ്കിൽകൂടി വിവാഹ കമ്പോളത്തിലെ ഡിമാൻറിന് വലിയ കുറവില്ല. വൻ തുക കോഴ നല്കിയാലേ ഇന്ന് സ്വകാര്യ സ്കൂളികളിലും മറ്റഉം ജോലി ലഭിക്കുന്നുള്ളൂ

ഏതാനും പെൺകുട്ടികൾ പ്രിൻറിംഗ് പ്രസ്സുകളിലും, സ്ക്രീൻ പ്രിൻറിംഗ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നുണ്ട്. സെയിൽസ് ഗേളായും സ്വകാര്യ സ്ഥാപനങ്ങളിൽ റിസപ്ഷനിസ്റ്റ് ആൻഡ് അക്കൗണ്ടൻറ് ആയും സ്വകാര്യ നഴ്സറി സ്കൂളുകളിൽ അദ്ധ്യാപികമാരായും ടൈപ്പ് റൈറ്റിങ്ങ്, കമ്പ്യൂട്ടർ സ്ഥാപനങ്ങളിൽ ഇൻസ്ട്രക്ടർമാരായും നഴ്സ് ആയും മററും ചിലർ ജോലി ചെയ്യുന്നുണ്ട്. തുച്ഛമായ വേതനത്തിന് പോലും വനിതകൾ ജോലിചെയ്യാൻ തയ്യാറാവുന്നത് കൊണ്ട് ചില സ്വകാര്യസ്ഥാപനങ്ങൾ, വിദഗ്ധരായി ജോലി ചെയ്യുന്നവരെപ്പോലും ചൂഷണം ചെയ്യുകയാണ്.രണ്ട് വനിത സഹകരണബേങ്കുകൾ വനിതകളുടെ പുരോഗതിക്കും, ക്ഷേമത്തിനും ലക്ഷ്യമിട്ട് ഇവിടെ പ്രവർത്തിക്കുന്നു. മറ്റ് സഹകരണ ബേങ്കുകളിലൊന്നും കാര്യമായി സ്ത്രീജീവനക്കാരില്ല.

ന്യൂമാഹിയിലെ ഫിഷ്ലാൻറിങ്ങ് സെൻററിന് കീഴിൽ ഏതാനും വനിതകൾ ചേർന്ന് നടത്തുന്ന കാൻറീൻ പ്രവർത്തിക്കുന്നു.വനിതകൾക്ക് ഡ്രൈവിങ്ങ് പരിശീലനം നടത്തുന്ന ഒരു ഡ്രൈവിങ്ങ്സ്കൂളും നടത്തുന്നത് വനിതകൾ തന്നെ. പഞ്ചായത്തിൽ മൂന്ന് വനിതാ ഡോക്ടർ മാരുമുണ്ട് ഒരു നഴ്സറി സ്കൂൾ വനിതകളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതണ്. പെൺകുട്ടികളെ ശാസ്ത്രീയമായി നൃത്തം അഭ്യസിപ്പിക്കുന്നതിനുള്ള രണ്ട് നൃത്ത വിദ്യാലയങ്ങൾവനിതകൾ നടത്തുന്നവയാണ്.

നമ്മുടെ പഞ്ചായത്തിൽD.W.C.R.A പദ്ധതിപ്രകാരമുള്ള യൂണിറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഇത്തരം പദ്ധതികളെക്കുറിച്ച് വനിതകൾക്ക് ശരിയായ രീതിയിലുള്ള അറിവ് ലഭ്യമായിരുന്നില്ല. കുറച്ചൊക്കെ മനസ്സിലാക്കിയവർ, ഇത്തരം യൂണിറ്റുകൾ വിജയിക്കുമോ എന്നു ഭയപ്പെടുന്നതിനാൽ, ഇതിന് തയ്യാറാവുകയുണ്ടായില്ല.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർരജിസ്ട്ർ ചെയത് കാത്തിരിക്കുന്ന അഭ്യസ്തവിദ്യരായ വനിതകൾ ഒരു പാടുണ്ട്.

പ്രശ്നങ്ങൾ

1. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കൾ പുലർത്തുന്ന അലംഭാവം
2. വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് മുമ്പേയുള്ള വിവാഹം.
3. പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് വേണ്ടത്ര ലക്ഷ്യബോധമില്ലായ്മ

4. സ്ത്രീധനവും വിവാഹത്തിലെ ആർഭാടങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ
5. അംഗൻവാടികളും ആരോഗ്യകേന്ദ്രങ്ങളും നിലവിലില്ല.
6. വനിതകളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ
7. സമകാലീന രാഷ്ട്രീയ-സാമൂഹ്യ കാര്യങ്ങളിൽ വനിതകൾക്കുള്ള താല്പര്യക്കുറവ്
8. പൊതുരംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്നവരോട് സമൂഹം വെച്ച് പുലർത്തുന്ന നിന്ദ്യാർഹമായ സമീപനം
9. പുരുഷമേധാവിത്തമുള്ള സമൂഹത്തിന് പ്രകടമായ മാറ്റമൊന്നുമുണ്ടായിട്ടില്ല.
10. ഗൃഹജോലികളിലും അനുബന്ധ ജോലികളഇലും പുരുഷ സഹകരണ മില്ലായ്മ
11. സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ, അതുപോലുള്ള മറ്റ് പ്രശ്നങ്ങൾ ഇവ പരിഹരിക്കുവാൻ ആവശ്യമായ വേദികളില്ല.
12. അപമാനഭയത്താൽ സ്ത്രീപീഡനങ്ങൾക്കെതിരെ വനിതകൾ പ്രതികരിക്കുന്നില്ല.
13. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ
14. മാഹിയിൽ നിന്നുള്ള മദ്യത്തിൻെറ ഒഴുക്ക് മൂലമുള്ള പ്രശ്നങ്ങൾ
15. വനിതകൾക്ക് ആവശ്യമായ നേതൃത്വത്തിൻെറയും പ്രോത്സാഹനത്തിൻെറയും അഭാവം
16. മഹിളാ സംഘടനകളുടെ നിർജീവാവസ്ഥ
17. ആഴമേറിയ വായനാശിലത്തിൻെ അഭാവം
18. കലാസാഹിത്യസാംസ്കാരിക രംഗങ്ങളിൽ വേണ്ടത്ര പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ല.
19. വനിതകൾക്ക് വേണ്ടിയുള്ള തൊഴിൽ പദധതികൾ, ക്ഷേമപരിപാടികൾ എന്നിവയെക്കുറിച്ചുള്ള ശരിയായ അറിവ് ഇല്ലാത്തത്.
20. ജോലിസ്ഥലങ്ങൾ, പൊതു സ്ഥലങ്ങൾ, എന്നിവടങ്ങളിൽ പ്രാഥമിക സൗകര്യങ്ങളില്ല.
21. പുരുഷന്മാരെക്കാൾ തൊഴിലില്ലായ്മ വനിതകളുടെ ഇടയിൽ രൂക്ഷമാണ്.
22. ഉന്നതവിദ്യാഭ്യാസത്തിൻെറയും സാങ്കേതിക വിദ്യാഭ്യാസത്തിൻെറയും അഭാവം മൂലം ഉയർന്ന ജോലികൾ ലഭിക്കുന്നില്ല.
23.കൂട്ടായ തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള അജ്ഞതയും ഭയവും പദ്ധതി പ്രകാരമുള്ള യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.
24സ്ത്രീപുരുഷ വേതനത്തിലെ അസന്തുലിതാവസ്ഥ
25. വേണ്ടത്ര തൊഴിൽ പരിശീലനത്തിൻെറ അഭാവം. പരിശീലന സ്ഥാപനങ്ങൾ ഇല്ല
26. സ്വകാര്യ തൊഴിൽ സ്ഥാപനങ്ങളിലെ ചൂഷണം
27. സർക്കാർ, സഹകരണ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ എണ്ണം നാമമാത്രമാണ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി പെൺകുട്ടികൾക്ക് മാത്രമായുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥപനങ്ങളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും വനിതകൾക്ക് ആവശ്യമായ ബോധവത്കരണവും പ്രോത്സാഹനങ്ങളും നല്കുകയും ചെയ്യുക.
2. പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾ കാണിക്കുന്ന അലംഭാവം മാറ്റുന്നതിന് വ്യാപകമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.
3. സ്ത്രീധനവും, വിവാഹ ധൂർത്തും അവസാനിപ്പിക്കാൻ അതാത് സമുദായങ്ങളിലെ പുരോഗമന പ്രസ്ഥാനങ്ങൾ ഊർജ്ജസ്വലമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഇതിനെതിരെ നിയമങ്ങളുണ്ടാക്കി നടപടികൾ സ്വീകരിക്കുക.
4. അംഗൻവാടികളും, ആരോഗ്യകേന്ദ്രങ്ങളും സ്ഥാപിക്കുക. ആരോഗ്യകേന്ദ്രത്തിൽ ഗൈനക്കോളജിസ്റ്റ്

ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കണം.

5. രാഷ്ട്രീയ - സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പ്വരുത്തുക. വനിതകൾക്ക

ു അർഹമായ പരമഗണന നല്കേണ്ടതിലേക്ക് സമൂഹത്തെ ബോധവത്കരിക്കുക. സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക് എല്ലാ പ്രോത്സാഹനങ്ങളും നല്കുക. രാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തനങ്ങളിൽ നിശ്ചിതശതമാനം വനിതകളെ പങ്കെടുപ്പിക്കാൻ അവരെ നിയമം മൂലം നിർബന്ധിക്കുക.

6. രാഷ്ട്രീയ-സാമൂഹ്യ സാംസകാരിക പ്രവർത്തനങ്ങൾ അന്തസ്സുറ്റതാക്കുക.സ്ത്രീകളാണ് യഥാർത്ഥ ശക്തി എന്ന് ബോധം അവരിൽ ഉണ്ടാക്കാൻ ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

7. മഹിളാ സമാജങ്ങൾ, മഹിളാ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സാമൂഹ്യ പ്രവർത്തിങ്ങൾക്കായി ശക്തമായി രംഗത്തിറങ്ങുക.

8. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും മറ്റ് പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് വനിതാ പ്രനിധികളും ജനപ്രതിനിധികളഉം ഉദ്യോഗസ്ഥന്മാരും അടങ്ങിയ സ്ഥിരം സമിതികൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക. അക്രമപ്രവർത്തനങ്ങൾക്ക് കർശനമായ ശിക്ഷ നൽകുക.

9. മാഹിയിൽ മദ്യം നിരോധിക്കുന്നതിന് സമ്മർദ്ദം ചെലുത്തുക. മദ്യത്തിനെതിരെ വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

10. മഹിള സംഘടനകൾ, മഹിളാ സമാജങ്ങൾ എന്നിവ സ്ഥാപിച്ച് സ്തീകളെ സമൂഹത്തിലെ പ്രോത്സാഹനങ്ങളും സഹായങ്ങളും നല്കുക.

11. വനിതകൾക്കായി വായനശാലകളഉം ലൈബ്രറികളും പണിയുക. നിലവിലുള്ള വായനശാലകളും ഗ്രന്ഥാലയങ്ങളും വനിതകൾക്കുള്ള വായനസൗകര്യത്തിനായി പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക. ഗൃഹസന്ദർക്ക ലൈബ്രറി ഏർപ്പെടുത്തുക.

12. കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക.

13. വനിതകൾക്കുള്ള തൊഴിൽ പദ്ധതികൾ, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് വനിതകളെ ബോധ്യപ്പെടുത്തുക. വനിതാ വികസനകോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഓരോ ജില്ലകളിലെങ്കിലും എത്തിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വനിതകളിൽ എത്തിക്കുകയും ചെയ്യുക.

14. വനിതകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളോടനുബന്ധിച്ചും പൊതുസ്ഥലങ്ങളിലും മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കുക.

15. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾക്കും പോസ്റ്ററുകൾക്കുമെതിരെ നടപടികൾ സ്വീകരിക്കുക.

16. സ്ത്രീകളെ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.

17. എസ്സ്.എസ്സ്.എൽ. സി. ക്ക് പഠിക്കുന്ന പെൺകുട്ടികൾക്ക് സൌജന്യമായി ട്യൂഷൻ നല്കുക. നിർദ്ദനരായ വനിതകൾക്ക് വിദ്യാഭ്യാസസഹായങ്ങൾ നല്കുക.

18. അടുക്കളയിൽ പുക ശല്യം നിയന്ത്രിക്കുന്ന ഇന്ധന ക്ഷമതയുള്ള പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കുക.

19. സ്ത്രീ പങ്കാളിത്തമുള്ള തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന നല്കുക.

20. തൊഴിൽ മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളെപ്പറ്റി വനിതകളെ ബോധവാന്മാരാക്കുക പദ്ധതി പ്രകാരമുള്ള വിവിധ തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുക. റെഡീമെയിഡുനിർമ്മാണം കറിപൊടി നിർമ്മാണം,ചെരിപ്പ്, ബേഗ് നിർമ്മാണം മെഴുകുതിരി നിർമ്മാണം അച്ചാർ, സ്ക്വാഷ് നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കാൻ മുൻകൈയ്യെടുക്കുക.

21. പച്ചക്കറി വിത്തുകൾ ശുചിത്വം, ഗൃഹപരിപാലനം എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

23. ഓർക്കിഡ്- കൂൺകൃഷിപോലുള്ളവ ആരംഭിച്ച് അവ വ്യാപിപ്പിക്കുക.

24. കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, ഇവയ്ക്ക് സഹായം ചെയ്യുക. കൂടുതൽ തൊഴിൽ സാദ്ധ്യതയുണ്ടാക്കുക.

25. നിലവിലുള്ള ഉപഭോഗസംക്കാരത്തിന്റെ അശാസ്ത്രീയതയെക്കുറിച്ച് ബോധവത്ക്കരിക്കുക.

26. വനിതകൾക്കിടയിൽ സമത്വബോധം ഉറപ്പുവരുത്തുക.

27. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സഹകരാണടിസ്ഥാനത്തിൽ താഴെപ്പറയുന്ന കേന്ദ്രങ്ങൾ അനുയോജമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

1. കുട, സോപ്പ്, മെഴുകുതിരി നിർമാണ കേന്ദങ്ങൾ

2. ക്ഷീരോൽപ്പന്ന യൂണിറ്റ്

3യ പഴ സംസ്കരണ കേന്ദ്രം (അച്ചാർ, സ്കഷ്)

4. കൊട്ട മെടയൽ, വയർകസേര നിർമാണം.

28. വിവിധ പെൻഷനുകൾ അർഹരായ എല്ലാവർക്കും വിതരണം ചെയ്യുക.

അഗതികളും ആവശരുമായ വനിതകൾക്ക് സാമ്പത്തിക സഹായം നല്കുക.

***

പാർപ്പിടം

മനുഷ്യ സംസ്കാരത്തിന്റെ ആദിമകാലത്തു തന്നെ പാർപ്പിട സംസ്കാരം അവൻ വളർത്തിക്കൊണ്ടു വന്നിരുന്നു. ശിലാഗുഹകളിൽ നിന്നും കുടിലുകളിലൂടെ, മണിമാളികകളിലേക്കും കൊട്ടാരങ്ങളിലേക്കും വളർന്ന ഒരു ചരിത്രമാണ് ഈ സംസ്കാരത്തിനുള്ളത്. ആധുനികതയുടെ കുത്തൊഴുക്കിൽപ്പെട്ടു ഇന്നത്തെ മനുഷ്യർ അതിരൂക്ഷമായ പാർപ്പിട പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. പറമ്പുകളുടെ തുണ്ട വൽക്കരണവും, അണുകുടുംബങ്ങളുടെ രൂപീകരണവും, പാർപ്പിട സംസ്കാരത്തിനു പുതിയൊരു മാനം നൽകിയിരിക്കുന്നു. പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനേക്കാളും ആഢംബരത്തിനു ഊന്നൽ നൽകുന്ന ഒരു പുതിയ സംസ്കാരം ഇവിടെ വളർന്നുവന്നു. പരമ്പരാഗതമായ വാസ്തുശില്പ ശൈലി കൈവിട്ടു കോൺക്രീറ്റ് കെട്ടിടങ്ങൾ നാട്ടിലെങ്ങും ഉയർന്നു കഴിഞ്ഞു. വീടുകളുടെ എണ്ണം കൂടുന്തോറും പരിസ്ഥിതി പ്രശ്നങ്ങളും ഏറുകയാണ്. നമ്മുടെ സവിശേഷ ശ്രദ്ധപതിയേണ്ട ഒരു മേഖലയാണിത്.

നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഗൃഹനിർമ്മാണ രംഗത്തും വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. തലശ്ശേരി നഗരത്തിന്റെയും അക്കരെ മാഹിയിലേയും ഇടയിൽ കിടക്കുന്ന ഈ ഗ്രാമത്തിനു നഗര സംസ്കാരത്തിന്റെ അടിച്ചമർത്തലിന് അനുദിനം വിധേയമാവേണ്ടി വരുന്നു. ഭൂമിയുടെ മോഹവില കുതിച്ചുയരുകയാണ്. ഒപ്പം മണിമാളികകൾ ഉയർന്നുവരികയും ചെയ്യുന്നു. കെട്ടിട നിർമ്മാണത്തിന്റെ ജ്വരത്തിൽപ്പെട്ടു വീർപ്പുമുട്ടുകയാണ് നൂമാഹി പ്രദേശം. ദേശീയ പാതയ്ക്കിരുവശവും കൂറ്റൻ മാളികകൾ പണിതു കൊണ്ടിരിക്കുന്നു. മാഹിയുടെ ഒരു പരിഛേദ മാവാനുള്ള ശ്രമത്തിലാണെന്നു സംശയിക്കത്തക്ക വളർച്ചയാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്.എന്നാൽ ജനസംഖ്യയിൽ ഗണ്യമായ വിഭാഗം ഇപ്പോഴും ഈ സംസ്കാരത്തിനു വിധേയപ്പെടാറില്ല. അവരുടെ സാമ്പത്തിക ചുറ്റുപാടുകൾ അതിനു അനുവദിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

പഞ്ചായത്തിലെ 9 വാർഡുകളിലായി 2237 വീടുകളാണുള്ളത്. ഗാർഹികനില സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

ആകെ വീടുകൾ	ആകെ കുടുംബാ	ഓല	ഓട്	കോൺക്രീറ്റ്	കുടിൽ
2237	2308	116	1216	842	63

അവലംബം ദ്വീതീയ വിവര ശേഖരണം

മിക്ക വീടുകളിലും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. 8,9 വാർഡുകളിലെ കടലോര പ്രദേശത്തു ധാരാളം പേർ പുറമ്പോക്കു ഭൂമി കൈയ്യേറി.കുടിൽ കെട്ടി താമസിക്കുന്നുണ്ട്. ഇവരെ പുനരധിവസിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നിട്ടില്ല.

പഞ്ചായത്തിൽ 50 വീടുകളുള്ള ഒരു ലക്ഷം വീട് കോളനിയുണ്ട്. ഇവിടുത്തെ താമക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി നന്നായി അനുഭവപ്പെടുന്നുണ്ട്. കുടിവെള്ളം, ഗതാഗതം, തുടങ്ങിയ പ്രശ്നങ്ങൾ ഇവരെ വല്ലാതെ വലയ്ക്കുന്നുണ്ട്.

ഗൃഹനിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലക്കയറ്റവും ലഭ്യതക്കുറവും നിർമ്മാണ പ്രവർത്തന രംഗത്ത് പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. വിദഗ്ധതൊഴിലാളികളുടെ അഭാവവും നല്ല നിലയിൽ അനുഭവപ്പെടുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാനീനത്തിൽപ്പെട്ടു ഞെങ്ങിഞെരുങ്ങുന്ന ഒരു പഞ്ചായത്താണിത്. ഒരു ധാരണയുമില്ലാതെ വീടുനിർമ്മാണത്തിനുവേണ്ടി ലക്ഷങ്ങൾ ചിലവഴിക്കുമ്പോൾ നിലവിലുള്ള പാർപ്പിടസംസ്കാരം തകരുകയും, കൂലിനിരക്കിലും, അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിലും ഗണ്യമായ വർദ്ധനവ് അടിക്കടി അനുഭവപ്പെടുകയും ചെയ്യുന്നു. ഉപഭോഗസംസ്കാരത്തിന്റെ ശക്തമായ സമ്മർദ്ദമാണ് ഇതിനു കാരണം.

ഭവന നിർമ്മാണ രംഗത്തു നേരിടുന്ന പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ വായ്പാ സൗകര്യത്തിന്റെ അഭാവ
2. നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനവും ലഭ്യതക്കുറവും
3. പുതിയ തീരദേശ പരിപാലന നിയമംകൈട്ടിട നിർമ്മാണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു.
4. ആഡംബര ഭ്രമം വർദ്ധിച്ചിരിക്കുന്നു.
5. വിഗദഗ്ധതൊഴിലാളികളുടെ ലഭ്യതക്കുറവ്.
6. ഭൂമിയുടെ അമിതമായ വിലക്കയറ്റം
7. കാർഷിക ഭൂമിയുടെ തുണ്ടവൽക്കരണം
8. ചിലവു കുറഞ്ഞ വീടുനിർമ്മിക്കാനുള്ള മനോഭാവമില്ല.
9. ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള സാങ്കേതിക നൂലാമാലകൾ

സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.
2. വായ്പ ഉദാരമാക്കുക.
3. ചിലവു കുറഞ്ഞ വീടു നിർമ്മാണരീതി പ്രോത്സാഹിപ്പിക്കുക.
4. ആഡംബര ഭ്രമത്തിനെതിരെ ബോധവൽക്കരണം
5. ലക്ഷം വീടു കോളനികളുടെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
6. പ്രദേശികമായി തൊഴിലാളികളെ പരിശീലിപ്പിക്കുകയും തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.
7. ഹോളോ ബ്രിക്സ് നിർമ്മാണ യൂനിറ്റ് ആരംഭിക്കുക.
8. ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമാക്കുക.

സാമൂഹ്യക്ഷേമം

ഒട്ടേറെ സാമൂഹ്യ ക്ഷേമപദ്ധതികൾ നാം ആവിഷ്കരിച്ചു. പക്ഷെ ഒന്നും തന്നെ അടിസ്ഥാനപരമായ മാറ്റത്തിനു സഹായകമായില്ല എന്നതാണ് ചരിത്രം നമ്മോടു പറയുന്നത്. വിവിധ എജൻസികൾ മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ പരസ്പരം പൂരകമാവുന്നില്ല. പഞ്ചായത്ത്, സാമൂഹ്യക്ഷേമവകുപ്പ്, ഗ്രാമവികസനവകുപ്പ് ഇവ ഓരോന്നും സമാന സ്വഭാവമുള്ളതാണെങ്കിലും ഇവ തമ്മിൽ വേണ്ടത്ര ഏകീകരണം ഉണ്ടാവുന്നില്ല. മിക്ക പദ്ധതികളും നാമമാത്രമായി നടപ്പിലാക്കപ്പെടുമ്പോൾ സാങ്കേതിക നൂലാമാലകളിൽപ്പെട്ടു ഭൂരിപക്ഷം പദ്ധതികളും അർഹരായവർക്ക് നിഷേധിക്കപ്പെടുകയാണ്.
സാമൂഹ്യക്ഷേമ വകുപ്പു ഊന്നൽ നൽകുന്ന പദ്ധതികൾ

1. ശിശുക്ഷേമ പദ്ധതി
2. വനിതാ ക്ഷേമ പദ്ധതി
3. വികലാംഗ ക്ഷേമപദ്ധതി
4. പുനരധിവാസ ക്ഷേമ പദ്ധതി
5. അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ തുടങ്ങിവയ്ക്കുള്ള സഹായ പദ്ധതികൾ
6. മറ്റു ക്ഷേമ പദ്ധതികൾ
7. മിശ്ര വിവാഹത്തിനുള്ള ധനസഹായം.

വികസനസെമിനാറിൽ ഇവ സംബന്ധിച്ച ഗൗരവമായ ചർച്ച നടക്കുകയും അനുബന്ധമായി പ്രസ്തുത വ ി വരങ്ങൾ ചേർക്കുകയും ചെയ്യേണ്ടതാണ്.
പഞ്ചായത്തിൽ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം നേടുന്നവരുടെ വിവരം.
വനിതാക്ഷേമ പദ്ധതിയുടെ സ്ഥിതി വിവരക്കണക്ക്
ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം.
ട്രൈസം പദ്ധതി പ്രകാരം പരിശീലനം നൽകപ്പെട്ടവരുടെ എണ്ണം സംബന്ധിക്കുന്ന പട്ടിക കൊടുത്തിട്ടുണ്ട്.
കക്കൂസുകൾക്കും വീടുകൾക്കും വേണ്ടി നൽകിയ സഹായധനം സംബന്ധിച്ച കണക്ക്.
ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി.

പ്രശ്നങ്ങൾ

1. സാമൂഹ്യ ക്ഷേമ പദ്ധതികൾ ദുരുപയോഗപ്പെടുത്തുന്നു.
2. പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
3. അനർഹരായവർ പെൻഷൻ കൈപ്പറ്റുന്നു.
4. അംഗൻവാടികൾ വേണ്ടത്രയില്ല.
5. ശിശു ക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.
6. സാങ്കേതിക നൂലാമാലകൾ ക്ഷേമപദ്ധതികൾ താഴോട്ടെത്തിക്കുന്നതിനു തടസ്സമാവുന്നു.

സാധ്യതകൾ

1. ഐ. ആർ. ഡി. പി. ഗുണഭോക്താക്കളെ കണ്ടെത്തിമുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുക.
2. വാർഡുതോറും അംഗൻവാടികളും, ശിശുക്ഷേമ കേന്ദ്രങ്ങളും സ്ഥാപിക്കുക.
3. ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കാൻ സാങ്കേതികത ഒഴിവാക്കുക.
4. സാമൂഹിക ക്ഷേമപദ്ധതികളെക്കുറിച്ചു ജനങ്ങളെ ബോധവൽക്കരിക്കുക.

സാമൂഹ്യക്ഷേമം

പട്ടിക - 1

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെടുന്നവർ	അവശേഷിക്കുന്നവർ
1	തയ്യൽ പരിശീലനം	1		1	
	പ്രിൻറിങ് &കമ്പോസിങ്	1		1	
	അപ്പ് ഹോൾസറി	1			1
2	-				
3	-				
4	-				
5	-				
6	മോട്ടോർ വൈൻഡിങ്	1	1	1	
	തയ്യൽ പരിശീലനം	1			
	പ്രിൻറിങ് & കമ്പോസിങ്	1		1	
7	ഇലക്ട്രോണിക്സ്	1		1	
8	ഔട്ട് ബോഡ് മൈൻ	1		1	
	എഞ്ചിനീയറിങ്		1		
9	ഔട്ട് ബോഡ് മൈൻ	1			
	എഞ്ചിനീയറിങ്				
	മോട്ടോർ റീവൈൻഡിങ്	1		1	

	ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (ഐ.ആർ. ഡി. പി.)		
വാർഡ് നമ്പർ	ഐ. ആർ. ഡി. പി. സർവ്വെപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	സഹായത്തിനർഹതയുള്ളവരുടെ എണ്ണം
1	4		4
2	2		2
3			
4			
5	4	2	2
6	8	2	6
7	6	1	5
8			
9	3	1	2

പട്ടിക ജാതി പട്ടിക വർഗ ക്ഷേമം

മറ്റു പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ന്യൂമാഹി പഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം വളരെ കുറവാണ്. പട്ടികവർഗക്കാർ തീരെ ഇല്ലാ എന്നു തന്നെ പറയാം. അതുപോലെ തന്നെ ഈ രണ്ട് വിഭാഗങ്ങളും വസിക്കുന്ന കോളനികളും ഈ പഞ്ചായത്തിന് നിലവിലില്ല. മറ്റു വിഭാഗം ജനങ്ങളെ പോലെ തന്നെ ഇവരും സ്വന്തമായി ഉള്ളതോ അല്ലാത്തതോ ആയ വീടുകളിൽ തന്നെയാണ് താമസിക്കുന്നത്. ഒരു കാലഘട്ടത്തിൽ സമൂഹത്തിന്റെ അടിത്തട്ടിൽ എല്ലാ വിധ ചൂഷണങ്ങൾക്കും വിധേയമായി ജീവിച്ചിരുന്ന ഈ വിഭാഗത്തിൽ പെട്ട ആളുകൾ ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നുവന്നിട്ടുണ്ട്. അയിത്തമോ തൊട്ടുകൂട്മയോ മുമ്പ് തന്നെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. മറ്റുമത വിഭാഗങ്ങളിലെ ആളുകളോടൊപ്പം വിവാഹം മറ്റു പൊതുചടങ്ങുകൾ എന്നിവയിലെല്ലാം തന്നെ തുല്യപദവിയും പരിഗണനയും ഇപ്പോൾ ഈ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ലഭിച്ചു വരുന്നുണ്ട്.

അയിത്തവും തൊട്ടുകൂയാട്മയും മറ്റു പ്രദേശങ്ങളിൽ കൊടികുത്തി വാഴുമ്പോളും പട്ടിക ജാതിയിൽ പെട്ട ഒരു അദ്ധ്യാപകൻ ശ്രീ. വി. കുഞ്ഞരാമൻ മാസ്റ്റർ മുസ്ലീങ്ങളുടെയും മറ്റു ഉയർന്ന മതവിഭാഗങ്ങളിൽ പ്പെട്ടവരുടെയും കുട്ടികൾ പഠിച്ചിരുന്ന ആലമ്പത്ത് മാപ്പിള എൽ. പി. സ്കൂളിൽ പ്രവധാന അ ദ്ധ്യാപകനായിരുന്നു. 1936 ൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ ആദ്യം അദ്ധ്യാപകനായും പിന്നീട് പ്രധാന അദ്ധ്യാപകനായും പ്രവർത്തിച്ച അദ്ദേഹത്തിന് ഇന്ന് ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഉന്നതരായി വിരാജിക്കുന്ന ധാരാളം ശിഷ്യൻമാരുണ്ട്.

വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട ആളുകൾ അധികമായി താമസിക്കുന്നത് 1,4,6 എന്നീ വാർഡുകളിലാണ് ആകെ 34 കുടുംബങ്ങളാണ് ഉള്ളത്. നിരക്ഷരർ ഈ വിഭാഗത്തിൽ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. ഉന്നത വിദ്യാഭ്യാസം നേടിയവർ വളരെ കുറവാണ്. ഈ കുടുംബങ്ങളിൽപ്പെട്ടവരുടെ കുട്ടികൾ ഇപ്പോൾ കൃത്യമായി സ്കൂളിൽ പോകുന്നുണ്ട്.

തൊഴിൽ

കൂലിവേല ചെയ്താണ് ഈ വിഭാഗത്തിൽപ്പെട്ട അധികപേരും ജീവിക്കുന്നത്. ബീഡിപ്പണിയും കുഷിപ്പണിയും വീടു നിർമാണവും ഒക്കെ ജീവിത വൃത്തിയാക്കിയവരും ഉണ്ട്. കൊടുമ്പിരിക്കൊള്ളുന്ന തൊഴിലില്ലായ്മ ഈ വിഭാഗങ്ങളിലെ ചെറുപ്പകാരേയും ബാധിച്ചിട്ടുണ്ട്. അഭ്യസ്ഥവിദ്യരായ ആളുകൾ

പട്ടിക ജാതി ക്ഷേമം

വാർഡ് നമ്പർ	സർവ്വേപ്രകാരം രേഖപ്പെടുത്തിയ ആകെ കുടുബങ്ങളുടെ എണ്ണം	ഇതിൽ എസ്.സി കുടുബങ്ങൾ	നാളിതുവരെ സാമ്പത്തിക സാഹായം ലഭിച്ചകുടുംബങ്ങൾ	ഇതിൽ എസ്.സി എസ്.സി എസ്. ടി	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുബങ്ങൾ(സഹായം ലഭിച്ചവർഉൾപ്പെടെ)
1	40		22	2	12	50
2	45		15	1	8	52
3	35	2	12		8	39
4	31	1	10	1	5	36
5	47		10		5	52
6	45		28	3	16	57
7	58		15	1	9	64
8	11		70		36	45
9	38		37		115	60

പോലും തൊഴിലില്ലാത്തവരായി ഉണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത കുറവായതുകൊണ്ട് കൃഷിപണി ഉപജീവനമായി സ്വീകരിച്ചവർ ഇന്ന് വിഷമത്തിലാണ് ഉള്ളത്.

പാർപ്പിടം

ചുരുക്കം ചില കുടുംബങ്ങൾക്കൊഴികെ ബാക്കിയെല്ലാ ആളുകൾക്കും സ്വന്തമായി പാർപ്പിട സൗകര്യം ഉള്ളവരാണ്. പക്ഷേ ഇവരുടെ വീടുകൾക്ക് എല്ലാ വിധ ആധുനിക സൗകര്യങ്ങളും ഉണ്ട് എന്ന് പറഞ്ഞുകൂടാ. ചില വീടുകൾ ഓല മേഞ്ഞവയാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകളും ഉണ്ട്. അടിസ്ഥാന സൗകര്യങ്ങളായ കിണർ, കക്കൂസ് എന്നിവയും ഇല്ലാത്ത വീടുകളും ഉണ്ട്.

പട്ടികജാതി പട്ടിക വർഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി സർക്കാരിന് പല പദ്ധതികളും ഉണ്ട്. പക്ഷേ ഓരോ കാര്യങ്ങൾക്കും നീക്കിവെക്കുന്ന തുകകൊണ്ട് അത്തരം കാര്യങ്ങൾ ചെയ്തു തീർക്കാൻ കഴിയുന്നില്ല. ഉദാഹരണമായി ഒരു വീട് വെക്കുവാൻ അനുവദിക്കുന്ന 15500 രൂപ കൊണ്ട് ഈ കാലഘട്ടത്തിൽ വീടിന്റെ തറപോലും പൂർത്തിയാക്കാൻകഴിയുകയില്ല. വീടു നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും ജോലിക്കാരുടെ കൂലി വർദ്ധനവും കണക്കിലെടുക്കാതെ സർക്കാർ അനുവദിക്കുന്ന തുഛമായ സംഖ്യകൊണ്ട് ഒന്നും പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. കക്കൂസ്, കിണർ എന്നിവ നിർമിക്കാൻ വേണ്ടി സർക്കാർ അനുവദിക്കുന്ന തുകയുടെ കാര്യവും തഥൈവ.

സാദ്ധ്യതകൾ

1. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിലവിലുള്ള നിയമങ്ങളിൽ ഇളവു വരുത്തുക.
2. പട്ടിക ജാതിക്കാർക്ക് വീട്, കിണർ, കക്കൂസ് എന്നിവ നിർമ്മിക്കാൻ പ്രാദേശിക അടിസ്ഥാനത്തിൽ വരുന്ന മുഴുവൻ ചിലവുകളും സർക്കാർ വഹിക്കുക.
3. ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങളുടെ മുഴുവൻ ഉത്തരവാദിത്തങ്ങളും നിരുപാധികം പഞ്ചായത്തിന് ഏൽപ്പിക്കുക.
4. പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഏർപ്പെടുത്താൻ വേണ്ടി സമയ ബന്ധിത പരിപാടി തയ്യാറാക്കുക.
5. ഓരോ വാർഡുകളിലും ഒറ്റപ്പെട്ട കുടുംബങ്ങളായി താമസിക്കുന്നവർക്കും കോളനികളിൽ താമസിക്കുന്നവർക്കും നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക.
6. ഇവർക്ക് സാക്ഷരതയും തുടർ വിദ്യാഭ്യാസവും നൽകാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ വേണ്ടിയും അവരുടെ ക്ഷേമ കാര്യങ്ങൾ അന്വേഷിക്കാൻവേണ്ടി മൂന്നു പഞ്ചായത്തുകൾക്ക് ഒന്നു എന്ന തോതിൽ ഉദ്യോഗസ്ഥൻമാരെ നിയമിക്കുക.
7. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുക.
8. പട്ടികജാതി പട്ടിക വർഗത്തിൽപ്പെട്ട വരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് അവരുടെ ഇടയിൽ വിപുലമായ പ്രചരണം നടത്തുക.
9. വീടുവെക്കുവാൻ ഭൂമിയില്ലാത്തവർക്ക് സൗജന്യഭൂമി നൽകുക.
10. പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമത്തിനുവേണ്ടി സർക്കാർ അനുവദിക്കുന്ന സഹായ ധനം അവർക്കു തന്നെ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനായി പഞ്ചായത്ത് തലത്തിൽഒരു വിജിലൻസ് സ്കാഡിനെ നിശ്ചയിക്കുക.

പീഠികാവതരണം

ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ എന്നും തടസ്സമായി നിന്നിട്ടുള്ളത് പഞ്ചായത്തിന്റെ ശോചനീയമായ സാമ്പത്തികസ്ഥിതിയാണ്. ജനങ്ങളിൽ നിന്നു കൂടുതൽ നികുതി വസ്ത്രമലക്കാതെയും അവരെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കാതെയും വികസന പ്രവർത്തനങ്ങൾക്ക് വരുമാനം കണ്ടെത്താനുള്ള പരിശ്രമമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്.

ന്യൂമാഹി പഞ്ചായത്തിന്റെ മുഖ്യവരുമാനം വീട്ടുനികുതിയാണ്. തൊഴിൽ നികുതിയും സർക്കാർ ഗ്രാന്റും മാർക്കറ്റ്, ഷോപ്പിങ്ങ് കോംപ്ലക്സ് എന്നിവയിൽ നിന്നുള്ള വാടകയും കൂടി ചേർന്നാൽവരുമാനം ഏതാണ്ട് പൂർണമാവുന്നു.

95-96 ലെ വരവ്:	: 11,81,498. 60
95-96 ചിലവ്	: 8,85,220.25
മുൻബാക്കിയടക്കം	
31.3.96 ന്നു കയ്യിരിപ്പ്:	: 7,44,139.22
31.3.96 ന്റെ കടബാധ്യത	: 10,09,491.20
കമ്മി	: 2,65,351.98

പഞ്ചായത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി മേൽ കാണിച്ച പട്ടികയിൽ നിന്നും മനസ്സിലാകുന്നതാണ്. റൂറൽ ഡവലപ്പ്മെൻറ് ബോർഡിന്റെ സഹായത്തോടെ മാഹിപാലത്തിനടുത്ത് ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് കം മാർക്കറ്റ് നിർമ്മിച്ചിട്ടുണ്ട്. ഇതിന്നു ആർ. ഡി. ബി. പഞ്ചായത്തിനു വായപയായി തന്ന 25 ലക്ഷം രൂപ 14.5 ശതമാനം വാർഷിക പലിശയോടെ തിരിച്ചടക്കണം. 2007 ാം ആണ്ട് വരെ ഈ ബാധ്യത നിലനിൽക്കുന്നതാണ്. പഞ്ചായത്തിലെ മൊത്ത വരുമാനത്തിന്റെ വിശദവിവരപ്പട്ടിക ഒന്നിലും രണ്ടിലും ചേർത്തിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തുകൾക്ക് ഇപ്പോൾ ഒട്ടനവധി അധികാരങ്ങളും ഭരണച്ചുമതലകളും പുതുതായി ലഭിച്ചിട്ടുണ്ട്. ഈ അധികാരങ്ങളും ചുമതലകളും ശരിയായ വിധത്തിൽനിർവ്വഹിക്കുവാനും വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനും ശക്തമായൊരു സാമ്പത്തിക അടിത്തറ പഞ്ചായത്തിനു ഉണ്ടായേ മതിയാവൂ. അതുകൊണ്ടു പുതിയ ധനാഗമന മാർഗ്ഗങ്ങൾ നാം കണ്ടെത്തണം.

കെട്ടിട നികുതി.

പഞ്ചായത്തിന്റെ ഏറ്റവും പ്രധാനമായ വരുമാനമാർഗ്ഗമാണിത്. ഇപ്പോൾ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുവാൻ ശാസ്ത്രീയമായ ഒരു മാനദണ്ഡവുമില്ല.അതുകൊണ്ടുതന്നെ ചെറുതും വലുതുമായ കെട്ടിടങ്ങൾ തമ്മിൽമാത്രമല്ല ആഡംബരങ്ങളധികമുള്ളതും വിലകൂടിയ വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിച്ചതും അല്ലാത്തതുമായ വീടുകൾ തമ്മിലും നികുതിയിനത്തിൽ വലിയ അന്തരം കാണപ്പെടുന്നു. വീടുകളുടെ തറ നിലയുടേയും ഒന്നിൽ കൂടുതൽ നിലകളുണ്ടെങ്കിൽ അവയുടെയും മൊത്തം വിസ്തീർണ്ണം, ഫ്ളോറിങ്ങിന്നു പയോഗിച്ച വസ്തുക്കൾ (ഉദാ:- സിമൻറ്, മൊസയിക്ക്, മാർബ്ൾ ഗ്രാനൈറ്റ്, സ്പാർട്ടക്സ്) മുതലായവ)കട്ടില, ജാലകങ്ങൾക്ക് ഉപയോഗിച്ച മരം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു സ്ലാബ് സിസ്റ്റം ഉണ്ടാക്കിയാൽ പരാതികൾക്കിടം നൽകാതെ നികുതി നിർണ്ണയിക്കാം. ഒരേ വിസ്തീർണ്ണവും സ്വഭാവവും ഉള്ള വീടുകൾക്ക് വ്യത്യസ്ത വാർഡുകളിൽ വത്യസ്ത നികുതി ചുമത്തപ്പെടുന്നതും ഒഴിവാക്കാനും കഴിയും. വരുമാനം വർദ്ധിക്കുയും ചെയ്യും. നികുതി എങ്ങിനെ നിർണയിച്ചുവെന്നു വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്താനുള്ള ശ്രമം പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്നുണ്ടാവണം. ഒരു വീടിന്ന് എ എന്ന ഉദ്യോഗസ്ഥൻ നികുതി നിർണ്ണയിച്ചാലും ബി. എന്ന ഉദ്യോഗസ്ഥൻ നിർണ്ണയിച്ചാലും ഒരേ തുക നികുതി വരുന്ന വ്യക്തമായ നിബന്ധനകളും നിയമങ്ങളും ഈ കാര്യത്തിൽ ഉണ്ടാവണം.

തൊഴിൽ നികുതി.

ഇപ്പോൾ മാസശമ്പളക്കാരിൽ നിന്നും, കച്ചവടക്കാരിൽ നിന്നും മാത്രമെ തൊഴിൽ നികുതി പിരിക്കുന്നുള്ളൂ. നിശ്ചിത വരുമാനമുള്ള മറ്റുതൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിന്റെ പരിധിയിൽ കൊണ്ടുവരികയും വേണം. ഞാൻ കൂടി താമസിക്കുന്ന അല്ലെങ്കിൽ ജോലിചെയ്യുന്ന പഞ്ചായത്തിന്റെ വികസനത്തിനുംജനങ്ങൾക്ക് കൂടുതൽ ജീവിത സൗകര്യങ്ങൾഉണ്ടാക്കുന്നതിനും വേണ്ടിയും ഞാനും നികുതി കൊടുക്കേണമെന്ന അവബോധം ഓരോ തൊഴിലാളിയിലും ഉണ്ടാക്കാൻ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് നടത്തേണ്ടതാണ്.

വിനോദനികുതി

ന്യൂമാഹി പഞ്ചായത്തിൽ ഇപ്പോൾ സിനിമാശാലകളൊന്നും ഇല്ല. സൗകര്യമുള്ള സ്ഥലത്ത് സിനാമാതിയേറ്റർ പഞ്ചായത്ത് നേരിട്ടു സ്ഥാപിച്ചോ, സ്ഥാപിക്കാൻ സ്വകാര്യവ്യക്തികളെ പ്രേരിപ്പിച്ചോ ഈ ഇനത്തിൽ നല്ല വരുമാനം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്.

മറ്റുവരുമാനമാർഗ്ഗങ്ങൾ

പഞ്ചായത്തിൽ ചെമ്മീർ വളർത്താനും കല്ലുമ്മക്കായ കൃഷി നടത്താനും പറ്റിയ ധാരാളം സ്ഥലം 1ാം വാർഡിലും 13ാം വാർഡിലും ഉണ്ട്. ഇവിടെ ആദായകരമായ വിധത്തിൽ ചെമ്മീനും,കല്ലുമ്മക്കായു

വളർത്താൻ കഴിയുമൊ എന്ന് വിദഗ്ധ സംഘത്തെ കൊണ്ട് പരിശോധിപ്പിക്കണം. പരിശോധനഫലം അനുകൂലമാണെങ്കിൽ ചെമ്മീനും കല്ലുമ്മക്കായും വളർത്താൻ സ്വകാര്യക്തികൾക്ക് ലൈസൻസ് കൊടുത്തു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴുമോ എന്നു നോക്കണം.

മാഹിപാലത്തിന്നടുത്ത ഫിഷ്ലാൻറിങ് സെൻറർ ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ കീഴിലാണ്. ഈ സെൻറർ കൊണ്ടു പഞ്ചായത്തിന്നുയാതൊരുവരുമാനവും ഇല്ല. പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പുഴയിൽക്കൂടി ഫിഷ്ലാൻറിൽ അടുക്കുന്ന ബോട്ടുകൾക്കും, തോണികൾക്കും നിശ്ചിത നിരക്കിൽ ഫീസ് ചുമത്താൻ പഞ്ചായത്തിനു അധികാരം കിട്ടിയാൽ അതു മുഖേന പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കും.

പഞ്ചായത്ത് അതിർത്തിയിലെ പുഴയിൽ നിന്നു മണൽവാരുന്നതിന് ഇപ്പോൾ പഞ്ചായത്തിന്നു നിയന്ത്രണമൊന്നുമില്ല. പുഴിവാരാനുള്ള അനുവാദം പേലം ചെയ്തു പഞ്ചായത്തിനു മുതൽ കൂട്ടാവുന്നതാണ്.

ശാദിമഹൽ/കല്ല്യാണമണഡപം

വീടുകളിലെ അസൗകര്യം കാരണം ആളുകൾ ഇപ്പോൾ കല്യാണം പോലെയുള്ള ആവശ്യങ്ങൾക്ക് ഓഡിറ്റോറിയം, ടൗൺഹാൾ എന്നിവയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ഗതാഗത സൗകര്യമുള്ള സ്ഥലത്ത് വിവാഹാവശ്യങ്ങൾക്കും മറ്റു പൊതുപരിപാടികൾക്കും ഉപയോഗിക്കാവുന്ന തരത്തിൽ ഒരു ഹാളം അതോടനുബന്ധിച്ച് ആവശ്യമായ മറ്റു മുറികളും പാർക്കിങ്ങ് സൌകര്യത്തോടുകൂടി നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിനു വരുമാനവും കുറച്ചു പേർക്ക് തൊഴിലും ലഭിക്കും.

ബിൽഡിങ്ങ് (റവന്യൂ) ടാക്സ്

ഇപ്പോൾ പുതിയ വീടുകൾ നിർമ്മിച്ചാൽ ബിൽഡിങ്ങ് ടാക്സ് എന്ന പേരിൽ റവന്യൂ വകുപ്പ് വസൂൽ ചെയ്യുന്ന നികുതി പിരിക്കാൻസർക്കാർ പഞ്ചായത്തുകളെ ഏല്പിച്ചാൽ കെട്ടിട നിർമ്മാണം പൂർത്തിയായി നമ്പർകൊടുക്കുന്ന വേളയിൽ തന്നെ ഈ ടാക്സ് പിരിച്ചെടുക്കുവാൻ കഴിയും. പഞ്ചായത്തിന് അതൊരു വരുമാനമാർഗമാവുകയും ചെയ്യുംഅതുപോലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുമ്പോൾ വലിയ തുക ഫീസ്സായി സർക്കാരിന്നു കിട്ടുന്നുണ്ട്. ഇതിന്റെ വിഹിതം പഞ്ചായത്തിനവകാശപ്പെട്ടതാണ്.

അറവ് ശാല

പഞ്ചായത്തിൽ ഇപ്പോൾ ശാസ്ത്രീയമായി സജ്ജീകരിച്ച ഒരു അറവ് ശാലയില്ല. റോഡുവക്കിൽ നിന്നും പുഴയോരത്തുനിന്നും അറവ് നടത്തുന്നത് കൊണ്ട് പലപ്പോഴും ജനങ്ങളിൽ നിന്ന് ആവലാതികൾ ഉയർന്നുവരാറുണ്ട്. ദുർഗന്ധം വമിക്കാതിരിക്കുന്നതിന്നും, അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിന്നും,രോഗാണു സംക്രമണം തടയുന്നതിന്നും ഉതകുന്ന ആധുനിക സംവിധാനങ്ങളുള്ള ഒരു അറവ്ശാല പഞ്ചായത്തിൽ സ്ഥാപിച്ചാൽ ലൈസൻസ് ഫീസ്സായി നല്ലൊരു സംഖ്യ പഞ്ചായത്തിന്നു വരുമാനമുണ്ടാവും.

പാർക്കിങ്ങ് ഫീ

ഇപ്പോൾ എൻ. എച്ച്. റോഡിന്റേയും P.W.D. റോഡിന്റേയും ഓരങ്ങളിലാണ് ഓട്ടോറിക്ഷകളും ടാക്സികാറുകളും പാർക്കു ചെയ്യുന്നത്. ആവശ്യമായ സ്റ്റാൻഡുകളില്ലാത്തതാണ് ഇതിനു കാരണം. സ്റ്റാൻഡുകൾ ഏർപ്പെടുത്തി വാഹനങ്ങളിൽ നിന്നും ഫീ ഈടാക്കാവുന്നതാണ്.

ആഴ്ച ചന്ത

ന്യൂമാഹി പഞ്ചായത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സാംസ്കാരിക നിലയം സ്ഥിതിചെയ്യുന്നതും കൊമ്മോത്ത് ബസാറിന്നും ന്യൂമാഹി- പെരിങ്ങാടി- ചൊക്ലി റോഡിന്നു സമീപത്ത് കിടക്കുന്നതുമായ പഞ്ചായത്ത് വക സ്ഥലത്ത് ഒരു ആഴ്ച ചന്ത സ്ഥാപിച്ചാൽ സ്ഥല വാടകയിനത്തിൽ കച്ചവടക്കാരിൽ നിന്നു ഫീസീടാക്കാൻ കഴിയും.

ഇപ്പോൾ ഉള്ള മത്സ്യമാർക്കറ്റിൽ നിന്നു വർഷത്തിൽ 3000 കയ്ക്കും 4000 കയ്ക്കും ഇടയിലേ ആദായമുള്ളൂ. പുതിയ മാർക്കറ്റിന്റെ നിർമാണം പൂർത്തിയായാൽ ഓരോ മേശക്കും നമ്പറിട്ടു ലേലം ചെയ്തുകൊടുക്കുകയോ, പ്രതിമാസ വാടകക്ക് കൊടുക്കുകയോ ചെയ്താൽ ഇന്നുള്ളതിൽ നിന്നും അ ധികവരുമാനം ലഭിക്കാൻസാധ്യതയുണ്ട്.

നേഴ്സറി സ്കൂൾ

ഇപ്പോൾ പഞ്ചായത്തിൽ നൂറോളം നഴ്സറി സ്കൂൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്ന് പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. അതിനാൽ അവയിലെ കുട്ടികളുടെ എണ്ണം അനുസരിച്ചോ സ്കൂളിന്റെ വരുമാനമനുസരിച്ചോ ഒരു സെസ്സ് ചുമത്താവുന്നതാണ്.

പലവക വരുമാനമാർഗ്ഗങ്ങൾ

1. കേബിൾ. ടി. വി. നടത്തിപ്പുകാരിൽ നിന്ന് ഉപഭോക്താക്കളുടെ എണ്ണമനുസരിച്ചൊ, നിശ്ചിതനിരക്കലൊ ഫീ വസൂലാക്കാൻകഴിയും.
2. പഞ്ചായത്തിൽധാരാളം. പരസ്യങ്ങൾ ഇപ്പോൾ പ്രദർശിപ്പിക്കുന്നുണ്ട്. പക്ഷെ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തുലോം കുറവാണ്. പരസ്യകുത്തക ലേലം ചെയ്തു കൊടുത്താൻഈ വരുമാനം ഇരട്ടിപ്പിക്കാൻ കഴിയും.
3. പഞ്ചായത്തിലെ സഹകരണ സംഘങ്ങളും ബേങ്കുകളും അവരുടെലാഭ വിഹിതത്തിൽനിന്ന് ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന്ന് നൽകുവാൻ നിയമ നിർമ്മാണം നടത്തണം.
4. പഞ്ചായത്തിന്റെ ജനക്ഷേമകരമായ ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് സഹകണ ബേങ്കുകളുടെ പൊതു നന്മ ഫണ്ടിൽ നിന്നു സഹായം ലഭിക്കുവാൻ വേണ്ട മാർഗങ്ങൾ ആരായണം

ടൂറിസം

ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചെടുക്കുവാനുള്ള രണ്ടു സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ മിനി സ്റ്റേഡിയം സ്ഥതി ചെയ്യുന്നതും മാഹി റെയിൽവെ പാലത്തിന്നു സമീപമുള്ളതുമായ പ്രദേശമാണൊന്ന്. പ്രകൃതിരമണീയമായ ഈ പ്രദേശം മയ്യഴിപ്പുഴയുടെ തീരത്താണ് കൊച്ചോളങ്ങൾ ഉതിർത്തുകൊണ്ടൊഴുകുന്ന മയ്യഴിപ്പുഴയിലൂടെയുള്ള ബോട്ട് യാത്ര ടൂറിസ്റ്റ്കളെ ആകർഷിക്കാതിരിക്കില്ല. പ്രകൃതിയുടെ വരദാനം എന്ന് വിശേഷിപ്പിക്കാവുന്നകുറിച്ചിയിൽ കടപ്പുറം മുതൽ പെട്ടിപ്പാലം വരെയുള്ള മനോഹരമായ പ്രദേശമാണ് രണ്ടാമത്തേത്. അറബിക്കടലിനോടും നേഷനൽ ഹൈവെയോടും തൊട്ടുരുമ്മി നിൽക്കുന്ന ഈ പ്രദേശം തലശ്ശേരി മുൻസിപ്പാലിറ്റിയുടെ മാലിന്യനിക്ഷേപ കേന്ദ്രമാണ്. ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചെടുക്കാൻ സാധ്യതകളുള്ള പ്രദേശമാണിത്. ടൂറിസ്റ്റുകൾക്കായി മോട്ടൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണിത്.

പട്ടിക. 1 995 - 96 വർഷത്തെ വരുമാനം

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിട നികുതി	277861.37	241618.58	36242.79
സർവ്വീസ് ചാർജ്ജ്	46403.14	40350.56	6052.58
തൊഴിൽ നികുതി	106045.00	96215.00	9850.00
വാഹന നികുതി			
വിനോദ നികുതി			
അഡി. വിനോദ നികുതി			
പ്രദർശന നികുതി			
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്			
ചന്ത വരവ്	4383.75	4383.75	
ലാൻറ് സെസ്സ്			
ലൈസൻസ് ഫീസ്	15854.50	15854.50	
	784.00	772.00	12.00
കെട്ടിട നികുതി, ലൈസൻസ് ഫീ	2824000	2824000	
വസ്തു കൈമാറ്റ നികുതി 75%	14069.00	14069.00	
വസ്തു കൈമാറ നികുതി 25%	200000.00	200000.00	
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള	98828.86	98828.86	
മറ്റു വരവുകൾ			
സംഭാവന, കെട്ടിട വാടക	46397.00	41184.00	
ഡെപ്പോസിറ്റ്	31208.00	31208.00	5213.00
മറ്റുള്ളവ	1618.00		1618.00
ആകെ	871712.97	812724.60	58988.37

പഞ്ചായത്തിന്റെ സ്വന്തം വരുമാനം(സർക്കാർ ഗ്രൻറ് ഒഴികെ)

വർഷം	തൊഴിൽ നികുതി	കെട്ടിടനികുതി	ലീസ്/പിഴ	മറ്റിനം(ഗ്രാൻറൊഴികെ)	ആകെ
1990-91	60485.00	153107.99	14337.25	275555.01	503485.25
91-92	69830.00	163517.97	15499.25	359598.83	608446.25
92-93	74911.00	174114.37	15209.75	351382.18	615617.30
93-94	82800.00	187671.01	15367.25	407526.49	693364.75
94-95	92048.00	199657.18	15815.50	365497.83	673018.51
95-96	96215.00	241618.58	15854.50	459036.52	812724.60

സന്നദ്ധ പ്രവർത്തനം

സാമ്പത്തിക വിഭവ സമാഹരണത്തോടൊപ്പം തന്നെ മനുഷ്യാധ്വാനവും വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന മേഖലകൾ അധികമുണ്ട്. റോഡ് നിർമ്മാണം, സംരക്ഷണം, പരിസര ശുചീകരണം, സാംസ്കാരിക രംഗം എന്നിവയിൽ ബഹുജനങ്ങളുടെ കൂട്ടായ്മയും അധ്വാനവും കൊണ്ട് അമൂല്യമായ നേട്ടങ്ങൾകൈവരിക്കാൻ കഴിയും.റോഡുകളാണ് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടെയും ആവശ്യം. അതുകൊണ്ടു തന്നെ പഞ്ചായത്തിന്റെ വരുമാനത്തിലധികവും പുതിയ റോഡുകളുണ്ടാക്കാനും ഉള്ളവ സംരക്ഷിക്കുവാനും ആണ് ചിലവഴിക്കപ്പെടുന്നത്. ഒരു പ്രദേശത്തുകാർ പുതിയൊരു റോഡിന്നു വേണ്ടി ആവശ്യപ്പെടുമ്പോൾ ആ റോഡിനു വേണ്ടി വരുന്ന ചിലവിന്റെ 25 ശതമാനത്തിന്നു തുല്യമായ മാനുഷികാധ്വാനം റോഡിന്റെ ഗുണഭോക്താക്കൾ നൽകാൻ തയ്യാറാവണം. ചുരുങ്ങിയ ചിലവിൽ കൂടുതൽ റോഡുകളുടെ പ്രവർത്തി പൂർത്തിയാക്കാൻ ഇത്തരം സന്നദ്ധ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ സഹായിക്കുന്നതാണ്.

സന്നദ്ധ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്ത് നിന്ന് പ്രോത്സാഹനം ഉണ്ടാവണം. അൺടൈഡ്, ജെ. ആർ. വൈ എന്നീ ഫണ്ടുകളുപയോഗിച്ചുള്ള റോഡ് പണി നാട്ടുകാരുടെ കമ്മറ്റിയാണ് ഇപ്പോൾഏറ്റെടുത്ത് നടത്തുന്നത്. താരതമ്യേന കുറഞ്ഞ ചിലവിൽ മേത്തരം റോഡുകളുണ്ടാക്കാൻ ഇതു മൂലം കഴിയുന്നു. ലാഭേച്ഛ കൂടാതെ നാടിന്റെ വികസനം മാത്രം ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്ന ഇത്തരം സന്നദ്ധ പ്രവർത്തകരെ സാമ്പത്തികമായും മാനസികമായും ബുദ്ധിമുട്ടിക്കുന്ന പ്രവണതയാണ് ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാരിൽ കാണുന്നത്. റോഡിന്റെ ചെക്ക് മെഷർമെൻറ് എടുക്കുവാൻ കാലതാമസം വരുന്നത് കൊണ്ട് ചിലവായ തുക കിടുവാനും താമസം നേരിടുന്നു. പലരോടും കടം വാങ്ങിപൊതുകാര്യം നിർവ്വഹിച്ച കമ്മിറ്റികൾക്ക് പല ബുദ്ധിമുട്ടുകളും ഇതു മൂലം ഉണ്ടാവുന്നു. കാലത്തിന്നനുസരിച്ചു കോലം കെട്ടാനുള്ള ശ്രമം ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്നുണ്ടായാൽ അതു പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ വളരെയേറെ സഹായിക്കും.

ഒരു നിമിഷം.....

പുതിയൊരു വികസന സംസ്കാരത്തിനായി നാം കാതോർക്കുകയാണ്. നാടും നാട്ടാരും ഉണർന്നെഴുന്നേൽക്കുന്നു. വികസനം അധികാരികളുടെ ടപശ്നമല്ല. അത് ജനങ്ങളുടെയാകെ ടപശ്നമാണെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിലാണ് നാമിന്ന്. ന്യൂമാഹി പഞ്ചായത്തിന്റെ ഭൂമിശാസ്ട്രപരമായ കിടപ്പ് നമ്മുടെ വികസന ടപവർത്തനങ്ങളെ എറെടപയാസപ്പെടുത്തുന്നു. തലശ്ശേരി നഗരത്തിന്റെയും അഴീക്കരമാഹിയുടെയും നഗര സംസ്കാരത്തിന്റെ തീക്ഷ്ണമായ കടന്നുകയറ്റം നമ്മുടെ ഗ്രാമ്യ സംസ്കാരത്തിന്റെ അടിത്തറയെ തകർത്തു കൊണ്ടിരിക്കുന്നു. ഗൾഫിൽ നിന്നും ഒഴുകി എത്തുന്ന പണം പുതിയ ഉപഭോഗ സംസ്കാരവും ഗ്രാമത്തിലാകെ വാരി വിതറുന്നു. ഇവിടെ നമുക്ക് നഷ്ടപ്പെടുന്ന നമ്മുടെ തനിമ വീണ്ടെടുക്കണം. വികസനമെന്നാൽ മുകളിൽ നിന്നും രൂപപ്പെടുത്തേണ്ട ടപടകിയയല്ല. എന്നും അതു അടിത്തട്ടിൽ നിന്നും ജനങ്ങളുടെ ടകിയാത്മകമായ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതുമാണെന്ന തിരിച്ചറിവ് തീർച്ചയായും നമ്മുടെ ഗ്രാമത്തിന്റെ വികസന ചരിടതത്തിൽ ഒരു വഴിതിരിവ് ആയിരിക്കും. എല്ലാം ഒറ്റയടിക്ക് പരിഹരിച്ചുകളയാമെന്ന വ്യാമോഹമൊന്നും ഞങ്ങൾക്കില്ല. ഇതൊരു തുടക്കം മാടതമാണ്. ന്യൂമാഹി പഞ്ചായത്തിന്റെ സമഗ്രമായ വികസനം എങ്ങിനെ ആയിരിക്കണം എന്നതിന്റെ ഒരു രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. അതിനാവശ്യമായ വസ്തുതാപരമായ വിവരങ്ങൾ ആണ് ഈ വികസന രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു വികസന സെമിനാറിൽ നടക്കുന്ന വിശദമായ ചർച്ചകളിലൂടെ ഈ രേഖ സമ്പുഷ്ടമാവുമെന്ന ടപതീക്ഷയോടെ സ്നേഹാഭിവാദനങ്ങളോടെ...

കെ. പി. അബ്ദുൾസമദ്

പ്രസിഡണ്ട്

ന്യൂമാഹി ഗ്രാമ പഞ്ചായത്ത്.

◆◆ വികസന റിപ്പോർട്ട് തയ്യാറാക്കിയവർ ◆◆

1. ശ്രീ. എൻ. കെ. ബാലൻ
2. കെ.പി. അബ്ദുൾ മജീദ്
3. രാഘവൻ ഈയ്യത്തുങ്കാട്
4. സി. പി. കുഞ്ഞിക്കണാരൻ
5. വി. കെ. ഭാസ്കരൻ മാസ്റ്റർ
6. വി. പി. അബ്ദുറഹിം
7. എൻ. വി. അജയകുമാർ
8. എ. വി. കാദർമാസ്റ്റർ. (കൺവീനർ, വികസന സമിതി)
9. പി. കെ. രവീന്ദ്രൻ മാസ്റ്റർ (D.R.P.)
10. സുധീർ കേളോത്ത് ''
11. കെ.ബാലൻ മാസ്റ്റർ ''
12. കെ. ജയപ്രകാശൻ ''
13. കെ. മുരളീധരൻ ''
14. കെ. പി. അബ്ദുൾ സമദ് (സിക്രട്ടറി,നന്മമാഹി ഗ്രാമപഞ്ചായത്ത്)
16. സി. എം. ചന്ദ്രൻ
17. സി. സുകുമാരൻ
18. എസ്. കെ. മുഹമ്മദ്
19. വാസുദേവൻ (വി. ഇ.ഒ)
20. കെ. പി. അബ്ദുൾകാദർ
21. കെ. മോഹനൻ മാസ്റ്റർ
22. കെ. മോഹനൻ മാസ്റ്റർ
23. കെ. വി. മോഹനൻ
23. എൻ. വി. മനോജ്
24. പി. കെ. മഹേഷ്
25. കെ. പി.രാമകൃഷ്ണൻ മാസ്റ്റർ (കെ. ആർ. പി.)

(30-11-96 ന് ചേർന്ന ഭരണ സമിതി അംഗീകരിച്ചത്)

Computer type setting & printing
DIGITAL GRAPHICS, Thalassery